

# നാട്ടകം ഗ്രാമ പഞ്ചായത്ത്
# വികസന രേഖ

# നാട്ടകം ഗ്രാമ പഞ്ചായത്ത് ഭൂപടം



54-3

# ജനകീയ ആസൂത്രണ പ്രസ്ഥാനം

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

### നാട്ടകം

### ഗ്രാമപഞ്ചായത്ത്

# വികസന രേഖ



വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

| ജനറൽ കൺവീനർ | ജോ. കൺവീനർ |
|---|---|
| വി. എച്ച്. മുഹമ്മദ് ഷെരീഫ് | സഖറിയാ കുര്യൻ സി. |

**കൃഷി, ജലസേചനം**

ചെയർമാൻ : പി.സി. ചാണ്ടി
കൺവീനർ : വി.എ. കരുണാകരൻ
: ചാണ്ടി ഏബ്രഹാം

**മൃഗസംരക്ഷണം മത്സ്യബന്ധനം**

ചെയർമാൻ : കെ.സി. ചാക്കോ
കൺവീനർ : ബി. ശശികുമാർ

**വിദ്യാഭ്യാസം**

ചെയർപേഴ്സൺ : പൊന്നമ്മ തോമസ്
കൺവീനർ : കെ.കെ. രാജപ്പൻ

**ആരോഗ്യം, കുടിവെള്ളം**

ചെയർമാൻ : കെ. രമേശ്
കൺവീനർ : സഖറിയാ കുര്യൻ സി.

**വ്യവസായം**

ചെയർമാൻ : നാട്ടകം സുരേഷ്
കൺവീനർ : പ്രമോദ് തടത്തിൽ
ടി.ആർ. വേലായുധൻ

**ഗതാഗതം, ഊർജ്ജം**

ചെയർമാൻ : കെ.കെ. പ്രസാദ്
കൺവീനർ : ഫിലിപ്പ് കെ. ഫിലിപ്പ്

**പാർപ്പിടം, സാമൂഹ്യക്ഷേമം**

ചെയർമാൻ : കുഞ്ഞുമോൾ ബെന്നി
കൺവീനർ : രാജമ്മ

**സംസ്ക്കാരം, ടൂറിസം**

ചെയർമാൻ : സോഫിയാ ഷെരീഫ്
കൺവീനർ : ചാണ്ടി എബ്രഹാം

**വനിതാക്ഷേമം**

ചെയർമാൻ : അമ്മുക്കുട്ടി ബാബു
കൺവീനർ : പൊന്നമ്മ ശ്രീധരൻ

**സഹകരണം**

ചെയർമാൻ : ബിജു എം.എൻ
കൺവീനർ : രാജു ജോൺ
: കെ. പ്രശാന്ത്

**പട്ടികജാതി, പട്ടികവർഗ്ഗം**

ചെയർമാൻ : പി.കെ. കുഞ്ഞൂഞ്ഞ്
കൺവീനർ : കൗസ്തുഭൻ

**വിഭവസമാഹരണം**

ചെയർമാൻ : ജോസ് പള്ളിക്കുന്നേൽ
കൺവീനർ : പി.കെ. ഗോപാലൻ
: വി.എ. കരുണാകരൻ

**എഡിറ്റോറിയൽ ബോർഡ്**
അഭയദേവ്
പാലീത്ര നാരായണൻ
കെ. മാധവനുണ്ണി
ബി. ശശികുമാർ
ചാണ്ടി ഏബ്രഹാം
സഖറിയാ കുര്യൻ

**കവർ ചിത്രം**
സി.സി. അശോകൻ

**ഉൾച്ചിത്രങ്ങൾ**
പ്രസാദ്, ഉഷസ് സ്റ്റുഡിയോ, കോട്ടയം

**ഡി.ടി.പി., പേജ് ഡിസൈനിംഗ്**
ആക്മി കംപ്യൂട്ടേഴ്സ്, കോട്ടയം

**മുദ്രണം**
ഉദയാ ഓഫ്സെറ്റ് പ്രസ്സ്, കോട്ടയം

# നാട്ടകം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി


അമ്മിണി തോമസ്
*പ്രസിഡണ്ട്*


കെ.കെ. പ്രസാദ്
*വൈസ് പ്രസിഡണ്ട്*


പാലീത്ര നാരായണൻ
*സ്റ്റാൻ: കമ്മറ്റി ചെയർമാൻ*


കെ.സി. ചാക്കോ


കെ. രമേശ്


പി.സി. ചാണ്ടി


നാട്ടകം സുരേഷ്


പൊന്നമ്മ തോമസ്


ജോസ് പള്ളിക്കുന്നേൽ


അമ്മുക്കുട്ടി ബാബു


സോഫിയാ ഷെറീഫ്


പി.കെ. കുഞ്ഞൂഞ്ഞ്


കുഞ്ഞുമോൾ ബെന്നി


എം.എൻ. ബിജു


തോമസ് രാജൻ
*സെക്രട്ടറി*

# മുൻകാല ഭരണസമിതികൾ

## ആദ്യ ഭരണസമിതി

**അധികാരമേറ്റ തീയതി: 1953 ജൂലായ് 27**

പ്രസിഡണ്ട് - റ്റി.എ. ശങ്കർ
വൈസ് പ്രസിഡണ്ട് - റ്റി.സി. നാരായണൻ നായർ
റ്റി.കെ. മാധവൻ
കെ.സി. ചാക്കോ
കെ.റ്റി. തോമസ്
സി.എ. ജേക്കബ്
എൻ.പി. കേശവൻ
പി.കെ. കറുത്തകുഞ്ഞ്

## രണ്ടാമത്തെ ഭരണസമിതി

**അധികാരമേറ്റ തീയതി: 1963 ഡിസംബർ 18**

പ്രസിഡണ്ട് - പി.എസ്. വാസുദേവൻ നായർ
വൈസ് പ്രസിഡണ്ട് - കെ. കുര്യൻ
പി.റ്റി. സ്ക്കറിയ
പി.ജെ. ദാസ്
ബാലകൃഷ്ണൻ
കെ.പി. ജോൺ
കെ.പി. ബാലകൃഷ്ണൻ നായർ
പി.എസ്. സുകുമാരൻ
എൻ.പി. കേശവൻ
റ്റി.സി. ജോസഫ്

## മൂന്നാമത്തെ ഭരണസമിതി

**അധികാരമേറ്റ തീയതി: 1979 സെപ്റ്റംബർ 28**

പ്രസിഡണ്ട് - പി.കെ. ഗോപാലൻ
വൈസ് പ്രസിഡണ്ട് - ചാണ്ടി എബ്രഹാം
എസ്.കെ. കൈമൾ
മറിയാമ്മ മാത്യു
പി.സി. ചാണ്ടി
കെ. മാധവനുണ്ണി
ഒ.എൻ. രാജപ്പൻ
രാജൻ
മോഹനൻ റ്റി.എൻ.
റ്റി.കെ. പ്രഭാകരൻ
പി.പി. ഹരിദാസ്
റ്റി.എൻ. സുകുമാരൻ

## നാലാമത്തെ ഭരണസമിതി

**അധികാരമേറ്റ തീയതി: 1988 ഫെബ്രുവരി 5**

പ്രസിഡണ്ട് - പി.കെ. ഗോപാലൻ
വൈസ് പ്രസിഡണ്ട് - സെനിത്ത് ജോസഫ്
രാജു ജോൺ
കെ.സി. ചാക്കോ
പി.കെ. പുരുഷോത്തമൻ
അമ്മിണി തോമസ്
റ്റി.എസ്. തങ്കപ്പൻ
ഒ.എൻ. രാജപ്പൻ
വി.പി. വിജയകുമാർ
റ്റി.എൻ. മോഹനൻ
സണ്ണി സി. ഏബ്രഹാം
പി.പി. ഹരിദാസ്
മേരിക്കുട്ടി അലക്സ്

നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബർ
2നാണ് അധികാരമേറ്റത്

# ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | പേജ് |
|---|---|---|
| 1. | ആമുഖം | 9 |
| 2. | പഞ്ചായത്ത്: പൊതുവിവരണം | 13 |
| 3. | ഭൂപ്രകൃതി, ജൈവവൈവിധ്യം, ജനപ്രകൃതി, ജലപ്രകൃതി | 14 |
| 4. | സാമൂഹ്യ - സാമ്പത്തിക മേഖലകൾ | |
| | 4-1 കൃഷിയും ജലസേചനവും | 17 |
| | 4-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും | 30 |
| | 4-3 വ്യവസായം | 34 |
| | 4-4 വിദ്യാഭ്യാസം | 38 |
| | 4-5 കുടിവെള്ളവും പൊതുജനാരോഗ്യവും | 43 |
| | 4-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 48 |
| | 4-7 പാർപ്പിടവും സാമൂഹ്യക്ഷേമവും | 58 |
| | 4-8 സംസ്ക്കാരം | 64 |
| | 4-9 വനിത | 69 |
| | 4-10 സഹകരണം | 72 |
| | 4-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | 75 |
| | 4-12 വിഭവസമാഹരണം | 78 |
| | 4-13 ടൂറിസം | 82 |
| 5. | ഉപസംഹാരം | 85 |



"ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇത് തന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ തനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം.
അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി"

- മഹാത്മജി -

**സംസ്ഥാന തല പരിശീലകർ**

പാലീത്ര നാരായണൻ
റ്റി.ആർ. വേലായുധൻ

**ജില്ലാ തല പരിശീലകർ**

വി.എ. കരുണാകരൻ
കെ.കെ. രാജപ്പൻ
സഖറിയാ കുര്യൻ സി.
ബി. ശശികുമാർ
ചാണ്ടി ഏബ്രഹാം
കെ. പ്രശാന്ത്
വി.എച്ച്. മുഹമ്മദ് ഷെറീഫ്
പൊന്നമ്മ തോമസ്
പൊന്നമ്മ ശ്രീധരൻ
കൗസ്തുഭൻ
പ്രമോദ് തടത്തിൽ
സണ്ണി സി. ഏബ്രഹാം
രാജമ്മ

**വികസനരേഖ തയ്യാറാക്കുവാൻ സഹായിച്ചവർ**

ഫിലിപ്പ് കെ. ഫിലിപ്പ്
എം.ആർ. രാമചന്ദ്രൻ നായർ
എസ്. കൃഷ്ണമൂർത്തി
റ്റി.എ. മോഹനനൻ
ജെ.ജെ. പ്രദീപ്

**1**

# ആമുഖം

ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന ഗാന്ധിമഹാത്മാവിന്റെ കണ്ടെത്തൽ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങൾക്ക് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. അധികാരവികേന്ദ്രീകരണസങ്കൽപം നടപ്പാക്കുന്നതിന് ഉപകരിച്ച 73, 74 ഉം ഭരണഘടനാഭേദഗതികൾ ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുകയാണ്. സംസ്ഥാനത്തിന്റെ സമഗ്രവികസന സുസാദ്ധ്യമാക്കുന്നതിന് ലക്ഷ്യം വെച്ച് പ്രവർത്തനം ആരംഭിച്ച ഈ പരിപാടിയിൽ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളും ആവേശകരമായി പങ്കെടുത്തുകൊണ്ടാരിക്കുന്ന അവസരമാണിത്.

ഒൻപതാം പദ്ധതി പൂർണ്ണമായ ജനപങ്കാളിത്തത്തിൽ നടപ്പിലാകുമെന്ന് ഉറപ്പായിക്കഴിഞ്ഞ ഈ വേളയിൽ നാട്ടകം ഗ്രാമപഞ്ചായത്തിന്റെ വൈവിദ്ധ്യമാർന്ന സാദ്ധ്യതകളും വിഭവലഭ്യതയും പരമാവധിപ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതിപ്രവർത്തനങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഇതിനോടകം ഇവിടെയും പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വികസനം സമ്പൂർണ്ണമാക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഗ്രാമസഭാവേദികളിൽ നിന്നും ഇതിനു സഹായകമായി ഉയർന്നുവന്നിട്ടുണ്ട്. ഇവയ്ക്ക് ക്രോഡീകൃതരൂപവും മുൻഗണനാക്രമവും നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ വികസനരേഖ നമ്മുടെ പഞ്ചായത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് ഉതകുന്ന മാർഗരേഖയായി തീരുമെന്ന് വിശ്വസിക്കാം.



*പാക്കിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രം*

തിരുക്കൊച്ചിയിൽ പ്രാദേശികസ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംബന്ധിച്ച് 1953 ൽ EI. 1453/53 നമ്പരായി സർക്കാർ ഉത്തരവ് പ്രകാരം 1953 ജൂലൈ മാസം 27-ാം തീയതി നാട്ടകം പഞ്ചായത്ത് നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്ത് ഭരണസമിതിയിൽ എട്ട് അംഗങ്ങളാണുണ്ടായിരുന്നത്. ശ്രീ. റ്റി. എ. ശങ്കർ അറയ്ക്കൽ (പാക്കിൽ) ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. പഞ്ചായത്തിന്റെ വാർഡുകളുടെ എണ്ണത്തിലും ഭൂപരമായ അതിർത്തിയിലും പിന്നീട് ചില മാറ്റങ്ങൾ വന്നു. നാട്ടകം പഞ്ചായത്ത് പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നു. പിന്നീട് അത് കോട്ടയം മണ്ഡലത്തിൽ പെടുത്തുകയുണ്ടായി. കോട്ടയം പട്ടണത്തോട് തൊട്ട് കിടക്കുന്ന ഈ പഞ്ചായത്ത്, പട്ടണത്തിന്റെ തെക്കുഭാഗത്തുകൂടി ഒഴുകുന്ന കൊടൂരാറിനാൽ വേർപെടുത്തപ്പെടുന്നു. തെക്കുവടക്കായി കിടക്കുന്ന പഞ്ചായത്തിൽകൂടി ചിങ്ങവനം മുതൽ കോടിമത വരെയുള്ള എം. സി. റോഡ് ഭാഗം കടന്നുപോകുന്നു. കോട്ടയം പട്ടണത്തിന്റെ വികസനം ഈ പഞ്ചായത്തിന്റെ നഗരവൽക്കരണത്തെ ത്വരിതപ്പെടുത്തുന്നു. കിഴക്ക് പൊങ്ങിയും പടിഞ്ഞാറോട്ട് ചരിവുമുള്ള ഭൂപ്രദേശമാണ്. പടിഞ്ഞാറ് വേമ്പനാട്ട് കായലും അതിനോടു തൊട്ടുരുമ്മി കിടക്കുന്ന നിലങ്ങളുമാണ്. ഏറിയഭാഗവും ഇപ്രദേശത്ത് വെള്ളകെട്ടാണ്. ഇവിടെ ചളി നിറഞ്ഞതാണ് മണ്ണിന്റെ സ്വഭാ

വം. കിഴക്കോട്ട് ഉയർന്നഭൂമിയും ചെങ്കല്ല് നിറഞ്ഞതുമാണ്. മദ്ധ്യഭാഗം ചെങ്കല്ലും, ചരലും നിറഞ്ഞഭാഗമാണ്. കരിങ്കൽപാറക്കെട്ടുള്ള സ്ഥലങ്ങൾ മുട്ടം, മറിയപ്പള്ളി, ചിങ്ങവനം എന്നിവിടങ്ങളിൽ അവിടവിടെയായി കാണപ്പെടുന്നു. ഇവിടെ പ്രധാനകൃഷി നെല്ല് തന്നെ. പാടത്തിൻെറ പുറംബണ്ടുകളിൽ വാഴയും, തെങ്ങും മറ്റും കൃഷി ചെയ്യുന്നു. മുപ്പായിക്കാട്, കാക്കൂർ, പാക്കിൽ, മാവിളങ്ങ്, പള്ളം എന്നീ പ്രദേശങ്ങൾ മദ്ധ്യസമതലങ്ങളാണ്. ഇവിടെ തെങ്ങും, വാഴയും, കൊക്കോയും ഇടവിളകളായി കൃഷി ചെയ്യുന്നു. ഏറ്റവും ഉയരം കൂടിയ കിഴക്കുഭാഗത്ത് മുൻപ് മരച്ചീനികൃഷി ചെയ്തിരുന്ന ഒട്ടുമുക്കാൽ പ്രദേശത്തും ഇപ്പോൾ റബ്ബറും കുരുമുളകും കൃഷിചെയ്യുന്നു. മെയ്മാസം മുതൽ ആഗസ്റ്റ് മാസംവരെ നല്ല മഴ ലഭിക്കാറുണ്ട്. വേനൽ ആരംഭിക്കുന്നത് നവംബർ മാസം മുതലാണ്. പാടത്ത് കൃഷിപ്പണികൾ ആരംഭിക്കുന്നത് ഈ സമയത്താണ്.

പടിഞ്ഞാറ് വേമ്പനാട്ട്കായലും കിഴക്ക് ചോഴിയക്കാട്, പനച്ചിക്കാട്, പന്നിമറ്റം, കടുവാക്കുളം, മുപ്പായിക്കാട് എന്നീ സ്ഥലനാമങ്ങൾ സൂചിപ്പിക്കുന്ന കാട്ടുപ്രദേശങ്ങളും ആയിരുന്നു. കാടിനും, കായലിനും മദ്ധ്യേ കിടന്നിരുന്ന സ്ഥലമായതിനാലാകാം നാട്ടിനകം എന്ന അർദ്ധസൂചന നൽകുന്ന നാട്ടകം എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചത്.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഈ പ്രദേശം തിരുവിതാംകൂർ രാജാധികാരത്തിൻ കീഴിലായിരുന്നു. നാട്ടകം, മറിയപ്പള്ളി, മുപ്പായിക്കാട്, പാക്കിൽ, പള്ളം എന്നിങ്ങനെ ഇരുപത്തെട്ട് കരകൾ കൂടിച്ചേർന്ന ഭൂവിഭാഗമായിരുന്നു അന്നത്തെ അധികാരസീമയിൽ പെട്ടിരുന്നത്. പാക്കിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രമാണ് ഏറ്റവും പൗരാണികമായ ക്ഷേത്രം. പൊൻകുന്നത്തു കാവ്, മറിയപ്പള്ളി ക്ഷേത്രം, തൃക്കയിൽ ക്ഷേത്രം, ചെറുവള്ളിക്കാവ് എന്നീ ക്ഷേത്രങ്ങളും ശിൽപമാതൃകയിലും, രൂപസംവിധാനത്തിലും ഏറെ പുരാതനത്വം വിളിച്ചോതുന്നവയാണ്. മഹാലക്ഷ്മി വിളങ്ങുന്നിടം എന്നു സൂചന നൽകുന്ന മാവിളങ്ങു ക്ഷേത്രവും പുരാതനമാണ്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിഖ്യാതഗ്രന്ഥമായ ഐതീഹ്യമാലയിലെ പരാമർശം പാക്കിൽ ക്ഷേത്രത്തിലെ പ്രതിഷ്ഠ നടത്തിയത് പറച്ചി



ശ്രീ. ടി.എ. ശങ്കർ: പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ട്

പെറ്റ പന്തിരുകുലത്തിലെ പാക്കനാരാണെന്നാണ്. ഇവിടെ പാർക്കുക എന്ന വചനമാണ് പാക്കിൽ എന്ന സ്ഥലനാമത്തിൻെറ ഉറവിടം എന്നു പറയപ്പെടുന്നു. ആണ്ടിലാണ്ടിൽ ഈ ക്ഷേത്രപരിസരത്ത് നടക്കുന്ന സംക്രമവാണിഭത്തിൻെറയും ഐതിഹ്യം പാക്കനാർ മുറം വിൽക്കാൻ ഇവിടെ വന്നപ്പോഴാണ് പ്രതിഷ്ഠാ കർമ്മം നടത്തിയെതെന്നാണ്. ഈ സംക്രമവാണിഭം എല്ലാവർഷവും കർക്കിടകം ഒന്നാം തീയതിമുതൽ നടന്നുപോരുന്നു. പായ്, മുറം, കുട്ട, വട്ടി, ഉലക്ക എന്നിങ്ങനെ പഴയ നാടൻ ഗൃഹോപകരണങ്ങൾ ഇപ്പോഴും വ്യാപകമായി ഈ വാണിഭമേളയിൽ വിറ്റഴിക്കപ്പെടുന്നു.

പള്ളത്തുകൊട്ടാരം ഈ പ്രദേശത്തിൻെറ പ്രാചീനഭരണാധികാരസ്ഥാനവുമായി ബന്ധപ്പെട്ട് അതീശമേൽക്കോയ്മ ഉണർത്തിയിരുന്നു. അധികാരശക്തിഇല്ലെങ്കിലും ഈ ക്ഷത്രിയകുടുംബത്തിന് അധീശത്വമുണ്ടായിരുന്നു. മറിയപ്പള്ളി കൊട്ടാരമാണ് ഈ പ്രദേശത്തെ മറ്റൊരു പ്രധാന ക്ഷത്രിയ കുടുംബം. മുഖ്യ ഉത്പാദനോപാധിയായ ഭൂമി മിക്കവാറുമോ മുഴുവൻ തന്നെയോ വൈദികബ്രാഹ്മണ ഇല്ലങ്ങളുടെയും രണ്ടോ മൂന്നോ ക്ഷത്രിയ കുടുംബങ്ങളുടെയോ ഉടമാവകാശത്തിൽ തന്നെയായിരുന്നു. അവരുടെ ആശ്രിതൻമാർ സേവനങ്ങൾ നൽകിയും ക്ഷേത്രങ്ങളുടെയും മറ്റ് ദേവസ്ഥാനങ്ങളുടെയും വസ്തുവകകൾ നോക്കി നടത്തിയിരുന്നവരും പൂജാദികാര്യങ്ങളിൽ ബ്രാഹ്മണരെ സഹായിച്ചും ക്ഷേത്രങ്ങളിലെ കഴക വൃത്തികളിൽ ഏർപ്പെട്ടും പ്രവർത്തിച്ചു വരുമായിരുന്നു. മറ്റ് സവർണ്ണഹിന്ദുക്കളും ഈ പ്രദേശത്ത് ഉണ്ടായിരുന്നു.

സവർണ്ണവർണവ്യത്യാസം നിലനിൽക്കുമ്പോഴും ജന്മിമാരും അടിയാന്മാരും എന്ന നിലയിൽ ചൂഷണ വ്യവസ്ഥ തുടരുമ്പോഴും അടിയാന്മാരെ തങ്ങളോടൊപ്പം നിർത്തുവാൻ ജന്മിമാർ ശ്രദ്ധാലുക്കളായിരുന്നു. വൻകിടജന്മിമാർ കുടുംബസ്വത്തുക്കൾ വീതം വയ്ക്കുമ്പോൾ ഈ അടിയാന്മാരെയും പങ്ക് വെച്ചിരുന്നു. കൈവേലക്കാർ മരപ്പണിക്കാർ അലക്കുകാർ എന്നിങ്ങനെ വിവിധതുറകളിൽ പണിചെയ്തിരുന്നവർ ജാതിഅടിസ്ഥാനത്തിലാണ് ജോലി ചെയ്തുവന്നത്. കള്ളു ചെത്തി വീടുകളിൽ തന്നെ വിൽക്കുന്ന പതിവാണ് ഉണ്ടായിരുന്നത്.

ഈഴവരിൽ നല്ല വിഭാഗം ഈ തൊഴിൽ ചെയ്തു പോന്നു.

പറമ്പിലും പാടത്തും പണി ചെയ്തിരുന്നവരും ബഹുഭൂരിപക്ഷവും പുലയരും, പറയരും ആയിരുന്നു. ജാതീകൃതമായ വേലിക്കെട്ടുകൾക്ക് പുറത്തായിരുന്നു ക്രിസ്ത്യൻ സമൂഹം ഈ പ്രദേശത്ത് പത്തൊമ്പതാം നൂറ്റാണ്ടിൻെറ പൂർവ്വാർദ്ധത്തിലാണ് വാസമാരംഭിക്കുന്നത്. എ. ഡി. 345 ൽ എഡേസാ, കനാൻ, ബാഗ്ദാദ് തുടങ്ങി മദ്ധ്യപൗരസ്ത്യ പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ കുടിയേറിയ ക്നാനായ സമൂഹം നാട്ടകംപ്രദേശത്ത് പ്രധാനമായും ചിങ്ങവനം കേന്ദ്രീകരിച്ച് താമസമുറപ്പിച്ചു. 1881 ൽ ചിങ്ങവനത്ത് അവർ സ്ഥാപിച്ച ദയറാപള്ളിയാണ് ഈ പ്രദേശത്ത് ആദ്യത്തെ ക്നനായ ദേവാലയം. ഓർത്തഡോക്സ് ക്രിസ്തീയ വിഭാഗം ഇതിനു വളരെ മുമ്പുതന്നെ ഈ പ്രദേശത്ത് താമസമാരംഭിച്ചിരുന്നു. കേരളത്തിലെ പ്രബല ക്രിസ്തീയ വിഭാഗമായ ക്നനായ സഭയുടെ ഭരണാധികരസ്ഥാനവും ആത്മീയ നേതൃത്വകാര്യാലയവുമായ ബിഷപ്പ്ഹൗസ് ഈ പഞ്ചായത്തിൽ ചിങ്ങവനത്ത് സ്ഥിതിചെയ്യുന്നു.

ഈഴവർ തുടങ്ങി സാമൂഹ്യഅസമത്വം അനുഭവിച്ചിരുന്ന വിഭാഗങ്ങൾ മറ്റ് പ്രദേശങ്ങളിൽ എന്നപോലെ ഇവിടെയും നവോത്ഥാനപ്രസ്ഥാനത്തിൽ ആകൃഷ്ടരായി. യശശരീരനായ ശ്രീ. റ്റി. കെ. മാധവൻ മുൻകൈ എടുത്ത് 1103 ൽ പള്ളം മറിയപ്പള്ളി പ്രദേശങ്ങളിൽ എസ്. എൻ. ഡി. പി. യോഗത്തിൻെറ ശാഖകൾ സ്ഥാപിച്ചു. യോഗത്തിൻെർ 26,28 ഉം നമ്പർ ശാഖകളായി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് നാഗമ്പടം ക്ഷേത്രാങ്കണത്തിൽ വച്ച് ശ്രീ. നാരായണഗുരു നേരിട്ടു നൽകിയതാണ്. പുലയർ, പറയർ, വേലന്മാർ എന്നിങ്ങനെ അസ്പ്രഷ്ടഗണത്തിൽപെട്ടിതര ജനവിഭാഗങ്ങൾ ജാതിജന്യമായ പീഢനങ്ങളിൽ നിന്നും മുക്തിനേടുന്നതിന് മുറവിളികൂട്ടിയിരുന്നു.



മറിയപ്പള്ളി പാലസ്

പാടത്തും പറമ്പിലും പണിയെടുത്ത് മേലാളർക്ക്വേണ്ടി ഭൃത്യവേലകൾ ചെയ്ത് ജീവിതം പോക്കിയിരുന്ന ജനവിഭാഗങ്ങൾക്ക് മോചനത്തിനുള്ള പാതയൊരുക്കിയത് കർഷകതൊഴിലാളി പ്രസ്ഥാനത്തിൻെറയും പുരോഗമന ജനാധിപത്യപ്രസ്ഥാനങ്ങളുടെയും സംഘടിതസമരങ്ങൾ മൂലമാണ്. ജാതിജടിലമായ സമൂഹത്തിൽ ക്രിസ്ത്യൻമിഷനറിമാരുടെ പ്രേഷിത പ്രവർത്തനത്തിൻെറ ഫലമായി ഈ വിഭാഗത്തിൽ നിന്നും ഒട്ടേറെ മതപരിവർത്തനങ്ങൾ നടന്നു. 1845 മുതൽ 1949 വരെ അധഃസ്ഥിതജനങ്ങളിൽ നിന്നും കൂട്ടത്തോടെ മതപരിവർത്തനം നടത്തി ക്രിസ്തു മതാനുയായികളായി.

ദേശീയപ്രക്ഷോഭണത്തിൻെറ അലകൾ ഈ പ്രദേശത്ത് മാറ്റത്തിന് കാരണമായി. ഗാന്ധിയൻ ആദർശത്തിൽ വ്യക്തിജീവിതം നയിക്കുന്ന ശ്രീ. അഭയ്ദേവ് ഈ ഗ്രാമത്തിൻെറ സന്താനമാണ്. മലയാളചലച്ചിത്ര രംഗത്ത് അതുല്യസംഭാവന നൽകിയ പ്രതിഭാധനനായ ശ്രീ. അഭയ്ദേവ് തിരുനക്കരയിൽ ഗാന്ധിജി വന്നപ്പോൾ അദ്ദേഹത്തെ നേരിട്ട് കാണുകയും സ്പർശിക്കുകയും ചെയ്ത അനുഭവം ഇപ്പോഴും അഭിമാനത്തോടെ സ്മരിക്കാറുണ്ട്. ജാതിജന്യങ്ങളായ വൈരുദ്ധ്യങ്ങൾ മറന്ന് ഒരുമിച്ച് കൂടാനും തങ്ങളുടെ ജീവിതസാഹചര്യത്തെ മാറ്റിമറിക്കാനും തൊഴിലാളിവർഗ്ഗം കൂട്ടായിഉയർന്നതിൻെറ ഫലമായി നാട്ടകം മേഖലയിലും നിരവധി സമരങ്ങൾ പൊട്ടിപുറപ്പെട്ടു. ഉത്തരവാദഭരണത്തിനും നാടുവാഴിത്തതിനെതിരായും പൊട്ടിപുറപ്പെട്ട പുന്നപ്രവയലാർ സമരം ഈ കാലഘട്ടത്തിലാണ് നടന്നത്.

ദിവാൻ സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്ത് സ്ഥാപിക്കപ്പെട്ട ട്രാവൻകൂർ സിമിൻറ്സ് ഫാക്ടറിയും പള്ളം പവർ ഹൗസും നാട്ടകത്തിൻെറ ചരിത്രത്തിൽ നിർണ്ണായകമായ വഴിത്തിരിവിന് കാരണമായി. കേരളത്തിൽ ആദ്യമായി സ്ഥാപിച്ച പള്ളിവാസൽ ഹൈഡ്രോഇലക്ട്രിക് ജലവൈദ്യുതപദ്ധതിയുടെ വിതരണകേന്ദ്രമായിരുന്നു പള്ളം പവർഹൗസ്. ട്രാവൽകൂർ സിമിൻറ്സ് ഫാക്ടറി 1949 ൽ ആണ് നാട്ടകത്ത് സ്ഥാപിച്ചത്. വേമ്പനാട്ട്കായലിൽ സമൃദ്ധമായുള്ള കക്കായും, ചെളിയും ഉപയോഗിച്ച് നിർമ്മിക്കുന്ന സിമിൻറ് ഇൻഡ്യയിൽ തന്നെ ഏറ്റവും മേന്മയേറിയവ എന്നു കരുതപ്പെടുന്നു. നാട്ടകത്തെ സംഘടിതതൊഴിലാളിപ്രസ്ഥാനത്തിൻെറ ഈറ്റില്ലമായി ഈ വ്യവസായകേന്ദ്രം മാറി. ഈ ഫാക്ടറി കേന്ദ്രീകരിച്ച് വളർന്നു

വന്ന തൊഴിലാളിപ്രസ്ഥാനത്തിൻെറ നടുനായകത്വം വഹിച്ചിരുന്നത് സഖാവ് ശ്രീ. റ്റി. കെ. മാധവൻ ആണ്. ആദ്യത്തെ പഞ്ചായത്ത് കൗൺസിൽ അംഗമായിരുന്ന ഈ ജനനേതാവിനെ പ്രതിലോമ ശക്തികൾ അക്രമിച്ച കൊലപ്പെടുത്തിയ 1955 ജനുവരി 16ാം തീയതി രക്തസാക്ഷിയായ -ആതൊഴിലാളി നേതാവിൻെറ അനുസ്മരണദിനം ഇന്നും ആചരിക്കപ്പെട്ടുപോരുന്നു. നാട്ടകം പ്രദേശത്തെ ജനസാമാന്യത്തിൻെര സാമൂഹ്യസാമ്പത്തിര ജീവിതത്തിൽ ട്രാവൻകൂർ സിമിൻറ്സ് ഫാക്ടറി വമ്പിച്ച മാറ്റം വരുത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തോടടുത്താണ് ട്രാവൻകൂർ ഇലക്ട്രോകെമിക്കൽ എന്ന ഫാക്ടറി സ്ഥാപിക്കപ്പെട്ടത്. കാത്സ്യം കാർബൈഡ് നിർമ്മാണത്തിൽ ഇൻഡ്യയിൽ തന്നെ ഒന്നാം കിടയിൽ പെട്ട ഈ ഫാക്ടറി സ്വകാര്യഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്നു. റബ്ബർ അടിസ്ഥിതമായി പ്രവർത്തിക്കുന്ന നിരവധി ചെറുകിടവ്യവസായസ്ഥാപനങ്ങളും നാൽപതിൽപരം ക്രീപ്പ്മില്ലുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങി ഒട്ടേറെ തൊഴിലിടങ്ങൾ ഈ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിൻെറ ഉത്തരാർത്ഥത്തിൽ വികസിച്ചുവന്നിട്ടുണ്ട്.

വളരെ സമ്പന്നമായ വിദ്യാഭ്യാസപാരമ്പര്യമാണ് ഈ ഗ്രാമത്തിനുള്ളത്. മിസിസ്സ്. ബേക്കർ, മിസിസ്സ്. ഫെൻ എന്നീ മഹതികൾ 1825ൽ സ്ഥാപിച്ച ബുക്കാനാൻ ഇൻസ്റ്റിറ്റ്യൂട്ട് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസകേന്ദ്രം. കേരളത്തിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം ഇവിടെയായിരുന്നു. എന്ന് കരുതാം. കോട്ടയത്ത് ഇപ്പോൾ പ്രശസ്തനിലയിൽ പ്രവർത്തിക്കുന്ന ബേക്കർ മെമ്മോറിയൽ സ്ക്കൂളിൻെറ തുടക്കവും ഇവിടെനിന്നാണ്. 1835ൽ ഒരുമലയാളം സ്ക്കൂൾ പള്ളത്ത് കൊല്ലംപാറയിൽ സ്ഥാപിച്ചിരുന്നു. ബുക്കാനാൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ മിസിസ്സ്. പെയിസ്റ്റർ പള്ളത്ത് പുനരാരംഭിച്ച സ്ഥാപനമാണ് ഇന്നും വിജ്ഞാനത്തിൻെറ വെളിച്ചം പകർന്ന് പ്രശോഭിക്കുന്ന ബുക്കാനാൻ സ്ക്കൂൾ സമുച്ചയം. മിസിസ്സ്. എലീസാ അസ്ബോൺ എന്ന മദാമ്മ ചർച്ച്മിഷനറിസൊസൈറ്റിക്ക് നൽകിയിരുന്ന 2000 പവൻ പിൽക്കാലത്ത് സി. എം. എസ്. സ്ക്കൂളുകൾ സ്ഥാപിക്കാൻ വഴിയൊരുക്കി. നാട്ടകത്തെ വിദ്യാഭ്യാസരംഗത്ത് സമ്പന്നമായ പാരമ്പര്യത്തിന് ഇടവരുത്തിയത് വിദേശക്രിസ്ത്യൻ മിഷനറിമാരുടെ നിസ്വാർത്ഥവും മനുഷ്യസ്നേഹപരവുമായ സേവനമാണെന്നത് ഒരു ചരിത്രസത്യമാണ്. നാട്ടകം സ്വദേശിയായ ശ്രീ. വി. സി. ജോസഫ് മേലേടമായിരുന്നു പ്രശസ്തമായ കോട്ടയം സി. എം. എസ്. സ്ക്കൂളിലെ നാട്ടുകാരനായ ആദ്യത്തെ പ്രിൻസിപ്പൽ. സി. എം. എസ്. സഭയുടെ ആദ്യത്തെ ബിഷപ്പ് ശ്രീ. സി. കെ. ജേക്കബ് മേലേടമായിരുന്നു.



ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി

ഐക്യകേരളം രൂപംകൊണ്ടതിനെ തുടർന്ന് നിലവിൽ വന്ന ഭൂപരിഷ്കരമനിയമവും അതിൻെറ സദ്ഫലങ്ങളും നേടിയെടുക്കുന്നതിന് വേണ്ടി നടന്ന ജനകീയ സമരങ്ങളും 1970 കാലഘട്ടം വരെ നീണ്ടുനിന്നു. ജനങ്ങളിൽ സ്വാതന്ത്ര്യബോധവും ഇച്ഛാശക്തിയും ഉണരുകയും വ്യവസായവാണിജ്യരംഗങ്ങളിൽ എല്ലാം തന്നെ വികസനോന്മുഖമായി പ്രവർത്തിച്ച് തുടങ്ങുകയും ചെയ്തു. ഈ മാറ്റത്തിൻെര ഫലമായുണ്ടായതാണ് ഇന്നത്തെ നാട്ടകത്തിൻെറ സമൃദ്ധികൾ.

എന്നാൽ ക്രമേണ 1970 നു ശേഷം കാർഷികരംഗത്ത് വമ്പിച്ച മുരടിപ്പാണ് അനുഭവപ്പെടുന്നത്. കൃഷിസ്ഥലങ്ങൾ നികത്തിവിൽക്കുന്ന പ്രവണത വളർന്നിരിക്കുന്നു. ഉപഭോഗപരമായ ചിലവുകൾ വർദ്ധിക്കുന്നു. വീടുപണിയുന്നതിനും മറ്റ് വ്യക്തിജീവിത സുഖങ്ങൾ തേടുന്നതിനും ധനം ധൂർത്തടിക്കുന്നതിനും ജനങ്ങൾ കീഴ്പെട്ടിരിക്കുന്നു. ജാതിബോധവും സാമൂഹ്യദുരാചാരങ്ങളും മടങ്ങിവരുവാനും തുടങ്ങിയിരിക്കുന്നു.







**2**

# നാട്ടകം ഗ്രാമപഞ്ചായത്ത്: പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | - | നാട്ടകം ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന വില്ലേജുകൾ | - | നാട്ടകം, വേളൂർ (ഭാഗികം)<br>പനച്ചിക്കാട് (ഭാഗികം) |
| 3. | ബ്ലോക്ക് പഞ്ചായത്ത് | - | പള്ളം |
| 4. | താലൂക്ക് | - | കോട്ടയം |
| 5. | ജില്ല | - | കോട്ടയം |
| 6. | അസംബ്ലി മണ്ഡലം | - | കോട്ടയം |
| 7. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | നാട്ടകം, കാഞ്ഞിരം(ഭാഗികം)<br>ചിങ്ങവനം(ഭാഗികം) |
| 8. | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | നാട്ടകം |
| 9. | ജനസംഖ്യ | - | 39,124 (1991 സെൻസസ്)<br>ആനുപാതിക ജനസംഖ്യാ വർദ്ധനവ്<br>അനുസരിച്ച് നിലവിൽ ഉദ്ദേശം 43,000 |
| 10. | വാർഡുകൾ | - | 14 |
| 11. | വീടുകളുടെ എണ്ണം | - | ഉദ്ദേശം 10,700 |
| 12. | വിസ്തീർണ്ണം | - | 2009 ഹെക്ടർ (84ആർ) |
| 13. | പ്രസിഡണ്ട് | - | അമ്മിണിതോമസ് |
| 14. | വൈസ് പ്രസിഡണ്ട് | - | കെ.കെ. പ്രസാദ് |
| 15. | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | പാലീത്ര നാരായണൻ |
| 16. | അതിരുകൾ | - | വടക്ക് കോട്ടയം മുനിസിപ്പാലിറ്റി<br>തെക്ക് കുറിച്ചി, നീലംപേരൂർ പഞ്ചായത്തുകൾ<br>നീലംപേരൂർ പഞ്ചായത്ത്<br>കിഴക്ക് പനച്ചിക്കാട് പഞ്ചായത്ത്<br>പടിഞ്ഞാറ് വേമ്പനാട്ടുകായൽ,<br>തിരുവാർപ്പ് പഞ്ചായത്ത് |

# 3

# ഭൂപ്രകൃതി, ജൈവവൈവിധ്യം ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

പൊതുവിൽ ഉയർന്നപ്രദേശങ്ങളും സമതലങ്ങളും പാടശേഖരങ്ങളും നിറഞ്ഞതാണ് നാട്ടകത്തിൻെറ ഭൂപ്രകൃതി. പഞ്ചായത്തിലെ ഉയർന്നപ്രദേശങ്ങൾ മുപ്പായിക്കാട്, മാടമ്പുകാട്, കാക്കൂർ, കാരമൂട്, മൂലംകുളം എന്നിവയാണ്. ചെമ്മണ്ണ് നിറഞ്ഞതും ഉറപ്പാർന്നതും താരതമ്യേന വളക്കൂറുമുള്ള മണ്ണ് ഈ പ്രദേശങ്ങളുടെ സവിശേഷതയാണ്. പരമ്പരാഗതമായി ചെയ്തുവന്ന വിവിധകൃഷികൾക്ക് ഇപ്പോഴും ഈ മണ്ണ് ഉപയോഗയോഗ്യമാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങൾ വിശാലമായ പാടശേഖരങ്ങളാണ്. ചെളിമണ്ണാണ് ഈ പ്രദേശത്തുള്ളത്.

## ജൈവവൈവിധ്യം

പാടശേഖരങ്ങളിൽ നെല്ലാണ് പ്രധാന വിള. പാടശേഖരങ്ങളുടെ സമീപസ്ഥമായ ചിറകളിലും സമതലങ്ങളിലും ഉയർന്ന പ്രദേശങ്ങളിലും തെങ്ങുകൃഷി സാധാരണമാണ്. പഞ്ചായത്തിൻെറ സമതലങ്ങളിലും കിഴക്കൻപ്രദേശങ്ങളിലും വ്യാപകമായി കൃഷി ചെയ്തു വന്ന മരച്ചീനി റബ്ബർകൃഷിയുടെ വ്യാപനത്തോടെ നാമമാത്രമായാണ് കൃഷി ചെയ്യുന്നത്. കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട വിവിധകൃഷികളും കുറഞ്ഞുവരുന്നു. ഉയർന്നപ്രദേശങ്ങളിൽ കുരുമുളക് കൃഷി ചെറിയതോതിൽ നടക്കുന്നുണ്ട്. പച്ചക്കറിയിനത്തിൽ പയർ, പാവൽ, വെള്ളരി, പടവലം എന്നിവ കരപ്പാടങ്ങളിലും ചിറകൾ, വീട്ടുപരിസരങ്ങൾ എന്നിവിടങ്ങളിലും കുറഞ്ഞതോതിൽ കൃഷിചെയ്യുന്നുണ്ട്. ആഞ്ഞിലി, പ്ലാവ്, പുളി, പൂവരശ്, വട്ട, തുടങ്ങി ഈ പ്രദേശത്ത് സമൃദ്ധമായി ഉണ്ടായിരുന്ന വൃക്ഷയിനങ്ങൾ എണ്ണത്തിൽ കുറഞ്ഞുവരുന്നു. ചിലപുരയിടങ്ങളിൽ തേക്ക് വളർത്തുന്നുണ്ട്. വേലിക്കൊന്ന ഇപ്പോൾ സുലഭമായി കാണുന്നില്ല. കണിക്കൊന്ന മുൻകാലത്തേക്കാൾ അധികം ഉണ്ട്. ഔഷധസസ്യങ്ങളായ ആര്യവേപ്പ്, ആടലോടകം, എന്നിവ ചുരുക്കമായി കാണുന്നുണ്ട്. കിഴുകാനെല്ലി, പടിഞ്ഞാറൻ പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്. തഴുതാമ ചിലപ്രദേശങ്ങളിൽ നാമമാത്രമായുണ്ട് ചെറൂള, കറുക തുടങ്ങിയവ ഏതാണ്ട് ഇല്ലാതായിട്ടുണ്ട്. തുളസി ഇപ്പോഴും വീടുകളിൽ വളർത്തുന്നുണ്ട്. എങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണ്. പുഷ്പസസ്യ ഇനങ്ങളിൽ നാടൻ ചെമ്പരത്തി പുരയിടങ്ങളിൽ നാമമാത്രമായുണ്ട്. കാട്ടുചെമ്പരത്തി ചുരുക്കമാണ്. കോളാമ്പി, കദളി എന്നിവ ഏതാണ്ട് അന്യം നിന്ന മട്ടാണ്. മുല്ല വീട്ടുവളപ്പുകളിൽ ഇപ്പോഴും ചെറിയതോതിൽ ഉണ്ട്. റോസയുടെ പ്രാധാന്യം മുൻകാലങ്ങളെ അപേക്ഷിച്ച് കുറയുന്നുണ്ട്. പകരം അതിഥികളായി എത്തിയിട്ടുള്ള ഓർക്കിഡും, ആന്തൂറിയവും സമ്പന്നഭവനങ്ങളിലും, ഇടത്തരംഭവനങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ട്.



## ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം നാട്ടകത്ത് അധിവസിക്കുന്ന ജനങ്ങൾ 39,192 ആണ്. ഇതിൽ 19,559 പുരുഷന്മാരും 19,565 സ്ത്രീകളും ഉൾപ്പെടുന്നു. ആറു വയസ്സുവരെ പ്രായമുള്ള 4462 ആൺകുട്ടികളും 2279 പെൺകുട്ടികളും ഇപ്പോൾ ഉണ്ട്. സെൻസസിൻ പ്രകാരം



പുരുഷന്മാരെ അപേക്ഷിച്ച് 6 സ്ത്രീകൾ കൂടുതലായുണ്ട്. ഇത് സംസ്ഥാനശരാശരിയോട് അടുക്കുന്ന കണക്കാണ്. ആനുപാതിക ജനസംഖ്യാവർദ്ധനവ് അനുസരിച്ച് ഇപ്പോൾ ഇവിടുത്തെ ജനസംഖ്യ 42,800 ആണ്. ജനവാസമുള്ള വീടുകളുടെ എണ്ണം 8101. വീടുകളിലെ ശരാശരി അംഗസംഖ്യ. സെൻസസ് അനുസരിച്ച് 5 ആണെന്ന് നിർണ്ണയിക്കാം.

## ജലപ്രകൃതി

കാലവർഷവും തുലാവർഷവും തന്നെയാണ് ഈ പ്രദേശത്തും ജലസ്രോതസ്സുകൾ സമൃദ്ധമാക്കുന്നതിന്റെ പ്രധാന ഉറവിടം. ഇവരണ്ടും യഥാകാലങ്ങളിൽ കുറവല്ലാത്ത തോതിൽ ഇവിടെ ലഭിക്കുന്നുമുണ്ട്.



നിഷ്കർഷയോടെയുള്ള ജലവിനിയോഗം സാദ്ധ്യമാക്കിയാൽ ഒരു പരിധിവരെ ജലദൗർലഭ്യം ഒഴിവാക്കുന്നതിനും കൊടുംവരൾച്ചയുള്ള മാസങ്ങളൊഴിച്ച് ബാക്കിയുള്ള മാസങ്ങളിൽ ആവശ്യമായ ജലം ലഭിക്കുന്നതിന് പര്യാപ്തമായ ജലസ്രോതസ്സുകൾ നമുക്കുണ്ട്. കിണറുകളാണ് ഇതിൽ പ്രധാനം. സമീപസ്ഥമായ വേമ്പനാട്ടുകായലിന്റെ സാന്നിദ്ധ്യവും കൊടൂരാറിന്റെ കൈവഴികളും ഇടത്തോടുകളും ഈ പ്രദേശത്തിന്റെ ജലപ്രകൃതിക്ക് മാറ്റുകൂട്ടുന്നു. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന കുളങ്ങളിൽ പലതും ഇന്നില്ല. ക്ഷേത്രകുളങ്ങളിൽ ചിലതുമാത്രമാണ് നിലവിലുള്ളത്. ശാസ്ത്രീയമായ പ്രവർത്തനങ്ങളിലൂടെ ഉപയോഗയോഗ്യമാക്കാവുന്ന ജലസംഭരണമായ പാറക്കുളങ്ങളും പഞ്ചായത്തുപ്രദേശങ്ങളിൽ അവിടവിടെയായുണ്ട്.

മറ്റുപ്രദേശങ്ങളിലെപ്പോലെ താരതമ്യേന പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലാണ് ജലദൗർലഭ്യം പ്രകടമാകാറുള്ളത് എങ്കിലും ഇവിടങ്ങളിലെ ആഴക്കിണറുകളിൽ ഭൂരിപക്ഷവും ഏതാണ്ട് എട്ടൊമ്പതു മാസങ്ങളോളം ജലസമൃദ്ധങ്ങളാകാറുണ്ട് നിരപ്പുപ്രദേശങ്ങളിൽ ജലക്ഷാമം അത്ര രൂക്ഷമല്ല. പാടശേഖരങ്ങളിൽ ജലനിരപ്പ് താഴ്ന്നാൽ പടിഞ്ഞാറൻപ്രദേശങ്ങളിൽ പൊതുവേ ജലനിരപ്പ് താഴാറുണ്ട്. വരൾച്ചമാസങ്ങളിലെ ശുദ്ധജലദൗർലഭ്യം പടിഞ്ഞാറൻ പ്രദേശങ്ങളുടെ ശാപമാണ്.












4

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

# 4 1

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

കാർഷിക മേഖലയായിരുന്ന നാട്ടകം പ്രദേശത്ത് ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെ ഒട്ടുമിയ്ക്കഭാഗങ്ങളിലും കൃഷി വ്യാപകമായിരുന്നു. അന്നത്തെ പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, മരച്ചീനി മുതലായ ഭക്ഷ്യവിളകളായിരുന്നു. 1928 ലെ സെറ്റിൽമെൻറ് രേഖകൾ പ്രകാരം യഥാർത്ഥ കൃഷിസ്ഥലത്തിൻെറ വിസ്തൃതി ഈ ഭൂപ്രദേശത്തിൻെറ 60% മാത്രമായിരുന്നു. ബാക്കി പ്രദേശങ്ങൾ കുറ്റിക്കാടുകളും, ചതുപ്പുനിലങ്ങളും, റവന്യൂ പുറമ്പോക്കുകളും ആയിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭകാലം മുതൽ കൊടൂരാറിൻെറ പടിഞ്ഞാറ് വേമ്പനാട്ടുകായലിനോടുചേരുന്ന ഭാഗത്ത് 100 ഹെക്ടറോളം തരിശായി ഇന്നും കിടക്കുന്നു. കൊടുരാറിൻെറയും കൈവഴി തോടുകളുടെയും ഇരുവശത്തുമുള്ള പാടശേഖരങ്ങളിൽ നെൽകൃഷിയും കരപ്രദേശങ്ങളിൽ തെങ്ങും മറ്റ് ഇടവിളകളും കൃഷി ചെയ്തുപോന്നു. കൃഷി ഭൂമികളിൽ ഗണ്യമായ ഭാഗവും വിവിധ ദേവസ്വങ്ങളുടെയും ജന്മിമാരുടെയുംകൈവശമായിരുന്നു. ഭൂപരിഷ്ക്കരണ നിയമങ്ങൾ നിലവിൽ വന്നതോടുകൂടി കൃഷിഭൂമികളിൽ കൂടുതലും ചെറുകിട കൃഷിക്കാരുടെ കൈകളിൽ എത്തിച്ചേർന്നു. ഭൂപരിഷ്ക്കരണ നിയമങ്ങളുടെ പരിധിയിൽ കവിഞ്ഞ ഭൂമി ആരുടെയും കൈവശമില്ല. നെൽപ്പാടങ്ങൾ തെങ്ങിൻതോപ്പുകളായും താമസസ്ഥലങ്ങളായും മാറ്റിയതിൻെറ ഫലമായി നെൽകൃഷിയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മരച്ചീനികൃഷിയിടങ്ങൾ റബ്ബർ തോപ്പുകളായി മാറ്റിയതുകൊണ്ട് ഈ കൃഷിയുടെ വിസ്തൃതിയും കുറഞ്ഞിട്ടുണ്ട്. ഭക്ഷ്യവിളകളിൽ കുറവു വന്നിട്ടുണ്ടെങ്കിലും റബ്ബർ, കുരുമുളക്, കൊക്കോ മുതലായ നാണ്യവിളകളുടെ വിസ്തൃതി വർദ്ധിച്ചിട്ടുമുണ്ട്.



1960-61 വരെ കൃഷിയിൽ നിന്നും അഞ്ചുമുതൽ പത്തുമേനിവരെ വിളവുമാത്രമാണു ലഭിച്ചിരുന്നത്. ആ കാലത്ത് കാലാവസ്ഥയേയും ഞാറ്റുവേലയേയും നിരീക്ഷിച്ചുള്ള കൃഷിരീതികളാണ് അവലംബിച്ചിരുന്നത്. പാടശേഖരങ്ങളിലെ വെള്ളം വറ്റിയ്ക്കുന്നതിന് തേക്കുകുട്ട കൊണ്ടുതേകുന്ന രീതിയും ചക്രം ചവിട്ടുന്ന സമ്പ്രദായവുമാണ് സ്വീകരിച്ചിരുന്നത്. ഈ കാലയളവിലെ വിത്തുകൾ, ചെമ്പാവ്, അതിക്കിരാലി, തിരിഞ്ഞവെള്ള, കൊച്ചുവിത്ത്, മുന്നായൻ കുളപ്പാല, തവളക്കണ്ണൻ, കരിവെണ്ണൽ, ഉപ്പുകുറുക, ചെറുകുറുക തുടങ്ങിയ ഉല്പാദനശേഷി കുറവുള്ളവയായിരുന്നു. എന്നാൽ അവയ്ക്ക് രോഗപ്രതിരോധശേഷി അത്യധികമായിരുന്നതാനും. കൃഷിനിലങ്ങളിൽ ഉഴവിന് കന്നും കലപ്പയും, നിലം ഒരുക്കുന്നതിന് പല്ലക്കടിയും, കവുങ്ങടിയും അവലംബിച്ചിരുന്നു. കൊയ്ത്തിനുശേഷം, കിളയ്ക്കുകയും തുടർന്നു തലച്ചാൽ രണ്ടുമുതൽ നാലുവരെയും മറുചാൽ മൂന്നു മുതൽ അഞ്ചുവരെയും ഉഴുത് നിലം ഇളക്കിയിരുന്നു. വളത്തിനു കൂടുതലുംജൈവവസ്തുക്കളായ ചാരവും, ചാണകവും പച്ചിലവളവും ഉപയോഗിച്ചിരുന്നു. പുറ

ക്കഴി ഇറക്കുന്നതും ജൈവവളപ്രയോഗമെന്ന രീതിയിൽ നടത്തിയിരുന്നു. കീട നശീകരണത്തിന് കുമ്മായം വിതറുക, പുഴു അടിയ്ക്കുക, കുട്ട വീശുക, താറാവിനെ ഇറക്കുക എന്നീ നാടൻ രീതിയാണ് സ്വീകരിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ കർഷകതൊഴിലാളികൾ പ്രഭാതം മുതൽ പ്രദോഷം വരെ, പെണ്ണാൾ അഞ്ചുകൂലിയാൻ നെല്ലിനും, ആണാൾ ഏഴുകൂലിയാൻ നെല്ലിനും ജോലി ചെയ്തിരുന്നു. രാവിലെ മുതൽ ഉച്ചവരെ കൊയ്ത്തും ഉച്ചകഴിഞ്ഞാൽ കാലിത്തീറ്റയ്ക്കുള്ള കച്ചിവെട്ടും നടത്തിയിരുന്നു. പതം പത്തിനൊന്നും ഒന്നിടവിട്ട ദിവസങ്ങളിൽ തീർപ്പെന്ന പേരിൽ ഒരു കറ്റയും കൊയ്ത്തു വേതനമായി നൽകിയിരുന്നു. ഈ കാലയളവിൽ കർഷകരും, കർഷകതൊഴിലാളികളും പരസ്പര വിധേയത്വം പ്രകടിപ്പിച്ച് സാമാന്യം നല്ല തൊഴിൽബന്ധം നിലനിർത്തിയിരുന്നു.

ഇന്ന് നെൽകൃഷിയ്ക്ക് വെള്ളം വറ്റിയ്ക്കുന്നതിന് ചക്രത്തെ തുടർന്നെത്തിയ ഓയിൽ എഞ്ചിന്റെ ഘട്ടവും കഴിഞ്ഞ് ഇലക്ട്രിക് മോട്ടോറും, പെട്ടിയും പറയും (പമ്പ് സെറ്റ്) ഉപയോഗിച്ചുവരുന്നു. ഉല്പാദനശേഷി കുറഞ്ഞ വിത്തുകൾക്കു പകരം അത്യുല്പാദനശേഷിയുള്ള ജ്യോതി, തൃവേണി, ആയിരത്തിയൊൻപത്, പവിഴം, അയ്യാറെട്ട്, അന്നപൂർണ്ണ, ജയ, ആതിര, അശ്വതി, കാഞ്ചന മുതലായ വിത്തുകൾ ഉപയോഗിക്കുന്നു. കൃഷിഭൂമി ഫലഭൂയിഷ്ഠമാക്കുന്നതിന് രാസവളപ്രയോഗവും വിഷവീര്യം കൂടിയ കീടനാശിനികളും ഉപയോഗിക്കുന്നു. കൃഷിനിലം ഒരുക്കുന്നതിന് ആധുനിക കൃഷിയന്ത്രങ്ങളായ ടില്ലർ, ട്രാക്ടർ മുതലായവ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. കൊയ്ത്തിനും മെതിയ്ക്കും യന്ത്രങ്ങൾ ഉണ്ടെങ്കിലും ആയവ പരക്കെ ഉപയോഗത്തിൽ വന്നിട്ടില്ല. നെല്ല് പതിർ പിടിയ്ക്കുന്നതിന് കാറ്റിനെ മാത്രമാണ് മുൻകാലങ്ങളിൽ ആശ്രയിച്ചിരുന്നത്. ഇപ്പോൾ യന്ത്രങ്ങളെ മാത്രമാണ് ആശ്രയിക്കുന്നത്. കർഷകതൊഴിലാളികളുടെ ജോലി സമയം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കുറയുകയും വേതനം വർദ്ധിയ്ക്കുകയും ചെയ്തിരിക്കുന്നു.



മുൻ കാലങ്ങളിൽ മറ്റും നിലങ്ങളിൽ മുണ്ടകൻ കൃഷി നടത്തിയിരുന്നു. ഇതിനു പ്രധാനമായും മൂപ്പുകുറഞ്ഞ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. കലപ്പകൊണ്ട് പാളിയുണ്ടാക്കി ചാരം കൂട്ടി വിത്ത് നുള്ളിയിടുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. ആദായകരമായ നാണ്യവിളകളുടെ രംഗപ്രവേശത്തോടുകൂടി മുണ്ടകൻ കൃഷി ഇന്ന് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. പഴയ കൃഷി സമ്പ്രദായത്തിൽ നിലം പൂട്ടുമ്പോൾ കന്നുകളുടെ ചാണകം വീണും, കൊയ്ത്തിനു ശേഷം താറാവിനെ ഇറക്കി അവയുടെ കാഷ്ഠം വീണും കൃഷിയിടം വളരെയേറെ ഫലഭൂയിഷ്ഠമായിരുന്നു. കൂടാതെ ഓരുവെള്ളം കയറിയിരുന്നതുകൊണ്ട് കൃഷിനിലങ്ങളിൽ കളകൾ കുറവുമായിരുന്നു. ഉപ്പുവെള്ളം കയറിയിറങ്ങുന്നതു കൊണ്ട് മണ്ണിന്റെ രോഗപ്രതിരോധശക്തിയും വർദ്ധിച്ചിരുന്നു.

1950 നു മുൻപ് കരപ്രദേശങ്ങളിൽ മാത്രമായിരുന്നു തെങ്ങുകൃഷി. ഭൂപരിഷ്ക്കരണത്തോടുകൂടി തുണ്ടുഭൂമികൾ നികത്തിയും പാടശേഖരങ്ങളിലെ പുറബണ്ടുകളിൽ തൈകൾ വച്ചും കൂടുതൽ സ്ഥലത്തേയ്ക്ക് തെങ്ങുകൃഷി വ്യാപിപ്പിക്കുകയുണ്ടായി. ആദ്യകാലങ്ങളിൽ അതതു കൃഷിയിടങ്ങളിൽ നിന്നുള്ള നാളികേരമാണ് വിത്തിന് ഉപയോഗിച്ചിരുന്നതെങ്കിലും പിന്നീട് TxD, DxT, കേരസൗഭാഗ്യ, കേരഗംഗ, ലക്ഷഗംഗ, അനന്തഗംഗ, ഗാഗാബാന്തം മുതലായ അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളും ഉപയോഗത്തിലായി. തേങ്ങയ്ക്ക് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയിരുന്നതിനാൽ തെങ്ങുകൃഷി, നെൽകൃഷിയേക്കാൾ ലാഭകരമായി പലരും പരിഗണിയ്ക്കുകയും ചെയ്തു. കൂടാതെ തൊഴിലാളികളുടെ അഭാവത്തിൽ പല നെൽകൃഷിക്കാരും താരതമ്യേന തൊഴിൽ ദിനങ്ങൾ കുറച്ചുമാത്രം വേണ്ടിവരുന്നത തെങ്ങ് കൃഷിയിലേക്ക് മാറുകയുണ്ടായി. തണ്ണീർമുക്കം ബണ്ട് വരുന്നതിനു മുൻപ് ജലാശയങ്ങളിൽ ഓരുവെള്ളം കയറിയിരുന്നതിനാൽ തെങ്ങുകൾക്ക് രോഗബാധ കുറവായിരുന്നു. കൂടാതെ നല്ല വിളവും ലഭിച്ചിരുന്നു. ഈ കാലയളവിൽ കരകൃഷികളിലും കാര്യമായ മാറ്റം വന്നു. സാധാരണ തെങ്ങ്, കമുക്, വാഴ, പച്ചക്കറി, മാവ്, പ്ലാവ് തുടങ്ങിയവയായിരുന്നു പ്രധാന കൃഷിയെങ്കിലും പിന്നീട് കുരുമുളക്, ഇഞ്ചി, കൊക്കോ,

റബ്ബർ, തേക്ക്, മാഞ്ചിയം, സുഗന്ധദ്രവ്യങ്ങൾ, കുറ്റിമുല്ല, ഓർക്കിഡ് മുതലായ കൃഷികളും നിലവിൽ വന്നു. കൃഷി വകുപ്പിൻെറയും വനം വകുപ്പിൻെറയും പ്രോത്സാഹനം നിർലോഭം കിട്ടിയതിനാൽ മിക്ക പുരയിടങ്ങളിലും തേക്ക്, മഹാഗണി, മാഞ്ചിയം, പെരുമരം മുതലായ മരങ്ങളും കൃഷി ചെയ്തു വരുന്നു. മുൻ കാലങ്ങളിൽ വേലിയ്ക്കായി മാത്രം ഉപയോഗിച്ചിരുന്ന പൂവരശ്ശ് തടിയുടെ പ്രാധാന്യം കണക്കിലെടുത്ത് വ്യാപകമായി മിക്ക പുരയിടങ്ങളിലും ഇപ്പോൾ വച്ചു പിടിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ജാതി, ഗ്രാമ്പു മുതലായ സുഗന്ധദ്രവ്യചെടികളും ധാരാളമായി കൃഷി ചെയ്തു വരുന്നുണ്ട്.

**2. ഇന്നത്തെ വിളചേരുവ - നെൽകൃഷി**

നാട്ടകം പഞ്ചായത്തിൽ 27 പാടശേഖരങ്ങൾ ഉണ്ട്. കൃഷിഭവൻ രേഖകൾ പ്രകാരം 22 പാടശേഖരങ്ങളിൽ (1181-84 ഹെക്ടർ) നെല്ല് പുഞ്ചകൃഷി നടത്തുന്നു. അഞ്ച് പാടശേഖരങ്ങൾ കൃഷിയ്ക്ക് യോഗ്യമാണെങ്കിലും തരിശിട്ടിരിയ്ക്കുകയാണ്. നെല്ല് വിരിപ്പു കൃഷി 200.10 ഹെക്ടറിലുണ്ട്. എന്നാൽ എല്ലാവർഷവും തുടർച്ചയായി വിരിപ്പു കൃഷി ചെയ്യുന്ന സമ്പ്രദായം ഇല്ല. പുരയിടം 677.05 ഹെക്ടറും കൃഷിയോഗ്യമല്ലാത്ത തരിശ്ശ് 10.06 ഹെക്ടറുമാണ്. പുറംപോക്കും ജലാശയങ്ങളും കൂടി 264.93 ഹെക്ടർ വരും. നെൽവയലുകൾ നികത്തിയതുകൊണ്ട് റവന്യൂ കണക്കുകൾ കൃഷിഭവൻ രേഖകളുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

**നാട്ടകം ഗ്രാമപഞ്ചായത്തിൽ കൃഷിചെയ്യുന്ന പാടശേഖരങ്ങളുടെ പട്ടിക**

| ക്രമനമ്പർ | പാടശേഖരത്തിൻെറ പേര് | വിസ്തീർണ്ണം ഹെക്ടർ | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പള്ളം തൊള്ളായിരം | 120.50 | 162 |
| 2. | കുറിച്ചി കരിവട്ട് (Part) | 25.00 | 35 |
| 3. | പെരുനിലം | 40.10 | 47 |
| 4. | മുപ്പായിക്കാട് | 127.10 | 105 |
| 5. | കരമ്പിൽ കടവ് | 3.00 | 7 |
| 6. | കരികുന്നം കാട്ടത്തറ | 51.60 | 57 |
| 7. | വെള്ളാർ പാടം | 9.60 | 14 |
| 8. | കൊച്ചു കായൽ | 8.00 | 7 |
| 9. | കാഞ്ഞിരത്തടി കുഴിയടി | 11.40 | 11 |
| 10. | വെട്ടിത്തറ | 20.80 | 27 |
| 11. | കാക്കൂർ ചെമ്പൻവേലി | 51.20 | 51 |
| 12. | വടക്കെ കോതകരിക്കരി | 40.00 | 55 |
| 13. | കൊച്ചു പള്ളം | 24.80 | 26 |
| 14. | ഇരവുകരി | 75.00 | 100 |
| 15. | തൈങ്ങനാടി | 38.00 | 41 |
| 16. | വടക്കേവടക്കും മുട്ടം | 14.00 | 16 |
| 17. | 'F'ബ്ലോക്ക് കായൽ (ജഡ്ജി 6000) Part | 340.10 | 243 |
| 18. | കക്കുഴി ആലപ്പാട്ടുചാൽ | 8.30 | 17 |
| 19. | വടക്കും മുട്ടം കുട്ടുമ്മക്കരി | 8.00 | 11 |
| 20. | കരിയിൽ പാക്കിൽചിറ | 5.60 | 16 |
| 21. | തെക്കെ കോതകരിക്കരി | 11.04 | 7 |
| 22. | ഗ്രാവു ചക്കാകരി | 130.10 | 125 |
| | ആകെ | **1181.84** | **1180** |

**കൃഷിയോഗ്യമായ തരിശു പാടശേഖരങ്ങളുടെ പട്ടിക**

| ക്രമനമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം ഹെക്ടർ | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | മാവിളങ്ങു പാടം | 9.10 | 18 |
| 2. | കാത്തൂർ എരവ് | 10.80 | 5 |
| 3. | ഡായിപ്പാടം | 11.55 | 4 |
| 4. | അർജ്ജുനൻ കരി | 9.78 | 12 |
| 5. | വരമ്പിനകം | 14.00 | 28 |
| 6. | മുളങ്കുഴ, കിഴക്കുംപുറം മുതലായവ | 14.77 | 20 |
| | ആകെ | 79.00 | |

തെങ്ങ് 575 ഹെക്ടർ സ്ഥലത്ത് ഇവിടെ കൃഷി ചെയ്യുന്നു. മൊത്തം1,43,750 തെങ്ങുകൾ ഉള്ളതിൽ കായിക്കുന്നവ 93,450 എണ്ണം ആണ്. ബാക്കി ചെറുതൈകളും കായ് ഫലമില്ലാത്തതുമാണ്. കായ്ഫലം ഉള്ളതിൽ 15,440 എണ്ണം രോഗം ബാധിച്ചതാണ്. തെങ്ങ് കൂടുതലും നാടൻ ഇനങ്ങളാണ്. 1970നുശേഷം കൃഷിവകുപ്പിൽകൂടി അത്യുൽപ്പാദനശേഷിയുള്ള തൈകൾ വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 4190തെങ്ങിൻ തൈകൾ കൃഷി ഭവൻ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ചില അംഗീകൃതസ്വകാര്യ നേഴ്സറികളും തെങ്ങിൻ തൈ വിതരണക്കാരും രംഗത്തുണ്ട്. തെങ്ങിന്റെ ഇടവിളയായി 10 ഹെക്ടറോളം സ്ഥലത്ത് കമുകും കൃഷിചെയ്തിട്ടുണ്ട്. കപ്പകൃഷി പൊതുവെ കുറയുകയും ആ സ്ഥലത്ത് റബർ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗങ്ങൾ വലിയ മുതൽമുടക്കില്ലാതെ ലാഭകരമായി കൃഷിചെയ്തുവരുന്നു.



**വൃക്ഷങ്ങൾ:**

മാവ്, പ്ലാവ്, ആഞ്ഞിലി, പുളി, വട്ട മുതലായ വൃക്ഷങ്ങൾ മിക്ക പുരയിടങ്ങളിലും ഉണ്ട്. തേക്കും അപൂർവ്വമായി ഉണ്ട്. തേക്കു കൃഷിക്ക് ഒരു കാലഘട്ടത്തിൽ ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് ഈ കൃഷി വളരെ കുറഞ്ഞു വന്നിരുന്നു. എന്നാൽ ഇപ്പോൾ നിയന്ത്രണങ്ങൾ ഒന്നും ഇല്ലാത്തതിനാലും വനം വകുപ്പിൽനിന്നും കൃഷിവകുപ്പിൽ നിന്നും കാര്യമായ പ്രോത്സാഹനം നൽകുന്നതുകൊണ്ടും തേക്ക്, മഹാഗണി, പെരുമരം, മാഞ്ചിയം മുതലായ വൃക്ഷങ്ങൾ മിക്കപുരയിടങ്ങളിലും ഇടവിളയായി കൃഷി ചെയ്തു വരുന്നു.

**നാണ്യവിളകൾ:**

കുരുമുളക്, ഇഞ്ചി, റബ്ബർ മുതലായ നാണ്യവിളകളുടെ കൃഷി പൊതുവെ വർദ്ധിച്ചുവരുന്നു. ഈവർദ്ധനയ്ക്ക് പ്രധാന കാരണം നാണ്യവിളകൾ കൂടുതൽ ആദായകരമാണെന്നുള്ളതാണ്. കൂടാതെ ചില ഭക്ഷ്യവിളകളെ അപേക്ഷിച്ച് മനുഷ്യ അദ്ധ്വാന ദിവസങ്ങൾ ഈ വിളകൾക്കു കുറവു മതിയാകുന്നതാണ്.

**പച്ചക്കറി, വാഴ, ഏത്തവാഴ, ഔഷധകൃഷി, പുഷ്പകൃഷി**

അവഗണനകൊണ്ടും അശ്രദ്ധകൊണ്ടും വളരെ പുറംതള്ളപ്പെട്ടു പോയിരിക്കുന്ന ഒരു മേഖലയാണിത്. ഈ മേഖലകളിൽ ഉള്ള സാധ്യതകൾ എല്ലാം ഇവിടെ പ്രയോജനപ്പെടുത്തുന്നില്ല. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും ചില പ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഈ കൃഷികളുടെ സാധ്യതകളെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണവും ശാസ്ത്രീയമായ സമീപനവും ഇല്ല.

**3. ഉല്പാദനക്ഷമത**

നെല്ലിന്റെ ഉല്പാദനക്ഷമത സംസ്ഥാനശരാശരി ഒരു ഹെക്ടറിന് 2193 കിലോഗ്രാം ആണ്. എന്നാൽ ഇവി

| ഭൂവിനിയോഗം | | |
|---|---|---|
| ക്രമനമ്പർ | വിനിയോഗം | വിസ്തീർണ്ണം ഹെക്ടർ |
| 1. | നെല്ല് പുഞ്ച | 1184.84 |
| 2. | നെല്ല് വിരിപ്പ് | 200.10 |
| 3. | തെങ്ങ് | 575.00 |
| 4. | കമുക് | 5.00 |
| 5. | വാഴ, ഏത്തവാഴ | 75.00 |
| 6. | റബ്ബർ | 20.00 |
| 7. | തേക്ക്, മാഞ്ചിയം, മഹാഗണി, പൂവരശ് | ഇടവിള |
| 8. | കപ്പ | 40.00 |
| 9. | കശുമാവ് | 2.00 |
| 10. | കുരുമുളക്, ഇഞ്ചി | 20.00 |
| 11. | കൊക്കോ, കാപ്പി | ഇടവിള |
| 12. | പച്ചക്കറികൾ | 20.00 |
| 13. | ചേന, ചേമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ | ഇടവിള |
| 14. | വൃക്ഷവിളകൾ, പെരുമരം, ജാതി, പ്ലാവ്, മാവ്, കശുമാവ് | ഇടവിള |
| 15. | സുഗന്ധ ചർവിണവിള വെറ്റില | 0.30 |
| 16. | കുറ്റിമുല്ല | 0.25 |
| 17. | അന്തൂറിയം, ഓർക്കിഡ് | 0.40 |
| 18. | തരിശ്, കൃഷിചെയ്യാവുന്നത് | 79.00 |
| 19. | തരിശ് കൃഷി ചെയ്യുവാൻ പറ്റാത്തത് | 100.00 |
| 20. | ജലാശയങ്ങൾ പുറമ്പോക്ക് | 164.93 |
| 21. | ചതുപ്പ് | 10.00 |
| 22. | ചെങ്കൽ ക്വാറി, കരിങ്കൽ ക്വാറി | 3.00 |
| 23. | ഔഷധസസ്യങ്ങൾ | 0.10 |

*N.B: പലകൃഷികൾ ഇടവിളയായിട്ടും കൂടി കൃഷി ചെയ്തിരിക്കുന്നതിനാൽ മൊത്തം വിസ്തീർണ്ണം കൂടിയിരിക്കുന്നു.*

ടുത്തെ ഉല്പാദനം ഹെക്ടറിന് 4860-5000 കിലോയാണ്. കൂടുതൽ ശ്രദ്ധിച്ചാൽ ഒരു ഹെക്ടറിന് 7000 കിലോഗ്രാം ഉല്പാദിപ്പിക്കാവുന്നതാണ്. ജൈവവളവും കൂടുതൽ ഉല്പാദനശേഷിയുള്ള വിത്തുകളും കാര്യക്ഷമമായ ജലവിനിയോഗവും കൂട്ടായ കൃഷിസംരംഭങ്ങളും എല്ലാം ചേർത്ത് ആസൂത്രിതമായി നടത്തിയാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ ഇനിയും സാധിക്കും. കൃഷിപ്പണി, രോഗപ്രതിരോധ നടപടി ഇവയെല്ലാം കൂട്ടായി ചെയ്താൽ ചിലവും ഗണ്യമായി കുറയ്ക്കാം. നാടിന്റെ കാലാവസ്ഥയ്ക്കും, ഭൂപ്രകൃതിക്കും അനുയോജ്യമായ യന്ത്രങ്ങളും ഉണ്ടാകണം.

തെങ്ങിന്റെ ഉല്പാദനം കേരളത്തിൽ ഒരു ഹെക്ടറിന് 5890 ആണ്. നാട്ടകത്ത് ലഭിക്കുന്നത് ഇതിലും വളരെ കുറച്ചുമാത്രമാണ്. ഹെക്ടറിന് 4300 മാത്രം. ഈ കുറവിന്റെ കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നതാണ്.

1. പ്രായാധിക്യം ഉള്ളതും രോഗങ്ങൾ ഉള്ളതുമായ തെങ്ങുകൾ വളരെ കൂടുതലുണ്ട്.
2. തെങ്ങിന്റെ ഇടയകലം പാലിക്കുന്നില്ല
3. തെങ്ങിന് ശരിയായ രീതിയിൽ ജലസേചനം നടത്തുന്നില്ല.
4. പ്രധാന ജീവിതമാർഗം തെങ്ങുകൃഷിയായി തിര

ഞ്ഞെടുക്കാതെ തെങ്ങുകൃഷി ഒരു ഉപതൊഴിൽ പോലെയാണ് കരുതപ്പെടുന്നത്. പരമ്പരാഗതമായ അവഗണനാമനോഭാവവും ഉണ്ട്.

5. ശാസ്ത്രീയവും ആസൂത്രിതവുമായ ഒരു സമീപനം തെങ്ങിൻെറ രോഗനിവാരണത്തിന് സ്വീകരിച്ചുകാണുന്നില്ല. കൂടുതൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക, രോഗബാധിതതെങ്ങുകൾ മുഴുവൻ വെട്ടിമാറ്റുക, നാളികേരത്തിൻെറ ഉപയോഗം വൈവിധ്യവൽക്കരിച്ച് കൂടുതൽ ആദായം ലഭിക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുക, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുക മുതലായവയാണ് ഈ ദുഃസ്ഥിതിയ്ക്ക് പരിഹാരം.

**പഴം, പച്ചക്കറി:**

നമുക്ക് ആവശ്യമുള്ള പച്ചക്കറിയും പഴവും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. ആവശ്യമായ കൃഷിഭൂമി ഇവിടെയുണ്ട്. ഈ രംഗത്തുള്ള ഉല്പാദനക്ഷമതയും വളരെ കുറവാണ്. പച്ചക്കറിക്ക് നാം അന്യസംസ്ഥാനങ്ങളെ വലുതായി ആശ്രയിക്കുന്നു. ഈ മേഖലയിൽ നമ്മുടെ സാധ്യതകൾ ഉപയോഗിച്ച് സ്വയം പര്യാപ്തത നേടുന്നതിനും, പച്ചക്കറികൾ ഇവിടെത്തന്നെ വിൽക്കുന്നതിനും സാധിയ്ക്കുന്നതാണ്. പച്ചക്കറികൾ ഉല്പാദിപ്പിക്കണമെന്ന് കർഷകർ സ്വയം തീരുമാനിച്ചുറയ്ക്കുകയും പഞ്ചായത്തും കൃഷിഭവനും എല്ലാം ഒത്തുചേർന്ന് അതിനുള്ള ഒരുപരിപാടി തയ്യാറാക്കി നടപ്പിലാക്കേണ്ടതുമാണ്.

**വൃക്ഷവിളകൾ:**

മാവ്, പ്ലാവ്, ആഞ്ഞിലി മുതലായ പരമ്പരാഗത വൃക്ഷങ്ങൾ വെട്ടിനശിപ്പിച്ചു ഉല്പാദനം വളരെ കുറഞ്ഞിരിക്കുകയാണ്. ഉല്പാദിപ്പിക്കപ്പെടുന്ന ചക്കയും, മാങ്ങയും ലാഭകരമായി സംസ്ക്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സൗകര്യമുണ്ടായാൽ ഈ രംഗത്ത് ഉല്പാദനം വർദ്ധിക്കുന്നതാണ്. തടിയുടെ ഉപയോഗം കൂടി കണക്കിലെടുത്താൽ ഈ രംഗത്ത് സാധ്യതകൾ വളരെയാണ്. തേക്ക്, മാഞ്ചിയം, ജാതി, മട്ടി, പൂവരശ് മതലായ വൃക്ഷങ്ങൾ എല്ലാപുരയിടങ്ങളിലും വയ്ക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗിച്ചാൽ വ്യവസായ വൽക്കരണത്തിന് സഹായകരമായിരിക്കും.

**സുഗന്ധ വിള, ഔഷധവിള, പുഷ്പകൃഷി**

ഈ മേഖലയിലുള്ള ഉൽപാദനം വളരെ കുറവാണ്. സാധ്യതകൾ വളരെയുള്ള ഈ മേഖലയ്ക്ക് വേണ്ടത്ര പരിഗണന കൊടുക്കുന്നില്ല. പുഷ്പകൃഷി മേഖലയിൽ വനിതകൾക്ക് വളരെ ആദായകരമായി പ്രവർത്തിക്കുന്നതിന് സാധിക്കും. ആയുർവേദ ഔഷധങ്ങളുടെ വർദ്ധിച്ച ഉപയോഗക്രമം കണക്കിലെടുക്കുമ്പോൾ ഔഷധച്ചെടികളുടെ ഉൽപാദനം വളരെയധികം വർദ്ധിപ്പിക്കുന്നതിന് സാധ്യതയുണ്ട്.

**4. ജലസേചനസൗകര്യങ്ങൾ**

ജലസേചനത്തിന് ഇവിടെ മുഖ്യമായും ആശ്രയിക്കുന്നത് കായൽ, ആറ്, തോടുകൾ ഇവയെയാണ്. കൂടാതെ പൊതു ജലസേചനത്തിന് പൊതുകുളങ്ങളും, കിണറുകളും, പമ്പുസെറ്റുകളും ഉപയോഗത്തിലുണ്ട്. സ്വകാര്യ മേഖലയിലുള്ള കുളങ്ങളും കിണറുകളും ജലസേചനത്തിനായി ഉപയോഗിക്കുന്നു.

**5. ഉല്പന്നങ്ങളുടെ വിലയും വിപണനവും**

നെല്ലിൻെറ വിപണനത്തിന് സ്ഥിരമായ സംവിധാനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. മറ്റു പ്രദേശങ്ങളിലുള്ള ചിലസഹകരണസംഘങ്ങൾ നെല്ല് ശേഖരിക്കുന്നുണ്ടെങ്കിലും എല്ലാ കൃഷിക്കാരുടെയും ഉല്പന്നങ്ങൾ യഥാസമയം എടുത്ത് കർഷകരുടെ ആവശ്യം നിറവേറ്റുവാൻ പര്യാപ്തമല്ല. നെല്ലു സംഭരണത്തിന് ഇടത്തുട്ടുകാർ എന്ന നിലയിൽ വ്യക്തികൾ രംഗത്തുണ്ട്. വ്യക്തികൾ നെല്ല് സംഭരിക്കുമ്പോൾ യഥാർത്ഥ വിലയിൽ പത്ത് ശതമാനം കുറച്ചാണ് കർഷകർക്ക് ലഭിക്കുന്നത്. ചിങ്ങവനത്ത് സസ്യമാർക്കറ്റുണ്ടെങ്കിലും അത് എല്ലാ കൃഷിക്കാരുടെയും ആവശ്യം നിറവേറ്റുന്നില്ല.



**6. കാർഷിക ബന്ധങ്ങൾ**

നെൽകൃഷിക്കാരിൽ ഭൂരിഭാഗവും ചെറുകിട കർഷകരാണ്. രണ്ട് ഹെക്ടറിനുമുകളിൽ കൃഷിഭൂമിയുള്ളവർ 76 പേരും ഒരു ഹെക്ടർ വരെയുള്ളവർ 553ഉം, 6432 കൃഷിക്കാർ ഒരു ഹെക്ടറിൽത്താഴെ ഭൂമി

യുള്ളവരുമാണ്. 90% കർഷകരും സ്വന്തം നിലങ്ങളിൽ കാർഷികജോലികളിൽ സഹകരിക്കുന്നവരാണ്. എന്നാൽ ഇവരുടെ മാത്രം പണികൾ കൊണ്ട് കാർഷികവൃത്തി പൂർത്തിയാകുന്നില്ല. കാർഷികവൃത്തിയ്ക്ക് ആവശ്യമുള്ള തൊഴിലാളികളുടെ 10% മാത്രമേ ഇവരെ കൊണ്ട് സാധ്യമാകുന്നുള്ളു.

**സേവന വ്യവസ്ഥകൾ**

കൂലി വ്യവസ്ഥകളും കൂലി നിരക്കും വിവിധ മേഖലകളിൽ സ്ത്രീയ്ക്കും, പുരുഷനും വ്യത്യസ്തമാണ്.

വളങ്ങൾ മാർക്കറ്റിൽ ലഭ്യമാകാതെ വരുന്നു.

**9. നടപ്പു പദ്ധതികളുടെ അവലോകനം**

പാടശേഖരങ്ങളുടെ പുറബണ്ടു സംരക്ഷണത്തിനും മറ്റുമായി മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, CARE, K.L.D.C., പ്രധാനമന്ത്രിയുടെ പ്രത്യേക പരിപാടി ഇവകളിൽക്കൂടി പലജോലികളും ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഈ ജോലികൾ മൂലം പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം വർദ്ധിപ്പിച്ച് കൃഷിയ്ക്ക് കൂടുതൽ ഉപയുക്തമായ രീതിയിലാക്കുന്നതിന് സാധിച്ചിട്ടില്ല. ചില പാടശേഖരങ്ങളിൽ രണ്ടു കൃഷി ചെയ്യുന്നുണ്ടെങ്കിലും എല്ലാ പാടശേഖരങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ പദ്ധതികൾ തുടങ്ങിവെച്ചിട്ടുള്ള പാടശേഖരങ്ങളിൽ ഏറ്റവും പ്രയോജനപ്രദവും ഫലമുളവാക്കുന്നതുമായ പദ്ധതികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

**സേവന വേതന വ്യവസ്ഥകൾ**

**പട്ടിക**

| ക്രമനമ്പർ | തൊഴിലിനം | കൂലിനിരക്ക് (രൂപ) പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1. | ഉഴവ് | 120-150 | |
| 2. | നിലമൊരുക്ക്, വരമ്പുവാര് | 80-100 | 40-50 |
| 3. | വിത | 100-120 | |
| 4. | ഞാറുനടീൽ, കളപറി | | 40-50 |
| 5. | കൊയ്ത്ത്, മെതി പതം കൂടാതെ | 150-200 | 80-100 |
| 6. | കീടനാശിനി പ്രയോഗം | 150-200 | |
| 7. | തേങ്ങ ഇടീൽ-തെങ്ങൊന്നിന് | 2.50-3.00 | |
| 8. | റബ്ബർ വെട്ട്-മരം ഒന്നിന് | 25പൈസ | |
| 9. | പറമ്പിൽ പണി കിള | 80-100 | |

**വളം ഉപയോഗം കീടനാശിനി**

മിക്കവാറും എല്ലാ കൃഷികൾക്കും രാസവളം ഉപയോഗിക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ജൈവവളം നെൽകൃഷിക്ക് ഒട്ടും തന്നെ ഉപയോഗിക്കുന്നില്ല. മറ്റുകൃഷികൾക്ക് ജൈവവളം കാര്യമായി ഉപയോഗിക്കുന്നു. കീടനാശിനിയും എല്ലാകൃഷികൾക്കും കൂടിയതോതിൽ ഉപയോഗിക്കുന്നു. ഇവയൊക്കെ ഒഴിവാക്കി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. രാസവള പ്രയോഗത്തിൻെറ കഴിഞ്ഞമൂന്നു വർഷത്തെ കണക്കുകൾ താഴെ ചേർക്കുന്നു.

| | N | P | K |
|---|---|---|---|
| 1993-'94 | 227.97 M.T. | 105 M.T. | 144.23 M.T. |
| '94-'95 | 236.60 M.T. | 112.10 M.T. | 151.00 M.T. |
| '95-96 | 243.50 M.T. | 116.00 M.T. | 162.00 M.T. |

രാസവള കീടനാശിനി വിപണനത്തിന് സഹകരണസംഘങ്ങളും ഏജൻസികളും രംഗത്തുണ്ട്. എന്നാൽ കർഷകർക്ക് ആവശ്യമായ സമയത്ത് ചില

**പ്രശ്നങ്ങൾ**

1. തുണ്ടുഭൂമികളിൽ നെൽകൃഷി ലാഭകരമായി നടത്തു വാൻസാധിക്കുന്നില്ല.
2. എല്ലാ നെൽകൃഷിയും പ്രായേണ നഷ്ടമാണ്.
3. മെച്ചപ്പെട്ടതും അംഗികൃതവുമായ വിത്തും നടീൽ വസ്തുക്കളും യഥാസമയം വേണ്ടത്ര ലഭിക്കുന്നില്ല.
4. കർഷകത്തൊഴിലാളികളെ വേണ്ടത്രലഭിക്കുന്നില്ല.
5. കാർഷികയന്ത്രങ്ങൾ ലഭ്യമാണെങ്കിലും വില വളരെ

കൂടുതലാണ്. പലതും കൃഷിരീതികൾക്കും ഭൂപ്രകൃതിക്കും യോജിച്ചതുമല്ല.

6. കൃഷിക്ക് ആവശ്യമായ വളം കീടനാശിനി മുതലായവ യഥാസമയം ന്യായമായ വിലയ്ക്ക് ലഭിക്കുന്നുമില്ല.
7. ജൈവവളങ്ങളുടെ ഉപയോഗം നെൽകൃഷിക്ക് ഒട്ടും തന്നെയില്ല. മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നുണ്ട്. ജൈവവളത്തിൻെറ ലഭ്യത പര്യാപ്തമല്ല.
8. കൃഷികാലങ്ങളിൽ ജലാശയങ്ങൾ പായൽ, പോള മുതലായവ കൊണ്ടുനിറഞ്ഞ് ജല മലിനീകരണവും ഗതാഗത സ്തംഭനവും ഉണ്ടാകുന്നു.
9. കരപ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഒട്ടുംതന്നെയില്ല.
10. പമ്പിംഗ് സംബന്ധമായ കാര്യങ്ങൾ പുഞ്ചസ്പെഷ്യൽ ഓഫീസിലും കൃഷികാര്യങ്ങൾ കൃഷിഭവനിലും നിർവഹിക്കേണ്ടതുകൊണ്ട് കൃഷിക്കാരുടെ താത്പര്യം യഥാസമയം സംരക്ഷിക്കപ്പെടുന്നില്ല.
11. മേൽ സൂചിപ്പിച്ച ഓഫീസുകളിലെ അഴിമതിയും കാലതാമസവും വളരെക്കൂടുതലാണ്.
12. മടവീഴ്ച, വെള്ളപ്പൊക്കം, വരൾച്ച ഇവമൂലം കൃഷിച്ചെലവ് വർദ്ധിക്കുന്നു.
13. കൃഷിനാശത്തിനും പ്രകൃതിക്ഷോഭത്തിനും ലഭിക്കുന്ന നഷ്ടപരിഹാരം അപര്യാപ്തവുമാണ്.
14. കൃഷിക്കാർക്ക് പെൻഷൻ നൽകേണ്ടതാണ്.
15. മണ്ണൊലിപ്പ് നിർമ്മാർജ്ജനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുക.
16. വ്യവസായ ശാലകളിൽനിന്ന് പ്രവഹിക്കുന്ന മലിനജലം ജലാശയങ്ങളിലേക്ക് എത്തുന്നതുമൂലം ജലമലിനീകരണത്തിനും കാരണമാകുന്നു.
17. കരപ്രദേശങ്ങളിൽ ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ട് പച്ചക്കറികൃഷി ദുഷ്കരമാകുന്നു.
18. കൃഷിക്ക് ഉപയുക്തമായ നിലങ്ങൾ പലതും വെറുതെ കിടക്കുന്നതുകൊണ്ട് കൊതുകുശല്യവും ആരോഗ്യപ്രശ്നവും ഉണ്ടാകുന്നു.
19. ബോധവത്കരണത്തിൻെറ അഭാവംമൂലം കൂട്ടായ കൃഷി പ്രവർത്തനങ്ങൾ കുറവാണ്.
20. പാടശേഖരങ്ങളിൽ ഏകീകൃതകൃഷി നടത്തുന്നില്ല.
21. തണ്ണീർമുക്കം ബണ്ട് മൂലം ഇരിപ്പൂകൃഷിക്ക് സൗകര്യമുണ്ടെങ്കിലും പാടശേഖരങ്ങളിൽ ഓരുവെള്ളം കയറാത്തതുകൊണ്ട് പ്രശ്നങ്ങൾ വളരെയേറെയാണ്.
22. കൃഷിഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ആവശ്യമായ റോഡ്സൗകര്യം കാർഷികമേഖലകളിൽ നിലവിലില്ല.
23. സംഭരണശാലകളുടെകുറവുമൂലം ഉൽപ്പന്നങ്ങൾ ഉട

**നാട്ടകം പഞ്ചായത്തിൽ പ്രധാനമന്ത്രിയുടെ പ്രത്യേകപരിപാടിയിൽപെടുത്തി അനുവദിച്ച ജോലികൾ**

| ക്രമനമ്പർ | പാടശേഖരത്തിൻെറ പേര് | വിസ്തീർണ്ണം ഹെക്ടർ | അനുവദിച്ച തുക |
|---|---|---|---|
| 1. | F ബ്ലോക്കുകായൽ (Part) | 340.10 | 14,20,000 |
| 2. | കൊച്ചുപള്ളം പാടം | 24.80 | 1,65,000 |
| 3. | പള്ളം തൊള്ളായിരം | 120.50 | 17,00,000 |
| 4. | കരിങ്കുന്ന് കാട്ടിത്തറ | 51.60 | 6,09,500 |
| 5. | വടക്കേകോതകരിക്കരി | 40.00 | 18,24,000 |
| 6. | വരമ്പിനകം | 14.00 | 1,29,000 |
| 7. | തൈത്തന്നടിപാലം | 38.00 | 11,21,000 |
| 8. | ഗ്രാവ് ചേക്കാക്കരിപാടം | 130.10 | 6,68,000 |
| 9. | വടക്കേവടക്കുംമുട്ടം | 14.00 | 3,20,000 |
| 10. | മുപ്പായിക്കാട് പാടശേഖരം | 127.10 | 12,32,000 |
| 11. | കരിമ്പിൽക്കടവ്പാടം | 3.00 | 71,000 |
| 12. | വടക്കേമുട്ടം കൂട്ടുമ്മോക്കൽ | 8.00 | 35,000 |
| | ആകെ | 911.70 | 92,94,000 |

N.B: അവലംബം.. കൃഷിഭവൻ രേഖകൾ

നെതന്നെ കുറഞ്ഞവിലയ്ക്ക് വിൽക്കപ്പെടുന്നു.

24. തേങ്ങയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ല.
25. ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിന് സൗകര്യമില്ല.
26. മുതൽമുടക്കിന് അനുസരിച്ച് വരുമാനം കൃഷിയിൽനിന്ന് ലഭിക്കുന്നില്ല.
27. ചില പ്രദേശങ്ങളിൽ മണ്ണിന് ഫലഭൂയിഷ്ഠി കുറവാണ്.
28. തെങ്ങിന്റെ ഉൽപ്പാദനക്ഷമത വളരെ കുറവാണ്.
29. ശാസ്ത്രീയമായ രീതിയിൽ തെങ്ങുകൃഷിചെയ്യുന്നില്ല. ഇടയകലം വളരെകുറവാണ്.
30. കൊപ്രായ്ക്ക് വിലവളരെ കുറവും വിപണനത്തിന് പ്രാദേശികസൗകര്യവുംഇല്ല.
31. തെങ്ങിന് കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങളും നെല്ലിന് കുട്ടൻകുത്ത്, ഓലചുരുട്ടൽ, കുഴൽ, മുഞ്ഞബാധ, കുലവാട്ടം, ബ്ലൈറ്റ് തുടങ്ങിയ രോഗങ്ങളും കൂടുതലായി കണ്ടുവരുന്നു. ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാസ്ത്രീയ സംവിധാനമില്ല.

| രോഗം ബാധിച്ച തെങ്ങുകൾ | |
|---|---|
| രോഗം | എണ്ണം |
| റൂട്ട്‌വിൽറ്റ് | 5,500 |
| ലീഫ് റോട്ട | 5,000 |
| ബസ്റോട്ട് | 4,500 |
| സ്റ്റെംബ്ലീഡിംഗ് | 300 |
| മറ്റുള്ളവ | 140 |
| ആകെ | 15,540 |

32. വേനൽക്കാലപച്ചക്കറികൾക്ക് വില വളരെ കുറവാണ്.
33. നീർമറി പദ്ധതികളുടെ സാധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.
34. നെൽകൃഷിക്ക് പമ്പിംഗും ആവശ്യത്തിനു മോട്ടോറും പെട്ടിയും പറയും (പമ്പുസെറ്റുകൾ) ഓരോകൃഷിയ്ക്കും വാടകയ്ക്ക് എടുക്കേണ്ടിവരുന്നതിനാൽ കർഷകർ അമിതചെലവിനെ നേരിടുന്നു.
35. പല പാടശേഖരങ്ങളിലും കരവെള്ളച്ചാട്ടം നിമിത്തം കൃഷിനാശം സംഭവിക്കുന്നു.
36. തെങ്ങു കയറ്റത്തൊഴിലാളികളെ ലഭിക്കാത്തതുകൊണ്ട് യഥാസമയം തേങ്ങ ഇടുന്നതിനു സാധിക്കുന്നില്ല.
37. ബാങ്കുകളിൽനിന്നുള്ള കൃഷിവായ്പാ പരിധി വളരെ കുറവും പലിശനിരക്ക് വളരെക്കൂടുതലുമാണ്.
38. പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, ബണ്ട്, വാച്ചാൽ, എഞ്ചിൻതറ, എഞ്ചിൻഷെഡ്, മുതലായവ അപര്യാപ്തമാണ്.
39. കുരുമുളക്കൃഷി നേരിടുന്ന വിൽറ്റ്ഡിസീസ് പരിഹരിക്കപ്പെടുന്നില്ല.
40. ശരിയായ വെള്ളപ്പൊക്ക നിവാരണ മാർഗങ്ങൾ ഇല്ല.

### പ്രശ്നപരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. നെൽകൃഷിക്ക് ഉപയോഗയോഗ്യമല്ലാത്ത തുണ്ടുഭൂമികൾ സഹകരണാടിസ്ഥാനത്തിൽ മറ്റ് കൃഷികൾ ചെയ്യുന്നതിനോ മത്സ്യം വളർത്തുന്നതിനോ ഉപയോഗിക്കുക.
2. നെല്ല് മാത്രം കൃഷി ചെയ്താൽ ലാഭകരമല്ലാത്തതിനാൽ സംയോജിത മത്സ്യകൃഷിയോ സമ്മിശ്ര മത്സ്യകൃഷിയോ ചെയ്യുക. സംയോജിത കീടനിയന്ത്രണ പരിപാടി നടപ്പിലാക്കി കൃഷി ചെലവ് കുറയ്ക്കുക.
3. കൃഷി ഭവൻ മുഖാന്തിരം ആവശ്യമുള്ള മുഴുവൻ വിത്തും നടീൽവസ്തുക്കളും യഥാസമയം ലഭ്യമാക്കുക. ഗുണനിലവാരം ഉള്ള വിത്തുകൾ ലഭിക്കുകയെന്നുള്ളത് അത്യന്താപേക്ഷിതമാണ്. കൂടുതൽ നേഴ്സറികൾ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും ആരംഭിക്കേണ്ടതാണ്. അല്ലെങ്കിൽ സ്വകാര്യ മേഖലയിൽ അംഗീകൃത നേഴ്സറികൾ മുഖേന വിത്ത് ഉല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം ചെയ്യേണ്ടതാണ്.
4. ജൈവവളം പ്രചരിപ്പിക്കുന്നതിന് കംബോസ്റ്റു വള നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതും മറ്റ് ജൈവ വള സ്രോതസ്സുകൾ കണ്ടുപിടിക്കേണ്ടതും കൃഷിക്കാരെ ജൈവവളത്തിന്റെ അനിവാര്യതയെക്കുറിച്ചു ബോധവൽക്കരിക്കേണ്ടതുമാണ്. പഞ്ചായത്തു പ്രദേശത്തെ ചപ്പുചവറുകൾ സമാഹരിച്ച് കംബോസ്റ്റായി രൂപപ്പെടുത്തി വിതരണം ചെയ്യുക.
5. കർഷകത്തൊഴിലാളികളുടെ അഭാവത്തിൽ കാർഷികമേഖലയിൽ പരമാവധി യന്ത്രവൽക്കരണം നടപ്പാക്കുക.
6. ന്യായമായ രീതിയിൽ കാര്യക്ഷമമായി ജോലി ചെയ്യുന്നതിന് കർഷകത്തൊഴിലാളികളെ ബോധവൽക്കരിക്കുക.

7. നിലവിലുള്ള കാർഷികയന്ത്രങ്ങളിൽ പലതും കുട്ട നാടൻ പ്രദേശങ്ങൾക്കു യോജിച്ച വിധത്തിൽ പുന രാവിഷ്ക്കരിക്കുകയും അവയെല്ലാം 75% സബ്സി ഡിയോടുകൂടി എല്ലാ കാർഷിക മേഖലകൾക്കും ആവശ്യാനുസരണം വിതരണം ചെയ്യുക.
8. രാസവസ്തുക്കളും കീടനാശിനിയും കുറഞ്ഞവില യ്ക്ക് യഥാസമയം അതാതു പ്രദേശങ്ങളിൽ ലഭ്യ മാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
9. തോടുകൾ വീതിയും ആഴവും കൂട്ടി തോട്ടിലേയും ആറ്റിലേയും മാലിന്യങ്ങളും കളസസ്യങ്ങളും നശി പ്പിച്ച് ജലസേചനസൗകര്യവും ഗതാഗത സൗകര്യ വും വർദ്ധിപ്പിക്കുക.
10. കാർഷിക ആവശ്യങ്ങൾക്ക് കൂടുതലും കൃഷിഭവ നെയാണ് ആശ്രയിക്കേണ്ടത്. അതുകൊണ്ട് പമ്പിംഗ് ലേലവും കൃഷിഭവൻ മുഖാന്തിരം നട ത്തുക.
11. പമ്പിംഗ് ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സങ്കീർണ്ണമായ നടപടി ക്രമങ്ങളാ ണ് നിലവിലുള്ളത്. വൈദ്യുതി സംബന്ധമായ എല്ലാ കാര്യങ്ങളും അതാതു പ്രദേശത്തെ ഡിസ്ട്രി ബ്യൂഷൻ സെക്ഷനുമായി ബന്ധപ്പെട്ടു ചെയ്യുന്ന തിന് ഉള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുക.
12. വർദ്ധിച്ച കൃഷിചെലവ് പരിഗണിച്ച് പ്രൊഡക്ഷൻ ബോണസ് വർദ്ധിപ്പിക്കുകയും വിള ഇൻഷുറൻസ് നിർബന്ധമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
13. കൃഷി നാശത്തിനും പ്രകൃതി ക്ഷോഭത്തിനും ചെലവിനു അനുസൃതമായ നഷ്ടപരി ഹാരം അനുവദിക്കുക.
14. നിശ്ചിത കാലയളവിൽ കാർഷികവൃത്തികൊണ്ട് ഉപ ജീവനം നടത്തിവരുന്ന എല്ലാ കൃഷിക്കാർക്കും പെൻഷൻ അനുവദിക്കുക.
15. മണ്ണൊലിപ്പു തടയുന്നതിന് പൊക്കപ്രദേശങ്ങളിൽ കയ്യാല പണിതും താഴ്ന്ന പ്രദേശങ്ങളിൽ കരി ങ്കല്ലു ഭിത്തികൾ കെട്ടിയും സംരക്ഷണം ഉറപ്പുവ രുത്തുക.



16. ക്രീപ്പു മില്ലുകളിൽ നിന്നും വ്യവസായശാലകളിൽ നിന്നും തള്ളിവിടുന്ന മലിനജലം ശുദ്ധീകരിച്ച് ഒഴു ക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുക.
17. കരപ്രദേശങ്ങളിൽ കിണറോ കുളമോ ഉണ്ടാക്കുന്ന തിനും അതിൽനിന്ന് പമ്പ്സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തുന്നതിനും ഉദാരമായ പദ്ധതി കൾ നടപ്പിലാക്കുക.
18. ജലസേചനത്തിനും ഗതാഗതത്തിനും ഉപയോഗി ക്കുന്ന തോടുകളിൽ ചപ്പുചവറുകൾ ഇടുന്നതു നിരോധിക്കുകയും ഇവ വൃത്തിയായി സൂക്ഷിക്കു ന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുക.
19. കൃഷിക്ക് ഉപയുക്തമായ നിലങ്ങൾ തരിശിടുന്നതു നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പഞ്ചായ ത്തു മുഖാന്തിരം പാട്ടത്തിനു കൊടുക്കുന്ന സമ്പ്ര ദായം കർശ നമായി പാലിക്കുക.
20,21. പാടശേഖരങ്ങളിൽ ഏകീകൃതകൃഷി സമ്പ്രദായം നടത്തുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം സജീ വമാക്കുക.
22. വിള പരിവർത്തനമെന്ന ശാസ്ത്രീയാശയത്തിനു വിരു ദ്ധമായ ഇരുപ്പുകൃഷി പ്രോത്സാഹിപ്പിക്കാതെ മത്സ്യകൃഷി നടത്തുകയാണെങ്കിൽ മണ്ണിന്റെ ഉല്പാ ദനക്ഷമത വർദ്ധിപ്പിക്കാനാകും. ഒരു കൃഷി കൊണ്ടു തന്നെ മെച്ചപ്പെട്ട ഉല്പാദനം ലഭി ക്കുന്നതിനും കൂടുതൽ ആദായം ലഭിക്കുന്നതിനും ഇടവരുന്നതാണ്. നിലങ്ങളിൽ ഓരു വെള്ളം കയ റുന്നതുകൊണ്ട് കളകൾ നിശ്ശേഷം നശിക്കുന്നതിനും തെങ്ങിന്റെ പലരോഗങ്ങളും കുറയുന്നതിനും ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിനും കാരണമാകു ന്നതാണ്.
23. റോഡ് ഗതാഗതം, കാർഷികമേഖലകളിൽ പര്യാ പ്തമല്ലാത്തതുകൊണ്ട് കർഷകത്തൊഴിലാളികളുടെ യാത്രാ സൗകര്യവും ഉല്പന്നങ്ങളുടെ വിപണന സൗകര്യവും കുറയുകയും കയറ്റ് ഇറക്ക് കൂലി ഇനത്തിൽ വൻ ചെലവ് വഹിക്കേണ്ടി വരികയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ കൂടി കടന്നു പോകുന്ന റോഡുകളും പാലങ്ങളും നിർമ്മിച്ച്

ഇതിന് പരിഹാരമുണ്ടാക്കേണ്ടതാണ്.

24. കൊയ്ത്തുകാലത്ത് നെല്ലു സംഭരിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. സഹകരണമേഖലയിൽ ആധുനിക കുത്തുമില്ലുകൾ സ്ഥാപിക്കുകയും അരി വിപണനം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാവുകയും ചെയ്താൽ വിളവെടുപ്പ് കാലത്തുണ്ടാകുന്ന വിലയിടിവ് തടയാൻ കഴിയും.
25. നെല്ല് സംഭരിച്ച് വെയ്ക്കുന്നതിനുള്ള സംഭരണശാലകൾ ഉണ്ടായാൽ സീസൺ കഴിഞ്ഞാൽ മെച്ചപ്പെട്ട വിലയ്ക്ക് വിൽക്കുന്നതിനും കൃഷിക്കാരന് നല്ലവില ലഭിക്കുന്നതിനും സാധ്യമാകുന്നതാണ്.
26. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്താൻ കർഷകരെ പ്രേരിപ്പിക്കുക.
27. താഴ്ന്ന പ്രദേശങ്ങളിൽ ഓരുവെള്ളം കയറാത്തതുകൊണ്ടും ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യമില്ലാത്തതുകൊണ്ടും തെങ്ങിൻെറ ഉല്പാദനക്ഷമത കാര്യമായി കുറയുന്നു. തെങ്ങിൻെറ കടയ്ക്കൽ ഈർപ്പം നിലനിൽക്കുന്നതിന് തുള്ളി ജലസേചനപദ്ധതി (ഡ്രിപ്പ് ഇറിഗേഷൻ) പ്രാവർത്തികമാക്കേണ്ടതാണ്.
28. കൃഷിയുടെ രോഗനിർണ്ണയത്തിന് സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിന് പ്രാദേശകാടിസ്ഥാനത്തിൽ കൂടുതൽ അഗ്രോക്ലിനിക്കുകൾ ഉണ്ടാകുകയും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച കൃഷി ഉദ്യോഗസ്ഥന്മാർ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്യേണ്ടതാണ്.
29. പച്ചക്കറികൾ സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുകയും പട്ടണപ്രദേശങ്ങളിൽ വിൽക്കുകയും ചെയ്യുക.
30. ചെരിഞ്ഞ പ്രദേശങ്ങളിൽ തട്ടു നിരപ്പുകൾ ഉണ്ടാക്കുകയും കയ്യാല വച്ചും കുളങ്ങൾ കുഴിച്ചുംപാത്തി നിർമ്മിച്ചും മണ്ണൊലിപ്പു തടയുക.
31. എല്ലാ പാടശേഖരങ്ങളിലും പമ്പ് സെറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
32. കരവെള്ളച്ചാട്ടം നിയന്ത്രിക്കുന്നതിന് അരികുചാലുകൾ വിപുലപ്പെടുത്തി വശങ്ങളിൽ ബണ്ട് നിർമ്മിച്ച് കൃഷി സംരംക്ഷിക്കേണ്ടതാണ്.
33. തെങ്ങുകയറ്റതൊഴിലാളികളുടെ ദൗർലഭ്യം പരിഗണിക്കുന്നതിന് തെങ്ങുകയറ്റം Palm Climbers ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുക. തൊഴിലധിഷ്ഠിത പരിശീലനത്തിൽ തെങ്ങുകയറ്റവും പഠന വിഷയമാക്കുക.
34. കൃഷിച്ചെലവുകൾ വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ വായ്പാ പരിധി ഉയർത്തുകയും പലിശനിരക്ക് ഗണ്യമായി കുറയ്ക്കുകയും കൂടിയ കാലയളവിലേക്ക് വായ്പ അനുവദിക്കുകയും ചെയ്യുക.
35. പാടശേഖരങ്ങളിൽ നിലവിലുള്ള പുറം ബണ്ടുകൾ മത്സ്യകൃഷിക്ക് കൂടി ഉപയോഗക്കത്തക്ക വിധം ഉയർത്തുക. വാച്ചാൽ വീതിയും ആഴവും കൂട്ടുക. എഞ്ചിൻതറ നിർമ്മാണം മുതലായവ സർക്കാർ ഏറ്റെടുക്കുക. പുറം ബണ്ടിൻെറ അറ്റകുറ്റപ്പണികൾ തീർക്കേണ്ടതുമാണ്.
36. ഓരൊ പാടശേഖരത്തിൻെറയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം.
37. കുരുമുളകിൻെറ രോഗം തടയുന്നതിനും ശാസ്ത്രീയമായ സംവിധാനം ഉണ്ടാകേണ്ടതാണ്.
38. വിരിപ്പുകൃഷി ചെയ്യുന്ന പാടശേഖരങ്ങളുടെ ബണ്ട് വെള്ളപ്പൊക്കത്തെ അതിജീവിക്കത്തക്ക വിധത്തിൽ ഉയർത്തുക. ജലനിർഗമനത്തിനും സൗകര്യം വർദ്ധിപ്പിക്കുക. വിരിപ്പുകൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിയും പരിധി നിശ്ചയിച്ചുമാത്രം അനുവദിക്കുക. വെള്ളപ്പൊക്ക നിവാരണത്തിനുള്ള മാർഗങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുക.



**സാദ്ധ്യതകൾ**

**സംയോജിതകൃഷി**

നെൽകൃഷിക്ക്ശേഷം മത്സ്യകൃഷിയും അതോടനുബന്ധിച്ച് കന്നുകാലികൾ, കോഴി, താറാവ് മുതലായവ വളർത്തുകയും ചെയ്യുന്ന സമ്പ്രദായമാണ് സംയോജിതകൃഷി. നേഴ്സറിയിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുകയും കൊയ്ത്തിനുശേഷം പാടത്ത് വെള്ളം കയറ്റി കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഏഴെട്ടുമാസം തീറ്റി നൽകി വളർത്തുകയും ചേർന്നുള്ള പുരയിടങ്ങളിൽ അനുബന്ധകൃഷികൾ ചെയ്യുവാനും

സാധിക്കും. തുടർന്നുള്ള നെൽകൃഷിക്ക് രാസവളപ്രയോഗം നാമമാത്രമായി മതിയാകും. മീൻപാടത്ത് അവശേഷിക്കുന്ന ജൈവവളം നെൽകൃഷിയെ പരിപോഷിപ്പിക്കുന്നു. ഇതുമൂലം കളകൾ കുറയുകയും ചെലവ് വളരെ കുറയുകയും ചെയ്യുന്നു. പരിസരമലിനീകരണം ഒഴിവാകുന്നു. മത്സ്യകൃഷിയിൽനിന്നും വൻ തോതിൽ ലാഭവും ഉണ്ടാകും. ഈ പഞ്ചായത്തിലുള്ള പാടശേഖരങ്ങൾ സംയോജിതകൃഷിക്ക് അനുയോജ്യമാണ്.

**സംയോജിത കീട നിയന്ത്രണപദ്ധതികൾ**

അത്യുൽപ്പാദനശേഷിയുള്ള നെല്ലിനങ്ങളും പരിചരണമാർഗങ്ങളും അവലംബിച്ചപ്പോൾ ഉത്പാദനത്തിൻെറ കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായെങ്കിലും കള, കീടരോഗ ബാധകളുടെ കാര്യത്തിൽ ആധിക്യമുണ്ടായിട്ടുണ്ട്. ഇതുകൊണ്ടുണ്ടാകുന്ന നഷ്ടം മുപ്പതു നാല്പതു ശതമാനം വരും. പരിസ്ഥിതിയേയും ഓരോ ഇനം കീടങ്ങളുടെ അപ്പോഴപ്പോഴുള്ള അംഗസംഖ്യയും കണക്കിലെടുത്ത് എല്ലാ സാങ്കേതിക വിദ്യകളും സമന്വയിപ്പിച്ച് നമുക്ക് ഭാരിച്ച സാമ്പത്തികബാധ്യതയും നഷ്ടവും ഉണ്ടാകാതിരിക്കത്തക്കവിധം കീടങ്ങളുടെ എണ്ണം നിയന്ത്രിച്ച് നിലനിർത്തുന്ന രീതിയാണ് സംയോജിത കീട നിയന്ത്രണ പദ്ധതി. ഈ പദ്ധതി കഴിഞ്ഞപുഞ്ചകൃഷിക്ക് വടക്കേകോതകേരിക്കരി പാടശേഖരത്തിൽ ഇടമാക്കിയിരുന്നു.
അത് വിജയപ്രദവുമായിരുന്നു.

**ജനകീയ പച്ചക്കറികൃഷി**

നമ്മുടെ പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ആവശ്യത്തിൻെറ 25ശതമാനം പോലുമാകുന്നില്ല. സമീപപട്ടണങ്ങളിൽ നിന്നും അമിതവിലകൊടുത്ത് പച്ചക്കറികൾ വാങ്ങിക്കേണ്ടിയിരിക്കുന്നു. ഇവിടെ ആവശ്യത്തിന് ഭൂമിയും മനുഷ്യശേഷിയും ഉണ്ട്. കൃഷി ചെയ്യുകയേ വേണ്ടു.



**പുഷ്പ-സുഗന്ധവിള-ഔഷധങ്ങൾ**

വളരെയധികം സാധ്യതകളുള്ളതും നല്ലവരുമാനം ഉണ്ടാക്കാവുന്നതുമായ ഒരു മേഖലയാണിത്. പുഷ്പങ്ങളിൽ ഓർക്കിഡ്, അന്തൂറിയം, തുടങ്ങിയവയും ഔഷധച്ചെടികളായ നെല്ലി, ആര്യവേപ്പ്, കച്ചോലം, കൂവ, തുമ്പ, കൂവളം, തുളസി, തൃപ്പല്ലി മുതലായവയ്ക്കും വിപണനസാധ്യത ഉണ്ട്. വനിതകൾക്ക് ഈ കൃഷികളിൽ കൂടുതൽ വ്യാപൃതരാകുവാൻ സാധിക്കും.

**സാമൂഹിക വനവൽക്കരണം**

മാവ്, പ്ലാവ്, തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ തോട്ടങ്ങളായി നമുക്ക് കൃഷി നടത്തുവാൻ കഴിയില്ലെങ്കിലും ഓരോ വീട്ടിലും നാലഞ്ചുവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ കഴിയും. മറ്റ് കൃഷികൾക്ക് ഉപയോഗിക്കുവാൻ കഴിയാതെ കിടക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പഞ്ചായത്തും കൃഷിഭവനും വേണ്ടത്ര പ്രോത്സാഹനവും ബോധവൽക്കരണവും നടത്തുകയാണെങ്കിൽ സാമൂഹിക വനവൽക്കരണം എന്ന ആശയം സഫലീകൃതമാകും.

**കാലിത്തീറ്റ-പുല്ലുകൃഷി**

തെങ്ങിൻ തോപ്പുകളിലും വൃക്ഷങ്ങളുടെ ഇടവിളയായും നല്ല പോഷകമൂല്യമുള്ള പുല്ല് ലാഭകരമായി കൃഷി ചെയ്യുവാൻ സാധിക്കുന്നതാണ്. ഇതുമൂലം കാലിത്തീറ്റയിലും ഉത്പാദനച്ചിലവിലും കുറവുവരുത്തുന്നതിന് സാധിക്കുന്നതാണ്.

**പഴവർഗ്ഗ കൃഷികൾ**

പഴവർഗ്ഗങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും വളരെയധികം സാധ്യതകളുണ്ട്. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച ഈ കൃഷിക്ക് ജലസേചനസൗകര്യങ്ങളും നടീൽ വസ്തുക്കളുടെ ലഭ്യതയും ഉണ്ടാകേണ്ടതാണ്.

**ജൈവവള കൃഷികൾ**

ചില പയറു വർഗങ്ങൾ ജൈവവളത്തിൻെറ ആവശ്യത്തിന് കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് സാധിക്കും. കൊന്ന, പത്തൽ, പൂവരശ് മുതലായവ വളർത്തിയാൽ കമ്പോസ്റ്റു നിർമ്മാണത്തിന് ധാരാളം പച്ചില ലഭിക്കുന്നതാണ്. കായൽത്തീരങ്ങളിലും പുഴയോരങ്ങളിലും കണ്ടൽ വനങ്ങൾ വളർത്തി മണ്ണൊലിപ്പ് തടയുകയും കമ്പോസ്റ്റ് ഉല്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

**കൃഷിഭവൻ പ്രവർത്തനങ്ങൾ**

1-9-1987-ൽ നിലവിൽ വന്ന നാട്ടകം കൃഷിഭവ

നിൽ കാർഷികബിരുദമുള്ള കൃഷിഓഫീസറും സാങ്കേതിക പരിശീലനം ലഭിച്ച രണ്ടുമുതൽ മൂന്നു വരെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റമാരുമുണ്ട്. ഈ പഞ്ചായത്തു മുഴുവൻ ഇതിന്റെ പ്രവർത്തന പരിധിയിലാണ്.

പ്രധാന ജോലികൾ

1. ഗവേഷണ ശാലകളിൽ രൂപപ്പെടുന്ന പുത്തൻ അറിവുകൾ കൃഷി സമ്പ്രദായങ്ങൾ, വിത്തുകൾ എന്നിവ കർഷകരിൽ എത്തിക്കുക.
2. കൃഷി രീതികളിൽ വേണ്ട അറിവും മാർഗനിർദേശവും പ്രായോഗിക പരിശീലനവും നൽകുക.
3. വിവിധ വിളകൾക്കുള്ള സർക്കാർ സബ്സിഡികൾ വിതരണം ചെയ്യുക.
4. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷി നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയും നഷ്ടപരിഹാരം വിതരണം ചെയ്യുകയും ചെയ്യുന്നു.
5. നെൽകൃഷിയുടെയും മറ്റ് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശവും വഹിക്കുക.
6. വിവിധ ഏജൻസികൾ വിതരണം ചെയ്യുന്ന രാസവളങ്ങൾ കുമിൾ, കീടനാശിനി എന്നിവയുടെ മേൽനോട്ടവും ഗുണനിലവാരവും പരിശോധിക്കുകയും ചെയ്യുക.
7. മണ്ണ് പരിശോധനയ്ക്ക് ആവശ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധനാ റിപ്പോർട്ട് നൽകുക.
8. കുമിൾ-കീടനാശിനികൾ സബ്സിഡി റേറ്റിൽ വിതരണം ചെയ്യുക.
9. കൃഷി വിജ്ഞാനം ലക്ഷ്യമാക്കി സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുക.
10. കാർഷിക വിളകളുടെ ഉത്പാദനക്ഷമതയും ഉത്പാദനവും വിലയിരുത്തി വിപണനത്തിന് മാർഗനിർദ്ദേശം നൽകുക. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്മാരുടെ സേവനം കൂടുതൽ കൃഷിയിടങ്ങളിൽ ലഭിക്കുന്നതിന് സംവിധാനമുണ്ടാകണം.



കർഷക സംരംഭങ്ങൾ

നെൽകൃഷി രംഗത്ത് പമ്പിംഗ് സംബന്ധിച്ച ക്രമീകരണങ്ങളും മേൽനോട്ടത്തിനും ഓരോരോ പാടശേഖരത്തിനും കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടതായ പാടശേഖരകമ്മിറ്റികൾ നിലവിലുണ്ട്. ഈ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ 1967ലെ ഇരുപതാം ആക്റ്റ് ദി കേരളാ ഇറിഗേഷൻ വർക്സ് പ്രകാരം നിയന്ത്രിക്കപ്പെടുന്നു. എല്ലാ പാടശേഖരങ്ങളിലും ഈ കമ്മറ്റികൾ സജീവമാണ്. എല്ലായിടത്തും രജിസ്റ്റർ ചെയ്ത ഗ്രൂപ്പ് ഫാമിംഗ് സമിതികളും പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളുടെ പ്രവർത്തനം പാടശേഖരങ്ങളിലെ നെല്ലുൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നുള്ളതാണ്. ഗ്രൂപ്പ് ഫാമിംഗ് സമിതികളിലൂടെ ഈ പഞ്ചായത്തിൽ 13 പാടശേഖരങ്ങളിൽ ഇരുപ്പുകൃഷി ചെയ്യുന്നതിനുള്ള വികസന പദ്ധതികൾ പ്രധാനമന്ത്രിയുടെ പ്രത്യേക പരിപാടിയിൽ പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. പള്ളം തൊള്ളായിരം, വടക്കേ കോതകേരിക്കരി, തൈങ്ങനാടി എന്നീ പാടശേഖരങ്ങളിൽ വിരിപ്പു കൃഷിയും ചെയ്തു വരുന്നു. കോട്ടയം ജില്ലയിൽ ഏറ്റവും മെച്ചമായ വിളവുൽപാദിപ്പിച്ചതിന് വടക്കേകോതകേരിക്കരി പാടശേഖരം പഞ്ചായത്തിന് ജില്ലാതലത്തിൽ നിന്നും ഇരുപത്തയ്യായിരം രൂപയുടെ ക്യാഷ് അവാർഡ് നേടിക്കൊടുത്തിട്ടുണ്ട്.

തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് നാട്ടകം പഞ്ചായത്തിൽ കേരവികസന സമിതി പ്രവർത്തിക്കുന്നുണ്ട്. കേരകർഷകർക്ക് ബോധവൽക്കരണം നടത്തുക, അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ പ്രചരിപ്പിക്കുക, ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുക തുടങ്ങിയവയാണ് ഈ സമിതിയുടെ ഉദ്ദേശം. സമഗ്ര തെങ്ങുകൃഷി വികസനമാണ് സമിതിയുടെ ലക്ഷ്യം.

4 2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## 1. മൃഗസംരക്ഷണം

നാട്ടകത്തെ വിവിധപ്രദേശങ്ങൾ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് തികച്ചും അനുയോജ്യമാണ്. അനുബന്ധ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയാൽ സാമ്പത്തിക പുരോഗതിയിൽ ഗണ്യമായ മാറ്റം വരുത്തുന്നതിന് വമ്പിച്ച സാദ്ധ്യതകളുണ്ട്.

1987 ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം ഇവിടെയുള്ള വളർത്തു മൃഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

| | |
|---|---|
| പശുക്കൾ | 3534 |
| എരുമ | 33 |
| ചെമ്മരിയാട് | 266 |
| കോലാട് | 1527 |
| കോഴി | 24309 |
| പന്നി | 32 |
| താറാവ് | 1718 |



പശുക്കളിൽ നാടൻ ഇനങ്ങൾ നാമമാത്രമാണ്. സങ്കരയിനം പശുക്കളാണ് ഭൂരിപക്ഷവും. സങ്കരയിനങ്ങളിൽ ജേഴ്സി, സ്വിസ് ബ്രൗൺ, ഹോൾസ്റ്റെയിൻ ഫ്രീഷ്യൻ, സുനന്ദിനി എന്നിവയാണ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വളർത്തിവരുന്നത്.

സങ്കരഇനം പശുക്കൾ എണ്ണത്തിൽ അധികമായതിനാൽ അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ട്. ആട് വളർത്തൽ വിപുലമായ തോതിൽ നടത്തുന്നതിന് സാദ്ധ്യതൾകുറവാണ്. എങ്കിലും ചെറിയ യൂണിറ്റുകളിലായി വീടുകളിൽ ആട് വളർത്തുന്നതിനുള്ള സാദ്ധ്യതകൾ വളരെയുണ്ട്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ചെറിയതോതിൽ എരുമ വളർത്തലിന് അനുകൂലമായ സാദ്ധ്യതകളുണ്ട്. ഈ പ്രദേശങ്ങളിൽ വീടുകളുമായി ബന്ധപ്പെട്ട ചെറിയയൂണിറ്റുകൾക്കും വ്യവസായികാടിസ്ഥാനത്തിൽ വൻയൂണിറ്റുകൾക്കും സാദ്ധ്യതകളുണ്ട്. നാട്ടകത്ത് വീടുകളുടെ എണ്ണം പെരുകിവരുന്നതും പുരയിടം വിസ്തൃതികുറഞ്ഞു വരുന്നതുമായ സാഹചര്യത്തിൽ മൃഗപരിപാലനരംഗത്ത് ശാസ്ത്രീയമായ അവബോധം ജനങ്ങളിൽ ഉണ്ടാക്കേണ്ടതും സാങ്കേതിക സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതും ആവശ്യമാണ്.

### പന്നിവളർത്തൽ

പന്നിവളർത്തൽ രണ്ട് മൂന്ന് കേന്ദ്രങ്ങളിൽ ഉണ്ട്. ഇതിൽ കോടിമത പ്രദേശത്തെ സംയോജിത കൃഷിഫാം (കോഴി-പന്നി-മത്സ്യം) ശ്രദ്ധേയമാണ്.

### കോഴി

ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രങ്ങൾ നാമമാത്രമായിട്ടുണ്ട്. നിലവിലുള്ള യുണിറ്റുകൾ നിലനിൽക്കണമെങ്കിൽ തന്നെ യഥാസമയം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകേണം. കോഴിക്കുഞ്ഞുങ്ങൾ യഥാസമയം ലഭ്യമാകുന്നതിലുള്ള ബുദ്ധിമുട്ട് തുടങ്ങിയ കാര്യങ്ങളിൽ മാറ്റം ഉണ്ടായാൽ മെച്ചപ്പെട്ട സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പുതിയ സംരംഭ

ങ്ങൾക്ക് വമ്പിച്ച സാദ്ധ്യതകളുണ്ട്. നാടൻകോഴി വളർത്തൽ പൊതുവേ കുറഞ്ഞ് വരുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങളുടെ അപര്യാപ്തത. സ്ഥലപരിമിതി എന്നിവ ഇതിന് പ്രധാനകാരണമാണ്.

താറാവ്

പാടശേഖരങ്ങളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ വീട്ടുകാർ നാമമാത്രമായി നാടൻ താറാവിനേയും ചില പ്രദേശങ്ങളിൽ ചുരുക്കമായി ബ്രോയിലർ താറാവിനെയും വളർത്തുന്നുണ്ട്. പാടശേഖരങ്ങളിൽ സംയോജിതകൃഷിക്ക് വമ്പിച്ച സാദ്ധ്യതകളുള്ളതു കൊണ്ട് ഈ രീതി പ്രാവർത്തികമാക്കിയാൽ ലാഭകരമായി താറാവ് വളർത്തുന്നതിന് കഴിയും.

മറ്റിനങ്ങൾ

ബ്രോയിലർ മുയൽ, പന്നിമുയൽ (ഗിനിപ്പിഗ്ഗ്) പാത്ത, കാട, ഗിനിക്കോഴി, എന്നിവ ചിലപ്രദേശങ്ങളിൽ വളർത്തുന്നുണ്ട്.

മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

മൃഗാശുപത്രി/ക്ലിനിക്ക് സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാത്തതു മൂലം കന്നുകാലികളിൽ ഈ പ്രദേശത്ത് സാധാരണയായി കണ്ടുവരുന്ന കുളമ്പുരോഗം, കാത്സ്യക്കുറവുമൂലം ഉണ്ടാകുന്ന തളർച്ച തുടങ്ങിയ രോഗങ്ങളെ യഥാസമയം പ്രതിരോധിക്കുന്നതിന് കാര്യമായി കഴിയാറില്ല

കാലിത്തീറ്റ കുറഞ്ഞ ചെലവിൽ ലഭിക്കാത്ത സാഹചര്യവും പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവും മൃഗപരിപാലനം സുഗമമാക്കുന്നതിന് തടസ്സമാകുന്നുണ്ട്

പേപ്പട്ടിശല്യം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണം.

ഈ മേഖലയിലെ വികസനം ത്വരിതപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ:



പള്ളത്ത് പ്രവർത്തിക്കുന്ന ഫിഷ് സീഡ് ഫാം

1. പാൽവിപണനം സജീവമാക്കുന്നതിന് പഞ്ചായത്തിലെ പ്രധാനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ക്ഷീരകർഷക ക്ഷേമസംഘങ്ങളോ ആനന്ദ് പാറ്റേൺ സഹകരണസംഘങ്ങളോ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കണം. നിലവിൽ പ്രവർത്തനം നിലച്ച് കിടക്കുന്ന മറിയപ്പള്ളി കേന്ദ്രമാക്കിയുള്ള മിൽക്ക് സൊസൈറ്റി പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിക്കുന്നതും ഗുണകരമായിരിക്കും. ഈ സംഘത്തിന്റെ അനുബന്ധയൂണിറ്റെന്ന നിലയിൽ ഒരു ചെറുകിടകാലിത്തീറ്റ ഫാക്ടറിയും തുടങ്ങുന്നതിന് സാധിക്കണം. ക്ഷീരസംഘങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങൾ പള്ളം, മറിയപ്പള്ളി, മൂലവട്ടം, മുട്ടം, പാക്കിൽ, ചിങ്ങവനം

2. മൃഗാശുപത്രി/ക്ലിനിക്കുകൾ

ചിങ്ങവനം, മൂലവട്ടം, പാക്കിൽ, പള്ളം എന്നീ കേന്ദ്രങ്ങളിൽ മൃഗാശുപത്രിയോ ക്ലിനിക്കോ ആരംഭിക്കണം.

3. പാൽ ഉപഭോക്താക്കളുടെ എണ്ണം പഞ്ചായത്ത്, പ്രദേശത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പശുവളർത്തൽ 'സംഘം' അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് പഞ്ചായത്തിലെ എല്ലാവാർഡ് പ്രദേശങ്ങളിലും സാധ്യതയുണ്ട്. സങ്കരയിനം പശുക്കളെ വളർത്തുന്നതിനുള്ള ശാസ്ത്രീയമായ ബോധവൽക്കരണപ്രവർത്തനങ്ങൾ ആരംഭിക്കണം. അതതുപ്രദേശങ്ങളിലെ നാമമാത്രവരുമാനക്കാരായ ജനങ്ങളുടെയും, കൃഷിക്കാരുടെയും കൂട്ടായ്മയിലൂടെ ചെറിയ ഡയറിയൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം പഞ്ചായത്ത് നൽകണം. ക്ഷീരവികസനം ലക്ഷ്യമാക്കി രൂപീകരിക്കണമെന്ന് വാർഡ് സഭകൾ നിർദ്ദേശിച്ചിട്ടുള്ള മിൽക്ക് സൊസൈറ്റികൾക്ക് ഡയറിയൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്ന പ്രധാന ഏജൻസിയായി മാറാൻ കഴിയണം. ഡയറിയൂണിറ്റുകൾ ആരംഭിക്കുന്നതിന് ഈ പ്രദേശത്തെ കൊമേഴ്സ്യൽ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും സേവനം പൂർണമായും പ്രയോജനപ്പെടുത്തണം.

4. ബ്രോയിലർ കോഴി വളർത്തൽ ഫലപ്രദമാക്കുന്നതിനും കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സഹായകമായി ഒരു ചെറുകിട ഹാച്ചറി ആരംഭിക്കുന്നത് സജീവമായി പരിഗണിക്കണം.

5. മേൽ സൂചിപ്പിച്ച ഡയറി യൂണിറ്റുകൾ ഫലപ്ര

ദമായി നടത്തുവാൻ കഴിയുന്ന സാഹചര്യത്തിൽ അവയ്ക്ക് അനുബന്ധമായി ഗോവർ ഗ്യാസ് പ്ലാന്റുകൾ തുടങ്ങുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് രൂപം നൽകണം.

6. ഇറച്ചിവില്പനശാലകളുടെ ശുചിത്വമുറപ്പാക്കുന്ന സംവിധാനങ്ങൾ സ്വീകരിക്കുകയും ലഭ്യമാക്കുന്ന മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കാലാകാലങ്ങളിൽ കാര്യക്ഷമമായ പരിശോധനാ നടപടികൾ കൈക്കൊള്ളുകയും ചെയ്യണം.

## 2. മത്സ്യകൃഷിവികസനം

### മത്സ്യബന്ധനം

കൊടുരാറിന്റെയും കൈവഴികളുടെയും ഏതാണ്ട് 12 കിലോമീറ്ററോളം സാമീപ്യമുള്ള നാട്ടകം പഞ്ചായത്ത് പ്രദേശം പരമ്പരാഗതമായ മത്സ്യബന്ധനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായിരുന്നു. എന്നാൽ പാരിസ്ഥിതികമായി സമീപകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന തൊഴിലാളികളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2-ാം കൃഷിയുമായി ബന്ധപ്പെട്ട് തണ്ണീർമുക്കം ബണ്ട് തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണം മൂലം പഞ്ചായത്തിനു സമീപസ്ഥമായ വേമ്പനാട്ടുകായലിലെ മത്സ്യസമ്പത്ത് വമ്പിച്ച തോതിൽ നാശത്തെ നേരിടുകയാണ്.



കായൽമേഖലയിലും കൊടൂരാറ്, ഇടത്തോടുകൾ, എന്നിവിടങ്ങളിലൂമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 300ലധികം തൊഴിലാളികൾ ഇവിടുണ്ട്. അത്രതന്നെ തൊഴിലാളികൾ മത്സ്യവിപണനരംഗത്തുമുണ്ട്. കുമരകം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളിഗ്രാമസംഘത്തിൽ 84 തൊഴിലാളികൾ നാട്ടകത്തുനിന്നും അംഗങ്ങളായിട്ടുണ്ട്. മത്സ്യതൊഴിലാളിക്ഷേമനിധിബോർഡിൽ അംഗങ്ങളായി 122 തൊഴിലാളികളാണ് ഇവിടുള്ളത്. 16 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. മത്സ്യത്തൊളിലാളികളുടെ കുട്ടികളിൽ ലംപ്സംഗ്രാൻഡ് ലഭിക്കുന്നവരായിട്ട് 60 പേർ മാത്രമാണുള്ളത്. നാട്ടകം പ്രദേശത്തെ മത്സ്യതൊഴിലാളികളെ ആകെ അംഗങ്ങളായി ചേർത്തുകൊണ്ട് ഒരു മത്സ്യതൊഴിലാളി ഗ്രാമസംഘം അടിയന്തിരമായി രജിസ്റ്റർ ചെയ്തപ്രവർത്തനം ആരംഭിക്കണം. അവരുടെ ക്ഷേമപ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഇത്തരമൊരു സംരംഭം അത്യാവശ്യമാണ്. വേമ്പനാട്ടുകായലിലെ മത്സ്യനാശത്തിന് പ്രധാന കാരണമെന്ന് കരുതപ്പെടുന്ന തണ്ണീർമുക്കം ബണ്ട് തുറക്കുന്നതിനെ സംബന്ധിച്ച് കാലാകാലംകൂടുന്ന വിദഗ്ദ കമ്മറ്റിയിൽ അനുഭവജ്ഞാനുമുള്ള മത്സ്യതൊഴിലാളികളുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

### ലഭിക്കുന്ന മത്സ്യ ഇനങ്ങൾ

കാരി, വരാൽ, കരിമീൻ, വാള, കൂരി, ചേറുമീൻ, പുല്ലൻ, പരൽ, പള്ളത്തി, കൊഞ്ച്, ചെമ്മീൻ എന്നിവയാണ് സമീപസ്ഥമായ ജലാശയങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങൾ.

### സീസൺ

കരിമീൻ ജൂൺ, ജൂലൈ മാസങ്ങളിലും കൊഞ്ച്, ചെമ്മീൻ എന്നിവ ജൂലൈ ആഗസ്റ്റ് മാസങ്ങളിലുമാണ് മുട്ടയിടുന്നത്. ആഗസ്റ്റ സെപ്റ്റംബർ മാസങ്ങളിൽ മേൽപറഞ്ഞ മത്സ്യഇനങ്ങൾ കുറവായാണ് ലഭിക്കുന്നത്. ഈ കുറവ് പരിഹരിക്കുന്നതിന് ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ ഈ ജലാശയങ്ങളിലേക്കു നിക്ഷേപിച്ചാൽ തുടർന്നുള്ള മാസങ്ങളിൽ മത്സ്യം സുലഭമായി ലഭിക്കുന്നതിന് സഹായകമാകും.

ഇതിനായി പള്ളത്ത് കരിമ്പിൻ കാലാകടവിൽ ഫിഷ്ഫാർമേഴ്സ് ഡവലപ്പ്മെൻറ് ഏജൻസി ആരംഭിച്ചിട്ടുള്ള ഫിഷ് സീഡ്ഫാമിന്റെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

### മത്സ്യകൃഷി

നെൽകൃഷി ആദായകരമല്ലാത്ത സാഹചര്യത്തിൽ സംയോജിതകൃഷിരീതികൾ ഈ പ്രദേശത്ത് ആരംഭിക്കുന്നത് കർഷകർക്ക് സഹായകമായിരിക്കും. സംയോജിതകൃഷിയുടെ ഭാഗമായി പാടശേഖരങ്ങളിൽ രണ്ടാം വിളയായി മത്സ്യകൃഷി അനയോജ്യമായ പാടശേഖരങ്ങളിൽ ആരംഭിക്കാവുന്നതാണ്. ഇതിന് ഫിഷ് ഫാർമേഴ്സ് ഡവലപ്പ്മെൻറ് ഏജൻസിയുടെയും ഫിഷറീസ് ഡിപ്പാർട്ട്മെൻറിന്റെയും

പൂർണ്ണപിന്തുണ ഉറപ്പാക്കണം.

മത്സ്യബന്ധന വിപണനരംഗങ്ങളിൽ തൊഴിലാളികൾക്ക് ശക്തമായ സംഘടനരൂപങ്ങൾ നിലവിലുണ്ട്. പള്ളം കരിമ്പിൻ കാലാകടവിൽ മത്സ്യതൊഴിലാളികളുടെ നേതൃത്വത്തിൽ നടത്തുന്ന നാട്ടകം മത്സ്യവിപണസംഘത്തിൻെറ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ചിങ്ങവനം കേന്ദ്രമാക്കി വിപണന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും സംഘടനകൾ ഉണ്ട്. കടൽ മത്സ്യ ഇനങ്ങളുടെ വിപണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാര്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇവരെക്കൂടി ഉൾപ്പെടുത്തി മത്സ്യതൊഴിലാളിസംഘങ്ങളുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണം.

വിപണനം

നിലവിൽ ചിങ്ങവനം, പാക്കിൽക്കവല, കരിമ്പിൻകാലാകടവ്, എന്നിവടങ്ങളിലാണ് മത്സ്യവിപണനകേന്ദ്രങ്ങൾ. ഇവിടെയെല്ലാം മത്സ്യം പൊതുവഴിയിൽ ഇറക്കിയാണ് വിപണനം നടത്തുന്നത്. ചിങ്ങവനത്ത് പഞ്ചായത്തിൻെറ വകമായി മത്സ്യവിപണനസ്റ്റാൾ ഉണ്ടെങ്കിലും അവിടെ മത്സ്യം വാങ്ങുന്നതിന് ആളുകൾ എത്താത്ത സാഹചര്യംമൂലമാണ് പൊതുവഴിയിൽ ഇപ്പോൾ വിപണനം നടക്കുന്നത്. മത്സ്യവിപണനകേന്ദ്രങ്ങളായ പാക്കിൽക്കവല, കരിമ്പിൻകാലാ കടവ്, ചിങ്ങവനം എന്നിവിടങ്ങളിൽ മത്സ്യവിപണനം സുഗമമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം പഞ്ചായത്ത് ഉണ്ടാക്കണം. ചിങ്ങവനം ചന്തക്കടവിൽ നിലവിലുള്ള സൗകര്യം ഇതിലേക്കായി പ്രയോജനപ്പെടുത്തണം.



ചെമ്മീൻ കൃഷിചെയ്യുന്ന സംരംഭങ്ങൾ നിലവിലില്ല. വിവിധവാർഡുകളിൽ ചതുപ്പ് നിലങ്ങളുണ്ട്. അനുയോജ്യമായവ തിരഞ്ഞെടുത്താൽ ചെമ്മീൻ കൃഷി യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാധ്യതയുണ്ട്.

ശുദ്ധജലമത്സ്യകൃഷിക്ക് ഉപയുക്തമാക്കാവുന്ന മൂന്ന് പാറക്കുളങ്ങൾ മുട്ടം പ്രദേശത്തുണ്ട്. ഇതിൻെറ സാധ്യതകൾ ഉപയോഗപ്പെടുത്തിയാൽ ശുദ്ധജല മത്സ്യകൃഷിക്ക് സഹായകമാകും.

ഫലപ്രദമായി പ്രവർത്തിച്ചു വന്നിരുന്ന ഒരു ശുദ്ധജലമത്സ്യകൃഷി യൂണിറ്റ് കോടിമതയിൽ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അതിൻെറ പ്രവർത്തനം മന്ദഗതിയിലാണ്.

**ക്ഷേമ പ്രവർത്തനങ്ങൾ സജീവമാക്കണം.**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരായി 122 പേരാണ് ഇവിടെ ഉള്ളത്. ഇത് ആകെയുള്ള മത്സ്യത്തൊഴിലാളികളുടെ ഒരു ചെറിയ സംഖ്യ മാത്രമാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പൊതുവേ സ്ക്കൂളിൽ പോകുന്നവരാണെങ്കിലും ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്തവരുടെ കുട്ടികൾക്ക് മാത്രമേ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുകയുള്ളൂ എന്നതു കൊണ്ട് ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളുടെയും കുട്ടികൾക്ക് അർഹമായ ആനുകൂല്യം ലഭിക്കാറില്ല. മത്സ്യത്തൊഴിലാളികളുടെ ജീവിതവികാസത്തിന് വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും ഫിഷറീസ് ഡിപ്പാർട്ടുമെന്റും, സർക്കാരും ഏർപ്പെടുത്തിയിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ അവർക്ക് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് നിലവാരത്തിൽ ഒരു മാർഗനിർദ്ദേശകസെൽ രൂപീകരിക്കണം. അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികളെയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉടനെ ആരംഭിക്കണം. എന്നാൽ മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളായവരുടെ കുട്ടികൾക്കാണ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നത്.

മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യതൊഴിലാളിക്കുമാത്രമേ വിവിധ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു എന്നതുകൊണ്ട് ഈ സംഘത്തിൻെറ അർഹരായ മുഴുവൻ മത്സ്യതൊഴിലാളികളെയും ക്ഷേമനിധിബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കണം.



4 3

# വ്യവസായം

## 1. ആമുഖം

നമ്മുടെ സ്വാതന്ത്ര്യത്തിൻെറ 49-ാം പിറന്നാൾ പിന്നിട്ട് എട്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷത്തിൽ എത്തി നില്ക്കുന്ന ഈ വേളയിൽ നാട്ടകം പഞ്ചായത്തിലെ വ്യവസായ പ്രശ്നങ്ങളും സാധ്യതകളും ആണ് ഇവിടെ പ്രതിപാദിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങൾക്ക് പുകൾ പെറ്റ ഭാരതം അന്തർദേശീയ വിപണികളിൽ ആധിപത്യം പുലർത്തിയിരുന്ന ഒരു കാലഘട്ടം ഇവിടെ മുമ്പ് നില നിന്നിരുന്നു. നമ്മുടെ അസംസ്കൃത വിഭവങ്ങൾ കുറഞ്ഞ വിലയ്ക്ക് സംഭരിച്ച് യൂറോപ്പിലെ വ്യവസായശാലകളിൽ അവയുപയോഗപ്പെടുത്തി പുതിയഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഇവിടെ വിറ്റഴിച്ചിരുന്നു.

ഈ ചൂഷണ തന്ത്രം മൂലം നമ്മുടെ രാജ്യത്തിൻെറ സാമ്പത്തിക അടിത്തറ തകരുകയും ഇവിടുത്തെ പരമ്പരാഗത മേഖലയിലെയും ചെറുകിടഗ്രാമീണ വ്യവസായമേഖലയിലെയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു. ഈ ദൂഷിതവലയത്തിൽ നിന്നും മോചനം നേടുന്നതിനാണ് നാം പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയത്.



ട്രാവൻകൂർ സിമിന്റ്സ്

## 2. ഉദ്ദേശലക്ഷ്യങ്ങൾ

നമ്മുടെ രാജ്യത്തിലെ എല്ലാമേഖലകളിലും സ്വാതന്ത്ര്യലബ്ദിക്കു മുമ്പ് വിവിധ പ്രദേശങ്ങളിലും സന്തുലിതമായ സാമ്പത്തിക വളർച്ച കൈവരിച്ചിരുന്നില്ല. ദരിദ്രർ കൂടുതൽ ദരിദ്രരാകുകയും സമ്പന്നർ കൂടുതൽ സമ്പന്നരാകുകയും ചെയ്തു. എന്നാൽ ഈ ദുസ്ഥിതിക്ക് മാറ്റം ഉണ്ടാകുന്നതിന് വേണ്ടി ആണ് പുതിയ വ്യവസായ നയത്തിന് ഊന്നൽ നല്കി പഞ്ചവത്സരപദ്ധതികൾക്ക് രൂപം കൊടുത്തത്. കൂടുതൽ സാമ്പത്തിക വളർച്ച കൈവരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക, അസംസ്കൃതവിഭവങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് ആവശ്യസാധനങ്ങളുടെ വിതരണവും ഉത്പാദനവും ഉറപ്പു വരുത്തുക തുടങ്ങിയവ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളാണ്.



എസ്. റുഡിംഗർ



ലോകനാഥ മുതലിയാർ

സത്വരമായ വ്യവസായവത്ക്കരണം കൊണ്ട് മാത്രമേ തൊഴിലില്ലായ്മയും, ദാരദ്ര്യവും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുകയുള്ളൂ. വ്യാവസായികമായി പുരോഗതി പ്രാപിച്ച രാജ്യങ്ങളെല്ലാം തന്നെ വികസിത രാജ്യങ്ങളാണ്. വ്യവസായീകരിക്കുക അല്ലെങ്കിൽ നശിക്കുക എന്നുള്ള മുദ്രാവാക്യമാണ് വികസിത രാജ്യങ്ങളിൽ വ്യാവസായീകരണത്തിന് അടിത്തറയിട്ടിട്ടുള്ളത്. ഈ ഉദ്ദേശലക്ഷ്യങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടാണ് നമ്മുടെ പഞ്ചായത്തിലും വ്യവസായ വികസന രേഖയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്.

## 3.വ്യാവസായിക പിന്നോക്കാവസ്ഥ

നാട്ടകം പഞ്ചായത്ത് മുഖ്യമായും കാർഷിക പ്രാധാന്യമുള്ള മേഖല

യാണ്. മഖ്യവിളകൾ നെല്ലും, തെങ്ങുമാണെന്ന് പറയാം. നെൽകൃഷി ആദായമല്ലാതായിട്ട് വളരെക്കാലമായി. തെങ്ങുകൃഷിയും ഉത്പാദനക്ഷമമല്ലാത്തതിനാൽ ആദായകരമല്ല. ഈ രണ്ടു പ്രധാനവിളകളും കഴിഞ്ഞാൽ വാഴ, മരച്ചീനി തുടങ്ങിയ ഹ്യസ്വകാല വിളകളും കൃഷി ചെയ്തു വരുന്നുണ്ട്. ടി കൃഷികൾ പൊതുവേ ആദായകരമല്ലാത്തതിനാൽ മറ്റ് ആദായമാർഗ്ഗങ്ങൾ സ്വീകരിച്ച് വൻതോതിൽ നിലം കരയാക്കി മാറ്റിക്കൊണ്ടിരിക്കുന്ന കാഴ്ച സാധാരണയാണ്. കോട്ടയം പട്ടണത്തിൻെറ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം സമീപ പ്രദേശമായ നാട്ടകം പഞ്ചായത്തിലെ ഭൂമിയുടെ വില കുത്തനെ ഉയരുന്നതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം നാട്ടകം പഞ്ചായത്തിലെ വ്യവസായ പുരോഗതി വിലയിരുത്തേണ്ടത്.

**4. വൻകിട ഇടത്തരം വ്യവസായം**

വൻകിട വിഭാഗത്തിലുള്ള രണ്ട് വ്യവസായങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

**1. ട്രാവൻകൂർ സിമെന്റ്സ്**

കോട്ടയം പട്ടണത്തിന് തെക്ക് നാട്ടകത്ത് സ്ഥിതി ചെയ്യുന്ന ഈ വ്യവസായ സ്ഥാപനം 1949ൽ സർ. സി.പി. രാമസ്വാമി ദിവാനായിരുന്ന കാലത്ത് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി 1.50 കോടി രൂപയുടെ മൂലധനത്തോടുകൂടി ആരംഭിച്ചു. കമ്പനിയുടെ പ്രാരംഭകാലത്തെ ജനറൽ മാനേജർ മിസ്റ്റർ പീറ്റേഴ്സൺ ആയിരുന്നു. മിസ്റ്റർ എസ്. റുഡിംഗറുടെ കാലത്താണ് ഇതിൻെറ സമുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ശ്രീ. സി.എസ്. ലോകനാഥ മുതലിയാർ ആയിരുന്നു കമ്പനിയുടെ സ്ഥാപക ഡയറക്ടർ. ഇവിടത്തെ ആദ്യകാല ഉത്പന്നങ്ങൾ ഗ്രേ സിമിന്റും വെള്ള സിമിന്റും ആയിരുന്നു. ഇപ്പോൾ വൈറ്റ് സിമിന്റും ഷെൽസം സിമിന്റ് പെയിന്റും ആണ് ഉത്പാദിപ്പിക്കുന്നത്. ഈ സ്ഥാപനത്തിൽ ഇന്ന് 29 ഓഫീസ് ജീവനക്കാരും 670 തൊഴിലാളികളുമുണ്ട്. വിവിധ പ്രദേശങ്ങളിലുള്ള ആയിരത്തിൽപരം കുടുംബങ്ങൾ ഈ സ്ഥാപനത്തെ ആശ്രയിച്ച് ജീവിക്കുന്നു. ഈ ഫാക്ടറിയിൽ നിന്നുള്ള അവശിഷ്ടങ്ങളും, രാസപദാർത്ഥങ്ങളും എന്നിവ മൂലമുണ്ടാകുന്ന വായൂമലിനീകരണത്തിൻെറ പ്രത്യാഘാതങ്ങൾ നിഷ്ക്കർഷയോടെയുള്ള പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

**2. ഇലക്ട്രോകെമിക്കൽസ്**

ഈ വ്യവസായ സ്ഥാപനം 1945ൽ റജിസ്റ്റർ ചെയ്ത് 1952ൽ ഇൻഡ്യൻ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ച് പൊതുമേഖലയിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യഉത്പന്നങ്ങൾ കാത്സ്യം കാർബൈഡ്, പാക്കിംഗ് ഡ്രമ്മുകൾ ഇവയായിരുന്നു. പ്രഥമഘട്ടത്തിൽ 205 ആളുകൾ മാത്രമായിരുന്നു ഇവിടുത്തെ തൊഴിലാളികൾ.

1964ൽ ജി.ഡി. സോമാനിയുടെയും കടുംബത്തിൻെറയും മാനേജ്മെന്റിലായ ഈ വ്യവസായസ്ഥാപനത്തിൻെറ ഷെയർ ക്യാപ്പിറ്റൽ 1650.60 ലക്ഷം രൂപയും റിസേർവ് 2423.63 ലക്ഷം രൂപയും ആയിരുന്നു.

ഇപ്പോഴത്തെ ഉത്പന്നങ്ങൾ കാത്സ്യം കാർബൈഡ്, ഫെറോസിലിക്കോൺ ഡീസൽഫറൈസേഷൻ കോമ്പോണ്ട്, അസറ്റിലിൻ ബ്ലാക്ക് എന്നിവയാണ്. ഇവിടെ 31 മാനേജർമാരും 167 ഓഫീസ് ജീവനക്കാരും 800 തൊഴിലാളികളും ഉണ്ട്. 1000ൽ പരം കുടുംബങ്ങൾപ്രത്യക്ഷമായും പരോക്ഷമായും വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നു.



ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ഇൻഡസ്ട്രീസ്

മേൽപറഞ്ഞ രണ്ട് വ്യവസായങ്ങളും അന്തരീക്ഷമലിനീകരണത്തിനും ജലമലിനീകരണത്തിനും ഇടയാക്കുന്നുണ്ട്. ഫാക്ടറിയുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് ശ്വാസകോശസംബന്ധമായ അസുഖങ്ങൾ കണ്ടുവരുന്നു. അന്തരീക്ഷത്തിലെ അമ്ലാംശം വൃക്ഷങ്ങൾക്ക് പ്രത്യേകിച്ച് തെങ്ങുകൾക്ക് ദോഷകരമാണ്.

**5. ചെറുകിട വ്യവസായങ്ങൾ**

31-3-1995ലെ കണക്കു പ്രകാരം 603 ചെറുകിട വ്യവസായയൂണിറ്റുകൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ചെറുകിട വ്യവസായമേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനം ഇനം

തിരിച്ച്;

1. റോളർ ഫ്ലവർമിൽ
2. ക്രീപ്പ് മില്ലുകൾ
3. മാർബിൾ, മൊസൈക്ക് നിർമ്മാണം
4. റബ്ബർഷീറ്റ്, ചപ്പൽസ്, സ്ട്രാപ്സ്
5. റബ്ബർ റോളർ
6. പ്ലൈവുഡ് സോമിൽസ്
7. കറപൗഡർ, പിക്കിൾസ് മുതലായവ
8. ഫുഡ്പ്രോഡക്ട്സ്, ബേക്കറി, കൺഫെക്ഷനറി
9. സോഫ്ട് ഡ്രിങ്ക്സ്, സോഡ, ബിവറേജസ്
10. എഞ്ചിനീയറിംഗ് ആൻഡ് ഫൗണ്ടറി യൂണിറ്റ്സ്
11. ബാറ്ററി മേക്കിംഗ്
12. റെഡിമെയ്ഡ് ഗാർമെന്റ്സ്, ബനിയൻ, ബ്രെയ്സിയേഴ്സ്
13. ടയർ മേക്കിംഗ്
14. അംബ്രല്ലാ
15. പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ്, ബുക്ക് മെയ്ക്കിംഗ്, കവർ നിർമ്മാണം
16. എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്
17. മറ്റിനം

സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ അച്ചടിശാലയായ ഇൻഡ്യപ്രസ്സ് എന്ന സ്ഥാപനം പ്രവർത്തനരംഗത്ത് സ്തംഭനാവസ്ഥ അനുഭവപ്പെട്ടു എങ്കിലും സർക്കാരിന്റെ യഥാസമയം ഉണ്ടായ ഇടപെടൽ മൂലം പുരോഗതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. പ്രമുഖ ദിനപത്രമായ മനോരമയുടെ യൂണിറ്റ് ഇവിടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റൊരു പ്രമുഖ ദിനപത്രമായ ദേശാഭിമാനിയുടെ കോട്ടയം എഡീഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

6. ഖാദി ഗ്രാമവ്യവസായം

ആയുർവേദൗഷധനിർമ്മാണം, ചെരുപ്പ്, മെഴുകുതിരി, ചൂരൽ, സോപ്പ്, ഹോളോബ്രിക്സ് തുടങ്ങിയ യൂണിറ്റുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

7. പരമ്പരാഗത വ്യവസായങ്ങൾ

പ്രധാനമായി ചൂരൽ വ്യവസായവും, കൈത്തറിയുമാണ് നാമമാത്രമായി ഉള്ള പരമ്പരാഗത വ്യവസായങ്ങൾ. കുട്ട, വട്ടി, പായനെയ്ത്ത് തുടങ്ങിയവയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം. ചൂരൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മറ്റ് പ്രദേശങ്ങളിൽ നിന്ന് വന്ന് ഇവിടെ പണിയെടുക്കുന്നവരാണ്. ഹാൻഡിക്രാഫ്റ്റ്സ്, പേപ്പർ പൾപ്പ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചുരുക്കം ചില യൂണിറ്റുകൾ മേൽപടി വിഭാഗത്തിലുണ്ട്.



ക്രീപ്പ് മില്ല് യൂണിറ്റുകളിലൊന്ന്

8. സേവനമേഖല

ഫോട്ടോസ്റ്റാറ്റ്, ടെലിഫോൺ ബൂത്ത്, തുടങ്ങിയ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തിയ ചില യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മരയ്ക്കാർ മോട്ടേഴ്സ്, സ്മൂത്ത്സെൽ ഈ കമ്പനികളുടെ അംഗീകൃത വർക്ഷോപ്പുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

9. മിനിവ്യവസായ എസ്റ്റേറ്റ്

വ്യവസായവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു മിനി വ്യവസായഎസ്റ്റേറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 10ഓളം ചെറുകിട വ്യവസായയൂണിറ്റുകൾ വിവിധഷെഡ്ഡുകളിലായി പ്രവർത്തിക്കുന്നു.

10. വനിതാ വ്യവസായ സഹകരണസംഘം Ltd. K779

പള്ളം ബ്ലോക്ക് വനിതാ വ്യവസായസഹകരണസംഘം ഈ പഞ്ചായത്തിലാണ് രജിസ്റ്റർ ചെയ്തിട്ടു

ള്ളത്. ഇതിൻെറ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

**11. വ്യാവസായിക പ്രശ്നങ്ങൾ**

1. സ്ഥലത്തിൻെറ പിരിമിതിയും വർദ്ധിച്ച വിലയും.
2. വിദ്യുച്ഛക്തിയുടെ ലഭ്യതക്കുറവും വോൾട്ടേജ് ക്ഷാമവും.
3. അസംസ്കൃതവിഭവങ്ങളുടെ അപര്യാപ്തത.
4. മോട്ടിവേഷൻ ഉള്ള സംരഭകരുടെ അഭാവം.
5. സാമ്പത്തികപ്രശ്നം
6. വിപണനസൗകര്യം ഇല്ലായ്മ
7. തൊഴിൽ പ്രശ്നങ്ങൾ
8. വ്യവസായ മലിനീകരണം
9. സംരംഭങ്ങളിൽ പരിശീലനം ലഭിച്ചവരുടെ അഭാവം.

**12. പ്രശ്നപരിഹാരങ്ങൾ, നിർദ്ദേശങ്ങൾ**

1. വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ള വ്യക്തികൾക്ക് ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കുക. (ട്രൈസം, ഇ.ഡി.പി. തുടങ്ങിയ പദ്ധതികൾ)
2. വാണിജ്യബാങ്കുകൾ, സഹകരണസംഘങ്ങൾ ഇവയുടെ വായ്പാനയം കൂടുതൽ ഉദാരമാക്കുക.
3. D.W.C.R.A., വനിതാവികസന കോർപ്പറേഷൻ, SC/ST കോർപ്പറേഷൻ, നിർമ്മിതി കേന്ദ്രം തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും പരമാവധി ആനുകൂല്യങ്ങൾനേടിയെടുക്കുക.
4. വ്യവസായ അന്വേഷകർക്കായി പഞ്ചായത്ത് തലത്തിൽ ഒരു ഇൻഡസ്ട്രിയൽ ഗൈഡൻസ് ആൻഡ് എംപ്ലോയ്മെന്റ് ബ്യൂറോ ആരംഭിക്കുക.
5. വ്യവസായ സെമിനാറുകൾ വഴി ബോധവൽക്കരണം നടത്തുക.
6. വ്യവസായ സമാധാനത്തിന് പഞ്ചായത്ത് തല കമ്മിറ്റികൾ ഉണ്ടാക്കുക.
7. പരമ്പരാഗതവ്യവസായത്തെയും ഖാദി ഗ്രാമവ്യവസായത്തെയും പരമാവധി പ്രോത്സാഹിപ്പിക്കുക.
8. വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.

**വ്യവസായ സാധ്യതകളും നിർദ്ദേശങ്ങളും**

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക
2. കോ ഓപ്പറേറ്റീവ് സെക്ടറിൽ റൈസ്മില്ലും, വെളിച്ചെണ്ണ ആട്ടുന്നതിന് ഒരു എക്സ്പെല്ലർ യൂണിറ്റും സ്ഥാപിക്കുക.
3. വനിതാവ്യവസായ യൂണിറ്റായി വമ്പിച്ച കയറ്റുമതി സാധ്യതയുള്ള റെഡിമെയ്ഡ് യൂണിറ്റും, കറിപൗഡർ, പിക്കിൾസ് തുടങ്ങിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
4. ഇലക്ട്രോണിക്സ് യൂണിറ്റ്, റബറൈസ്ഡ് കയർ മാറ്റ്സ് യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുക.
5. പട്ടുനൂൽപ്പുഴു വളർത്തൽ, തേനീച്ച വളർത്തൽ, കൂണുകൃഷി എന്നിവ തുടങ്ങുക.
6. പാലുൽപ്പന്നയൂണിറ്റ്, കേറ്ററിംഗ് യൂണിറ്റ് ഇവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുക.

| നാട്ടകം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം (31-3-95വരെ) | |
|---|---|
| 1. കാർഷിക വിഭവ അടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ | 196 |
| 2. വനവിഭവങ്ങൾ മുഖേന | 37 |
| 3. മൃഗവിഭവങ്ങൾ | 1 |
| 4. തുണിനിർമ്മാണം | 34 |
| 5. രാസപദാർത്ഥം | 10 |
| 6. എഞ്ചിനീയറിംഗ് | 65 |
| 7. ഇലക്ട്രോണിക്സ് | 14 |
| 8. മിനറൽസ് | 2 |
| 9. ബിൽഡിംഗ് മെറ്റീരിയൽ | 17 |
| 10. മറ്റുള്ളവ | 227 |
| ആകെ | 603 |



4

# വിദ്യാഭ്യാസം

ക്രിസ്ത്യൻ മിഷനറിമാർ 1835ൽ പള്ളം കേന്ദ്രമാക്കി നടത്തിയ പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. സ്ഥലത്തെ സുറിയാനി സഭാംഗങ്ങൾ പള്ളിക്കുവേണ്ടി താല്ക്കാലികമായി കെട്ടിക്കൊടുത്ത മൺകെട്ടിടത്തിലായിരുന്നു പ്രാരംഭം. അവിടെ ഞായറാഴ്ച ദിവസങ്ങളിൽ പള്ളിശുശ്രൂഷയും ഇടദിവസങ്ങളിൽ കുട്ടികളുടെ പഠിത്തവും നടന്നിരുന്നു. ആര്യാട്ടു പറമ്പിൽ ഉലഹന്നാൻ ആശാന്റെ നേതൃത്വത്തിലായിരുന്നു പഠിത്തം നടന്നിരിക്കുന്നത്.

ജൂനിയർ റവ. ഹെൻട്രി ബേക്കർ ആണ് അന്നു പള്ളിയും അതിനോടനുബന്ധിച്ച് ഒരു ബംഗ്ലാവും പണിതീർത്തത്. ബംഗ്ലാവിൽ മിസിസ് ബേക്കർ എട്ടോ പത്തോ പെൺകുട്ടികളെ ചേർത്ത് ഒരു പെൺപള്ളിക്കൂടം നടത്തി വന്നിരുന്നു. ബേക്കർ കുടുംബം പള്ളത്തു നിന്നും കോട്ടയത്തേക്കു താമസം മാറിയപ്പോൾ ഈ സ്ക്കൂളും കൂടി അവിടേക്കു കൊണ്ടുപോയി. ഇപ്പോൾ പ്രശസ്തമായ നിലയിൽ കോട്ടയത്തു പ്രവർത്തിക്കുന്ന ബേക്കർ മെമ്മോറിയൽ സ്ക്കൂളിന്റെ ചരിത്രം ഇതാണ്.



ബുക്കാനാൻ ഗേൾസ് സ്ക്കൂൾ സമുച്ചയം

മിസിസ് അമേലിയാ ബേക്കർ (വലിയ മദാമ്മ) 1888-ൽ നിര്യാതയായി. അന്ന് അവർ 60ൽ പരം വർഷങ്ങളായി കോട്ടയം വലിയ ബംഗ്ലാവിൽ നടത്തിക്കൊണ്ടിരുന്നതും തിരുവിതാംകൂറിലെ ആദ്യത്തേതുമായിരുന്ന പെൺപള്ളിക്കൂടം മിസിസ് പെയിസ്റ്റർ പള്ളത്തേക്കു കൊണ്ടുവന്നു. ആ സ്ക്കൂളിന്റെ തുടർച്ചയാണ് ഇന്നത്തെ ബുക്കാനാൻ ഇൻസ്റ്റിറ്റ്യൂഷൻ.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ഗവ. സ്ക്കൂളുകൾ ഇപ്പോഴത്തെ ചിങ്ങവനം ഗവ. യു.പി. സ്ക്കൂളും നാട്ടകം ഗവ. മോഡൽ ഹൈസ്ക്കൂളുമാണ്. ഈ രണ്ടു സ്ക്കൂളുകളും ഒരു ഗവ. ഉത്തരവിലൂടെ ഒരേദിവസം സർക്കാർ ഏറ്റെടുത്തത് 1123-തുലാം ഒന്നിനാണ്. അന്നത്തെ മാനേജരന്മാർ ഒരു ചക്രം വീതം പ്രതിഫലം പറ്റിക്കൊണ്ടാണ് സ്ക്കൂളുകൾ സർക്കാരിനു വിട്ടുകൊടുത്തത്.

ചിങ്ങവനത്ത് 1915 ജൂൺ 3-നാണ് നാട്ടുകാരുടെ ശ്രമഫലമായി ഒരു സ്ക്കൂൾ ഉണ്ടായത്. ഓലക്കെട്ടിടത്തിലായിരുന്നു ഈ സ്ക്കൂൾ പ്രവർത്തനം തുടങ്ങിയത്.

നാട്ടകത്ത് 1104 ഇടവം 8-നാണ് സ്ക്കൂൾ ആരംഭിച്ചത്. റവ. ഫാദർ കെ.റ്റി. തോമസ് കരോട്ട്, ചിങ്ങവനം സ്ക്കൂളിലും കല്ലൂപ്പറമ്പിൽ വി.എം. കുര്യൻ നാട്ടകം സ്ക്കൂളിലും മാനേജരന്മാരായി പ്രവർത്തിക്കുമ്പോഴാണ് ഈ സ്ക്കൂളുകൾ ഗവൺമെന്റിലേക്ക് കൈമാറിയമത്.

ചിങ്ങവനത്തെ സ്ക്കൂൾ 1965-ലും നാട്ടകത്തെസ്ക്കൂൾ 1956ലും ആണ് യു.പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തത്. നാട്ടകത്തെ സ്ക്കൂൾ 1966 ജൂണിൽ ഹൈസ്ക്കൂളായി ഉയർത്തുകയുണ്ടായി.

നായനാർ സർക്കാരിന്റെ കാലത്ത് 1987-90-ൽ നടന്ന സാക്ഷരതാ പ്രവർത്തനങ്ങളിൽ നാട്ടകം പഞ്ചായത്തു ഭരണസമിതി അഭിനന്ദനാർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. 863 നിരക്ഷരരെ നിരവധി സാക്ഷ

രതാ കേന്ദ്രങ്ങളിൽ എത്തിച്ച് നിരന്തരമായ പ്രവർത്ത നങ്ങളിലൂടെ അവരെ പഠിപ്പിച്ച് എഴുതാനും വായിക്കുവാനും കണക്കുകൂട്ടാനും പ്രാപ്തരാക്കി. പഠനക്ലാസ്സുകളിൽ മുടങ്ങാതെ എത്തിയ പഠിതാക്കളിൽ 237 പുരുഷന്മാരും 329 വനിതകളും ഉൾപ്പെടെ 567 പേർ നവസാക്ഷരരായി മാറി. ഇവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് നമ്മുടെ പഞ്ചായത്തിൽ 20 അക്ഷര സംഘങ്ങളും അവയുടെ ആസ്ഥാനമായി ഒരു ജനവിദ്യാകേന്ദ്രവും പ്രവർത്തിച്ചു വന്നിരുന്നു. സാക്ഷരതാ പ്രവർത്തനം വീണ്ടും തുടങ്ങും എന്ന പ്രത്യാശയിലാണ് നമ്മുടെ നവസാക്ഷരർ. നിരക്ഷരരായ ഒരു ജനതയെ വച്ചുകൊണ്ട് ഒരു രാജ്യത്തിനും വികസന പ്രവർത്തനങ്ങളിൽ മുന്നേറാൻ കഴിയുകയില്ല. ജനകീയാസൂത്രണത്തിൻെറ തുടക്കംതന്നെ സാക്ഷരരായ ഒരു ജനതയിൽ നിന്നായിരിക്കണം.



നാട്ടകം ഗവ:മോഡൽ ഹൈസ്ക്കൂൾ

വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ നമ്മുടെ ഗ്രാമം താരതമ്യേന വളരെ സമ്പന്നമാണ്. രണ്ട് സാങ്കേതിക സ്ഥാപനങ്ങൾ ഒരു കോളേജ് ഒരു റ്റി. റ്റി. ഐ, ഒരു വൊക്കേഷണൽ ഹയർസെക്കൻററി, ആറ് ഹൈസ്ക്കൂളുകൾ, മൂന്നു യു.പി. സ്ക്കൂളുകൾ, ഒമ്പത് എൽ.പി.സ്ക്കൂളുകൾ പത്ത് നേഴ്സറി സ്ക്കൂളുകൾ എട്ട് നിലത്തെഴുത്തുകളരികൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. നേഴ്സറി സ്ക്കൂളുകളിൽ രണ്ടെണ്ണം സർക്കാർ സ്ക്കൂളുകളോടനുബന്ധിച്ച് പി. റ്റി. എ. നടത്തുന്നവയാണ്. 2 എണ്ണം പഞ്ചായത്തിൻെറ നേരിട്ടുള്ള ചുമതലയിലാണ്.



രജതജൂബിലി ആഘോഷിക്കുന്ന നാട്ടകം ഗവ: കോളജ്

ഇതൊക്കെയാണെങ്കിലും നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പരിമിതികളും പ്രശ്നങ്ങളും ധാരാളമുണ്ട്. നാട്ടകം ഗവ. എൽ. പി. സ്ക്കൂളും വൊക്കേഷണൽഹയർ സെക്കൻററിയും പ്രവർത്തിക്കുന്നത് ഗവ. മോഡൽ ഹൈസ്ക്കൂളിൻെറ വക കെട്ടിടങ്ങളിലാണ്. സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങി പ്രൈമറി സ്ക്കൂൾ വരെയുള്ള ബാക്കി എല്ലാ സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടവും മേൽ പറഞ്ഞ 22 സ്ഥാപനങ്ങൾക്കും വൈദ്യുതിയും ഉണ്ടെന്നുള്ളതും ആശ്വാസകരമാണ്. സാമ്പത്തികകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠിത്തം നിർത്തുന്നവർ നിരവധിയാണ്. എസ്. എസ്. എൽ. സി. വിജയശതമാനത്തിൽ മൂന്നു ഹൈസ്ക്കൂളുകളും വളരെ പിന്നിലാണ്. കൂടുതൽ സൗകര്യങ്ങളും സാധ്യതകളും നോക്കി ഗ്രാമങ്ങളിലെ ധാരാളം കുട്ടികൾ പട്ടണത്തിലെ സ്ക്കൂളുകളിൽ ചെന്നു ചേരുന്നു. കലാകായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം.

വിദ്യാഭ്യാസരംഗത്തുനിലനിൽക്കുന്ന സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിലേക്ക് ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ വിരൽ ചൂണ്ടുന്നു. അവിടെ പൊന്തി വന്ന പ്രശ്നങ്ങളും പരിഹാര-നിർദ്ദേശങ്ങളും പ്രത്യേകം പരിഗണിക്കപ്പെടേണ്ടവയാണ്.

പ്രശ്നങ്ങൾ

1. പഠനനിലവാരം അഭികാമ്യമല്ല.
2. പ്രൈമറി തലം മുതൽ തന്നെ സ്ക്കൂളുകളിൽ കൊഴിഞ്ഞുപോക്കൽ ഉണ്ട്.
3. ഉച്ചഭക്ഷണ നടത്തിപ്പിൽപോരായ്മകൾ ഉണ്ട്.
4. P.T.A.യുടെ പ്രവർത്തനത്തിൽ പോരായ്മകൾ നിലനില്ക്കുന്നു.
5. പരീക്ഷാ സമ്പ്രദായങ്ങളിൽ മാറ്റംവരണം. കോമൺ പരീക്ഷാ സമ്പ്രദായം നടപ്പാക്കണം.
6. നിലവിലുള്ള അദ്ധ്യയനസമയം പുനഃപ്പരിശോധിക്കണം.
7. ഇന്നത്തെ അധ്യാപക പരിശീലനം പര്യാപ്തമല്ല.
8. ലൈബ്രറികളും ലാബറട്ടറികളും പുനഃസംഘടിപ്പിക്കണം
9. പാചകകലയിൽ കുട്ടികൾക്കു പ്രാവീണ്യം നൽകണം.

10. കാർഷികകാര്യങ്ങളിൽ കുട്ടികൾക്ക് പരിമിത മായ രീതിയിലെങ്കിലും അറിവു നൽകണം.
11. കുട്ടികൾക്ക് ഇപ്പോൾ കലാകായികപരിശീലനത്തിന് സൗകര്യങ്ങൾ തീർത്തും കുറവാണ്.
12. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം വിപു ലമാക്കണം.
13. സാങ്കേതിക വിദ്യാഭ്യാസ രംഗം കുറെക്കൂടി വിക സിപ്പിക്കേണ്ടിയിരിക്കുന്നു.

**പരിഹാരനിർദ്ദേശങ്ങൾ**

1. ഏതു വിഷയത്തിനാണ് കൂടുതൽ കുട്ടികൾ തോല്ക്കുന്നത് എന്നു മനസിലാക്കണം. സേവനസന്നദ്ധ രായ അതേസ്ക്കൂളിലെ അധ്യാപകർ സ്വകാര്യട്യൂ ഷൻ വഴി ഇതിന് പരിഹാരം കാണണം.
2. P.T.A. മുൻകൈ എടുക്കണം. വേണ്ടിവന്നാൽ ഇതിന് സാമ്പത്തിക സഹായം നൽകി നില നിർത്തണം.
3. ഉച്ചഭക്ഷണ പാചകത്തിൻെറ വേതനം വർദ്ധിപ്പി ക്കണം.
4. സ്കൂൾ തല പി. റ്റി. എ.യിലെ അംഗങ്ങൾക്കു പ്രാതിനിധ്യമുള്ള ഒരു പഞ്ചായത്തു തല പി. റ്റി. എ. കമ്മറ്റി ഉണ്ടാകണം.
5. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ IV, VII എന്നീ സ്റ്റാൻഡേർഡുകളിൽ പൊതു പരീക്ഷ നടത്തണം. ഉത്തരക്കടലാസ് പരിശോധന സ്ക്കൂളുകൾ പരസ്പരം മാറി നടത്തണം.


ശിശു വിഹാർ

6. അധ്യയന സമയം രാവിലെ ഏഴു മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആക്കണം. കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് ഈ മാറ്റം വളരെ സഹായകരമാകും. ഓരോ സ്ക്കൂളുകളിലായി ഇതുപടിപടിയായി പരിശോധിച്ച് നടപ്പിൽ വരുത്താവുന്നതാണ്.
7. അദ്ധ്യാപക പരിശീലനങ്ങൾ ഒരു കാരണവശാലും അദ്ധ്യായനദിവസങ്ങളിൽ നടത്തുവാൻ പാടില്ല. പകരം മധ്യവേനൽ അവധിക്കാലത്തു നടത്തണം.
8. ക്ലാസ്റ്റീച്ചേഴ്സിൻെറ ഉത്തരവാദിത്തത്തിൽ ലൈബ്രറി പുസ്തകങ്ങളുടെ വിതരണം നടക്കണം. ഒരു തവണ ലഭിക്കുന്ന പുസ്തകം പരസ്പരം മാറി എല്ലാ കുട്ടികൾക്കും വിതരണം ചെയ്യണം.
9. പാചകകലയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്കു പരിശീലനം നൽകുന്നതിന് ഹൈസ്ക്കൂളുകൾ സ്വന്തനിലയിൽ മുൻകൈ എടുക്കണം. പ്രവർത്തി പരിചയമത്സരത്തിൽ ഇത് ഒരു മത്സര ഇനമാക്കണം.
10. സ്ക്കൂളുകളിൽ കാർഷികക്ലബുകൾ രൂപീകരിക്കുകയും പ്രാരംഭം എന്ന നിലയിൽ പച്ചക്കറി കൃഷിക്കുള്ള പരിശീലനം നൽകുകയും വേണം. കൃഷിഭവൻ ഇതിനുവേണ്ട വിത്തും, വളവും, നിർദ്ദേശങ്ങളും നൽകണം.
11. വിദ്യാലയങ്ങളിലെ ഗുണനിലവാരത്തകർച്ച ഇന്ന് ഒരു മുഖ്യ ചർച്ചാവിഷയമാണ്. പഞ്ചായത്തിലെ ഹൈസ്ക്കൂളുകൾ കേന്ദ്രമാക്കി സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമായി നടത്തിയാൽ ഇതിനുപരിഹാരമാകും. ഓരോ കേന്ദ്രവും കലാകായിക പരിശീലനത്തിനുള്ള ഒരു സാംസ്ക്കാരികകേന്ദ്രം കൂടി ആയിരിക്കണം. അധ്യായന രംഗത്തുവളരെ മുന്നേറ്റമുണ്ടാക്കുന്നതിന് സ്ക്കൂൾ കോംപ്ലക്സുകൾ സഹായകരമാകും.
12. പഞ്ചായത്തു തലത്തിൽ ഒരു കംപ്യൂട്ടർസെൻററും ഒരു ടെക്നിക്കൽ സ്ക്കൂളും അനിവാര്യമാണ്. ടെക്നിക്കൽ സ്ക്കൂളിനോടനുബന്ധിച്ചു തന്നെ ടെക്നിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കുവേണ്ടി ഒരു പരിശീലന കേന്ദ്രവും തുടങ്ങാവുന്നതാണ്.
13. ഉന്നതവിദ്യാഭ്യാസത്തെയും സാങ്കേതികവിദ്യാഭ്യാസത്തെയും സംബന്ധിച്ച അറിവുകൾ ലഭ്യമാക്കുവാൻ ആവശ്യമായ ഒരു ഇൻഫർമേഷൻ ബ്യൂറോയും ഒരു കൗൺസിലിംഗ് സെൻററും ഉണ്ടാകണം.



## പട്ടിക-1 വിദ്യാഭ്യാസ സ്ഥാപനങ്ങൾ - അദ്ധ്യാപകർ - കുട്ടികൾ - പ്രാഥമികസൗകര്യങ്ങൾ

| S.No. | സ്ഥാപനങ്ങൾ | വാർഡ് | ഇനം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | കുടിവെള്ളം | കളിസ്ഥലം | ലൈബ്രറി | മൂത്രപ്പുര,കക്കൂസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. പോളിടെക്നിക്, നാട്ടകം | XI | ഗവൺമെൻറ് | 41 | 9 | 50 | 620 | 280 | 900 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | കെ. നൈനാൻസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | XI | പ്രൈവറ്റ് | 4 | | 4 | 76 | 4 | 80 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | ഗവ. കോളേജ്, നാട്ടകം | XI | ഗവൺമെൻറ് | 69 | 26 | 95 | 1347 | 1203 | 2550 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | ബി.ഐ. റ്റി.റ്റി.ഐ., പള്ളം | VII | എയ്ഡഡ് | | | 4 | 4 | | | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 5. | വി.എച്ച്.എസ്.എസ്., നാട്ടകം | IX | ഗവൺമെൻറ് | 2 | 5 | 7 | 47 | 45 | 92 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6. | ഗവ. മോഡൽ ഹൈസ്ക്കൂൾ, നാട്ടകം | IX | ഗവൺമെൻറ് | 7 | 23 | 30 | 403 | 333 | 736 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | സെൻറ്. തോമസ് ഹൈസ്ക്കൂൾ, ചിങ്ങവനം | I | എയ്ഡഡ് | 5 | 14 | 19 | 308 | 108 | 416 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8. | സി.എം.എസ്. ഹൈസ്ക്കൂൾ, പള്ളം | VII | എയ്ഡഡ് | 11 | 18 | 29 | 727 | 99 | 826 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9. | ബി.ഐ.ജി.എച്ച്.എസ്, പള്ളം | VII | എയ്ഡഡ് | | 39 | 39 | | 1148 | 1148 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10. | ചിന്മയാ ഹൈസ്ക്കൂൾ., മൂലവട്ടം | XIII | എയ്ഡഡ് | 9 | 33 | 42 | 630 | 515 | 1145 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11. | ക്നാനായ റസിഡൻഷ്യൽ എച്ച്.എസ്, ചിങ്ങവനം | II | അൺഎയ്ഡഡ് | 3 | 16 | 19 | 169 | 117 | 286 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 12. | ഗവ. യു.പി. സ്ക്കൂൾ, ചിങ്ങവനം | I | ഗവൺമെൻറ് | 1 | 9 | 10 | 121 | 122 | 243 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | ഗവ. യു. പി. സ്ക്കൂൾ, പള്ളം | IV | ഗവൺമെൻറ് | | 8 | 8 | 62 | 51 | 113 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | ബൽമൗണ്ട് ഇ.എം.സ്ക്കൂൾ, മണിപ്പുഴ | XI | അൺഎയ്ഡഡ് | 3 | 16 | 19 | 93 | 74 | 167 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | ഗവ. എൻ.പി.എസ്., നാട്ടകം | IX | ഗവൺമെൻറ് | | 9 | 9 | 157 | 130 | 287 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 16. | സെ. തോമസ് എൽ. പി. സ്ക്കൂൾ, ചിങ്ങവനം | II | എയ്ഡഡ് | 1 | 5 | 6 | 120 | 110 | 230 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17. | സി.എം.എസ്. എൽ.പി. സ്ക്കൂൾ, പള്ളം | VII | എയ്ഡഡ് | | 5 | 5 | 148 | 117 | 205 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 18. | ബി.ഐ.എൽ.പി. സ്ക്കൂൾ, പള്ളം | VII | എയ്ഡഡ് | 1 | 7 | 8 | 167 | 246 | 413 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 19. | സി.എം.എസ്.എൽ.പി. സ്ക്കൂൾ, പാക്കിൽ | VIII | എയ്ഡഡ് | | 5 | 5 | 111 | 107 | 218 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 20. | ബിഷപ്പ് സ്പീച്ചിലി വിദ്യാപീഠ്, പള്ളം | VII | അൺഎയ്ഡഡ് | | 9 | 9 | 82 | 96 | 178 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 21. | സെ. പോൾസ് ഇ.എം.സ്ക്കൂൾ, പള്ളം | VIII | അൺഎയ്ഡഡ് | | 10 | 10 | 86 | 56 | 144 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 22. | സെ. തെരേസാസ് ഇ.എം.സ്ക്കൂൾ, പാക്കിൽ | X | അൺഎയ്ഡഡ് | | 6 | 6 | 126 | 114 | 240 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 23. | മുപ്പായിക്കാട് എൽപി. സ്ക്കൂൾ, മൂലവട്ടം | XIII | എയ്ഡഡ് | - | 5 | 5 | 78 | 92 | 170 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| | | | | | | | ആകെ | 157 | 281 | 438 | 5778 | 5167 | 10945 |

## പട്ടിക 2 S.S.L.C. വിജയശതമാനം

| | | | | | | | | 1996-മാർച്ച് വിഷയാടിസ്ഥാനത്തിൽ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | മലയാളം | ഇംഗ്ലീഷ് | ഹിന്ദി | സാമൂഹ്യപാഠം | സയൻസ് | കണക്ക് |
| | | | | | | | സംസ്ഥാനശരാശരി → | 47% | 26% | 18% | 41% | 50% | 33% |
| | വിദ്യാലയം | 91-92 | 92-93 | 93-94 | 94-95 | 95-96 | പരീക്ഷ എഴുതിയവർ | | | | | | |
| 1. | സെ. തോമസ് ഹൈസ്ക്കൂൾ, ചിങ്ങവനം | 68% | 72% | 71% | 72% | 67% | 79 | 47% | 26% | 24% | 42% | 20% | 32% |
| 2. | സി.എം.എസ്.എച്ച്.എസ്, പള്ളം | 52% | 50% | 49% | 42% | 41% | 115 | 85% | 15% | 50% | 42% | 32% | 20% |
| 3. | ബി.ഐ.ജി.എച്ച്. എസ്., പള്ളം | 76% | 78% | 80% | 89% | 78% | 194 | 100% | 85% | 87% | 96% | 89% | 90% |
| 4. | ചിന്മയാ ഹൈസ്ക്കൂൾ, മൂലവട്ടം | 54% | 40-% | 63% | 59% | 47% | 1290 | 80% | 27% | 64% | 38% | 40% | 36% |
| 5. | ഗവ. എച്ച്.എസ്., നാട്ടകം | 51% | 65% | 7% | 71% | 68% | 102 | 57% | 39% | 48% | 52% | 52% | 45% |

### പട്ടിക 3 സാമ്പത്തികാനുകൂല്യം ലഭിക്കുന്നവർ

| | | |
|---|---|---|
| **സ്കോളർഷിപ്പ്** | | |
| 1. | മെറിറ്റിൽ | 36 |
| 2. | മുസ്ലീം പെൺകുട്ടികൾക്ക് | 15 |
| 3. | വികാലാംഗർക്ക് | 3 |
| 4. | മത്സ്യത്തൊഴിലാഴികളുടെ മക്കൾക്ക് | 35 |
| **ലംപ്സംഗ്രാൻറ്** | | **566** |
| **മറ്റുള്ളവ** | | |
| 1. | ജവാന്മാരുടെ മക്കൾക്ക് | 3 |
| 2. | തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് | 1 |

### പട്ടിക 4 കായികകലാപ്രതിഭകൾ

| S.No. | വിദ്യാലയങ്ങൾ | ജില്ലാതലം | | സംസ്ഥാനതലം | | ദേശീയതലം | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1. | C.M.S.H.S. Pallom | 26 | 2 | 15 | - | 3 | - |
| 2. | C.V.M.H.S. Moolavattom | 1 | - | - | - | - | - |
| 3. | Govt. U.P.S. Pallom | 1 | 1 | - | - | - | - |
| 4. | Govt. U.P.S. Chingavanam | 2 | 8 | 6 | - | - | - |
| 5. | C.M.S.L.P.S., Pallom | - | 3 | 1 | 2 | - | 2 |
| 6. | Govt. L.P.S., Nattakom | - | 2 | - | - | - | - |

### പട്ടിക 5 സ്ഥാപനങ്ങളും കോഴ്സുകളും

| | സ്ഥാപനം | കോഴ്സുകൾ |
|---|---|---|
| 1. | V.H.S.S., Nattakom | I Dairying Course 2. Printing Techonology |
| 2. | Govt. College, Nattakom | 1. Pre-Degree Course (Two Year) Part I Languages a) Engllish, b) Hindi or Malayalam<br>Part II. Optional Subject — Group-I Mathematics, Phisics and Chemistry<br>Group-II Physics, Chemistry and Biology<br>Group-III (a) Indian Histroy, Economics, Elements of Political Science, Insurance and Salesmanship (b) Indiaian History, World History, Logic<br>II. B.A/B.Sc.\B.Com (Three year) - Part I English<br>Part II Additional Languages: Malayalam or Hindi<br>Part III Optionals:-<br>1. B.A. Main: Political Science Subsidiary: Economics and World History<br>2. B.A. Main: Economics Sub: Politics and History of Indian from 1707, Mathematics<br>3. B.Sc. Main: Mathematics Sub: Physics and Statistics<br>4. B.Sc. Main: Geology Sub: Physics or Chemistry<br>5. B.Sc. Main: Physics Sub: Mathematics and Chemistry<br>6. B.Sc. Main: Botony Sub: Mathematics and Chemistry<br>7. B.Com with Costing as elective subject<br>8. B.Com Vocational Course as elective subject<br>III M.A. (Two Year) 1. Economics<br>IV M.Sc. Geology (Two year) |
| 3. | Govt. Pollytecnic-Nattakom | I. 3 വർഷഡിപ്ലോമാകോഴ്സുകൾ 1. സിവിൽ 2. മെക്കാനിക്കൽ 2. ഇലക്ട്രിക്കൽ<br>4. ഇലക്ട്രോണിക്സ് 5. പോളിമർ ടെക്നോളജി, 6. ഡി.സി.പി<br>II. സി. ഐ.ഐ.സി.പി. (CIICP) ക്യാനഡാ ഗവൺമെൻറിൻെറ സഹകരണത്തോടെ നടക്കുന്ന ഈ പദ്ധതിയുടെ കീഴിൽ തുടർവിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിക്കുന്നു.<br>III. കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം കേന്ദ്രമാനവവിഭവശേഷി വികസനവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഈ പദ്ധതിയിൽ പാവപ്പെട്ട കുട്ടികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകളിൽ സൗജന്യപരിശീലനം നൽകുന്നു. |

4 5

# കുടിവെള്ളം പൊതുജനാരോഗ്യം

"ശരീരമാദ്യം ഖലുധർമ്മസാധനം" വൈദികകാലം മുതൽ ശാരീരികാരോഗ്യത്തെ ഭാരതീയ സമൂഹം എങ്ങനെ കണ്ടിരുന്നു എന്ന് ഈ സൂക്തം വെളിവാക്കുന്നു. ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും സന്തുഷ്ടിയും സമൃദ്ധിയും വികാസംപ്രാപിക്കുന്നതിനുള്ള അനിവാര്യഘടകം ആരോഗ്യ പരിരക്ഷയിൽ അധിഷ്ഠിതമാണ്. രോഗാതുരതയിൽ നിന്നും ശാശ്വതമായി സമൂഹത്തെ മോചിപ്പിക്കാൻ വൈദ്യശുശ്രൂഷാരംഗത്തെ നേട്ടങ്ങൾ കൊണ്ടുമാത്രം കഴിയുകയില്ല. കുറഞ്ഞ ശിശുമരണനിരക്ക് കൂടിയ ആയുർദൈർഘ്യം, മരണനിരക്കിലുള്ള കുറവ്. ജനസംഖ്യാവർദ്ധനവിലുള്ള കുറവ് എന്നിവയൊക്കെയാണ് ഒരു സമൂഹത്തിന്റെ ആരോഗ്യസ്ഥിതി നിർണ്ണയിക്കാൻ ഉതകുന്ന സൂചികകൾ. ഈ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിലെ പൊതുവിലുള്ള ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതാണെന്ന് ലോകാരോഗ്യസംഘടന പോലുള്ള സാർവ്വദേശിയസ്ഥാപനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കേരള മോഡൽ വികസനത്തിന്റെ ഉള്ളറകൾ പരിശോധിക്കുവാൻ പലരും നിർബ്ബന്ധിതരായിരിക്കുന്നു. പ്രതിശീർഷവരുമാനത്തിൽ ഇൻഡ്യയുടെ ദേശീയ നിലവാരത്തിൽ വളരെ താഴെ മാത്രം നിൽക്കുന്ന കേരളത്തിൽ ആയുർദൈർഘ്യം വികസിതരാജ്യങ്ങളോടൊപ്പമോ അതിൽ കൂടുതലോ എത്തിയിരിക്കുന്നു. അമേരിക്കയിലെ ആയുർദൈർഘ്യം 69-70 ആണെങ്കിൽ കേരളത്തിൽ അത് 70-71 വരെ എത്തിയിയിരിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ശിശുമരണനിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിസ്മയകരമായി ഈ വികസനത്തിന്റെ ഉൾപൊരുൾ മറ്റൊന്നുമല്ല സാക്ഷരതാ രംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റവും ഇത് സംഘടിത പ്രസ്ഥാനങ്ങളുടെ നിരന്തരമായ പ്രവർത്തനങ്ങളുമാണ് ഇതിന് കാരണമായതെന്ന് നിസ്സംശയം പറയാം.



ഈ നേട്ടങ്ങളൊക്കെ നമുക്കു കൈവരിക്കാൻ കഴിഞ്ഞെങ്കിലും രോഗാതുരതയിൽ നിന്ന് നമുക്ക് ഊർജ്ജം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നു മാത്രമല്ല പുതിയ രോഗങ്ങൾ കേരളീയസമൂഹത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടുമിരിക്കുന്നു. മരണനിരക്കു കുറയുന്നു ആയുർദൈർഘ്യം കൂടുന്നു എന്നുപറയുമ്പോൾ തന്നെ രോഗാതുരത കൂടുന്നു എന്നത് മറക്കരുത്. മലമ്പനി, കോളറാ, വസൂരി തുടങ്ങിയ മഹാമാരികളെ അമർച്ച ചെയ്യാൻ കഴിഞ്ഞു എന്നതു വസ്തുതതയാണ് പക്ഷെ ഇവയെല്ലാം ഇപ്പോൾ മടങ്ങിവരാൻ തുടങ്ങിയിരിക്കുന്നു. അത്യന്തം ഭീഷണമായിരിക്കുന്ന സാമൂഹ്യരോഗങ്ങളായി മസ്തിഷ്കജ്വരം, വയറിളക്കം മറ്റു പല ജലജന്യരോഗങ്ങളും വ്യാപിക്കുന്നു. കൊതുകൾ പരത്തുന്ന എത്രയോ പുതിയ രോഗങ്ങളുടെ ഭീഷണിയിലാണ് നാം കഴിഞ്ഞു കൂടുന്നത്. പരിസരമലിനീകരണവും ശുദ്ധജലലഭ്യതയുടെ കുറവും പോഷകാഹാരക്കുറവുമാണ് ഈ രോഗങ്ങൾ വ്യാപിക്കുവാൻ മുഖ്യപങ്കുവഹിക്കുന്നത്. ആരോഗ്യപരിരക്ഷ രംഗത്ത് നാം ഒട്ടേറേ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എങ്കിലും ടി.ബി., അർബ്ബുദം, എയിഡ്സ്, ലഹരി ജന്യമഹാരോഗങ്ങൾ എന്നിവ പലരൂപത്തിൽ പ്രത്യ

ക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. വൈദ്യശാസ്ത്ര രംഗത്തെ അത്ഭുതകരമായ വികാസം കേരളത്തിലെ ജനങ്ങൾക്ക് സർക്കാർ തലത്തിലും, ആരോഗ്യശുശ്രൂഷ സേവന രംഗത്തെ വിലപ്പെട്ട സംഭാവനകൾ മറ്റു സംസ്ഥാനത്തേക്കു് ലഭ്യമല്ലാത്ത വിധത്തിലും കേരളീയ ജീവിതത്തെ സഹായിക്കുന്നു. രോഗത്തെ ചികിത്സിച്ച് മാറ്റുകയും പിന്നീട് അതുവരാതിരിക്കുന്ന പ്രതിരോധപരമായ ആരോഗ്യ സംരക്ഷണപ്രവർത്തനങ്ങൾ സ്ഥായിആയി നിലനിർത്തുകയുമാണ് വേണ്ടത്. രോഗപ്രതിരോധപ്രവർത്തനങ്ങൾക്കാണ് ഗ്രാമപഞ്ചായത്തുകൾ മുഖ്യപരിഗണനനൽകേണ്ടത്. ഈ ദിശയിലുള്ള പരിശോധനയും പ്രശ്നങ്ങൾ കണ്ടുപിടിക്കലും പരിഹാര നടപടികൾ സ്വീകരിക്കലുമാണ് ആരോഗ്യരംഗത്തെ വികസനാസൂത്രണത്തിൻെറ കാതൽ. കഴിഞ്ഞ പദ്ധതികളിലൂടെ കൈവരിച്ചനേട്ടങ്ങൾ നിലനിർത്തികൊണ്ടുതന്നെ പുതിയ പരിതസ്ഥിതിയുടെ പ്രശ്നങ്ങൾ ജനകീയാസൂത്രണത്തിൻെറ പരിധിയിൽ നിന്നു വീക്ഷിക്കേണ്ടതുണ്ട്.

### പരിസരമലിനീകരണം എങ്ങനെ തടയാം

നാം ജീവിക്കുന്ന ചുറ്റുപാടും കുമിഞ്ഞുകൂടുന്ന നാനാവിധത്തിലുള്ള അഴുക്കുകൾമൂലമാണ് രോഗാതുരതയുടെ മുക്കാൽ പങ്കിനും കാരണമായിട്ടുള്ളത്. അതുപോലെ തന്നെ ശുദ്ധജലത്തിൻെര ലഭ്യതയിൽ വരുന്ന ക്ഷാമവും, പൊതുജനാരോഗ്യ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഛർദ്ദി, അതിസാരം, കരൾസംബന്ധമായ രോഗങ്ങൾ, കോളറാ, വയറുകടി, വയറിളക്കം, കുട്ടികളുടെ വിരയിളക്കം എന്നിത്യാദി എത്രയോ രോഗങ്ങൾ സാംക്രമികസ്വഭാവമുള്ളവയാണ്. പരിസര ശുചിത്വം പാലിച്ചാൽ ഇത്തരം രോഗങ്ങളെ തടയാൻ കഴിയും.



ലോകബാങ്ക് ജലവിതരണ പദ്ധതിയിൽപ്പെട്ട ഓവർഹെഡ് ടാങ്ക്

നമ്മുടെ പഞ്ചായത്തിൽ ഇത്തരം ജലജന്യരോഗങ്ങൾ പടരുന്നതിന് സാഹചര്യങ്ങൾ നിലവിലുണ്ട്. മസ്തിഷ്കജ്വരം, എലിപ്പനി, ഡംഗിപനി എന്നിങ്ങനെ പേടിപ്പെടുത്തുന്ന രോഗങ്ങൾ പ്രദേശത്ത് വ്യാപകമായി കണ്ടുതുടങ്ങിയുട്ടുണ്ട്. പരിസരം ശുചിയായി സൂക്ഷിക്കുകയും, സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, അഴുക്കുചാലുകൾ പഞ്ചായത്തിൻെറ എല്ലാ വാർഡിലും നന്നായി സ്ഥാപിക്കുകയും വേണം. ഇതിലേക്ക് പഞ്ചായത്തും, ഗവൺമെൻറും യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

### മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്ന സാഹചര്യങ്ങൾ

ചപ്പുചവറുകളും മാർക്കറ്റുകളിലും ആശുപത്രികളിലും നിന്നുള്ള വർജ്യവസ്തുക്കൾ എന്നിവ പൊതു സ്ഥലങ്ങളൽ അലക്ഷ്യമായി കുന്നുകൂടുന്നുണ്ട്. നിരത്തുവക്കുകളിലുള്ള ഹോട്ടലുകൾ, ചായക്കടകൾ, മദ്യഷാപ്പുകൾ തട്ടുകടകൾ എന്നിവ പെരുകിവരുകയാണ്. ഇവിടെ നിന്നും പുറന്തള്ളുന്ന ഭക്ഷ്യാഅവശിഷ്ടങ്ങളും എച്ചിലുകളും പരിസരങ്ങളിൽ അലക്ഷ്യമായി വലിച്ചെറിയുന്നത് സാധാരണമാണ്. ഇറച്ചിക്കടകളിൽ ഉരുക്കളെ വെട്ടിവില്പന നടത്തുന്നത് സ്ലോട്ടർ ഹൗസുകളില്ല. ഇങ്ങനെ നാനാവിധത്തിൽ കുമിഞ്ഞുകൂടുന്ന അഴുക്കുകൾ നിശ്ചിത സ്ഥലങ്ങളിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. മത്സ്യമാർക്കറ്റ് സസ്യമാർക്കറ്റ് മറ്റുവില്പനസങ്കേതങ്ങൾ ഇവയൊന്നും തന്നെ ഇന്നു പ്രവർത്തിക്കുന്നത് യാതൊരുനിയന്ത്രണവുമില്ലാതെയാണ്. ചിങ്ങവനം, പാക്കിൽ, കോടിമത തുടങ്ങി നമ്മുടെ പഞ്ചായത്തിൽ ജനങ്ങൾ ഒത്തുകൂടുന്ന മാർക്കറ്റുകളിൽ നിത്യേന പുറന്തള്ളുന്ന വർജ്ജ്യവസ്തുക്കൾ പരിസരമലിനീകരണത്തിൻെറ പ്രധാന ഉറവിടങ്ങളാണ്. ഇതിനു പരിഹാരം കാണേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നാല്പതോളം ക്രീപ്പ്മില്ലുകൾ പ്രവർത്തിക്കുന്നു. ഇത്രയേറെ ക്രീപ്പ്മില്ലുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ നമ്മുടെ ജില്ലയിൽ വേറെ ഇല്ല. ഫാക്ടറി നിയമപ്രകാരമോ പഞ്ചായത്തുരാജ് നിയമത്തിലെ ബന്ധപ്പെട്ടവകുപ്പുകൾ അനുശാസിക്കുന്ന വിധത്തിലല്ല പ്രവർത്തിക്കുന്നത്. റബ്ബറിനെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന മറ്റുചെറുകിട ഫാക്ടറികളും ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. ഇത്തരം ഫാക്ടറികളിൽ നിന്നും പുറപ്പെടുന്ന മാലിന്യങ്ങൾ നമ്മുടെ തോടുകളിലും, കുളങ്ങളിലും മാലിന്യങ്ങൾ അടിഞ്ഞുകൂടാൻ ഇടയാകുന്നു. വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്ന പ്രദേശമാക

യാൽ ജലമലിനീകരണം വ്യാപകമാകുന്നു. മഹാരോഗങ്ങൾക്ക് വഴി തെളിക്കുന്ന ഈ സാഹചര്യത്തിൽ നിന്നും പരിഹാരനടപടികളിലൂടെ പോംവഴികൾ ആരായേണ്ടതുണ്ട്.

വൻകിടവ്യവസായസ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടം ഉളവാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു പ്രധാന വ്യവസായസ്ഥാപനങ്ങളാണ്, ട്രാവൻകൂർ സിമെൻറ്സ് ഇലക്ട്രോകെമിക്കൽസ്, മലയാളമനോരമ പ്രസ്സ്.

ട്രാവൻകൂർ സിമെന്റ്സ്

കോട്ടയം പട്ടണത്തിന് തെക്ക് നാട്ടകത്ത് സ്ഥിതി ചെയ്യുന്ന ഈ വ്യവസായ സ്ഥാപനം 1949ൽ സർ. സി.പി. രാമസ്വാമി ദിവാനായിരുന്ന കാലത്ത് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി 1.50 കോടി രൂപയുടെ മൂലധനത്തോടുകൂടി ആരംഭിച്ചു. കമ്പനിയുടെ പ്രാരംഭകാലത്തെ ജനറൽ മാനേജർ മിസ്റ്റർ പീറ്റേഴ്സൺ ആയിരുന്നു. മിസ്റ്റർ എസ്. റുഡിംഗറുടെ കാലത്താണ് ഇതിൻെറ സമുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ശ്രീ. സി.എസ്. ലോകനാഥ മുതലിയാർ ആയിരുന്നു കമ്പനിയുടെ സ്ഥാപക ഡയറക്ടർ. ഇവിടത്തെ ആദ്യകാല ഉത്പന്നങ്ങൾ ഗ്രേ സിമിന്റും വൈറ്റ് സിമിന്റും ആയിരുന്നു. ഇപ്പോൾ വൈറ്റ് സിമിന്റും ഷെൽസം സിമിന്റ് പെയിന്റും ആണ് ഉത്പാദിപ്പിക്കുന്നത്. ഈ സ്ഥാപനത്തിൽ ഇന്ന് 29 ഓഫീസ് ജീവനക്കാരും 670 തൊഴിലാളികളുമുണ്ട്. വിവിധ പ്രദേശങ്ങളിലുള്ള ആയിരത്തിൽപരം കുടുംബങ്ങൾ ഈ സ്ഥാപനത്തെ ആശ്രയിച്ച് ജീവിക്കുന്നു. ഈ ഫാക്ടറിയിൽ നിന്നുള്ള അവശിഷ്ടങ്ങളും, രാസപദാർത്ഥങ്ങളും എന്നിവ മൂലമുണ്ടാകുന്ന വായുമലിനീകരണത്തിൻെറ പ്രത്യാഘാതങ്ങൾ നിഷ്ക്കർഷയോടെയുള്ള പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.



ഇലക്ട്രോകെമിക്കൽസ്

ഈ വ്യവസായ സ്ഥാപനം 1945ൽ റജിസ്റ്റർ ചെയ്ത് 1952ൽ ഇൻഡ്യൻ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ച് പൊതുമേഖലയിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യുത്പന്നങ്ങൾ കാത്സ്യം കാർബൈഡ്, പാക്കിംഗ് ഡ്രമ്മുകൾ ഇവയായിരുന്നു. പ്രഥമഘട്ടത്തിൽ 205 ആളുകൾ മാത്രമായിരുന്നു ഇവിടുത്തെ തൊഴിലാളികൾ.

1964ൽ ജി.ഡി. സോമാനിയുടെയും കുടുംബത്തിൻെറയും മാനേജ്മെന്റിലായ ഈ വ്യവസായസ്ഥാപനത്തിൻെറ ഷെയർ ക്യാപ്പിറ്റൽ 1650.60 ലക്ഷം രൂപയും റിസേർവ് 2423.63 ലക്ഷം രൂപയും ആയിരുന്നു.

ഇപ്പോഴത്തെ ഉത്പന്നങ്ങൾ കാത്സ്യം കാർബൈഡ്, ഫെറോസിലിക്കോൺ ഡീസൽഫറൈസേഷൻ കോമ്പോണ്ട്, അസറ്റിലിൻ ബ്ലാക്ക് എന്നിവയാണ്. ഇവിടെ 31 മാനേജർമാരും 167 ഓഫീസ് ജീവനക്കാരും 800 തൊഴിലാളികളും ഉണ്ട്. 1000ൽ പരം കുടുംബങ്ങൾപ്രത്യക്ഷമായും പരോക്ഷമായും വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നു.

സസ്യങ്ങളെയും ജന്തുജാലങ്ങളെയും ഏറെ പ്രതികൂലമായി ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഈ ഫാക്ടറിയിൽനിന്നു ഉണ്ടാകുന്നതായി ജനങ്ങൾ ഭയപ്പെടുന്നു. ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം ജനങ്ങളിൽ ശ്വാസകോശരോഗങ്ങൾക്ക് ഈ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനം ഇടയാക്കുന്നു.

മേൽപറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ നിരവധി മോട്ടോർവാഹനവർക്ക്ഷോപ്പുകൾ സർവ്വീസ് സ്റ്റേഷനുകൾ മറ്റു വ്യവസായ യൂണിറ്റുകൾ തുടങ്ങിയവ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ പാരിസ്ഥിതികപ്രശ്നങ്ങളുണ്ടാക്കുന്ന അന്തരീക്ഷമലിനീകരണവും ജലമലിനീകരണവും പഞ്ചായത്ത് ഗൗരവമായി പരിശോധിച്ച് ആവശ്യമായ പരിഹാരനടപടികൾ കൈകൊള്ളേണ്ടതുണ്ട്. ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനെ യാതൊരു സംവിധാനും നിലവിലില്ല. വീടുകളിൽ നിന്ന് ഉപയോഗശൂന്യമായി പുറന്തള്ളുന്ന പലസാധനങ്ങളും ഖരമാലിന്യങ്ങളായുണ്ട്. പ്ലാസ്റ്റിക്ക്സഞ്ചികൾ ഇപ്പോൾ വ്യാപകമായി പരിസരങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നു. മണ്ണിൽ അലിഞ്ഞുചേരാത്ത ഈ പദാർത്ഥം കുപ്പികൾ, കണ്ണാടിചില്ലുകൾ, ഇരുമ്പിൻെറ അലുമിനിയം, പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവയും പാട്ടകഷണങ്ങൾ ചാ

ക്കിൻെറ അവശിഷ്ടങ്ങൾ ഇങ്ങനെ പലഖരപദാർത്ഥ ളും ശേഖരിച്ച് ഒരിടത്തുനിക്ഷേപിക്കുന്നതിനുള്ള സംവി ധാനം ഉണ്ടാകണം. ഇവ മൊത്തമായി വാങ്ങുന്ന ആക്രി വ്യാപാരികൾക്ക് പുനഃചംക്രമണവ്യവസായസ്ഥാ പനങ്ങളിൽ എത്തിക്കാൻ കഴിയുംവിധം ഏർപ്പാടുണ്ടാ ക്കാവുന്നതാണ്. പുനഃചംക്രമണവ്യവസായയൂണിറ്റ് സ്ഥാപിക്കാൻ കഴിഞ്ഞാൽ ഖരപദാർത്ഥങ്ങളുടെ മലി നീകരണം ഫലപ്രദമായി തടയാൻ കഴിയും. അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചാ യത്തിൽ ഖരമായും, ദ്രവമായും വാതകമായും മാലിന്യ ങ്ങൾ പെരുകുമെന്നതിൽ സംശയമില്ല.

ഡ്രെയിനേജുകൾ വിപുലമായി എല്ലാവാർഡു കളിലും സ്ഥാപിക്കുകുയും കമ്പോസ്റ്റു വളമാക്കുന്നതി നുവേണ്ടി നഗരമാലിന്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴി യുംവിധം പദ്ധതിയുണ്ടാക്കിയാൽ മാർക്കറ്റുകളിൽ നിന്നും, വീടുകളിൽനിന്നും പുറന്തള്ളുന്ന ജൈവമാലി ന്യങ്ങൾ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരി ഹാരം കാണാൻ കഴിയും. പഞ്ചായത്തിലെ തോടുക ളും കുളങ്ങളും മറ്റുജലാശയങ്ങളും കുളവാഴ, ആഫ്രി ക്കൻ പായൽ, മറ്റു ജലസസ്യങ്ങൾ എന്നിവ പടർന്നു കയറി ചീഞ്ഞഴുകുന്നു. വേമ്പനാട്ടുകായലിൻെറ ഓരം ചേർന്നു കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ വേനൽക്കാ ലത്ത് തോടുകളിലെയും, കുളങ്ങളിലെയും വെള്ളം വറ്റു ന്നതിനാൽ അഴുക്കു നിറയുന്നു. തണ്ണീർമുക്കം ബണ്ട് സ്ഥാപിക്കുന്നതിനു മുൻപ് ഓരുവെള്ളം കയറി ഇറ ങ്ങിയിരുന്നതിനാൽ കൃമികീടങ്ങളും കൊതുകും വൻതോ തിൽ നശിച്ചിരുന്നു. വെള്ളത്തിൻെറ ഏറ്റം ഇറക്കങ്ങൾ ഉണ്ടായിരുന്നതിനാൽ അഴുക്കുകൾ ഒഴുകിപോവുകയും തോടുകളിലും കുളങ്ങളിലും വെള്ളം സുലഭമായി നിറ യുകയും ചെയ്തിരുന്നു. ഓരുവെള്ളം കയറിയിരുന്നതി നാൽ കുളവാഴകളും മറ്റുജലസസ്യങ്ങളും വളർന്നിരു ന്നില്ല. നിരവധി ആരോഗ്യപ്രശ്നങ്ങൾ ഈ ബണ്ടു സ്ഥാപിച്ചതുമൂലം വന്നുഭവിച്ചിട്ടുണ്ടെന്നു പറയാതിരി ക്കാൻ കഴിയില്ല. മുഴുവൻ ചീപ്പുകളും എല്ലാകാലത്തേ ക്കും തുറന്നിടുന്നതാണ്. കായലോരഗ്രാമങ്ങളുടെ പ്രത്യേ കിച്ചും കുട്ടനാൻ ഗ്രാമങ്ങളുടെ സമൃദ്ധിയും, ഐശ്വര്യ വും ആരോഗ്യവും പരിരക്ഷിക്കാൻ നടപടികൾ സ്വീക രിക്കേണ്ടതാണ്.

മദ്യപാനശക്തിജനത്തിൽ വ്യാപകമായി വളർന്ന തിനെതുടർന്ന് നമ്മുടെ യുവജനങ്ങളിൽ അനാരോഗ്യ കരമായ ദുർവൃത്തികൾക്കു വഴിതെളിയിക്കുന്ന വാർത്ത കൾ രൂപംകൊള്ളുകയാണ്. വിദ്യാർത്ഥികളിലും എന്തി നേറെ വിദ്യാർത്ഥിനികളിൽപോലും ലഹരി ഉപയോഗി ക്കുന്നതിനുളള വാസനകൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ചാരായം മയക്കുമരുന്നുകൾ, ലഹരിമുറുക്കാൻ, ഗുളിക രൂപത്തിലുള്ള മറ്റു ലഹരിപദാർത്ഥങ്ങൾ ഏറെ പ്രചരി ക്കുന്നുണ്ട്. മാടക്കടകളിലും ബങ്കുകളിലും മാലപോലെ തൂക്കിയിട്ടു വില്പനനടത്തുന്ന ഒരു പ്രത്യേകതരം ചൂയിംഗ് പദാർത്ഥവും ചെറുപ്പക്കാരെ അടിമയാക്കിയിട്ടുണ്ട്. ഇത്തരം പദാർത്ഥങ്ങളുള്ള വ്യാപാരം ഗൗരവമായി തട യേണ്ടതുണ്ട്. വ്യാപാരസ്ഥാപനങ്ങളിലൂടെ വിറ്റഴിക്കപ്പെ ടുന്ന പദാർത്ഥങ്ങൾ, ഹോട്ടലുകളിലും മറ്റും വിറ്റഴിക്ക പ്പെടുന്ന പഴകിയ ഭക്ഷണം, വഴിയോരതട്ടുകടകളിൽ അപ്പപ്പോൾ പാകം ചെയ്തു വിൽക്കുന്ന ഭക്ഷ്യവിഭവ ങ്ങൾ ഇവയെല്ലാം നമ്മുടെ പൊതുജനാരോഗ്യപ്രശ്ന ങ്ങൾക്ക് വഴിതെളിയിക്കുന്നവയാണ്.

ജനങ്ങളുടെ നിരന്തരമായ ശ്രദ്ധയും സഹകര ണവും കൊണ്ടുമാത്രമേ ഇവയെ തടയാനാവൂ. പഞ്ചാ യത്തുതലത്തിൽ വിജിലൻസ് കമ്മറ്റികൾ രൂപീകരിച്ച് അത്തരം കമ്മറ്റികളുടെ ശുപാർശകൾ നടപ്പിലാക്കുന്ന തിനു നിയമസംവിധാനം ഉണ്ടാകേണ്ടതാണ്.

പുറമ്പോക്കുകളിലും, കോളനികളിലും താമസി ക്കുന്നവരുടെ പരിസരങ്ങളിൽ നിറഞ്ഞകൂടുന്ന മാലി ന്യങ്ങളുടെ കൂമ്പാരം അവരെ നിത്യരോഗികളാക്കുന്നു. ഇതിനു പരിഹാരമുണ്ടാകണം. പൊതുകക്കൂസുകൾ പഞ്ചായത്തു നിർമ്മിച്ച് എല്ലാ വാർഡുകളിലും കോളനിനിവാസികൾക്കായി നൽകണം. പുറമ്പോക്കു നിവാസികളെ അവരിപ്പോൾ താമസിക്കുന്ന സ്ഥലങ്ങ ളിൽ നിന്നു മാറ്റിപാർപ്പിക്കണം.

9-ാം പദ്ധതികാലത്ത് പഞ്ചായത്തിൽ സമ്പൂർണ്ണ ആരോഗ്യപദ്ധതി ആവിഷ്ക്കരിക്കണം. എല്ലാവീടു കൾക്കും കക്കൂസും മാലിന്യനിക്ഷേപടാങ്കുകളും സ്ഥാപി ക്കണം.

വിദ്യാലയങ്ങളിൽ ആരോഗ്യബോധനവും വ്യായാ മസൗകര്യങ്ങളും ഉണ്ടാകണം. പട്ടി, പൂച്ച തുടങ്ങിയ ജന്തുക്കളെ വളർത്തുന്നത് അവയ്ക്ക് പേവിഷബാധ യില്ലെന്നു ഉറപ്പാക്കുന്നതിനെങ്കിലും കുത്തിവെയ്പ്പു വ്യാപ കമാക്കുക. അലഞ്ഞുതിരിയുന്നവയെ കാണുന്നിടത്തു വച്ചു നശിപ്പിക്കുക. ഇടവഴികളും, തോടുകളും കാടുംപ ടലും വെട്ടിനീക്കുക. തവളകളെ നിർബാധം വളരാൻ

അനുവദിക്കുക. തവളപിടുത്തം കുറ്റകരമാക്കുക.

കുടിവെള്ളം എല്ലാവീടുകളിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ എത്രയും വേഗം ആരംഭിക്കേണ്ടതുണ്ട്. ഇപ്പോൾ പ്രവർത്തിക്കുന്ന ലോകബാങ്കുപദ്ധതി പ്രകാരമുള്ള ശുദ്ധജലംവിതരണം കുറ്റമറ്റതാക്കുക. വാട്ടർ അതോറിട്ടിയുടെ ചുമതലയിൽ ഇപ്പോൾ നടക്കുന്ന വിതരണാധികാരം പഞ്ചായത്തിനു നൽകിയാൽ മാത്രമേ ഈരംഗത്തെ കുറവുകൾ അപ്പപ്പോൾ പരിഹരിക്കാൻ കഴിയൂ. പൈപ്പുകൾപൊട്ടുന്നതുമൂലം വാർന്നുപോകുന്നവെള്ളത്തിന് പഞ്ചായത്തുഫണ്ടിൽനിന്നും പണം കൊടുക്കേണ്ട ദുസ്ഥിതി ഒഴിവാക്കണം. തങ്ങളുടെതല്ലാത്ത കാരണങ്ങൾ നികുതിദായകൻ നഷ്ടംസഹിക്കാൻ ഇടയാവരുത്. പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു സെക്ഷൻ എങ്കിലുംവേണം. മലിനജലനിയന്ത്രണരംഗത്ത് യാതൊന്നും വാട്ടർഅതോറട്ടറി ഇപ്പോൾ ചെയ്യുന്നില്ല. ഈ അധികാരം പഞ്ചായത്തിനുകൈമാറേണ്ടതാണ്. ഒരു സമ്പൂർണ്ണ ആരോഗ്യസർവ്വേ നടത്തി ഹെൽത്തുകാർഡുകൾ വീടടിസ്ഥാനത്തിൽ നൽകണം. (Family Health Card) കുട്ടികൾക്ക് കാലാകാലങ്ങളിൽ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിന്, പോഷകാഹാരപരിപാടികൾ, മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്നതിനും സംവിധാനം പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉണ്ടാക്കണം.

ഹെൽത്ത്പ്രെമോഷൻ കൗൺസിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിച്ച് പഞ്ചായത്തിലെ പൊതുജനാരോഗ്യപരിരക്ഷയ്ക്ക് ഒരു സമഗ്രപദ്ധതി തയ്യാറാക്കേണ്ടതാണ്. കന്നുകാലികളെ വളർത്തൽ മൂലവും പന്നി, താറാവ്, കോഴി എന്നിത്യാദി ലൈവ്സ്റ്റോക്കുകളുടെ വളർത്തുകേന്ദ്രങ്ങളും പൊതുജനാരോഗ്യപ്രശ്നങ്ങൾ ഇടയാക്കുന്നുണ്ട്. നാട്ടകത്ത് കോടിമതയിലെ പന്നിവളർത്തൽകേന്ദ്രം അതുപോലെതന്നെ വെട്ടിവിൽക്കപ്പെടുന്ന ഉരുക്കളുടെ എല്ലുകൾ കൂട്ടിയിടുന്നതുമൂലവും ഉണ്ടാകുന്ന പ്രശ്നങ്ങൾ, കക്കൂസിൻെറയും അഴുക്കു ടാങ്കുകളുടെയും സമീപത്തു കിണറുകളോ മറ്റ് കുടിവെള്ളസ്രോതസ്സുകളോ ഉണ്ടായിരിക്കാൻ പാടില്ലഅതാണ്. പൊതുനിരത്തിൽ പാത്രങ്ങൾ കഴുകി വെള്ളമൊഴിക്കുക. പൊതുവഴിയോരങ്ങളിൽ മലവിസർജ്ജനം നടത്തുക. ചത്ത എലികളെയോ, മറ്റുചെറിയ ജന്തുക്കളെയോ അലക്ഷ്യമായി എറിഞ്ഞുകളയുക, മത്സ്യത്തിൻെറ മുള്ള്, അവശിഷ്ടങ്ങൾ ഹോട്ടലുകളിലും ഷാപ്പുകളിലും നിന്ന് കുഴിച്ചുമൂടാതെ പൊതുനിരത്തുവക്കിലോ നിക്ഷേപിക്കുക, തുടങ്ങി പൊതുജനാരോഗ്യത്തിന് ഹാനികരമായ പ്രവൃത്തികൾ ബോധവൽക്കരണത്തിലൂടെയും ലഘുശിക്ഷകളിലൂടെയും നിയന്ത്രിക്കാൻ കഴിയണം. പൊതുടാപ്പുകളിൽ നിന്നും വെള്ളം എടുത്ത് കുളിക്കുക, കന്നുകാലികളെ കുളിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കർശനമായി തടയേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ പി. എച്ച്. സെൻററിൻെറ പുതിയകെട്ടിടം ഉടൻ പണിതീർത്ത് 100 കിടക്കകളുള്ള ആശുപത്രിയായി പ്രവർത്തിക്കണം. ആയുർവേദശുപത്രി വികസിപ്പിക്കുന്നതിനും പാരമ്പര്യ വൈദ്യന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ാവിഷ്ക്കരിക്കണം. ഹോമിയോ ചികിത്സാരീതികൾക്ക് പ്രോത്സാഹനത്തിന് പദ്ധതിയാവിഷ്ക്കരിക്കണം.

വാർഡടിസ്ഥാനത്തിൽ കക്കൂസില്ലാത്തവർക്ക് പ്രഥമവിവര ശേഖരണത്തിലൂടെ ലഭിച്ചിട്ടുള്ള കണക്കുകളനുസരിച്ച് കക്കൂസുകൾ നൽകുന്നതിന് സ്കീം തയ്യാറാക്കുക. നിർമ്മൽ 2000 പദ്ധതി പഞ്ചായത്തിൻെറ പ്രദേശത്തു പൂർണ്ണമായും നടപ്പിലാക്കുക.

പഞ്ചായത്തിലെ പൊതുകുളങ്ങളും കിണറുകളും ഇന്നുള്ളവ വികസിപ്പിക്കുക. പുതിയ കുളങ്ങളും കിണറുകളും സ്ഥാപിക്കുന്നതിനുവേണ്ടി ഒരു സർവ്വേ നടത്തുക. സമകാര്യവ്യക്തികളുടെ കുളങ്ങൾ, പഞ്ചായത്തിൻെറ ജലവിതരണാവശ്യത്തിനു പാട്ടത്തിനോ സൗജന്യമായോ നൽകുന്ന പക്ഷം അത്തരം കുളങ്ങളും തേകിയും കേടുപാടുകൾ നീക്കിയും അതാതുവാർഡുകളിൽ ഉപയോഗക്ഷമമാക്കുക. ആറായിരം ഭാഗത്തും 14-ാം വാർഡിലും താമസിക്കുന്നവർക്ക് കുടിവെള്ളവും ചികിത്സാസൗജന്യവും എത്തിക്കുന്നതിനിവേണ്ടി ഒരു മൊബൈൽ ഹെൽത്ത്യൂണിറ്റ് ബോട്ടിൽ ക്രമീകരിച്ച് ക്ലിനിക്കു ലാബോറട്ടറി സെൻററും ഇതിനനുബന്ധമായി പ്രവർത്തിപ്പിക്കണം. നാട്ടകം, തിരുവാർപ്പ്, കുമരകം ഈ മൂന്നു പഞ്ചായത്തു പ്രദേശങ്ങളിൽ വെള്ളക്കെട്ടു പ്രദേശത്തു താമസിക്കുന്നവർക്ക് ജില്ലാ ആശുപത്രിയുടെ നിയന്ത്രണത്തിൽ സംവിധാനമുണ്ടാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഇതുപ്രവർത്തിപ്പിക്കാവുന്നതാണ്.



4 6

# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

നാട്ടകം പഞ്ചായത്തിൽ കരമാർഗ്ഗം, ജല മാർഗ്ഗം, റെയിൽവെ എന്നിവകളാൽ ബന്ധപ്പെട്ടിരിക്കുന്ന മെച്ചമായ ഒരു ഗതാഗത ശൃംഖലയുണ്ട്.

റോഡ് ഗതാഗതം

സ്റ്റേറ്റ് ഹൈവെ വിഭാഗത്തിൽപെട്ട എം.സി. റോഡിൻെറ കോടിമത മുതൽ ചിങ്ങവനം വരെയുള്ള ഭാഗം ഈ പഞ്ചായത്തിൻെറ ഏകദേശം മദ്ധ്യത്തിൽക്കൂടി പോകുന്നു. നിലവിൽ രണ്ടുവരി ഗതാഗതമുള്ള റോഡാണിത്. സർ സി.പി.ദിവാനായിരുന്ന കാലത്താണ് പുരാതനമായ ഈ റോഡിന് വിപുലമായ വികസനപദ്ധതികൾ ആവിഷ്ക്കരിച്ച് ഇതിൻെറ മുഖഛായതന്നെ മാറ്റിയത്. തിരുവിതാംകൂറിൽ ആദ്യമായി ഉപരിതലം കോൺക്രീറ്റു ചെയ്ത റോഡുകളിൽ ഇതും ഉൾപ്പെടുന്നു. കാലക്രമത്തിൽ വീണ്ടും പല ഘട്ടങ്ങളായി വീതി കൂട്ടിയും പാലങ്ങൾ പുതുക്കി പണിതും കൾവെർട്ടുകൾ നിർമ്മിച്ചും വളവുകൾ കുറച്ചും ഉപരിതല പരിവർത്തനങ്ങൾ നടത്തിയും റോഡ് സംരക്ഷിച്ചു പോരുന്നു. ഇന്നത്തെ ട്രാഫിക് സൗകര്യങ്ങൾ പരിഗണിക്കുമ്പോൾ ഇനിയും വളരെയധികം വികസനം ആവശ്യമായിട്ടുള്ള ഒരു റോഡാണിതെന്ന് ട്രാഫിക് സെൻസസും സൂചിപ്പിക്കുന്നു. എം.സി. റോഡ് കൂടാതെ പൊതുമരാമത്ത് വകുപ്പിൻെറ കീഴിൽ മേജർ ഡിസ്ട്രിക്ട് റോഡുകളും മൈനർ ഡിസ്ട്രിക്ട് റോഡുകളും (പട്ടിക കാണുക ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയുടെ എല്ലാം ഉപരിതലം ടാർചെയ്തതാണ്. എങ്കിലും പലതരത്തിലുമുള്ള വികസനപ്രവർത്തനങ്ങൾ ഇനിയും ആവശ്യമാണ്.



വടക്കുംമുട്ടം കടത്തു കടവ്

P.W.D റോഡുകൾക്കു പുറമേ പഞ്ചായത്ത് റോഡുകളുടെ ഒരു ശൃംഖല തന്നെയുണ്ട്. മൊത്തം *308 റോഡുകൾ, കി.മീ. നീളം (പട്ടിക കാണുക) ഉപരിതലം ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ കി.മീ. മാത്രമാണ്. ടാർ ചെയ്യാത്ത പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് എല്ലാ പഞ്ചായത്ത് റോഡുകളുടെയും അറ്റുകറ്റപ്പണികൾ ചെയ്യുന്നതിന് പഞ്ചായത്തിനു സാധിക്കാതെ വരുന്നുണ്ട്. താഴ്ന്നപ്രദേശങ്ങളിലെ റോഡുകൾ മഴക്കാലത്ത് ഒട്ടും ഗതാഗതയോഗ്യമല്ല. പൊക്കം ഇല്ലായ്മയും ഓവുചാലുകൾ അടയുന്നതും കൾവർട്ടുകളുടെ അപര്യാപതതയുമാണ് ഇതിനു പ്രധാന കാരണങ്ങൾ. മിക്കവാറും എല്ലാ പഞ്ചായത്ത് റോഡുകളുടെയും ഉപരിതലം അഭിവൃദ്ധിപ്പെടുത്തുക, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ പൂർത്തിയാക്കുക, മുതലായ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് ഏറ്റെടുക്കാത്തതും പൊതുവഴിയായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ വഴികളും നിലവിലുണ്ട്. ഈ വഴികളും പഞ്ചായത്ത് ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

ജലഗതാഗതം

ആദ്യകാലങ്ങളിൽ ജലഗതാഗതം ഇവിടെ സാർവ്വത്രികമായിരുന്നു. വളരെ പ്രാധാന്യവും ഉണ്ടായിരുന്നു. പഞ്ചായത്തിൽ വ്യാപിച്ചു കിടക്കുന്ന കടവുകൾ ജലഗതാഗതത്തിൻെറ വ്യാപ്തിയെ സൂചിപ്പിക്കുന്നു. ആദ്യകാലത്തു വളവര വച്ച ചെറുവള്ളങ്ങൾ ധാരാളം സഞ്ചാരത്തിനും ഇടത്തരം വള്ളങ്ങൾ (3-10 പതിവ്) നാട്ടിൽ ചരക്കുകൾ കയറ്റി ഇറക്കുന്നതിനും കേവുവള്ളങ്ങൾ (20-25 പതിവ്) ചരക്കുകയറ്റി മുഹമ്മ, ആലപ്പുഴ, കായംകുളം, കൊല്ലം, കൊച്ചി മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോകുന്നതിനും ഉപയോഗിച്ചിരുന്നു. ഒരു കാലയളവിൽ ഇവിടെ ധാരാളം വള്ളങ്ങൾ ഉണ്ടായി

രുന്നു. ഒരു വ്യക്തിക്കു തന്നെ 55 വള്ളങ്ങൾ വരെയുണ്ടായിരുന്നു. ഇന്നു വള്ളങ്ങളുടെ എണ്ണം തന്നെ വളരെയധികം കുറഞ്ഞിരിക്കുന്നു. മോട്ടോർ ബോട്ടിന്റെ ആവിർഭാവത്തോടെ ബോട്ട് ഗതാഗതം കൊടൂരാറ്റിലും, വേമ്പനാട്ടു കായലിലും പള്ളം-ചങ്ങനാശ്ശേരി കനാൽ തുടങ്ങിയ തോടുകളിലും സാർവ്വത്രികമായിരുന്നു. കാലക്രമത്തിൽ തോടുകളിലെ ബോട്ടുഗതാഗതം ഇല്ലാതാവുകയും കൊടൂരാറ്റിൽ കൂടിയും വേമ്പനാട്ടുകായലിൽകൂടിയും ഉള്ള ബോട്ടുഗതാഗതം നാമമാത്രമായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു. ജലാശയങ്ങൾ ആവശ്യമായ സംരക്ഷണം ഇല്ലാതെ വീതിയും ആഴവും കുറഞ്ഞതുകൊണ്ടും ആഫ്രിക്കൻ പായലും ജർമൻ പോളയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായതുകൊണ്ടും ആണ് ജലഗതാഗതം കുറഞ്ഞത്. തടിയുടെ അമിതമായ വില വള്ളങ്ങളുടെ നിർമ്മാണത്തെയും ഉപയോഗത്തെയും വളരെയധികം ബാധിച്ചു. എങ്കിലും കാർഷിക ഉല്പന്നങ്ങളുടെ കയറ്റിഇറക്കിനും മത്സ്യബന്ധനത്തിനും വള്ളങ്ങൾ ഉപയോഗിച്ചു വരുന്നു. നെല്ലും തെങ്ങ്കൃഷിയും ഉള്ള പടിഞ്ഞാറൻ മേഖലകളിലേക്കുള്ള ഏക യാത്രാസൗകര്യവും കാർഷിക ഉല്പന്നങ്ങൾ കരപ്രദേശങ്ങളിൽ എത്തിക്കുന്നതിനുമുള്ള ഏകമാർഗ്ഗവും ജലഗതാഗതമാണ്. താരതമ്യേന ചെലവുകുറഞ്ഞ ഈ ഗതാഗതമാർഗ്ഗം പുനരുദ്ധരിക്കേണ്ടിതു ഏറ്റവും ആവശ്യമാണ്.

റെയിൽ ഗതാഗതം

കോട്ടയം-കൊല്ലം റെയിൽവെ ലൈൻ 7കി.മീ. നീളം ഈ പഞ്ചായത്തിൽക്കൂടി പോകുന്നു. 1951 നുശേഷം ആണ് റെയിൽവേയുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ തുടക്കമിട്ടിട്ടുള്ളത്. മണിപ്പുഴ ദിവാൻകവല റോഡിൽ ഒരു റെയിൽവെ ഗേറ്റ് ഉണ്ട്. ഇവിടെ ഓവർ ബ്രിഡ്ജ് അനിവാര്യമാണ്. ഇതിന്റെ അഭാവത്തിൽ റോഡ് ഗതാഗതത്തിന് വളരെയധികം ബുദ്ധിമുട്ടുകളും സമയനഷ്ടവും ഉണ്ടാകുന്നു. ചിങ്ങവനത്ത് ഒരു ലെവൽക്രോസ് ഇല്ലാത്തതുകൊണ്ട് ഇരുവശവുമുള്ള റോഡുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു സാധിക്കുന്നില്ല. ചിങ്ങവനം സ്റ്റേഷനിലെ യാത്രാബാഹുല്യവും ഗുഡ്സ് ബുക്കിംഗ് സൗകര്യവും പരിഗണിക്കുമ്പോൾ വളരെയധികം പ്രാധാന്യമുള്ള ഒരു സ്റ്റേഷനാണിത്. ഇവിടെ പ്ലാറ്റ്ഫോമിൽ ഒരു ഫ്ലൈ ഓവർ ഫുട്ട് ബ്രിഡ്ജും ആവശ്യമാണ്. കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പും അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 30 ബസ്സ്റ്റോപ്പുകളും 3 ടാക്സി സ്റ്റാന്റുകളും, 15 ഓട്ടോ സ്റ്റാൻഡുകളും , ജലഗതാഗതത്തിന് മുട്ടം, പള്ളം, Fബ്ലോക്ക് എന്നീ ബോട്ടുജെട്ടികളുമുണ്ട്. ലോറിസ്റ്റാൻഡുകൾ ഒന്നും തന്നെയില്ല. പള്ളം ബോട്ടുജെട്ടി ഒഴികെ മറ്റിടങ്ങളിൽ സ്ഥായിയായ സൗകര്യങ്ങൾ ഇല്ല.

| നാട്ടകം പഞ്ചായത്തിലെ P.W.D. റോഡുകൾ | |
|---|---|
| I സ്റ്റേറ്റ് ഹൈവേ | |
| എം.സി. റോഡ്:- (കോടിമത മുതൽ ചിങ്ങവനം വരെ) 142 / 300 മുതൽ 151 / 100 | 8.800 k.m. |
| II മേജർ ഡിസ്ട്രിക്ട് റോഡുകൾ | |
| 1. പാക്കിൽ ലൂപ്പ് റോഡ് (അകവളവു മാവിളങ്ങ്) | 2.400k.m. |
| 2. പള്ളം ലൂപ്പ് റോഡ് (മുളങ്കുഴ-ചിങ്ങവനം) | 4.400k.m. |
| 3. 94-ാം മൈൽ എം.സി. റോഡ് (പുന്നയ്ക്കൽ ചുങ്കം റോഡ്) | 3.622k.m. |
| 4. പള്ളം തോട്ടയ്ക്കാട് റോഡ് (പാർട്ട്) | 3.100k.m. |
| 5. ചിങ്ങവനം ലക്ഷ്മിപുരം ലാൻഡിംഗ് (പനച്ചിയ്ക്കാട് റോഡ് പാർട്ട്) | 2.100k.m. |
| 6. പള്ളം പുതുപ്പള്ളി റോഡ് (പാർട്ട്) | 3.100k.m. |
| | 18.622k.m. |
| IIIമറ്റ് ഡിസ്ട്രിക്ട് റോഡുകൾ | |
| 1. നാട്ടകം ഗവ. ഹൗസ് മുതൽ പള്ളം പുതുപ്പള്ളി റോഡ് | 0.800k.m. |
| 2. 92-ാം മൈൽ എം. സി. റോഡ് മുതൽ പാറയിൽ വലയിൽക്കടവ് റോഡ് | 1.020k.m. |

IV പഞ്ചായത്ത് റോഡുകൾ

** അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക*

പ്രശ്നങ്ങൾ

1. എം. സി. റോഡിലെ ഗതാഗതവർദ്ധനവ് പരിഗണിക്കുമ്പോൾ നിലവിലുള്ള വീതി അപര്യാപതമാണ്. സൈഡു സംരക്ഷണ ജോലികളും വളവുകൾ കുറയ്ക്കുന്നതും മറ്റും പൂർത്തിയായിട്ടില്ല.
2. മറ്റ് പി. ഡബ്ല്യൂ. ഡി. റോഡുകളും ട്രാഫിക്കിന് അനുസരണമായ വീതിയും മറ്റ് സൗകര്യങ്ങളും ഉള്ളവയല്ല.
3. എം. സി. റോഡിൽ നിന്നും തോട്ടുതീരത്തേക്കും, ആറ്റുതീരത്തെക്കും, വേമ്പനാട്ടുകായൽ തീരത്തേക്കും വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇല്ല.
4. എം. സി. റോഡിൽ പല ഭാഗങ്ങളിലും കവിഞ്ഞൊഴുകുന്ന മഴവെള്ളം പോകുന്നതിന് ഓടയും മറ്റ് ജലനിർഗ്ഗമനമാർഗ്ഗങ്ങളും കുറവാണ്.
5. ചില വാർഡുകളിൽ വേണ്ടത്ര പഞ്ചായത്ത് റോഡു

കൾ ഇല്ല.

6. നിലവിലുള്ള എല്ലാ പഞ്ചായത്ത് റോഡുകളുടെയും നിലവാരം മോശമാണ്. ഓടകളും കലുങ്കും ഇല്ല. വീതിയും കുറവാണ്.

7. മഴക്കാലത്ത് കയറി നിൽക്കുന്നതിന് ബസ്സ്റ്റോപ്പുകളിൽ ഷെൽറ്ററുകളില്ല.

8. റോഡുകളുടെ അറ്റകുറ്റപ്പണികൾ വർഷത്തിൽ ഒരിക്കൽ പോലും നടത്താറില്ല.

9. വളരെയധികം കർഷകരും കർഷകത്തൊഴിലാളികളും യാത്ര ചെയ്യേണ്ട പാടശേഖരങ്ങളിൽ, എത്തിച്ചേരുന്നതിനും അവരുടെ ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനും വാഹന ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല.

10. റോഡ് വളവുകളിലും ജംഗ്ഷനുകളിലും ആവശ്യത്തിന് ഡിവൈഡറുകൾ ഇല്ല.

11. റോഡുകൾക്ക് സ്ഥലം ലഭിക്കുവാൻ പ്രയാസമാണ്.

12. സ്വകാര്യ ഭൂമികളിൽക്കൂടി പോകുന്ന പല റോഡുകളും പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.

13. ബോട്ട് ജട്ടികൾ എല്ലാം സ്ഥിരമായി പണികഴിച്ചിട്ടില്ല.

14. കടത്ത് വള്ളങ്ങൾക്ക് അടുക്കുവാൻ ജട്ടി സൗകര്യങ്ങൾ ഇല്ല.

15. ജലഗതാഗതത്തിനുള്ള തോടുകൾ ആഴവും വീതിയും കുറഞ്ഞും ആണ്ടിൽ കൂടുതൽസമയവും ആഫ്രിക്കൻ പോളയും ജർമൻ പോളയും നിറഞ്ഞു ഗതാഗതയോഗ്യമാല്ലാതെ കിടക്കുന്നു.

16. കാലപ്പഴക്കമുള്ളതും വീതി കുറഞ്ഞതുമായ പാലങ്ങളും കൽക്കെട്ടും പുതുക്കി പണിയണം.

17. കടവുകളിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് സൗകര്യമില്ല.

18. റോഡ് പുറമ്പോക്കുകളിൽ അനധികൃതമായ കൈയ്യേറ്റം വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തടസ്സമുണ്ടാകുന്നു.

19. തോടിനും ആറിനും മീതെയും പാടശേഖരങ്ങളുടെ പുറം ബണ്ടുകളിൽകൂടിയുമുള്ള ഗതാഗതത്തിന് എഞ്ചിൻതറകളുടെയും കൈതോടുകളുടെയും കുറുകെയും ആവശ്യത്തിന് നടപ്പാലങ്ങളില്ല.

പ്രശ്നപരിഹാരങ്ങളും സാധ്യതകളും

1. എം.സി.റോഡ് കോടിമത മുതൽ ചിങ്ങവനം വരെ നാലുവരി ട്രാഫിക്കിന് ഉതകുന്ന വിധം വീതി കൂട്ടുവാൻ നടപടികൾ സ്വീകരിക്കണം.

2. റോഡുകളുടെ വളവുകൾ കുറയ്ക്കുക, കേടുപാടുകൾ വന്ന പാലങ്ങളും കലുങ്കുകളും പുതുക്കിപ്പണിയുക, ആവശ്യത്തിന് ഓടകൾ പണിയുക തുടങ്ങിയ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുക.

3. ഗതാഗതസൗകര്യം കുറഞ്ഞ വാർഡുകളിൽ മുൻഗണന കൊടുത്തു പുതിയ റോഡുകൾ നിർമ്മിക്കുക.

4. പ്രധാനപ്പെട്ട പഞ്ചായത്ത് റോഡുകളുടെ ഉപരിതലം ടാർ ചെയ്യുക, മറ്റ് റോഡുകളുടെ ഉപരിതലം അഭിവൃദ്ധിപ്പെടുത്തുക, ആവശ്യമുള്ള ഓടകളും ഓവുചാലുകളും നിർമ്മിക്കുക തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്ക് ഒരു സമഗ്രവികസന പരിപാടി തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ചെയ്തു തീർക്കുക.

5. പഞ്ചായത്ത് സ്പോൺസറന്മാരെ കണ്ടുപിടിച്ച് എല്ലാ ബസ്സ്റ്റോപ്പുകളിലും ഷെൽറ്ററുകൾ നിർമ്മിക്കുക.

6. എല്ലാ പഞ്ചായത്ത് റോഡകുളുടെയും അറ്റുകറ്റപ്പണികൾ കാലാകാലങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കുക.

7.എം.സി. റോഡിൽ നിന്നും കടവുകളിലേക്കും ബോട്ടുജെട്ടികളിലേക്കുമുള്ള റോഡുകൾ മുൻഗണനകൊടുത്ത് പുനരുദ്ധരിക്കുക.

8.എല്ലാ കടവുകളും സ്റ്റെപ്പ് കെട്ടിയും അരികുസംരക്ഷണജോലികൾ നടത്തിയും വാഹന പാർക്കിങ്ങിനു സ്ഥലം കണ്ടെത്തിയും വികസിപ്പിക്കുക.

9. തോടുകളിലും ആറുകളിലുമുള്ള പോള വാരിമാറ്റി നശിപ്പിച്ച് ഗതാഗതയോഗ്യമാക്കുന്നതിനും, ജലാശയങ്ങൾ മണ്ണൊലിപ്പു തടഞ്ഞ് അരികുസംരക്ഷിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.

10. പാടശേഖരങ്ങളിലേക്ക് എത്തത്തക്കവിധം വാഹനയോഗ്യമായ റോഡുകൾ എം.സി. റോഡുമായി ബന്ധിക്കത്തക്കവിധത്തിൽ നിർമ്മിക്കുക.

11. പഞ്ചായത്ത് റോഡുകൾക്ക് ആവശ്യമായ സ്ഥലംകഴിവതും സറണ്ടർ ചെയ്തു കിട്ടുന്നതിന് സാധ്യതകൾ നടത്തുക.

12. റോഡുകളിൽ ആവശ്യത്തിന് ഡിവൈഡറുകളും സൈൻബോർഡുകളും സ്ഥാപിക്കുക.

13. സ്വകാര്യഭൂമികളിലും കാലാകാലങ്ങളായി ഉപയോഗിച്ചു വരുന്നതാണെങ്കിൽ പഞ്ചായത്ത് ഏറ്റെടുക്കുക.

14. ജലഗതാഗതത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പുതിയ ബോട്ട് ജെട്ടികൾ അനുവദിക്കുകയും ചെയ്യുക.

15. പുരാതന ജലഗതാഗത തോടുകൾ ഉപയോഗയോഗ്യമല്ലാതായി കിടക്കുന്നത് മുൻഗണനയോടുകൂടി അഭിവൃദ്ധിപ്പെടുത്തുക.

16. റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവരെ കോളജ് അടിസ്ഥാനത്തിൽ പല ഭാഗങ്ങളിലായി പുനരധിവസിപ്പിക്കുക. ആയതിന് സമയബന്ധിതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

## * നാട്ടകം ഗ്രാമപഞ്ചായത്തിലെ റോഡുകൾ

| | പേര് | നീളം/മീറ്റർ | വീതി/മീറ്റർ |
|---|---|---|---|
| 1. | മാർ അപ്രേം സെമിനാരി ഫാക്ട് കടവ് | 600 | 8 |
| 2. | മുളയ്ക്കാഞ്ചിറ കാവനാടിപാലം (പുത്തൻ പാലം) | 800 | 1.50 |
| 3. | ഫാക്ട് ചിങ്ങവനം ചാപ്പൽ (വട്ടത്തകിടി) | 500 | 3 |
| 4. | ഫാക്ട് ചിങ്ങവനം മാർക്കറ്റ് | 1000 | 3 |
| 5. | എം. സി. റോഡ് (കത്തോലിക്കപള്ളി) | 300 | 3 |
| 6. | മുളയ്ക്കഞ്ചിറ തോട് ഓൾഡ് ഏ. സി. റോഡ് | 500 | 5 |
| 7. | എം. സി. റോഡ്, ചിങ്ങവനം കോൺവെൻറ് | 120 | 3.30 |
| 8. | മാവേലി കാളിശേരി റോഡ് | 400 | 2.50 |
| 9. | ഫാക്ട് ശിവ ടെമ്പിൾ | 150 | 3 |
| 10. | ഫാക്ട് കടവ് പുത്തൻപാലം | 800 | 6.40 |
| 11. | കാളിശേരി സെൻറ് തോമസ് എച്ച്. എസ് | 500 | 2.50 |
| 12. | കനകക്കുന്ന് ശ്രീവിലാസം | 300 | 3.50 |
| 13. | കനകക്കുന്ന് കുഴിമറ്റം | 10000 | 4.00 |
| 14. | കുത്തുകല്ലുങ്കൽ (Old M.C.) | 500 | 3.00 |
| 15. | ബഥനി അക്കരപറമ്പ് | 400 | 3.00 |
| 16. | എഫ്. എ. സി. റ്റി. മണ്ണങ്കര | 400 | 2.50 |
| 17. | Old M.C. പറമ്പത്ത് | 200 | 2.50 |
| 18. | വാഴച്ചിറ എസ്. പുരം | 300 | 3.50 |
| 19. | വാലുപറമ്പ്, Siva Temple | 500 | 3 |
| 20. | M.C. Road വാഴച്ചിറ ശിവംഗലം | 400 | 4 |
| 21. | മാർ അപ്രേം സെമിനാരി റേയിൽവേ | 500 | 4 |
| 22. | റെയിൽവേ ഓവർബ്രിഡ്ജ് കാവനാടി | 650 | 6 |
| 23. | ചിങ്ങവനം പോളച്ചിറ ലക്ഷംവീട് | 500 | 3.50 |
| 24. | മൂലംകുളം നീലഞ്ചിറ | 600 | 5 |
| 25. | മൂലംകുളം കളരിത്തറ | 400 | 2.50 |
| 26. | റെയിൽവേക്രോസ് കാവനാടി | 600 | 3 |
| 27. | പാറയിൽ മണിമല നടവഴി | 120 | 2 |
| 28. | പാലമൂട് റെയിൽവേ | 110 | 6 |
| 29. | പാലമൂട് നാട്ടുവാ-മണിമല | 140 | 3 |
| 30. | പാലമൂട് നാട്ടുവ | 400 | 6 |
| 31. | വട്ടത്തകിടി പാലമൂട് | 60 | 5.250 |
| 32. | എം. സി. റോഡ്, പോളച്ചിറ | 440 | 2.5 |
| 33. | പാലമൂട് സ്ക്കൂൾ വട്ടത്തകിടി | 200 | 2.50 |
| 34. | സ്റ്റീൽ കോൺ മത്തായിപ്പറമ്പ് | 400 | 3 |
| 35. | കാളിശ്ശേരി ഇല്ലത്തുകുളം | 200 | 3 |
| 36. | പോളച്ചിറ ലക്ഷം വീട് പള്ളികുന്ന് | 500 | 2.50 |
| 37. | മൂലംകുളം ജയിംസ് ഇൻഡ്യ | 500 | 3.50 |
| 38. | മൂലംകുളം കൊച്ചുമമ്പലം | 200 | 2 |
| 39. | മാവിളങ്ങ് കാഞ്ഞിരം | 500 | 3 |
| 40. | മാവിളങ്ങ് റോഡ് | 800 | 3 |
| 41. | ചെരുമച്ചേരി ചന്തക്കടവ് റോഡ് | 200 | 3 |
| 42. | വലിയപറമ്പ് റോഡ് | 250 | 3 |
| 43. | മാവിളങ്ങ് സഹൃദയ | 200 | 3 |
| 44. | മാവിളങ്ങ് നട | 100 | 3 |
| 45. | മാവിളങ്ങ് ചിങ്ങവനം | 500 | 3 |
| 46. | കുന്നുംപുറത്ത് റോഡ് | 400 | 3 |
| 47. | തൈപറമ്പ് റോഡ് | 250 | 3 |
| 48. | നെടുംപറമ്പ് റോഡ് | 300 | 3 |
| 49. | പുത്തൻപുര എസ്. എൻ. ഡി. പി. റോഡ് | 300 | 2.50 |
| 50. | പുത്തൻപുര റോഡ് | 300 | 2.50 |
| 51. | മാവിളങ്ങ് വാതക്കാട് | 500 | 2.50 |
| 52. | പുല്ലാട്ടുകുളങ്ങര | 100 | 3 |
| 53. | കണ്ണങ്കര റോഡ് | 400 | 3 |
| 54. | മാമ്പലത്തു വാലിയിൽ കടവ് | 500 | 3 |
| 55. | ചിങ്ങവനം ഫിഷ് മാർക്കറ്റ് വാതക്കാട് | 750 | 3 |
| 56. | മാവിളങ്ങ് ടെമ്പിൾ എസ്. എൻ. ഡി. പി. പള്ളം | 800 | 3 |
| 57. | ചിങ്ങവനം വാതക്കാട്ട് മാർക്കറ്റ് ലാൻഡിങ്ങ് | 500 | 3.50 |
| 58. | മണക്കാട്ട് വാതക്കാട്ട് | 500 | 3 |
| 59. | വാതക്കാട്ട് കല്ലൂർ | 110 | 3 |
| 60. | പീടികപറമ്പ് മാവിളങ്ങ് | 100 | 3 |

| | | | |
|---|---|---|---|
| 61. | വാതക്കാട്ട് - മണിമല വടക്കേതിൽ | 150 | 2 |
| 62. | എം. സി. റോഡ് - ഇളമ്പളാശേരി | 150 | 150 |
| 63. | പള്ളം യു. പി. എസ്. - അറയ്ക്കൽ | 500 | 3.50 |
| 64. | എം. സി. റോഡ് - നേച്ചേരി പറമ്പ് | 150 | 2 |
| 65. | എം. സി. റോഡ് - കോഴിമറ്റം | 200 | 2.50 |
| 66. | കൊണ്ടൂർ - കേളച്ചന്ദ്ര | 200 | 3 |
| 67. | മാവിലങ്ങ് - അറയ്ക്കത്തറ | 400 | 3 |
| 68. | കുന്നുതറ - പാലക്കുടി | 120 | 4 |
| 69. | പാട്ടാശ്ശേരി റോഡ് | 800 | 3 |
| 70. | വാതക്കാട്ട് റോഡ് | 500 | 3.5 |
| 71. | വേഴയ്ക്കാട്ട് റോഡ് | 800 | 3 |
| 72. | നന്ദ്യാട്ട് - പുല്ലാട്ട് റോഡ് | 500 | 3 |
| 73. | ചിങ്ങവനം - വെട്ടിത്തറ | 500 | 6 |
| 74. | പള്ളം - കരിമ്പിൻകാലാക്കടവ് | 500 | 3 |
| 75. | പാറപ്പുറം റോഡ് | 500 | 3 |
| 76. | മൂശ്ശാരികുളങ്ങര റോഡ് | 400 | 2.40 |
| 77. | പാറയിൽ പടിഞ്ഞാറേ കൊട്ടാരം | 600 | 2.50 |
| 78. | കളരിയ്ക്കൽ റോഡ് | 600 | 3 |
| 79. | എസ്. എൻ. ഡി. പി. അറയ്ക്കൽ | 500 | 3 |
| 80. | പ്ലാമ്പറമ്പ് റോഡ് | 500 | 3 |
| 81. | പോസ്റ്റോഫീസ് - ശ്രാമ്പിക്കടവ് | 500 | 3 |
| 82. | പെരിഞ്ചേരി റോഡ് | 500 | 3 |
| 83. | കൊല്ലംപറമ്പ് - മൂശാരികുളങ്ങര | 100 | 2 |
| 84. | വെള്ളുത്തോട്ടം റോഡ് | 400 | 2 |
| 85. | ഇടത്തുംപടി റോഡ് | 400 | 3 |
| 86. | സി. എസ്. ഐ. ശ്രാമ്പിയിൽ | 30 | 3 |
| 87. | പാറയിൽ | 300 | 2 |
| 88. | ടാഗോർ ക്ലബ്, കാഞ്ഞിരത്തുംമൂട് | 200 | 2.50 |
| 89. | ബുക്കാനാ ടാഗോർ ക്ലബ് | 250 | 2.50 |
| 90. | പള്ളംപാടം പുറമ്പോക്കുവഴി | 350 | 2 |
| 91. | ജഡ്ജി ആറായിരം വിളക്കുമരം മുതൽ ആറായിരം നടപ്പാത | 500 | 2 |
| 92. | മാവിളങ്ങ് പരുത്തുംപാറ | 600 | 3.60 |
| 93. | പള്ളം പന്നിമറ്റം | 1000 | 5 |
| 94. | റേയിൽവേ മൂലംകുളം | 500 | 4 |
| 95. | കരിമ്പിലമ്പലം മൂലംകുളം | 300 | 3.50 |
| 96. | കാഞ്ഞിരവളവ് പന്നിമറ്റം | 400 | 2.50 |
| 97. | പന്നിമറ്റം എൽ. എച്ച്. എസ്. പുത്തൻപറമ്പ് | 250 | 3 |
| 98. | വൈ. ഡബ്ല്യൂ. സി. എ. മാവിളങ്ങുചിറ | 150 | 13 |
| 99. | പന്നിമറ്റം ഒ. എൽ. എച്ച്. എസ്. റോഡ് | 300 | 3 |
| 100. | കിഴക്കേചെമ്പിത്തറ | 100 | 3 |
| 101. | പുല്ലാട് മാവിളങ്ങുചിറ | 150 | 2 |
| 102. | കാഞ്ഞിരത്തുംമൂട് റെയിൽവേസ്റ്റേഷൻ | 200 | 2 |
| 103. | വൈ. ഡബ്ല്യൂ. സി. എ. മറ്റത്തിൽ | 150 | 3 |
| 104. | കരിമ്പിൽ അമ്പലം വട്ടച്ചിറ | 200 | 3 |
| 105. | എം.സി. റോഡ് മാവിളങ്ങ് | 250 | 3 |
| 106. | കണ്ണമ്പുറം പന്നിമറ്റം ഒ. എൽ. എച്ച്. എസ്. | 200 | 2 |
| 107. | കാഞ്ഞിരവളവ് റയിൽവേ ലൈൻ | 300 | 2.50 |
| 108. | സെൻറ് ജോർജ്ജ് കവലയ്ക്കൽ | 150 | 2.50 |
| 109. | റെയിൽവേലൈൻ കരിമ്പിലമ്പലം | 150 | 1.50 |
| 110. | സി. എം. എസ്. മാവിളങ്ങ് | 200 | 2 |
| 111. | റയിൽവെസ്റ്റേഷൻ പള്ളം ലൂപ്പ് റോഡ് | 600 | 3 |
| 112. | പീടികേപറമ്പ് കണ്ണമ്പുറത്ത് | 250 | 2.50 |
| 113. | സി. എം. എസ്. എച്ച്. എസ്. ലക്ഷംവീട് പന്നിമറ്റം | 350 | 3 |
| 114. | ആശാൻപടി മാവിളങ്ങ് ചിറ | 250 | 4 |
| 115. | പന്നിമറ്റം വല്ലഭശ്ശേരി | 300 | 2 |
| 116. | ആക്കളം ബതേസ്ഥ | 200 | 2 |
| 117. | പാലക്കുടി പരുത്തുംപാറ | 150 | 3 |
| 118. | ഗോമതി റയിൽവേലൈൻ | 100 | 3 |
| 119. | മണക്കാട് റയിൽവേലൈൻ | 100 | 3 |
| 120. | മുണ്ടകത്തികടവ് റോഡ് | 400 | 4 |
| 121. | പള്ളിക്കുന്നു റോഡ് | 600 | 2 |
| 122. | സി. വി. സ്റ്റോർ നെടുമ്പറമ്പിൽ | 500 | 3 |
| 123. | കോയിത്തറ പ്ലാമ്പറമ്പ് | 250 | 2 |

| | | | |
|---|---|---|---|
| 124. | ഇല്ലിമൂട് ഇരുപത്തിയെട്ടാംകവല | 600 | 8 |
| 125. | പി. ഒ. ജംഗ്ഷൻ മാവിളങ്ങ് | 375 | 8 |
| 126. | അരിയത്തുപറമ്പിൽ നടവഴി | 200 | 2 |
| 127. | സി. എം. എസ്. എച്ച്. എസ്. കരിമ്പിൻകാല | 140 | 7 |
| 129. | ബോർമ്മക്കവല മുണ്ടകത്തികടവ് | 350 | 4 |
| 130. | കാരമുടി ചർച്ച് | 85 | 3 |
| 131. | ബോർമ്മകവല ഇരുപത്തിയെട്ടാംകവല | 210 | 5 |
| 132. | മുണ്ടകത്തിൽ കടവ് പാംമ്പൂരിൽ | 300 | 2 |
| 133. | പാക്കിൽ ചിറ റോഡ് | 250 | 3.50 |
| 134. | പുത്തൻപറമ്പ് ഇല്ലിമൂട് എസ്. എൻ. ഡി. പി. | 200 | 3 |
| 135. | റോസ്‌വില്ല പാറേക്കടവ് | 200 | 2.50 |
| 136. | പുളിമൂട് മറ്റത്തിൽ | 150 | 2.20 |
| 137. | ആനകുത്തിറോഡ് | 500 | 5 |
| 138. | പടനിലത്ത് റോഡ് | 500 | 3 |
| 139. | പൊഞ്ചിയപള്ളി റോഡ് | 800 | 2 |
| 140. | അറയ്ക്കൽപടി എം. സി. റോഡ് | 800 | 2 |
| 141. | പാക്കിൽ അകവളവ് | 600 | 3 |
| 142. | യോഗീശ്വരം ടെമ്പിൾ റോഡ് | 630 | 5 |
| 143. | കൈച്ചേരി റോഡ് | 200 | 3 |
| 144. | പാക്കിൽ കവല | 200 | 3 |
| 145. | പ്ലാപ്പള്ളി റോഡ് | 320 | 3 |
| 146. | പാക്കിൽ ചുനക്കര | 120 | 3 |
| 147. | ഈഴവങ്കാട്ട് | 350 | 3 |
| 148. | തൈയിൽ മറ്റം | 200 | 6.6 |
| 149. | എം. സി. റോഡ് പുതുവീട്ടിൽ | 120 | 3 |
| 150. | N. Side വടക്കേ കോതകരി | 250 | 1 |
| 151. | നച്ചേട്ട് വിശ്വകർമ്മ | 100 | 3 |
| 152. | പാക്കിൽ ചർച്ച് പടനിലം | 200 | 3 |
| 153. | സെൻറ് പോൾസ് ചർച്ച് മട്ടാഞ്ചേരി | 150 | 3 |
| 154. | എട്ടുപടി കൊച്ചുവീട് | 75 | 3 |
| 155. | ചേരകത്തുശ്ശേരി റോഡ് | 100 | 2 |
| 156. | വടക്കെ കുറ്റ് റോഡ് | 200 | 2.5 |
| 157. | എം. സി. റോഡ്, വാലയിൽ മറ്റം | 200 | 2 |
| 158. | മാന്തറ നടവഴി | 250 | 1.20 |
| 159. | ചാത്തമല റോഡ് | 300 | 4 |
| 160. | കുമ്പളശ്ശേരി നടവഴി | 100 | 2 |
| 161. | ഗവ. ഹോസ്പിറ്റൽ അറക്കപടി | | |
| 162. | എം. സി. റോഡ് വിശ്വകർമ്മ ടെമ്പിൾ | 200 | 2.50 |
| 163. | എട്ടുപടി പഞ്ചായത്തുകടവ് | | |
| 164. | എം. സി. റോഡ് കളപുരക്കൽ | | |
| 165. | മറിയപ്പള്ളി കളപ്പുരകടവ് | 800 | 3 |
| 166. | മുട്ടം കളപ്പുരുകടവ് | 600 | 4 |
| 167. | മറിയപ്പള്ളി കോളനി | 300 | 3 |
| 168. | മുട്ടം മറിയപ്പള്ളി | 800 | 5 |
| 169. | മറിയപ്പള്ളി ടെമ്പിൾ | 500 | 5 |
| 170. | മറിയപ്പള്ളി കണ്ണാടികടവ് | 250 | 5 |
| 171. | മറിയപ്പള്ളി ടെമ്പിൾ മുട്ടം | 300 | 2 |
| 172. | മുട്ടം ചെറുപള്ളി കാവ് പൊൻകുന്നത്ത് | 800 | 2 |
| 173. | പാറയിൽ റോഡ് | 400 | 2.50 |
| 174. | തടത്തിൽ | 200 | 3 |
| 175. | കാവുങ്കൽ | 400 | 3 |
| 176. | തടത്തിൽ കരോട്ട് ഇൻഡ്യപ്രസ് | 230 | 3 |
| 177. | തടത്തിൽ കരോട്ട് | 100 | 2 |
| 178. | എം. സി. റോഡ് മുട്ടം പാറക്കടവ് | 700 | 4 |
| 179. | മറിയപ്പള്ളി ഗവ. എച്ച്. എസ്. കോളജ് റോഡ് | 300 | 3 |
| 180. | തടത്തിൽ (പുത്തൻ പറമ്പ് സുധേവ് റോഡ് | 110 | 2 |
| 181. | തടത്തിൽ പുത്തൻ പറമ്പ് നടവഴി | 100 | 2 |
| 182. | എം. സി. റോഡ് മറിയപ്പള്ളി പി. ഒ | 150 | 2 |
| 183. | കണ്ണാടി കടവ് | 80 | 8 |
| 184. | മറിയപ്പള്ളി മുട്ടം റോഡ് കളപ്പുര കടവ് | | |
| 185. | കാവിൽ പറമ്പ് റോഡ് | | |
| 186. | ഓണാട്ട് റോഡ് | | |

| | | | |
|---|---|---|---|
| 187. | പുത്തൻ മഠം റോഡ് | | |
| 188. | മുട്ടം രഞ്ജിനി കവല മുതൽ പതിപറമ്പ് | | |
| 189. | കാക്കൂർ റോഡ് | 1000 | 3 |
| 190. | ചെട്ടികുന്ന് പുത്തൻ പുരയ്ക്കൽ | 400 | 2.40 |
| 191. | ചെട്ടിപറമ്പ് ഇരുപതിൽ | 300 | 2.50 |
| 192. | വള്ളിത്തോട് ഒ. എൽ. എച്ച്. എസ്. റോഡ് | 800 | 3 |
| 193. | കൊച്ചുതൊപ്പ് കത്തോലിക്ക ചർച്ച് | 250 | 3 |
| 194. | പാലത്തിങ്കൽ തോപ്പ് | 400 | 3 |
| 195. | ഗോമതി ഇരുപതിൽ പറമ്പ് | 200 | 2 |
| 196. | ചെറുതുരുത്തി പനമ്പുന്ന | 300 | 3 |
| 197. | പനമ്പുന്ന പാക്കിൽ | 300 | 3 |
| 198. | ഇല്ലിമൂട് ഇരുപതിൽ പറമ്പ് | 400 | 3 |
| 199. | പാക്കിൽ മാർക്കറ്റ് റോഡ് | 60 | 5 |
| 200. | അറക്കപറമ്പ് കാക്കനാട് | 200 | 3 |
| 201. | പൂവത്തുമൂട് വഞ്ചിതോട് | 200 | 2.5 |
| 202. | മുരിക്കവേലി വഞ്ചിതോട് | 200 | 2.5 |
| 203. | ചേരിക്കൽ 50ൽ ചിറ | 600 | 3 |
| 204. | പാലത്തിങ്കൽ തോപ്പ് ലക്ഷംവീട് | 150 | 3 |
| 205. | ചെറുതുരുത്തി പാക്കിൽ | 200 | 3 |
| 206. | ചെട്ടികുന്ന് 20ൽ കടവ് | 200 | 3 |
| 207. | മോശമല്ലൂർ 20ൽ | 200 | 2.50 |
| 208. | വഞ്ചിത്തോട് ലക്ഷംവീട് | 150 | 2.50 |
| 209. | സി. എം. എസ്. എച്ച്. എസ്. പന്നിമറ്റം ഒ. എൽ. എച്ച്. എസ്. | 500 | 3.50 |
| 210. | അൻപതിൽ ചിറ റോഡ് | 200 | 2.50 |
| 211. | മഠത്തിപറമ്പ് റോഡ് | 300 | 2 |
| 212. | മുട്ടം സിമൻറ് ഫാക്ടറി ക്വാർട്ടേഴ്സ് | 1000 | 4 |
| 213. | മുളങ്കുഴ പാറക്കടവ് | 400 | 2.50 |
| 214. | കൊല്ലുമല | 500 | 3 |
| 215. | പ്രാവങ്കര | 500 | 2.40 |
| 216. | വനിത സമാജം റോഡ് | 200 | 2.50 |
| 217. | മുളങ്കുഴ കവല സിമൻറ് ഫാകറി | 150 | 1.50 |
| 218. | തൈപറമ്പിൽ (Cement Jn.) | 200 | 1.80 |
| 219. | എം. സി. റോഡ് പോളി. സിമിൻറ് ക്വാർട്ടേഴ്സ് | 600 | 1.50 |
| 220. | ഇൻഡ്യപ്രസ്സ് ചെട്ടികുന്ന് | 500 | 3 |
| 221. | എരമശേരി പൊൻകുന്നത്തുകാവ് | 100 | 2.50 |
| 222. | കളത്തുപടി സിമൻറ് ഫാക്ടറി | 600 | 4 |
| 223. | നാട്ടകം പി.ഒ. മാർത്തോമ്മ ചർച്ച് | 260 | 2.50 |
| 224. | മറിയപ്പള്ളി കാക്കൂർ ഇൻഡ്യപ്രസ് | 500 | 3 |
| 225. | ചെറുവള്ള കാവ് എരമശ്ശേരി | 100 | 1.50 |
| 226. | താന്നിക്കാട് ഇൻഡ്യപ്രസ് | 170 | 3.50 |
| 227. | എം. സി. റോഡ്, അത്തിക്കാട് | 210 | 3 |
| 228. | ഇൻഡ്യപ്രസ് കാക്കൂർ | 700 | 3 |
| 229. | കീച്ചേരി എരമശേരി | 130 | 3.50 |
| 230. | മുട്ടം രഞ്ജിനി കൊല്ലമല | 200 | 3.60 |
| 231. | സിമൻറ് ക്വാർട്ടേഴ്സ് | 180 | |
| 232. | എരമശേരി വടക്കേമുട്ടം | 250 | 2.50 |
| 233. | പാറയിൽ പടി മഠത്തിൽ പറമ്പിൽ | 200 | 2.50 |
| 234. | മുട്ടം കുറക്കലാറ്റു ചിറ | 300 | 3 |
| 235. | എരമശ്ശേരി ചെറുവള്ള കാവ് | 300 | 3 |
| 236. | മഠത്തിപറമ്പ് മാർത്തോമ്മാ ചർച്ച് | 250 | 3 |
| 237. | ബംഗ്ലാ റോഡ് | 500 | 3 |
| 238. | പുല്ലൻ ചേരി റോഡ് | 400 | 3 |
| 239. | ഉള്ളുരുപ്പിൽ റോഡ് | 600 | 3 |
| 240. | നാവിക തൊഴിലാളി ആഫീസ് പോളി. | 400 | 1 |
| 241. | നീച്ചേരിപടി കളത്തുപടി | 300 | 2 |
| 242. | രഞ്ജനി നടവവി | 700 | 4 |
| 243. | ചേരിക്കൽ പന്നമ്പുന്ന | 100 | 2 |
| 244. | മാടമ്പുകാട് റോഡ് | 800 | 3 |
| 245. | ഇലഞ്ഞിയിൽ ദിവാൻപുരം മൂലവട്ടം | 200 | 3 |
| 246. | ശാലേം റോഡ് മൂലവട്ടം | 150 | 2.50 |
| 247. | തേക്കേമൂലയിൽ റോഡ് മൂലവട്ടം | 150 | 2.50 |
| 248. | എട്ടേമാവിൽ | 450 | 4 |

| | | | |
|---|---|---|---|
| 249. | തുമ്പയിൽ | 75 | 1.50 |
| 250. | രാമനിവാസ് ചാമക്കാട് | 150 | 3 |
| 251. | മൂലവട്ടം 7MA Over Bridge | 1500 | 5.50 |
| 252. | നന്തിയാട്ട് നടവഴി | 120 | 1.70 |
| 253. | പാക്കിൽ ഓവർ ബ്രിഡ്ജ് | 490 | 6 |
| 254. | ദിവാൻ കവല പവ്വത്തു | 180 | 2.80 |
| 255. | രജനിവാസ് | 120 | 1.50 |
| 256. | പൊയ്യക്കര അപ്രോച്ച് | 100 | 3 |
| 257. | അൻപതിൽ ചിറ | 200 | 2 |
| 258. | പുത്തൻ പറമ്പിൽ | 500 | 1.70 |
| 259. | കല്ലുകടവ് നടവഴി | 250 | 2.50 |
| 260. | പൊയ്ക്കര റോഡ് | 500 | 3.50 |
| 261. | 20ൽ പറമ്പ് റെയിൽവേ ലൈൻ Over Bridge | 800 | 4 |
| 262. | വഞ്ചിതോട്ടിൽ റോഡ് | 600 | 3 |
| 263. | കൊടിത്താനം അറക്കൻ പറമ്പ് | 400 | 3 |
| 264. | നവജീവൻ | 350 | 3.50 |
| 265. | ചേറമ്പാല | 400 | 2.50 |
| 266. | കുറ്റിക്കാട്ടു റോഡ് | 480 | 3.50 |
| 267. | പാട്ടോലിക്കൽ | 150 | 3 |
| 268. | ആർക്കാട് തൃക്കേൽറോഡ് | 1000 | 3.50 |
| 269. | തച്ചകുന്നു | 700 | 3.50 |
| 270 | വലിയകളത്തിൽ | 800 | 2.40 |
| 271. | വടുകയിൽ നടവഴി | 200 | 4 |
| 272. | തച്ചകുന്നു കുന്നംപള്ളി | 270 | 3 |
| 273. | അമ്പാട്ട് റെയിൽവേലൈൻ | 300 | 4 |
| 274. | പത്തിൽ റോഡ് | 300 | 4 |
| 275. | മട്ടത്തിൽ തോട്ടത്തിൽ | 200 | 3 |
| 276. | ചേന്നംപള്ളി | 500 | 3 |
| 277. | അമ്പാട്ട് നടവഴി | 25 | 2.50 |
| 278. | വല്യവീട്ടിൽ കുന്നുപുറം | 200 | 2.50 |
| 279. | മുല്ലായിക്കാട്ട് ചക്കാല കുന്നുംപുറം | 150 | 2 |
| 280. | ആശാൻ റോഡ് | 170 | 2.40 |
| 281. | കുറുപ്പം പടി തൃക്കയിൽ ടെമ്പിൾ | 350 | 2.50 |
| 282. | ഗവ. ഹൗസ് ഇടപ്പള്ളി മുല്ലായിക്കാട്ട് | 200 | 3.50 |
| 283. | ഗവ. ഗസ്റ്റ്ഹൗസ് കുട്ടിവേലി | 250 | 2.50 |
| 284. | ആർക്കാട് തൃക്കേൽ നടവഴി | 300 | 2 |
| 285. | C. M. L. P.S. ദിവാൻ കവല | 200 | 2 |
| 286. | കൊച്ചപ്പള്ളി നടവഴി, | 100 | 3.5 |
| 287. | പനച്ചിത്തറ കാഞ്ഞിരത്തറ റോഡ് | 300 | 3 |
| 288. | പോളി. ടെക്നിക് ഗവ. കോളേജ് | 100 | 2.50 |
| 289. | മണിപ്പുഴ കരിമുകൾ ചിറ | 200 | 1.50 |
| 290. | കാവനടൽ പാറ | 200 | 4 |
| 291. | കല്ലുകടവ് നടവഴി | 200 | 4 |
| 292. | എം. സി. റോഡ് ഇടയത്തിൽ | 50 | 1.50 |
| 293. | 15ൽ ചിറ നടവഴി | 200 | 2 |
| 294. | കാഞ്ഞിരംചിറ നടവഴി | 250 | 1.50 |
| 295. | കൊടൂർ ആർ പുത്തൻപുര നടവഴി | 300 | 1.50 |
| 296. | കാഞ്ഞിരം കടവ് കുരുശുമൂട് ജട്ടി | 100 | 1.50 |
| 297. | കൊടൂർ ആർ ചുക്കിലിമൂല | 200 | 2.50 |
| 298. | കോടിമത മുല്ലായിക്കാട് | 450 | 8 |
| 299. | ബോട്ട് റേസ് അപ്രോച്ച് | 55 | 4 |
| 300. | വേമ്പനാട്ട് കടത്തുകടവ് പറവേലി | 55 | 4 |
| 301. | കോടിമത കൊടൂർ | 500 | 8 |
| 302. | മേടയിൽ പുത്തൻപുര നടവഴി | 250 | 1.50 |
| 303. | പുളിനാക്കൽ ബോട്ടുജട്ടി | 200 | 1.50 |
| 304. | കാരാപ്പുഴ വേമ്പനാട് നടവഴി | 300 | 1.50 |
| 305. | കോടിമത പോളച്ചിറ നടവഴി | 300 | 1.50 |
| 306. | കാവനാല്ലാറ അപ്രോച്ച് | 50 | 1.50 |
| 307. | വാലടിച്ചിറ നടവഴി | | |
| 308. | കൊച്ചുപുരയ്ക്കൽ നടവഴി | 200 | |
| 309. | നാടൻ കേരി കടത്തു നടവഴി | 300 | |

## ഊർജ്ജം

നാട്ടകം പഞ്ചായത്തിൽ ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജ സ്രോതസ്സ് വിറക്, തെങ്ങ് ഉൽപന്നങ്ങൾ, ചപ്പ്, ചവറ് മുതലായ ജൈവദ്രവ്യങ്ങൾ മണ്ണെണ്ണ, പാചകഗ്യാസ്, ബയോഗ്യാസ്, വൈദ്യുതി എന്നിവയാണ്. വെളിച്ചത്തിനുള്ള സ്രോതസ്സ് വൈദ്യുതി തന്നെ. ചുരക്കം ചില വീടുകളിൽ മാത്രമാണ് മണ്ണെണ്ണ ഉപയോഗിക്കുന്നത്. കാർഷിക ആവശ്യത്തിനും പുഞ്ചപ്പാടങ്ങളിൽ വെള്ളം വറ്റിക്കുന്നതിനും മറ്റും വൈദ്യുതി സ്രോതസ്സ് മാത്രമേ ഉപയോഗിക്കുന്നുള്ളു. വാണിജ്യമേഖലയിൽ ഹോട്ടലിലും മറ്റും ഊർജ്ജസ്രോതസ്സിന് വൈദ്യുതി, വിറക്, ഡീസൽ ജനറേറ്ററുകൾ എന്നിവ ഉപയോഗിക്കുന്നു. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ വ്യവസായ മേഖലയിൽ വൈദ്യുതി ആണ് മുഖ്യമായി ഉപയോഗിക്കുന്നത്. ഡീസൽ പ്ലാന്റുകളും ഈ മേഖലയിൽ ഉപയോഗത്തിലുണ്ട്.

വിറക് ആവശ്യത്തിന് ഇവിടെ നിന്നും ലഭിക്കുന്നില്ല. അന്യസ്ഥലങ്ങളിൽ നിന്നും ലോറിയിൽ വിറക് എത്തിക്കേണ്ടതുമൂലം അമിതമായ വിലയും ഈടാക്കുന്നു. കന്നുകാലി വളർത്തൽ വ്യാപകമായി ഉണ്ടെങ്കിലും ബയോഗ്യാസ് നിർമ്മാണം വളരെ കുറവാണ്. മണ്ണെണ്ണയ്ക്ക് പലപ്പോഴും കടുത്ത ക്ഷാമം അനുഭവപ്പെടാറുണ്ട്. പാചകവാതകം ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും അവരുടെ വിതരണക്കാരും സബ്സിഡി നിരക്കിൽ കൊടുക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് ലഭ്യമല്ല. സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൻെറ വളരെപ്രധാനപ്പെട്ട ഓഫീസുകളും, വിതരണശൃംഖലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇലക്ട്രിസിറ്റി വിതരണം കുറ്റമറ്റതാക്കുന്നതിന് നിലവിലുള്ള സംവിധാനംപലപ്പോഴും കാര്യക്ഷമമായി ഉപയോഗിക്കാറില്ല.


കെ.എസ്.ഇ.ബി. റ്റി.എം.ആർ. ഡിവിഷൻ, പള്ളം

### പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവും, തുടരെയുള്ള പവർകട്ടും
2. പുഞ്ച പമ്പിംഗ് കാലയളവിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ
3. ഗുണമേന്മയുള്ള കണക്ഷൻ മെറ്റീരിയൽസ് പലപ്പോഴും ഉപയോഗിക്കാറില്ല. ഇലക്ട്രിക് കണക്ഷനുള്ള സാധനങ്ങളുടെ ലഭ്യതക്കുറവുമൂലം കണക്ഷൻ കിട്ടുന്നതിന് താമസം നേരിടുന്നു.
4. എല്ലാ സ്ഥലങ്ങളിലും ത്രീഫേസ് കണക്ഷൻ ഇല്ല.
5. ട്രാൻസ്ഫോർമറുകളുടെ ശേഷിക്കുറവ്. തകരാറുകൾ മാറ്റുന്നതിന് കാലതാമസം നേരിടുന്നു.
6. വൈദ്യുതി ലൈനുകളിൽ വൃക്ഷശാഖകൾ മുട്ടുന്നതുകൊണ്ട് പ്രസരണനഷ്ടം.
7. സ്ട്രീറ്റ് ലൈറ്റിൻെറ നിയന്ത്രണത്തിന് ശരിയായ സംവിധാനമില്ല.
8. സ്റ്റെബിലൈസർ ഉപയോഗത്തിൻെറ വർദ്ധനവ് കൊണ്ടുള്ള പ്രശ്നം.

### പ്രശ്നപരിഹാരങ്ങളും സാധ്യതകളും

1. വൈദ്യുതി അടക്കമുള്ള ഊർജ്ജ ഉല്പാദനം, പൊതു സ്വകാര്യമേഖലകളിൽ പരമാവധി വർദ്ധിപ്പിക്കുക.
2. പുഞ്ച പമ്പിംഗ് കാലയളവിൽ അനുഭവപ്പെടുനന ബുദ്ധിമുട്ടുകൾക്ക് കായൽപ്രദേശത്ത് എവിടെയെങ്കിലും താൽക്കാലിക സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.
3. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ത്രീഫേസ് ലൈനുകൾ വലിപ്പിക്കുക.
4. ചെമ്പുകമ്പി ലൈനുകൾക്ക് പകരമായി അലൂമിനിയം കമ്പികൾ ഉപയോഗിച്ച് പ്രസരണപ്രശ്നങ്ങൾ ഒഴിവാക്കുക.
5. കറണ്ടുചാർജ് സ്വീകരിക്കുന്നതിന് സ്പോട്ട് ബില്ലിംഗ് സംവിധാനമോ, ബാങ്കുകൾ മുഖാന്തിരമോ ഉള്ള സംവിധാനമോ നടപ്പാക്കുക.
6. പാചകഗ്യാസ് കണക്ഷൻ ആവശ്യക്കാർക്ക് മുഴുവൻ ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക.
7. ട്രാൻസ്ഫോർമർ ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കണം.
8. വൈദ്യുതി കമ്പികളിൽ മുട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിന് കൂടുതൽ നിഷ്കർഷം ഉണ്ടാകണം.
9. കറണ്ട് ദുർവിനിയോഗവും പാഴാക്കലും ഒഴിവാക്കുന്നതിന് ബോധവൽക്കരണം നടത്തുക.
10. കാര്യക്ഷമതയേറിയതും പുകയില്ലാത്തതുമായ അടുപ്പുകൾ അനെർട്ടുമായി ബന്ധപ്പെട്ട് ഉപയോഗക്രമത്തിലാക്കുക.

11. സാമൂഹ്യ വനവൽക്കരണം നടപ്പാക്കി ഇന്ധനത്തിനുള്ള വിറക് കൂടുതൽ ഉണ്ടാക്കുക.
12. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സമയബന്ധിതമായി സ്ഥാപിക്കുക.

## മാർക്കറ്റ്

നാട്ടകം പഞ്ചായത്തിലെ ഏകമാർക്കറ്റ് ചിങ്ങവനത്താണ്. ഇവിടെ കാർഷിക ഉത്പന്നങ്ങളും മത്സ്യവും മാംസവും വിൽപന നടത്തുന്നു. മത്സ്യ വിപണനത്തിന് കരിമ്പുംകാലാ കടവും പാക്കിൽ മുതലായ ഭാഗങ്ങളിഭാ തെരുവോരങ്ങളും ഉപയോഗത്തിലുണ്ട്. പ്രധാന കാർഷികോത്പന്നങ്ങളായ നെല്ലും തേങ്ങയും വിപണനം നടത്തുന്നതിന് പൊതു മാർക്കറ്റുകൾ ഒന്നും തന്നെ ഇല്ല.

ചിങ്ങവനം മാർക്കറ്റിൽ ജലഗതാഗത സൗകര്യം ഉണ്ടായിരുന്നപ്പോൾ ആലപ്പുഴ നിന്നും കുമരകത്തുനിന്നും വള്ളങ്ങളിൽ മത്സ്യം കൊണ്ടുവന്ന് വർദ്ധിച്ച തോതിൽ കച്ചവടം നടത്തിയിരുന്നു. ഇപ്പോൾ ജലഗതാഗതം തടസ്സപ്പെട്ടതിനാൽ റോഡ് മാർഗമാണ് മത്സ്യം എത്തിച്ചുകൊണ്ടിരിക്കുന്നത്.

### പ്രശ്നങ്ങൾ

1. പ്രധാനമാർക്കറ്റായ ചിങ്ങവനത്തേക്ക് ജലഗതാഗത സൗകര്യം വളരെ കുറവാണ്.
2. മീൻ മാർക്കറ്റുകൾ പരിസരമലിനീകരണം ഉണ്ടാക്കാതെ പ്രവർത്തിക്കുന്നതിന് സംവിധാനമില്ല.
3. മാർക്കറ്റിലെ ശുചീകരണസംവിധാനം തികച്ചും അപര്യാപ്തമാണ്.
4. ആവശ്യത്തിന് സ്റ്റാളുകൾ ഇല്ലാത്തതിനാൽ തെരുവോരത്ത് കച്ചവടം നടത്തുന്നതിന് നിർബന്ധിതമാകുന്നു.
5. മാർക്കറ്റിൽ വരുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യം ഇല്ല.

### പ്രശ്നപരിഹാരങ്ങളും സാധ്യതകളും

1.ചിങ്ങവനം മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിത് വിപുലീകരിക്കുക.

2. നെല്ലിൻെറയും തേങ്ങയുടെയും സംഭരണത്തിനും വിപണനത്തിനും സഹകരണസംഘങ്ങളുടെ ചുമതലയിൽ കൂടുതൽ മാർക്കറ്റിങ്ങ് സൗകര്യം ഉണ്ടാകണം.
3. ഷോപ്പിംഗ് കോംപ്ലക്സുകളും ന്യായവില വില്പന കേന്ദ്രങ്ങളും പഞ്ചായത്തിൻെറ വിവധ ഭാഗങ്ങളിൽ ഉണ്ടാകണം.
4. അത്യാവശ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പുണ്ടായാൽ അത് കണ്ടുപിടിച്ച് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ചുമതലയുള്ള വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കണം.

**4 7**

# പാർപ്പിടം, സാമൂഹ്യക്ഷേമം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് പാർപ്പിടം. അനുദിനം രൂക്ഷമായി കൊണ്ടിരിക്കുന്ന പാർപ്പിടപ്രശ്നം ഈ പഞ്ചായത്തിലും വർദ്ധമാനമായ തോതിലാണ്. ഉറപ്പാർന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ വീടുകൾ പണിയുന്നതിനുള്ള താല്പര്യം മുൻകാലങ്ങളെ അപേക്ഷിച്ച് ഈ പ്രദേശത്തെ ജനങ്ങളിൽ കൂടിവരുന്നുണ്ട്. ഒരു കാലത്ത് സമ്പന്ന ഇടത്തരം വീടുകളൊഴിച്ചാൽ ഓലപ്പുരകളും കുടിലുകളുമായിരുന്നു ഈ പ്രദേശത്ത് അധികവും. ഇന്ന് വീടുകളുടെ വലുപ്പച്ചെറുപ്പവ്യത്യാസത്തിനപ്പുറം ഉറപ്പാർന്ന ഭവനങ്ങൾ നിർമ്മിക്കുന്നതിൽ ഈ പ്രദേശത്ത് ജനങ്ങൾ കാര്യമായി ശ്രദ്ധിച്ചുവരുന്നു. ഉറപ്പുള്ളതും ചെറുതുമായ വീടുകളാണ് ഇപ്പോൾ ഇവിടെ എണ്ണത്തിലധികവും.

പഞ്ചായത്തിൽ വിവിധ ഇനങ്ങളിലായി 10517 വീടുകളാണ് നിലവിൽ ഉള്ളത്. ഇതിൽ കുടിലുകൾ, ഓലമേഞ്ഞചെറിയവീടുകൾ, നിശ്ചിതചെലവിൽ മോടി പിടിപ്പിച്ച ഇടത്തരം വീടുകൾ, ആകർഷകവും മേന്മയും നിറഞ്ഞ ബഹുനിലകെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്നു.



ഹരിജൻ കോളനികൾ രണ്ടെണ്ണം ഈ പഞ്ചായത്തിലുണ്ട്. ചിങ്ങവനം, പന്നിമറ്റം, പാലത്തിങ്കൽ, വഞ്ചിത്തോട് എന്നീ പ്രദേശങ്ങളിലായി ലക്ഷംവീടുകോളനി നാലെണ്ണമുണ്ട്. ഈ കോളനികളിലെ വീടുകളിൽ പലതും കാലാകാലങ്ങളിൽ നടത്തേണ്ടിയിരന്നു അറ്റകുറ്റപ്പണികളുടെ അഭാവം മൂലം ഏതാണ്ട് ജീർണ്ണാവസ്ഥയിലായിട്ടുണ്ട്. ലക്ഷംവീട് കോളനികളിൽ കുടിവെള്ള ലഭ്യതതന്നെയാണ് പ്രധാന പ്രശ്നം. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുടിവെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യത കൂടിയിട്ടുണ്ട്. കോളനി നിവാസികൾക്ക് പൊതുവായി സമ്മേളിക്കുവാൻ സംവിധാനം നിലവിലില്ല.

ഈ പ്രദേശത്ത് ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. റോഡ് പുറമ്പോക്കുകളിൽ കുടിൽ കെട്ടിതാമസിക്കുന്നവർ ഇപ്പോൾ അഞ്ഞൂറോളം വരും. ഈ കോളനികളിൽ ഒരേവീടുകളിൽ തന്നെ പല കുടുംബങ്ങൾ താമസിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇത് കുടുംബാന്തരീക്ഷത്തിന്റെ സുസ്ഥിരതയ്ക്കും, ശാന്തിക്കും പ്രശ്നം സൃഷ്ക്കുന്നുണ്ട്. തമിഴ്നാട് ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽനിന്നും ഇവിടെ എത്തി നിർമ്മാണജോലികളിലും വ്യവസായ ശാലകൾ ക്ഷീരോല്പാദനമേഖല എന്നിവിടങ്ങളിലും പണി എടുക്കുന്നവരായ ധാരാളം തൊഴിലാളികൾ ഈ പ്രദേശത്ത് വിവിധ സ്ഥലങ്ങളിലായി താമസിക്കുന്നുണ്ട്. ഇവരിൽ അധികവും വാടവാവീടുകളിലാണ് താമസിക്കുന്നത്. പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവരും ഇവരുടെ ഇടയിൽ ഉണ്ട്.

പാർപ്പിടനിർമ്മാണശൈലിയിൽ ഒട്ടേറെ മാറ്റങ്ങൾ ഈ പ്രദേശത്ത് സംഭവിച്ചിട്ടുണ്ട്. മിക്കവാറും പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും അടിത്തറയ്ക്ക് കരിങ്കല്ലും ഭിത്തിയ്ക്ക് ചുടുകട്ടയും ഉപയോഗിക്കുന്നു. മേൽക്കൂര കോൺക്രീറ്റിൽ നിർമ്മിക്കുന്നതിനാണ് പൊതുവിൽ താല്പര്യം. വെട്ടുകല്ല് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതി ചുരുക്കമാണ്. അനുകരണഭ്രമത്തിൽ നിന്നുണ്ടായ മാറ്റം ഈ പ്രദേശത്തെ കെട്ടിടനിർമ്മാണ രംഗത്ത് പ്രകടമാണ്. ഉപയോഗക്ഷമതയേക്കാളധികവും ബാഹ്യമോടികൾക്ക് മുൻഗണന

നൽകുന്ന പ്രവണത കൂടിവരുന്നുണ്ട്.

ഭംഗി ഉള്ളതും ചിലവുകുറഞ്ഞതുമായ വീടുകളുടെ നിർമ്മാണശൈലിക്ക് ഈ പ്രദേശത്ത് സ്വീകാര്യതവർദ്ധിച്ചുവരുന്നുണ്ട്. ലാറിബക്കർ മാതൃകയാണ് ഇതിൽ പ്രധാനം. മുൻകാലങ്ങളിൽ പ്ലാവ്, ആഞ്ഞിലി, തേക്ക് തുടങ്ങിയ കട്ടിതടികൾ കൂടുതലായി കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നെങ്കിലും ഇപ്പോൾ പൂവരശ്, വാളംപുളി തുടങ്ങിയവയും, മൂപ്പെത്തിയ തെങ്ങും മാവ്, റബ്ബർ തുടങ്ങിയ സോഫ്റ്റ് വുഡ് തടികളും (മതിയായ സംരക്ഷണലായിനിപ്രയോഗത്തിലൂടെ) വരെ ഉപയോഗിച്ചുവരുന്നുണ്ട്. വാസഗൃഹനിർമ്മിതിക്ക് കൂടുതൽ സാങ്കേതികസഹായം തേടുന്നതിൽ ജനങ്ങൾ ഇപ്പോൾ ശ്രദ്ധിച്ചുവരുന്നുണ്ട്.

ചെലവുകുറഞ്ഞകെട്ടിടനിർമ്മാണത്തിന് സഹായകമായി കോൺക്രീറ്റിലുള്ള വിവിധ നിർമ്മാണസാമഗ്രികൾ ലഭ്യമാണ്. എങ്കിലും ഇത് വേണ്ടത്ര പ്രചാരത്തിൽ ആയിട്ടില്ല. കെട്ടിടനിർമ്മാണത്തിന് വിദഗ്ധതൊഴിലാളികളുടെ ലഭ്യതക്കുറവും അനുഭവപ്പെടുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും മറ്റുമുള്ള തൊഴിലാളികളുടെ സാന്നിദ്ധ്യമാണ് ഈ കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നത്. കരാറടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നുണ്ടെങ്കിലും ഉപയോഗിക്കുന്ന നിർമ്മാണസാമഗ്രികൾ ഗുണനിലവാരം പുലർത്തുന്നു എന്നതിൽ ഉറപ്പില്ല.

പ്രശ്നങ്ങൾ

1. ഭൂമിയുടെ അമിതമായ വില തന്നെയാണ് പ്രധാനപ്രശ്നം.
2. സർക്കാർ ഉദ്യോഗസ്ഥമാരൊഴികെയുള്ള എല്ലാവിഭാഗം ജനങ്ങൾക്കും ഭവനനിർമ്മാണവായ്പ ലഭിക്കുന്നതിന് ഒട്ടേറെ തടസ്സങ്ങൾ നിലനിൽക്കുന്നു. ഹൗസിംഗ് ബോർഡ് മറ്റ് ഭവനനിർമ്മാണവായ്പാ ഏജൻസികൾ എന്നിവയുടെ നടപടിക്രമങ്ങളിൽ അയവുവരുത്തണം.
3. പുറമ്പോക്കുഭൂമിയിൽ അധിവസിക്കുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുപോലുമുള്ള സൗകര്യങ്ങളില്ല.
4. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കാൻ കഴിയുന്ന സാധ്യതകളെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞത.



സാധ്യതകൾ

1. നാട്ടകം പഞ്ചായത്തടിസ്ഥാനത്തിൽ ഒരു റൂറൽഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.
2. ഫ്ലാറ്റ് മാതൃകയിലുള്ള നിർമ്മിതികൾ ഉണ്ടാകുന്നത്. അഭിലഷണീയമാണ്.
3. ഇതിന് ആവശ്യമായ സ്ഥലം ലഭ്യമാണ്. വലിയ പ്ലോട്ടുകൾ വാങ്ങി വഴികളും പൊതുസ്ഥലങ്ങളും വേർതിരിച്ച് ചെറിയ പ്ലോട്ടുകളാക്കിയോ വീടുവെച്ചോ നൽകണം.
4. പഞ്ചായത്ത് പ്രദേശത്ത് വെട്ടുകല്ല് ലഭിക്കുവാനുള്ള സാധ്യത ഇപ്പോഴുമുള്ളതിനാൽ ഇത് പരമാവധി പ്രയോജനപ്പെടുത്തണം.
5. രാസസംസ്ക്കരണത്തിലൂടെ തടിയുടെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുകയും പാഴ്മരങ്ങൾപോലും ഇതിലൂടെ ഉപയോഗപ്പെടുത്തുവാനും കഴിയണം.
6. ഹോളോബ്രിക്സ്, സിമൻറ് ബ്ലോക്ക്, കോൺക്രീറ്റിലുള്ള വാതിൽ, ജനൽ, എന്നിവയുടെ നിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കണം.
7. വാസഗൃഹനിർമ്മാണത്തിൽ സാങ്കേതിക ഉപദേശം വിദഗ്ധരിൽ നിന്നും തേടേണ്ടതാണ്.
8. ചിലവുകുറഞ്ഞവീടുകളുടെ നിർമ്മാണത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തണം. ഇതിനായി പുവൻന്തുരുത്തിൽ പ്രവർത്തിക്കുന്ന നിർമ്മിതികേന്ദ്രത്തിൻെറ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം.
9. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഇവർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പുത്തൻ പ്രവണതകൾ സാങ്കേതികത്വം എന്നിവയെ സംബന്ധിച്ച് കാലാകാലങ്ങളിൽ ബോധൽക്കരണം നൽകണം.
10. കെട്ടിടനിർമ്മാണനിയമത്തിൻെറ പരിധിയിൽ ഒതുങ്ങുന്ന കാര്യങ്ങൾ നിർവ്വഹിക്കുവാൻ വ്യക്തിക്ക് അവകാശമുണ്ടായിരിക്കണം. നിയമങ്ങൾ വ്യക്തമാക്കികൊണ്ടുള്ള പ്രസിദ്ധീകരണം ഓരോവ്യക്തിക്കും നൽകണം. നിർമ്മാണം തടയുന്ന സാഹചര്യമുണ്ടായാൽ അതിൻെറ കാരണം അവരെ വ്യക്ത



## വാർഡുതിരിച്ചുള്ള ഭവനങ്ങളുടെ സ്ഥിതിവിവരം

| ക്രമനമ്പർ | വാർഡ് | കുടിലുകൾ | മെച്ചപ്പെട്ട കെട്ടിടങ്ങൾ | ആകെ |
|---|---|---|---|---|
| 1 | I | 68 | 734 | 802 |
| 2 | II | 45 | 314 | 359 |
| 3 | III | 60 | 576 | 636 |
| 4 | IV | 39 | 785 | 824 |
| 5 | V | 60 | 580 | 640 |
| 6 | VI | 64 | 757 | 821 |
| 7 | VII | 144 | 616 | 760 |
| 8 | VIII | 78 | 830 | 908 |
| 9 | IX | 60 | 799 | 849 |
| 10 | X | 191 | 395 | 586 |
| 11 | XI | 525 | 428 | 953 |
| 12 | XII | 44 | 649 | 693 |
| 13 | XIII | 94 | 723 | 817 |
| 14 | XIV | 238 | 621 | 859 |
| | ആകെ | **1710** | **8807** | **10517** |

## ദുർബ്ബലവിഭാഗങ്ങൾക്കായുള്ള പാർപ്പിട നിർമ്മാണം

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1995 വരെ | 1995 വരെ വായ്പാ (രൂപാ) |
|---|---|---|---|
| 1 | RLEGP | 18 | 1,62,000.00 |
| 2 | NREP | 15 | 1,80000.00 |
| 3 | JRY | 36 | 3,63689.00 |
| 4 | M.W.S | 25 | 3,04000.00 |
| | ആകെ | **94** | **1009689.00** |



മാക്കിയിരിക്കണം.

11. ഭൂരഹിതർക്കും, നിർദ്ധനർക്കും ഭവനിർമ്മാണത്തിനുള്ള പ്ലോട്ടുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുവാനുള്ള സൗകര്യം ഉറപ്പാക്കണം. ഇതിനായി തരിശുസ്ഥലങ്ങൾ പഞ്ചായത്ത് വിലയ്ക്കുവാങ്ങി സൗകര്യപ്പെടുത്തണം.

12. കെട്ടിടത്തിൻെറ നിർമ്മാണച്ചെലവിൻെറ അടിസ്ഥാനത്തിൽ, സ്ലാബ് വ്യവസ്ഥ അനുസരിച്ച് ഒരു നികുതിപ്പിരിവു സമ്പ്രദായം ആവിഷ്ക്കരിച്ചാൽ ദുർവ്യയഭവനനിർമ്മാണം കുറെയെല്ലാം നിരുത്സാഹപ്പെടുത്താം. എന്നാൽ നിർമ്മാണച്ചെലവ് നിർണ്ണയിക്കുന്നത് സുതാര്യമായിരിക്കണം. ആ തീരുമാനം പരിശോധിക്കാൻ അർഹമായ ഒരു അപ്പലേറ്റ് സംവിധാനവും ഉണ്ടായിരിക്കണം.

13. പുറമ്പോക്കു നിവാസികളെ പുനഃരധിവസിപ്പിക്കുന്നതിന് അടിയന്തിരമായി കോളനികൾ ഉണ്ടാകണം. തരിശുഭൂമികൾ പൊന്നും വിലയ്ക്ക് എടുത്ത് ഈ ആവശ്യം നിറവേറ്റാവുന്നതാണ്.

ജൈവവേലിഉണ്ടാക്കുന്നത് അഭിലഷണീയമാണ്. ഇതുമൂലം അന്തരീക്ഷമലിനീകരണം കുറയുന്നു ജൈവവളലഭ്യത ഇന്ധനലഭ്യത ഇവ വർദ്ധിക്കുകയും ചെയ്യുന്നു. ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷതൈകൾ സ്വകാര്യമരങ്ങൾ എന്ന നിലയിൽ വ്യക്തികൾക്ക് വച്ചുപിടിപ്പിക്കുവാൻ അധികാരം നൽകണം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പ്രയോജനപ്രദങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇതുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും നാട്ടകവും അതിൻേറതായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. എങ്കിലും ഈ രംഗത്ത് ഫലപ്രദമായി പലതും ചെയ്യാനുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

ദരിദ്രർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വിധവകൾ, അനാഥർ തുടങ്ങി സമൂഹത്തിൻെറ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ ഇവിടെ ധാരാളം ഉണ്ട്. അവരിൽ ചിലർക്കെല്ലാം നാമമാത്രമായ പരിഗണന ലഭിക്കുകയും ചെയ്തു വരുന്നു.

കൊടിയ ദാരിദ്ര്യത്തിൽ കഴിയുന്നവർ ഈ പ്രദേശത്ത് വിരളമാണ്. ജോലിയെടുക്കാൻ മനസ്സും ആരോഗ്യവും ഉണ്ടെങ്കിൽ താല്ക്കാലികമായ തൊഴിലുകൾക്ക് വളരെ സാദ്ധ്യതയുണ്ട്. കൂലിവേല, വീട്ടുജോലി, സ്വയം തൊഴിൽ സ്വകാര്യവ്യവസായ മേഖല എന്നിവിടങ്ങളിൽ തൊഴിലവസരങ്ങളുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർ I.R.D.P. സർവ്വേപ്രകാരം ഇവിടെ 3098കുടുംബങ്ങളെ ദരിദ്രജനവിഭാഗങ്ങളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. I.R.D.P. പദ്ധതിപ്രകാരം 483പേർക്ക് എട്ടാം പദ്ധതിക്കാലത്ത് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്.

ട്രൈസം പരിശീലനം നേടിയ 34പേർ നാട്ടകം പഞ്ചായത്തിലുണ്ട്. അവരിൽ 18പേർ പരിശീലനം നേടിയ മേഖലയിൽത്തന്നെ വിവിധ തൊഴിലുകൾ ചെയ്യുന്നു.



നാട്ടകം വില്ലേജ് ഓഫീസ്

D W C R A പദ്ധതിപ്രകാരം ഇവിടെ നാലു യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചു തുടങ്ങിയിട്ടില്ല. ഒരു യൂണിറ്റ് കറിപൗഡർ, കാനിംങ്ങ് രംഗത്തും മറ്റൊന്ന് റെഡിമെയ്ഡു വസ്ത്രനിർമ്മാണത്തിനും രജിസ്റ്റർ ചെയ്തിരിക്കുന്നു. ഉടനെ പ്രവർത്തനക്ഷമമാകുന്ന ഈ സംരംഭങ്ങളിലൂടെ ചെറിയതോതിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റുമായി വിവിധ സാമ്പത്തികസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിധവകൾ, ഗർഭിണികൾ, വിവാഹ ആവശ്യം, കർഷകത്തൊഴിലാളികൾ, വികാലാംഗർ, വൃദ്ധർ, ക്യാൻസർ, ടി.ബി. രോഗികൾ തുടങ്ങി വിവിധ ഇനങ്ങളിലായി സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

**പെൻഷൻ പദ്ധതികൾ**

| ക്രമം | പെൻഷൻ ഇനം | ഗുണഭോക്താക്കൾ |
|---|---|---|
| 1. | കർഷകത്തോഴിലാളികൾ | 214 |
| 2. | വിധവകൾ | 95 |
| 3. | വികലാംഗർ | 75 |
| 4. | വൃദ്ധർ | 53 |
| 5. | ക്യാൻസർ ടി.ബി. രോഗികൾ | 12 |

മേൽപ്പറഞ്ഞ ക്ഷേമപ്രവർത്തനങ്ങളുടെ ആനുകൂല്യം അർഹിക്കുന്ന എല്ലാവർക്കും ലഭിച്ചിട്ടില്ല എന്നത് വസ്തുതുതയാണ്. അർഹതയുള്ളവരിൽ 25 ശതമാനത്തിനുപോലും ധനസഹായം ലഭിക്കാത്ത സാഹചര്യമുണ്ട്. നടപടിക്രമങ്ങളിലെ സങ്കീർണ്ണത, ബോധവൽക്കരണപ്രവർത്തനങ്ങളുടെ കുറവ് തുടങ്ങിയ കാരണങ്ങളിലാണ് ഇത് സംഭവിക്കുന്നത്.

സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന 5മഹിളാസമാജങ്ങളും 2ബാലവാടികളും ഇവിടെ ഉണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണം.

### പ്രശ്നങ്ങൾ

ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികൾ ഒരു ന്യൂനപക്ഷം കുടുംബങ്ങൾക്കു മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ദരിദ്രരായ എല്ലാവർക്കും അതിൻെറ പ്രയോജനം കിട്ടേണ്ടതാണ്.

പലപ്പോഴും ആനുകൂല്യങ്ങൾ മുഴുവനായി എത്തേണ്ടിടത്ത് എത്താറില്ല. ഉദ്യോഗസ്ഥ തലങ്ങളിലും മറ്റ് ഇടനിലക്കാരുടെ തലങ്ങളിലും ചൂഷണം നടക്കുന്നു.

പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ അറിയാത്ത

വർ വളരെയുണ്ട്. കാലാകാലങ്ങളിൽ പ്രസിദ്ധീകരണങ്ങളിലുണ്ടാകും. ഗ്രാമസഭകളിലൂടെയുള്ള പ്രചാരണവും മൂലം ഈ വിവരങ്ങൾ അർഹരായവരെ അറിയിക്കണം. സന്നദ്ധസംഘടനകൾക്ക് ഈ പ്രവർത്തനങ്ങളെ വലിയൊരളവിൽ സഹായിക്കാൻ കഴിയും.

ആനുകൂല്യങ്ങൾ കിട്ടാനുള്ള കാലതാമസം വളരെ കൂടുതലാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കുക മാത്രമാണ് പരിഹാരം

പഞ്ചായത്തിൻെറ പലഭാഗങ്ങളിലായി താമസിച്ചുപോരുന്ന പുറമ്പോക്കു നിവാസികളെ അടിയന്തിരമായി കോളനി അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കേണ്ടതാണ്.

സ്വന്തമായി ആരോഗ്യകരമായ കക്കൂസുകൾ ഇല്ലാത്തവർക്ക് അവ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ചിങ്ങവനം, പാക്കിൽകവല, മണിപ്പുഴ, മറിയപ്പള്ളി ഭാഗങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിച്ചു കരാർ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

പ്രധാനബസ് സ്റ്റോപ്പുകളിലെല്ലാം യാത്രക്കാർക്കായി വെയിറ്റിംങ്ങ് ഷെഡ്ഡുകൾ ഉണ്ടാകണം. അവയോടു ചേർന്നു ബങ്കുകൾ ഉണ്ടാക്കുകയും അവ നിശ്ചിത വാടകയ്ക്ക് അർഹരായ ദരിദ്രവിഭാഗങ്ങൾക്ക് ചെറുകിട കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിനായി നൽകുകയും ചെയ്യണം.



റോഡ്സൈഡ് പുറമ്പോക്കുകളിൽ ഉചിതമായ തണൽ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്.

നാട്ടകം പഞ്ചായത്തിൽ ഒരു വയോജന സംരക്ഷണകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. അതിനോടനുബന്ധിച്ച് തീരാരോഗത്താൽ കഷ്ടപ്പെടുന്ന നിരാലംബർക്കായി ഒരു വാസകേന്ദ്രം കൂടി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിൽ ഉടനീളം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കേണ്ടതാണ്. എല്ലാ വർഷവും ഈ പരിപാടി ആവർത്തിക്കുകയും വേണം. കൊതുകുനശീകരണത്തിൻെറ ഭാഗമായി നാട്ടകം പഞ്ചായത്തിൽ തവളപിടുത്തം നിരോധിക്കണം. തവളക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സകലജലായങ്ങളിലും തുറന്നുവിടുക. കൂടാതെ കൂത്താടികളെ നശിപ്പിക്കുന്ന ജയൻറ് ഗൗരാമി മത്സ്യത്തേയും ധാരാളമായി വളർത്തി ജലാശയങ്ങളിൽ തുറന്നുവിടുക.

നാട്ടകം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വ്യവസായ ശാലകൾ മലിനീകരണം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. മലിനീകരണനിയന്ത്രണബോർഡിൻെറ കൂടെ സഹായത്തോടെ ഉചിതമായ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കണം.

മണിപ്പുഴ പടിഞ്ഞാറുഭാഗത്തുള്ള പന്നിവളർത്തൽ മൂലവും, കോടിമത പടിഞ്ഞാറുഭാഗത്തുള്ള എല്ലുകുഴിമൂലവും പരിസരമലിനീകരണം ഉണ്ടാകാതെ ശ്രദ്ധിക്കുക.

പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ എല്ലാവാർഡുകളിലും ആവശ്യമായ ഭാഗങ്ങളിൽ വെയ്സ്റ്റ് നിക്ഷേപിക്കുന്നതിനുള്ള വീപ്പകൾ സ്ഥാപിക്കുക. അപ്രകാരം ശേഖരിക്കുന്ന വെയ്സ്റ്റു ആരോഗ്യകരമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയോ, അതിൽ നിന്നും കമ്പോസ്റ്റ് വളം ഉണ്ടാകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യുക.

വനിതകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി ബോധവൽക്കരണക്ലാസുകൾ നടത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കായി സമഗ്രപോഷകാഹാര പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്യുക.

നാട്ടകം പഞ്ചായത്തിൻെറ വകയായി ഒരു ആംബുലൻസ് വാൻ വാങ്ങുകയും അത് തദ്ദേശവാസികൾക്ക് ന്യായമായ നിരക്കിൽ വാടകയ്ക്കു കൊടുക്കുകയും വേണം.

പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി ഒരു ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കേണ്ടതാണ്.

യാത്രാസൗകര്യം കുറഞ്ഞമേഖലകളിൽ താമസിക്കുന്നവർക്കായി ആ പ്രദേശങ്ങളിൽ (കാഞ്ഞിരം, വാലേക്കടവ്) റേഷൻകടകൾ സ്ഥാപിക്കേണ്ടതാണ്.

ഉചിതമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളുള്ള ഒരു സ്റ്റേഡിയവും, കൊടൂരാറിൻെറയോ, വേമ്പ

നാട്ടു കായലിൻെറയോ തീരത്ത് വിശാലമായ ഒരു പൂന്തോട്ടവും സ്ഥാപിക്കുക. ചാരായത്തിൻെറയും വ്യാജ മദ്യത്തിൻെറയും നിരോധനം ഫലവത്തായി നടപ്പാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. മദ്യശാലകളുടെ പ്രവർത്തനം ഇനിയും കൂടുതൽ വ്യാപിക്കാതിരിക്കുവാൻ നടപടികൾ എടുക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടണം. എല്ലാ രംഗത്തെയും പൊതു പ്രവർത്തകരടങ്ങുന്ന വാർഡ് വിജിലൻസ് കമ്മറ്റികൾ രൂപീകരിച്ച് അവരുടെ സഹകരണത്തോടെ വ്യാജവാറ്റും വില്പനയും തടയുക. മദ്യനിരോധനത്തിൻെറയും മദ്യവർജ്ജനത്തിൻെറയും, മയക്കുമരുന്ന് നിരോധനത്തിൻെറയും ആവശ്യകതയെപ്പറ്റി പൊതുവിലും വിദ്യാലയങ്ങളിലും ബോധവൽക്കരണം നടത്തുക. ഘട്ടംഘട്ടമായി മദ്യനിരോധനം പ്രായോഗികമാക്കുന്നതിനാവശ്യമായ എല്ലാ സമ്മർദ്ധതന്ത്രങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.



വനിതകൾക്കായി എല്ലാ വാർഡിലും DWCRA യൂണിറ്റുകൾ തുടങ്ങുക. ക്ഷീരോല്പന്നങ്ങൾ, ബേക്കറി സാധനങ്ങൾ, ഏംബ്രോയ്ഡറി, സാരിപ്രിൻറിംഗ്, സ്ക്രീൻ പ്രിൻറിംഗ്, ഗാർമെൻറം മേയ്ക്കിംങ്ങ്, കറിപൗഡർ, അച്ചാർനിർമ്മാണം, റബ്ബർ ചെരുപ്പ് അസംബ്ലിംങ്ങ്, തേങ്ങാവെള്ളം സംസ്ക്കരണം തുടങ്ങി വൈവിധ്യമേറിയ ഒട്ടേറെ തൊഴിൽ മേഖലയിൽ DWCRA തൊഴിൽ കണ്ടെത്താനാകും.

ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് പരിശീലനം ലഭിച്ച മേഖലയിൽ തൊഴിൽ കണ്ടെത്താനുള്ള സംവിധാനം വേണം. ബാങ്ക് വായ്പ ആവശ്യമുള്ളവർക്ക് അതു ലഭ്യമാക്കണം. പോളിടെക്നിക്കിലും, നാട്ടകം വൊക്കേഷനൽ ട്രെയിനിംങ്ങ് സ്കൂളിലും തൊഴിൽ പരിശീലനത്തിന് ഇന്നുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

പല പദ്ധതികളിലും ഗുണഭോക്താക്കളെ നിർണ്ണിയിക്കുന്നതിൽ ചുരുക്കമായാണെങ്കിലും പാകപ്പിഴകൾ ഉണ്ടാകാറുണ്ട്. ഇതൊഴിവാക്കുന്നതിന് ഗ്രാമസഭ കമ്മറ്റി വഴി ഗുണഭോക്താവിനെ തിരഞ്ഞെടുക്കുക. കാര്യങ്ങൾ കൂടുതൽ സുതാര്യമാകുമെന്നതിനാൽ പരാതികൾ ഒഴിവായിക്കൊള്ളും.

വനിതകൾക്കുമാത്രമായി ഒരു വനിതാസഹകരണബാങ്ക് ഉണ്ടായാൽ അത് വനിതകളുടെ ആകമാനം ക്ഷേമത്തിന് പ്രയോജനപ്പെടുന്നതാണ്. വനിതകൾ സമൂഹത്തിലെ ഭൂരിഭാഗം വരുന്ന ദുർബ്ബലവിഭാഗമാണെന്നുള്ള വസ്തുത പരിഗണിച്ചാൽ വനിതാക്ഷേമം ലാക്കാക്കി ചെയ്യുന്നതെന്തും മുഴുവൻ സമൂഹത്തിൻെറയും പ്രയോജനത്തിനായി കാരണമായിക്കൊള്ളും.



4 8

# സംസ്ക്കാരം

## സംസ്ക്കാരം

തിരുവിതാംകൂർ രാജകുടുംബത്തിൻെറ ഭരണത്തിൽ പെട്ടിരുന്ന വിശാലമായ ഒരു ഗ്രാമപ്രദേശമായിരുന്നു ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിലെ നാട്ടകം. അതിനുമുമ്പ് തെക്കുംകൂർ രാജഭരണത്തിൽ ഉൾപ്പെട്ടതായിരുന്നു ഈ പ്രദേശം. ബ്രിട്ടീഷ് മേൽക്കോയ്മയുടെ ഉച്ചകോടിയിലാണ് ഈ നൂറ്റാണ്ട് ജന്മം കൊണ്ടത്.

അന്ന് നാട്ടകം അനാചാരങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും വിളനിലം കൂടി ആയിരുന്നു. ജാതിവ്യവസ്ഥഅതിരൂക്ഷം. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ തുടങ്ങിയ മേൽജാതിക്കാർ ഈഴവർ, പുലയർ, പറയർ തുടങ്ങിയ അവർണ്ണജാതിക്കാർ. ജാതിവ്യവസ്ഥിതിക്കു പുറത്ത് പുറജാതിക്കാരായി കഴിഞ്ഞു കൂടിയ ക്രിസ്ത്യാനികൾ. നാട്ടകത്തെ സാമൂഹ്യവ്യവസ്ഥിതി ഇതായിരുന്നു. വിദേശമിഷനറിമാരുടെ ഉത്സാഹത്താൽ സുവിശേഷഘോഷണവും ഒരു വശത്ത് നടന്നു. തത്ഫലമായി മതപരിവർത്തനവും ധാരാളം ഉണ്ടായി. പുതിയതായി ക്രൈസ്തവരായവരെ തങ്ങളോടൊപ്പം കരുതുവാൻ, പഴമക്കാരായ സുറിയാനിക്കാർ വൈമനസ്യം കാണിച്ചു. പുതുക്രിസ്ത്യാനികൾ സി.എസ്.ഐ. വിഭാഗത്തിലും ലത്തീൻ കത്തോലിക്കാ വിഭാഗത്തിലും നിലകൊണ്ടു.



ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയും, വിദേശ മിഷനറിമാരുടെ പ്രവർത്തനവും മതപരിവർത്തനത്തിന് കാരണമായി എന്നു കരുതാം. കൂടാതെ ഉദ്യോഗലബ്ധിക്കുള്ള സാധ്യതയും, സമൂഹത്തിൻെറ പരിഗണനയിൽ വരുന്ന വ്യത്യാസവും മതപരിവർത്തനത്തിന് പ്രേരകങ്ങളായി തീർന്നു. പലർക്കും ഉദ്യോഗം ലഭിക്കുകയും ചെയ്തു. പ്രൈമറി ടീച്ചേഴ്സ്, ഓഫീസ് അറ്റൻഡേഴ്സ്, വാച്ചേഴ്സ്, ബട്‌ലേഴ്സ്, എസ്റ്റേറ്റ് ജീവനക്കാർ തുടങ്ങി പല ചെറിയ ജോലികളും അവർക്കു ലഭിച്ചു.

അന്ന് സമൂഹത്തിൻെറ നടുനായകത്വം വഹിച്ചിരുന്നത് രണ്ട് രാജകുടുംബങ്ങളായിരുന്നു. പള്ളത്ത് കൊട്ടാരവും മറിയപ്പള്ളി കൊട്ടാരവും. ധാരാളം ബ്രാഹ്മണ കുടുംബങ്ങളും ഈ പ്രദേശത്ത് ഉണ്ടായിരുന്നു, സാമാന്യം നല്ല നിലയിൽ കഴിഞ്ഞിരുന്ന ജന്മി കുടുംബങ്ങൾ. അവർ മറ്റുവിഭാഗങ്ങളുമായി പരമാവധി അകലത്തിൽ തന്നെ കഴിഞ്ഞു. പുരോഹിതവൃത്തിയും ജന്മിത്വവും അവരുടെ നിലനിൽപ്പ് അനായാസമാക്കി. അതുകൊണ്ട് തന്നെ സമൂഹത്തിൽ അത്യധികം മാന്യതയും അവർ നിലനിർത്തി. അംഗസംഖ്യ കൊണ്ട് പ്രബലമായിരുന്ന ഒരുവിഭാഗമാണ് നായർ സമുദായം. സർക്കാർ ഉദ്യോഗങ്ങളായിരുന്നു അവരുടെ പ്രധാന രംഗം. കൂടാതെ ബ്രാഹ്മണക്ഷത്രിയഭവനങ്ങളിലെ ജോലിക്കാരും നായന്മാർ തന്നെ. വൈശ്യസമുദായക്കാരായി ചുരുക്കം ചിലരും അക്കാലത്ത് നാട്ടകത്ത് ഉണ്ടായിരുന്നു. ഇവിടെ കുടിയേറി പാർത്തിരുന്ന ചില ചെട്ടിയാൻമാരും മറ്റും.

ഈഴവർ ധാരാളമായി ഉണ്ടായിരുന്ന ഒരു പ്രദേശമാണ് നാട്ടകം. കൃഷിയും, കള്ളുചെത്തും മദ്യവില്പനയും, മത്സ്യബന്ധനവും, കൂലിപ്പണിയും ഒക്കെയായിരുന്നു അവരുടെ മുഖ്യതൊഴിൽ. പൊതുവേ തൊഴിലാ

ളികളായി ജോലി ചെയ്തിരുന്നതും ഈഴവരായിരുന്നു. പറയർ, പുലയർ, തുടങ്ങിയ സമുദായക്കാർ പ്രാധാന മായും പുഞ്ചനിലങ്ങളിലെ പണികളാണ് നിർവ്വഹിച്ചി രുന്നത്. കട്ടകുത്തിയും, കാർഷിക, കാർഷികാനുബ ന്ധജോലികൾ ചെയ്തും അവർ കഴിഞ്ഞു. നെൽകൃഷിയുടെ കാല ത്തുമാത്രം പൂർണ്ണമായും പണില ഭിക്കുമായിരുന്നതിനാൽ അതി ല്ലാത്ത കാലങ്ങളിൽ കുട്ട, പായ് മുതലായവ നെയ്തും, മീൻപിടിച്ചും, കൂലിപ്പണി ചെയ്തും നിത്യവൃത്തി ക്കുള്ള വഴികണ്ടെത്തി.

സാമ്പത്തികമായി ക്രിസ്ത്യാനികൾ മെച്ചപ്പെട്ട സ്ഥി തിയിലായിരുന്നു. കൃഷിക്കാരും ജന്മിമാരും അക്കൂട്ടരിൽ ഉണ്ടായിരുന്നു. അവരിൽ പല രും വക്കീലന്മാർ, പ്ലാൻററർമാർ, ബിസിനസ്സുകാർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. കൂടാതെ അധ്യാപക രായും, എസ്റ്റേറ്റ് ജീവനക്കാരായും ക്രിസ്ത്യാനികൾ തൊഴിൽ കണ്ടെത്തി. മലയ, സിംഗപ്പൂർ തുടങ്ങിയ മറുനാടൻ മേഖലയിലേക്ക് തൊഴിൽ തേടിപോയവരും കൂടുതൽ ക്രിസ്ത്യാനികളാണ്. കാര്യമായ വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്തവർ ചെറുകിട വ്യാപാരപ്രവർത്തനങ്ങ ളിലും കൂലിപ്പണിയിലും ഏർപ്പെ ട്ടിരുന്നു.



ശ്രീരാമക്ഷേത്രം, പള്ളം

ഇൻഡ്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഈ പ്രദേ ശത്തെ എല്ലാവിഭാഗജനങ്ങളും അ നുഭാവവും മാനസിക പിൻതുണ യും പ്രകടിപ്പിച്ചിരുന്നു. എങ്കിലും ആ രംഗത്ത് പ്രവർത്തിച്ച പ്രഗ ത്ഭന്മാർ ഇവിടെ അധികം ഇല്ല. മന്നംശങ്കർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഹിന്ദു മണ്ഡലത്തിൻെറ കാറ്റും ഇവിടെ ശക്തിയായി വീശി, മറഞ്ഞുപോയിട്ടു ണ്ട്. അക്കാലത്ത് ആവഴിയിലൂടെ ചിന്തിച്ച പ്രബലമായ ഒരു വിഭാഗം നാട്ടകത്ത് ഉണ്ടായിരുന്നു. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിൻെറ ഭരണകാലത്ത് നടപ്പിലാ ക്കിയ ക്ഷേത്രപ്രവേശനവിളംബരം അയിത്തം ബാഹ്യ മായെങ്കിലും തുടച്ചുനീക്കുന്നതിന് ഇത് ഒരു പരിധി വരെ സഹായിച്ചു. എല്ലാവരും തുല്യരെന്ന സങ്കല്പം ആദ്യമായി അംഗീകരിക്കപ്പെടുവാൻ ഇതുമൂലം കഴിഞ്ഞു. സാമൂഹ്യമാറ്റത്തിന് വേഗത പകർന്ന വർഷങ്ങളാണ് തുടർന്നുവന്നത്. നാല്പതുകളുടെ മദ്ധ്യമായപ്പോഴേക്കും കമ്മ്യൂണിസത്തിൽ അടിയുറച്ചു വിശ്വസിച്ച തൊഴിലാളിപ്രസ്ഥാന ങ്ങൾ ഇവിടെ ചുവടുറപ്പിച്ചു കഴി ഞ്ഞിരുന്നു. വർഗ്ഗസമരസിദ്ധാന്ത ത്തിൽ ഊന്നിയ, വ്യക്തമായ രാഷ്ട്രീയകാഴ്ചപ്പാടുണ്ടായിരുന്ന തൊഴിലാളി പ്രസ്ഥാനങ്ങൾ, താ ഴേക്കിടയിൽ സാമൂഹ്യമാ റ്റത്തിൻെറ അലകളുയർത്തി. തൊഴിലാളി തൻെറ അവകാശ ങ്ങളെക്കുറിച്ച് ബോധവാനായി. അതു നേടിയെടുക്കുന്നതിന് കൂട്ടായപ്രവർത്തനങ്ങളിലെ സാദ്ധ്യതകളും അവർ മനസ്സിലാക്കി. ശക്തമായ ട്രേഡ്യൂ ണിയൻ പ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിലാണ് ഇവിടെ സമാരംഭിച്ചത്.

1947 ലെ സ്വാതന്ത്ര്യലബ്ദിയും തുടർന്ന് ജനാ ധിപത്യഭരണസമ്പ്രദായവും നിലവിൽ വന്നതോടെ, നാട്ടകം രാഷ്ട്രീയ പ്രബുദ്ധതയിൽ വീണ്ടും സജീവമാ യി. പിന്നീട് തിരുകൊച്ചി സംസ്ഥാനം രൂപീകൃതമാ യത്, അതിനുശേഷം കേരള സംസ്ഥാനം രൂപീകൃതപ്പെട്ടതും എല്ലാം ആസന്നകാലചരിത്രമാണ്.



സെൻ്റ് ജോൺസ് ചർച്ച്, പള്ളം

ഹൈന്ദവ, ക്രൈസ്തവ മതവിഭാഗങ്ങൾ മാത്രമാണ് ഇവിടെ ഉള്ളത്. ഇരുവിഭാ ഗങ്ങൾക്കും ഇവിടെ ധാരാളം ആരാധനാലയങ്ങളും ഉണ്ട്. ഹൈന്ദവർക്ക് 16 ക്ഷേത്രങ്ങളും ക്രൈസ്തവർക്ക് 14 പള്ളികളും ഈ പ്രദേശത്ത് ഉണ്ട്. കൂടാതെ ഒമ്പത് ഊരാണ്മ ദേവസ്വം ക്ഷേത്രങ്ങളും ഏഴ് ഫെയ്ത്ത്ഹോമു കളും കൂടിയാകുമ്പോൾ ഇവിടുത്തെ ആരാധനാലയ ങ്ങളുടെ ചിത്രം ഏതാണ്ട് പൂർത്തിയാകുന്നു.

ഓർത്തഡോക്സ്, യാക്കോബായ, ക്നാനായ, റീത്ത്, ലെത്തീൻ കത്തോലിക്ക, സി.എസ്.ഐ, മർത്തോമ്മ എന്നീ ക്രൈസ്തവവിഭാഗങ്ങളുടെതാണ് പള്ളികൾ. കൂടാതെ നവീകരണ വിശ്വാസികളായ പെന്തി

ക്രോസ്ത്, ബ്രദറൻ തുടങ്ങിയ വിഭാഗക്കാരുടേതായി ഏഴു ഫെയ്ത്ത് ഹോമുകളും ഇവിടെയുണ്ട്. എല്ലാവരും വിശ്വാസപ്രമാണത്തിനായി ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നുമുണ്ട്.

വേനൽക്കാലം തുടങ്ങുന്നതോടുകൂടി ഉത്സവങ്ങൾ തുടങ്ങുന്നു. ക്രൈസ്തവരുടെ പെരുന്നാളുകളും കൂടുതൽ വേനൽമാസങ്ങളിലാണ്. ഒന്നു മുതൽ 11ദിവസം വരെ ഉത്സവങ്ങൾ ഓരോ അമ്പലത്തിലുമുണ്ടായേക്കാം.

നാട്ടകം പഞ്ചായത്തിൽ മറിയപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന നാട്ടകം ഫൈൻആർട്ട്സ് സൊസൈറ്റി ശ്രദ്ധേയമായ കലാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നു. വിവിധ പ്രദേശങ്ങളിൽ ഉള്ളതും പുതുതായി കലാ സാംസ്കാരിക സമിതികളും, സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തനം നടത്തുന്നു.

സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള മുട്ടം ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്, എം.എം. ലൈബ്രറി മറിയപ്പള്ളി, പള്ളം ടാഗോർ ക്ലബ് ലൈബ്രറി, ആര്യഭട്ടാ സ്പോർട്ട്സ് ആൻഡ് ആർട്ട്സ് ക്ലബ് ഇവയുടെ പ്രവർത്തനം ശ്രദ്ധേയമാണ്.

ശ്രദ്ധേയമായി പ്രവർത്തിച്ചു വന്ന 12-ാം വാർഡിലെ വൈ.എം.എയുടെ പ്രവർത്തനം ഇപ്പോൾ മന്ദീഭവിച്ച നിലയിലാണ്.

വ്യാസഭാരതി എന്ന പേരിൽ പ്രവർത്തിച്ചു വരുന്ന കലാസമിതി കലാരംഗങ്ങളിൽ പ്രവേശിക്കാനുദ്ദേശിക്കുന്ന പുതിയതലമുറയ്ക്കുവേണ്ടി ഡാൻസ് ക്ലാസ്സുകൾ നടത്തിവരുന്നു.



കലാസാഹിത്യ സാമൂഹ്യരംഗങ്ങളിലും ശാസ്ത്രസാങ്കേതിക വൈജ്ഞാനിക മേഖലകളിലും മികവു പുലർത്തിയ പ്രതിഭാധനരുടെ ജന്മം കൊണ്ട് ധന്യമാണ് നാട്ടകം. ഇവരിൽ ഭൗതിക ശാസ്ത്ര ശാഖയിൽ ഭുവന പ്രസിദ്ധി നേടിയ പത്മഭൂഷൺ ഡോ: ഇ.സി. ജോർജ്ജ് സുദർശൻ പ്രഥമ ഗണനീയനാണ്. ശ്രദ്ധേയരായ പ്രതിഭാ ശാലികളിൽ ചിലർ:

തിരുകൊച്ചി നിയമസഭാ സമാജികനായിരുന്ന
**വാഴപ്പറമ്പിൽ കൃഷ്ണൻ അയ്യപ്പൻ**
എം.എൽ.എ.യും മന്ത്രിയുമായിരുന്ന
**വി.ഒ. മാർക്കോസ്**
വിഖ്യാതനായ കഥകളി ആചാര്യൻ
**നാട്ടകം വേലുപിള്ള**
മലയാള ചലച്ചിത്ര ഗാനശാഖയ്ക്ക് ശക്തി ചൈതന്യം പകർന്ന
**ശ്രീ അഭയ ദേവ്**
ശാസ്ത്രീയ സംഗീതത്തിൽ അദ്വിതീയനായ
**ശ്രീ. കുമാര കേരളവർമ്മ**
കഥകളി സംഗീതജ്ഞൻ
**ശ്രീ. പള്ളം മാധവൻ**
പോഷകാഹാര കലയിലും, പാചകകലയിലും "സെറാസ്" അവാർഡ് നേടിയ
**പത്മശ്രീ തങ്കം ഫിലിപ്പ്**

ചിങ്ങവനത്ത് വി. ഐ. സുശീലൻ ഭാഗവതരുടെ നേതൃത്വത്തിൽ വർഷങ്ങളായി നടത്തിവരുന്ന 'കലാനിലയം' ദൃശ്യശ്രാവ്യരംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

നെഹ്റുയുവക്കേന്ദ്രം, വിക്ടറി സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്, നവധാര സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്, സ്വരാജ്, ശ്രാവണി, സി. എം. സി. ഫുട്ബോൾ ക്ലബ് ഇവയെല്ലാം കാലകായിക രംഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. കലാകായികസമിതികളിൽ സ്ത്രീപങ്കാളിത്തം പ്രായേണ കുറവാണ്.

നാട്ടകംപഞ്ചായത്തിൽ ഒരു വൈ.എം.സി.എ. പ്രവർത്തിക്കുന്നു. അന്താരാഷ്ട്രപ്രസ്ഥാനായ ലയൺസ് ക്ലബിൻെറ യൂണിറ്റ് ചിങ്ങവനത്തും റോട്ടറി ക്ലബിൻെറ യൂണിറ്റ് കോടിമതയിലും പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യസേവനരംഗത്തു ശ്രദ്ധപതിപ്പിക്കാൻ ഈ പ്രസ്ഥാനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

നേരിട്ട് അനുഭവവേദ്യമാകുന്ന ദൃശ്യമാധ്യമം എന്നനിലയിൽ ടെലിവിഷൻെറ സ്വാധീനം ഇവിടെ വർദ്ധിച്ചുവരുന്നുണ്ട്. നാമമാത്രമായി മാത്രമാണ് ഈ സ്വാധീനം ഗുണപരമായി മാറ്റാൻ കഴിയുന്നത് എന്നത് ഒരു പരമാർത്ഥമാണ്.

രണ്ട് സിനിമാശാലകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. സമീപസ്ഥലങ്ങളായ കോട്ടയത്തും, ചങ്ങനാശ്ശേരിയിലും പുതിയ സിനിമ കാണാനുള്ള സാദ്ധ്യതയുള്ളതിനാൽ ഈ സിനിമാശാലകളിൽ പ്രേക്ഷകർ താരതമ്യേന കുറവാണ്.

വള്ളംകളിപ്രേമികളുടെ നാടാണ് നാട്ടകം. കൊടൂരാറ്റിൽ നടന്നിരുന്ന വേമ്പനാട് മത്സരവള്ളംകളി താല്

ക്കാലികമായി നിന്നിരിക്കുകയാണെങ്കിലും ഒരു കാലഘട്ടത്തിൽ ഈ ജലമേള കേരളത്തിന്റെ ശ്രദ്ധപിടിച്ചു പറ്റിയിരുന്നു. നാട്ടകം ബോട്ട്ക്ലബ് എന്നപേരിൽ പ്രവർത്തിച്ചുവരുന്ന സമിതി ആലപ്പുഴ നെഹ്റുട്രോഫി മത്സരമുൾപ്പെടെ ശ്രദ്ധേയമായ ജലോൽസവങ്ങളിൽ സജീവമായി പങ്കെടുത്തു വിജയികളായി വരുന്നു. കല്ലൂപ്പറമ്പൻ ചുണ്ടൻ ഈ പ്രദേശത്തിന്റെ അഭിമാനമാണ്. കോടിമത, ഒറ്റത്തൈക്കൽ, ഡായി തുടങ്ങിയ കളിവള്ളങ്ങളും നാട്ടകം പ്രദേശത്തുനിന്നുള്ളവയാണ്.



*പള്ളം സെന്റ് പോൾസ് ചർച്ച്*

കായികരംഗത്ത് നാട്ടകത്തിന്റെ പാരമ്പര്യം എക്കാലവും ശരാശരി നിലവാരം പുലർത്തിയിരുന്നു. ഇപ്പോഴും അത് തുടരുന്നു. സംസ്ഥാനതലത്തിലും ദേശീയതലത്തിലും കായികരംഗത്ത് മികവുതെളിയിച്ചവർ ഇവിടെയുണ്ട്. പള്ളം സി. എം. എസ്. ഹൈസ്ക്കൂളിലെ പലകുട്ടികളും സംസ്ഥാനതലത്തിലും ദേശീയതലത്തിലും പ്രാഗത്ഭ്യം തെളിയിച്ചുവരുന്നു. ഇൻഡ്യൻ ബാസ്ക്കറ്റ്ബോൾ ടീമിൽ അംഗമായിരുന്നിട്ടുള്ള ജോസഫ് സാം, കേരള ഫുട്ബോൾ ടീം അംഗമായിരുന്ന ജോയി ഉലഹന്നാൻ തുടങ്ങി കായികകേരളത്തിന്റെ വിജയപ്രതീകങ്ങളായവർ നാട്ടകത്തിന്റെ മണ്ണിൽ പിറന്നവരാണ്.



*പൊൻകുന്നത്തു കാവ്*

സ്ഥലത്ത് അഞ്ച് ഹൈസ്ക്കൂളുകൾക്കും, നാട്ടകം ഗവ. കോളജിനും നാട്ടകം പോളിടെക്നിക്കിനും സ്വന്തമായി കളിസ്ഥലമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വകയായ ഒരു സ്റ്റേഡിയം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.

ചിങ്ങവനം ഭാഗത്ത് ഒരു ജിംനേഷ്യവും, കരാട്ടേസ്ക്കൂളും പ്രവർത്തിക്കുന്നു. നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് ഇവ. കുട്ടികളും യുവാക്കളുമായി ധാരാളം പേർ ഇവിടെ പരിശീലനത്തിന് എത്തുന്നുണ്ട്.

ക്ലബുകളും മറ്റും ഓണക്കാലത്ത് സ്പോർട്ട്സ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. അവയിൽ താല്പര്യപൂർവ്വം പങ്കാളികളാകുന്നുണ്ട്.

വള്ളംകളി, നാടൻ പന്തുകളി, കമ്പുകളി, പകിട, കബഡി, വടംവലി, ക്രിക്കറ്റ്, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ, വടംവലി ഇവയാണ് ഇവിടെ പ്രചാരത്തിലുള്ള കായികവിനോദങ്ങൾ. ക്രിക്കറ്റ് താല്പര്യം കുട്ടികളിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്നുണ്ട്.

പ്രധാനമായും മൂന്ന് ഗ്രന്ഥശാലകളാണ് ഇവിടെ ഉള്ളത്. പഞ്ചായത്തുവക പാക്കിൽ ലൈബ്രറി, മറിയപ്പള്ളിയിലെ എം. എം. പബ്ലിയ്ക്ക് ലൈബ്രറി, പള്ളത്ത് ടാഗോർ ക്ലബ് ആന്റ് റീഡിംഗ് റൂം തുടങ്ങിയവാണ് ഇവ. ഇതിൽ എം. എം. പബ്ലിക് ലൈബ്രറി പ്രവർത്തനരംഗത്ത് മികവു പുലർത്തുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങുവാനുള്ള ഫണ്ടിന്റെ അപര്യാപ്തത, പുസ്കങ്ങൾ ശരിയായി സൂക്ഷിക്കാനുള്ള സ്ഥലക്കുറവ് ഇവയാണ് എല്ലാ ഗ്രന്ഥശാലയുടെയും പൊതുവിലുള്ള പ്രശ്നങ്ങൾ. കൂടാതെ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധകൂടുതലായി തിരിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വായന കാര്യമായി എടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്.

ഉച്ചഭാഷിണിമൂലമുണ്ടാകുന്ന ശബ്ദമലിനീകരണം ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്കാണ് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നത്. മറ്റുമാർഗ്ഗങ്ങളിലൂടെയുള്ള ശബ്ദമലിനീകരണവും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇത് നിയന്ത്രണവിധേയമാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ ഇല്ല. കലാസമിതികൾക്ക് കാര്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.

കോലടി, മുടിയാട്ടം എന്നിവ തദ്ദേശീയരുടെ തനതു കലാരൂപങ്ങളാണ്. അവയും മതിയായ പ്രോത്സാഹനത്തിന്റെ അഭാവം മൂലം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

**പരിഹാരങ്ങൾ, സാദ്ധ്യതകൾ**

നാട്ടകം ഗ്രാമപഞ്ചായത്തിലെ പ്രധാന ലൈബ്ര

റികളായ മറിയപ്പള്ളി എം. എം. പബ്ലിക് ലൈബ്രറി, പള്ളം ടാഗോർ ക്ലബ് ആൻറ് റീഡിംഗ് റൂം, പാക്കിൽ പഞ്ചായത്ത് ലൈബ്രറി ഇവയുടെയെല്ലാം വാർഷിക ഗ്രാൻറ് വർദ്ധിപ്പിക്കണം. പുതിയ ഗ്രന്ഥങ്ങൾ കൂടുതലായി വാങ്ങി വെക്കുന്നതിന് ധനസഹായം നടത്തണം. പഞ്ചായത്തുവക ലൈബ്രറിയിൽ കൂടുതൽ റെഫറൽസ് പുസ്തകങ്ങൾ സമാഹരിക്കണം.

ഗ്രന്ഥപാരായണത്തിൻെറ ആവശ്യകതയെ സംബന്ധിക്കുന്ന ബോധവൽക്കരണപ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആവിഷ്ക്കരിക്കണം. പഞ്ചായത്ത് ലൈബ്രേറിയൻെറ പ്രവർത്തനസമയം പുതുക്കി ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ വൈകുന്നേരം 8 മണി വരെ ആക്കണം. എല്ലായിടത്തും ഗ്രന്ഥശേഖരം ഇന്നുള്ളതിൽ വളരെകൂടുതലായി വർദ്ധിപ്പിക്കണം.

ഈ പ്രദേശത്തിൻെറ തനതുകലാരൂപങ്ങൾ കണ്ടെത്തി ആവശ്യമായി പ്രോത്സാഹനം നൽകുകയും അവരുടെ മുൻകാല മഹത്വം വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

നിർമ്മാണം പൂർത്തീകരണഘട്ടത്തിലെത്തിയിട്ടുള്ള പഞ്ചായത്തിൻെറ സാംസ്കാരിക മന്ദിരം എല്ലാവിധകലാസാഹിത്യപ്രവർത്തനങ്ങളുടെയും സംഗമവേദിയായി മാറണം. കലാഭിരുചിയുള്ള പ്രതിഭകൾക്ക് മെച്ചപ്പെട്ടപരിശീലനം നൽകുന്നതിനുള്ള സംവിധാനവും ഈ കേന്ദ്രത്തിൽ ഉണ്ടാകും. ഓരോ വാർഡിലും ഉചിതമയി പൊതു സ്ഥലത്ത് ടി.വി., റേഡിയോ മുതലായവ സ്ഥാപിക്കുകയും, അവിടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഒരു വീഡിയോ ക്ലബ് രൂപീകരിക്കുകയും ചെയ്യുന്നത് അഭികാമ്യാണ്. മികച്ച കലാമൂല്യവും ധാർമ്മികമൂല്യവും ഉള്ള ചലച്ചിത്രങ്ങളുടെ പ്രചാരണാർത്ഥം, അവ ശേഖരിച്ച് തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് ഒരു ഫിലിം സൊസൈറ്റി ഉണ്ടാകേണ്ടകാണ്. അവ പ്രേക്ഷകരുടെ സാമൂഹ്യമനസ്ഥിതിയിൽ, ആരോഗ്യകരമായ മാറ്റങ്ങൾക്ക് കാരണമാകും.



മൺട്രോ വിളക്ക്

ഈ പ്രദേശത്തെ കലാഭിരുചിയുള്ള യുവജനങ്ങളെ സംഘടിപ്പിച്ച ഒരു അമേച്ചർ നാടകവേദി രൂപീകരിക്കണം. പഞ്ചായത്തിൽ നിന്നും ഗ്രാൻറ് തുടങ്ങി എല്ലാവിധ സാമ്പത്തികസഹായവും സാംസ്ക്കാരികകേന്ദ്രത്തിന് നൽകണം. മതസൗഹാർദ്ദം ഊട്ടിഉറപ്പിക്കുന്ന പരിപാടികളും ഈ സാംസ്ക്കാരികേന്ദ്രം വഴി നടപ്പിലാക്കണം. നാടൻ കലകളെ പരിപോഷിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ സമീപനവും ആവശ്യമാണ്.

4 9

# വനിതാക്ഷേമം

സ്ത്രീകളുടെ സാമൂഹ്യപദവിയും അവസര സമത്വവും നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും എല്ലാ രംഗങ്ങളിലും ക്രൂരമായി അവഗണിക്കപ്പെടുകയും ഇരട്ടചൂഷണത്തിന് ഇരയാവുകയാണ് പൊതുവിൽ ഇൻഡ്യയിലെ സ്ത്രീകൾ. നിരക്ഷരത മൂലം നിലനിന്നു പോരുന്ന പ്രാകൃത സാമൂഹ്യദുരാചാരങ്ങളുംഅന്ധവിശ്വാസങ്ങളും ഇൻഡ്യയിലെ മഹാഭൂരിപക്ഷം സ്ത്രീകളെയും ആധുനിക സാമൂഹ്യമൂല്യങ്ങളുടെ വെളിച്ചത്തിലേക്ക് എത്തിനോക്കാൻ പോലും കഴിയാത്തവരാക്കുന്നു. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഇൻഡ്യയിൽ വടക്ക് രൂപക്കൻവാർ മുതൽ തെക്ക് സൂര്യനെല്ലി വരെ ഇൻഡ്യൻ സ്ത്രീത്വത്തിന്റെ അശരണമായ അവസ്ഥയാണു വെളിവാകുന്നത്.

"നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന വൈദികകാലത്തെ മുനിസിദ്ധാന്തം മുതൽ ഇൻഡ്യയിൽ വേരൂന്നിയ സ്ത്രീ സ്വാതന്ത്ര്യനിഷേധം-ആധുനിക ഇൻഡ്യയിലും പച്ചപിടിച്ചു തന്നെ നില്ക്കുന്നു. ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട വനിതാ ബില്ലിനെക്കുറിച്ചുള്ള വിവാദം ഈ വസ്തുതയിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സ്ത്രീകൾ ഉന്നതമായ ഭരണനേതൃത്വത്തിൽ ദീർഘകാലം പ്രാഗത്ഭ്യത്തോടെ ഭരണം നിർവ്വഹിച്ചിട്ടുള്ള ഇൻഡ്യയിൽ 33ശതമാനം സംവരണം സംസ്ഥാനനിയമസഭയിലും പാർലമെന്റിലും നല്കുന്നതിനുള്ള തടസ്സവാദങ്ങൾ ഈ പ്രശ്നത്തിന്റെ ഗൗരവം വെളിവാക്കുന്നു. അബലകളും ചപലകളുമെന്ന് മുദ്രകുത്തപ്പെട്ട സ്ത്രീസമൂഹത്തിന്റെ സ്ഥിതി സാക്ഷരതയിൽ ഒന്നാം സ്ഥാനത്തെത്തിയ കേരളത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്.



നാടുവാഴിത്ത സാമൂഹ്യവ്യവസ്ഥിതിയിൽ നിലനിന്നിരുന്ന സ്ത്രീ നിഷേധപരമായ സമ്പ്രദായങ്ങൾക്കെതിരെ അയ്യൻകാളി, ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, വി.ടി. ഭട്ടതിരിപ്പാട് തുടങ്ങിയ നവോത്ഥാന നായകരുടെ നേതൃത്വത്തിൽ നടന്ന സാമൂഹ്യ പരിഷ്ക്കരണപ്രസ്ഥാനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരണവും സമൂഹത്തിൽ ഉയർത്തിവിട്ട ചലനങ്ങൾ കേരളത്തിൽ സ്ത്രീ സമൂഹത്തിന്റെ പദവിയിൽ മാറ്റം വരുത്തുവാൻ അടിസ്ഥാന കാരണമായിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ട നിരവധി സാമൂഹ്യ നവോത്ഥാന സംഘടനകളുടെ പ്രവർത്തനങ്ങളും തദനുസരണമായി ഇവിടെ സംഭവിച്ച മാറ്റങ്ങളും കേരളത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന്റെ രംഗത്ത് ചെലുത്തിയ സ്വാധീനം ശ്രദ്ധേയമാണ്. ഇതിനെത്തുടർന്ന് രൂപം കൊണ്ട വായനശാല-ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ, വർത്തമാന പത്രങ്ങളുടെ പ്രചാരണം, സോഷ്യലിസ്റ്റ് പുരോഗമന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അതിന്റെയൊക്കെ നേതൃത്വത്തിൽ രൂപം കൊണ്ട വനിതാ സംഘടനകൾ, സാംസ്ക്കാര-സാഹിത്യ സംഘടനാരൂപങ്ങൾ ഇവയെല്ലാം കേരളത്തിൽ ഈ നൂറ്റാണ്ടിൽ നടത്തിയ പ്രവർത്തനത്തനങ്ങളുടെ ഫലമാണ് ആധുനിക കേരളത്തിന്റെ ശക്തിയും ചൈതന്യവും. ഇപ്പോൾ കേരളത്തിലെ സ്ത്രീകൾ വന്നെ

ത്തിയ സാമൂഹ്യ സ്ഥിതിയുടെ പൊതു ചരിത്രം നമ്മുടെ പഞ്ചായത്തിലും ബാധകമാണ്.

മാറു മറയ്ക്കരുത്, കാതുനീട്ടി വളർത്തണം, ബഹുഭർതൃത്വത്തിന്റെ കടുത്ത ദുരന്തങ്ങൾ പേറണം, ബഹുഭാര്യാത്വത്തിന്റെ പീഡനങ്ങൾ സഹിക്കണം, നാലക്ഷരം പഠിക്കുന്നതിന് വിലക്ക്, തിരണ്ടുകല്യാണം, കുളികൂടികല്യാണം, കെട്ടുകല്യാണം, സ്മാർത്തവിചാരങ്ങൾ പടിയടച്ച് പിണ്ഡം വെയ്ക്കൽ ഇങ്ങനെ എണ്ണിയാലൊടുങ്ങാത്തതായിരുന്നു നമ്മുടെ സ്ത്രീസമൂഹം അനുഭവിച്ചുപോന്ന ദുരാചാരങ്ങൾ. കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും ഇതായിരുന്നു സ്ഥിതി. നമ്മുടെ പഞ്ചായത്ത് പ്രദേശവും ഇതിൽനിന്ന് ഭിന്നമായിരുന്നില്ല.

സ്ത്രീപുരുഷ അനുപാതത്തിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ മുൻപന്തിയിലാണ്. നാട്ടകം പഞ്ചായത്തിൽ 19,565 സ്ത്രീകളും 19,559 പുരുഷന്മാരും ഉണ്ട്. പൊതുവിൽ സ്ത്രീസമൂഹംജീവിതത്തിന്റെ എല്ലാ തുറകളിലും കാണപ്പെടുന്നു.

തൊഴിൽ രംഗത്ത് കൂടുതലായും കൃഷിത്തൊഴിലിലാണ് സ്ത്രീകൾ ഏർപ്പെട്ടിരുന്നത്. ആധുനിക വിദ്യാഭ്യാസം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഈ ഗ്രാമത്തിൽ ലഭിക്കാൻ ഇടയായി. പള്ളം ബുക്കാനാൻ ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപിച്ചത് 1888ൽ ആണ്. ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനമായതിനാൽ പാശ്ചാത്യ വിദ്യാഭ്യാസവും യൂറോപ്യൻ മേഖലയിൽ വളർന്നുകൊണ്ടിരുന്നു ശാസ്ത്ര വിജ്ഞാനവും ലിബറൽ ചിന്താഗതിയും ഈ പ്രദേശത്ത് അക്കാലം മുതൽ ലഭിക്കാനിടയായി. കോട്ടയത്ത് സ്ഥാപിക്കപ്പെട്ട സി.എം.എസ്. കോളജിന്റെ സാമീപ്യവും സ്ത്രീവിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ ഏറെക്കാലം മുമ്പ് മുതൽ സൗകര്യം ലഭിക്കുന്നതിന് കാരണമായി. പ്രഗത്ഭരായ പല വനിതകളും ഈ പഞ്ചായത്തിന്റെ സന്തതികളാണ്. സ്ത്രീകൾ ഉൾപ്പെട്ടിരിക്കുന്ന തൊഴിൽ മേഖല പ്രധാനമായും നാലായി തിരിക്കാം.



1. കാർഷിക മേഖല
2. വ്യാവസായിക മേഖല
3. നിർമ്മാണ തൊഴിൽ മേഖല
4. സേവന മേഖല

**കൃഷി മേഖലയിലെ സ്ത്രീ പ്രശ്നങ്ങൾ**

പാടശേഖരങ്ങളിലെ പണികളിൽസ്ത്രീജനങ്ങളുടെ പങ്കായിരുന്നു കാര്യമായി ഉണ്ടായിരുന്നത്. കർഷകത്തൊഴിലാളികളായ ഇവർക്ക് തുച്ഛമായ കൂലിയാണ് ലഭിച്ചു കൊണ്ടിരുന്നത്. ജോലി സമയം, കൂലി വ്യവസ്ഥ എന്നിവ യാതൊരു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലായിരുന്നില്ല. ഭൂപരിഷ്ക്കരണ നിയമവും സംഘടിത തൊഴിലാളി വർഗ പ്രസ്ഥാനപ്രസ്ഥാനങ്ങളുടെ നിരവധിയായ സമരങ്ങളുടെയും ഫലമായി ഇവരുടെ സേവന വേതന വ്യവസ്ഥകൾ വളരെ മെച്ചപ്പെട്ടു. എന്നാൽ ഇപ്പോഴും തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം മറ്റ് തൊഴിലിടങ്ങളിൽ നിലനിൽക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് സ്ത്രീകളും പുരുഷന്മാരും തമ്മിൽ വേതനത്തിലും ഗണ്യമായ അന്തരം നിലതുടരുകയാണ്.

പാടശേഖരങ്ങളിൽ പ്രതികൂല സാഹചര്യവും കാലാവസ്ഥയും സഹിച്ച് വിശ്രമിക്കാൻ സമയമില്ലാതെ കൃഷിപ്പണി ചെയ്യുന്ന സ്ത്രീകൾക്ക് പാടശേഖരങ്ങളോട് ചേർന്ന് ആരോഗ്യ പരിരക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

വ്യാവസായ നിർമ്മാണ മേഖലയാണ് സ്ത്രീകളുടെ മറ്റൊരു തൊഴിൽ രംഗം. വ്യവസായ സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ പഞ്ചായത്തിലെ ട്രാവൻകൂർ സിമിന്റ്സ്, ഇലക്ട്രോ കെമിക്കൽസ്, മലയാളമനോരമ പ്രസ്സ് തുടങ്ങിയ മേജർ സ്ഥാപനങ്ങളും നാല്പതിലധികം ക്രീപ്പുമില്ലുകളും മറ്റ് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളും ഉണ്ട്.

സേവനത്തുറകളിൽ വാണിജ്യ ബാങ്കുകൾ, സഹകരണബാങ്കുകൾ, സ്ക്കൂളുകൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നീ മേഖലകളിൽ സ്ത്രീകൾ ധാരാളമാണ്.

വിദ്യാഭ്യാസം നേടിയിട്ടും തൊഴിൽ സാധ്യതകളില്ലാതെ കഴിയുന്ന സ്ത്രീകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. പൊതുവായി ഈ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യ സ്ഥിതി വളരെ പിന്നോക്കം തന്നെയാണ്.

സ്ത്രീമരണനിരക്കും ശിശുമരണനിരക്കും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഗർഭിണികളായ സ്ത്രീകൾ മരണപ്പെടുന്ന അവസ്ഥ ഈ പഞ്ചായത്തിൽ വളരെ വിരളമാണ്. ലൈഗീകപീഡനത്തിന് ഇരയാകുന്ന സ്ത്രീകളുടെ എണ്ണവും കുറവല്ല. സ്ത്രീ കൂടുതൽ മാന്യതയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം..

വിവാഹ ബന്ധം ശിഥിലമാക്കുന്ന തരത്തിൽ ദാമ്പത്യ ജീവിതത്തിൽ അസ്വസ്ഥതകൾ നിറയുന്ന അനുഭവങ്ങൾ മുൻകാലത്തെക്കാൾ കൂടിവരുന്നുണ്ട്. ആധുനിക ജീവിതത്തിലെ മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന സാംസ്ക്കാരികവും മാനവികവുമായ ജീർണ്ണതകൾ ഇതിന് വഴിയൊരുക്കുന്നുണ്ട്. ടി.വി. മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യുന്ന ദൃശ്യങ്ങൾ ഏറിയ കൂറും സ്ത്രീ ലോകത്തിൻെറ സഹജദൗർബല്യങ്ങളെ ചൂഷണം ചെയ്യുന്നു. ഇതിൽ പ്രകടമാകുന്ന അന്ധവിശ്വാസങ്ങളും രതിവൈകൃതങ്ങളും മാതൃത്വത്തെയും സ്ത്രീത്വത്തെയും കുറിച്ച് നമുക്കുള്ള മഹത്തായ മൂല്യബോധത്തെ തകർക്കുന്നവയാണ്. വീട്ടമ്മമാരും സാമൂഹ്യപ്രവർത്തകരായ സ്ത്രീകളും തമ്മിൽ സ്ത്രീ ലോകത്തെ ഗ്രസിക്കുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ഫലപ്രദമായ ആശയവിനിമയം നടത്തേണ്ടതാണ്.



ജാതിമത രാഷ്ട്രീയഅടിസ്ഥാനത്തിൽ വനിതകൾക്കായി സമാജങ്ങളും സംഘങ്ങളും, ക്ലാസ്സുകളുംപ്രവർത്തിക്കുന്നുണ്ടെങ്കിലും അവയെല്ലാം പ്രത്യേകം തുരുത്തുകളിലാണ്. പഞ്ചായത്തിൽ വനിതാസംഘങ്ങളെ ഏകീകരിക്കപ്പെട്ട ഒരു ഒരു പ്രസ്ഥാനത്തിൽ അണിനിരത്താൻ കഴിയേണ്ടതാണ്.

വനിതാ സഹകരണസംഘങ്ങൾ, വ്യവസായ യൂണിറ്റുകൾ, കൾച്ചറൽ സൊസൈറ്റികൾ, സ്ത്രീകൾക്ക് മാത്രമായുള്ള വായനശാലകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, എന്നിങ്ങനെ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ മാത്രമേ തങ്ങൾ നേരിടുന്ന യാഥാർത്ഥ്യപ്രശ്നങ്ങൾ എന്താണെന്ന് അറിയാൻ കഴിയും. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വനിതാസംഘങ്ങളെ ഒരു കേന്ദ്രസമിതിയിൽ കൊണ്ടുവരുവാൻ മുൻകൈയെടുക്കേണ്ടതാണ്.

സ്ത്രീധന നിരോധനനിയമം നിലവിലുണ്ടെങ്കിലും ഏറ്റവും കൂടുതൽ പരസ്യമായി ലംഘിക്കപ്പെടുന്നതിനാൽ പഞ്ചായത്ത് തലത്തിൽ നിയമം നടപ്പിലാക്കുവാൻ സംവിധാനമുണ്ടാകണം. സ്ത്രീകൾക്ക് എല്ലാ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിലും പ്രാതിനിധ്യം ഉറപ്പാക്കുന്ന വിധത്തിൽ നിയമം ഉണ്ടാകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ആഴ്ചയിലൊരിക്കൽ ഒത്തുകൂടാൻ പറ്റുന്ന വിധത്തിൽ മഹിളാകേന്ദ്രങ്ങൾ ഉണ്ടാകണം. അവിടെ ചർച്ചയും പഠനവും പരിശീലനവും ഒക്കെ സംവിധാനം ചെയ്യണം.

അടുക്കള ജോലിയും, കുടുംബം നിലനിർത്തുന്നതിനുള്ള തൊഴിലും, തലമുറയെ സൃഷ്ടിക്കുന്നതിനുള്ള ജോലിയും ചെയ്യുന്ന സ്ത്രീസമൂഹത്തിന് ഉന്നതമായ സാമൂഹ്യപദവി നൽകുന്നതിന് വാർഡു വനിതാസഭകൾ ഓരോ മാസത്തിലും കൂടണം. അവിടെ നടക്കുന്ന ചർച്ചകൾ ക്രോഡീകരിച്ച് പഞ്ചായത്തിൽ വനിതാ ക്ഷേമസമിതി രൂപീകരിച്ച് ആ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുവാൻ നിയമപരമായ സംവിധാനം ഉണ്ടാകണം. സ്ത്രീകളുടെ കാർഷിക വ്യാവസായിക സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

നാട്ടകം ഗവൺമെന്റ് കോളജിലും എല്ലാ ഹൈസ്ക്കൂളുകളിലും അതാത് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളും അമ്മമാരും രണ്ടു മാസത്തിലൊരിക്കൽ ഒത്തുചേരുന്നതിനും പ്രസ്തുത മാതൃസംഗമത്തിൽ ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുംനോരോ വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്ന നിബന്ധനകൾ വിദ്യാഭ്യാസത്തിൽേറ ഭാഗമായി ഉണ്ടാകണം. ഈ മാതൃസംഗമങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു മാതാവിന് 'മാതൃജ്യോതി' എന്ന് നാമകരണം ചെയ്ത് ഉന്നത പദവി നൽകാവുന്നതാണ്.



**4 10**

# സഹകരണം

കൂട്ടായ പ്രവർത്തനങ്ങളിലൂടെ കർമ്മശേഷിയും ആത്മവിശ്വാസവുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് സഹകരണ പ്രസ്ഥാനത്തിൻെറ അടിസ്ഥാനതത്വം.

ഋണഭാരത്തിൽപ്പെട്ട് വലഞ്ഞ കർഷകസമൂഹത്തെ മധ്യവർത്തികളുടെയും അമിതപലിശക്കാരുടെയും പിടിയിൽനിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇൻഡ്യയിൽ സഹകരണപ്രസ്ഥാനം രൂപം കൊണ്ടത്. ജീവിതത്തിൻെറ സമസ്തമേഖലകളിലും സേവനം വ്യാപിപ്പിച്ചു കഴിഞ്ഞ സഹകരണപ്രസ്ഥാനത്തിൻെറ വളർച്ചയിൽ മൂല്യവത്തായ സംഭാവനകൾ നല്കിയ കേരളത്തിലെ സഹകരണമേഖല ഗ്രാമീണജനതയുടെയും നിരാലംബജനലക്ഷങ്ങളുടെയും ശക്തിഗോപുരമായി ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു.



*നാട്ടകം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3839*

1913-ൽ നാട്ടുരാജ്യമായിരുന്ന കൊച്ചിയിൽ സഹകരണനിയമം ഉടലെടുത്തിരുന്നു. തിരുവിതാംകൂറിൽ 1914-ൽ ഒരു നിയമം രൂപപ്പെട്ടു. ഈ നിയമത്തെത്തുടർന്ന് സ്ഥാപിതമായ തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്കാണ് പിന്നീട് കേരള സംസ്ഥാന സഹകരണബാങ്കായി രൂപം കൊണ്ടത്. മലബാർ പ്രദേശത്ത് 1932-ലെ മദ്രാസ് സഹകരണനിയമമാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. തിരു-കൊച്ചി സംയോജനത്തെത്തുടർന്ന് 1952-ൽ തിരു-കൊച്ചി സഹകരണനിയമം പാസാക്കിയിരുന്നു. 1956-ൽ കേരളസംസ്ഥാനം രൂപീകരിച്ചെങ്കിലും 1969 വരെ സംസ്ഥാനത്ത് ഏകീകൃത സഹകരണനിയമം ഉണ്ടായിരുന്നില്ല. 1963-ൽ ആർ. ശങ്കർ മന്ത്രിസഭ ഒരു ബില്ല് അവതരിപ്പിച്ചെങ്കിലും മന്ത്രിസഭയുടെ പതനത്തോടെ ബില്ല് ചാപിള്ളയായി.

1967-ൽ ഇ.എം.എസിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ് ഇപ്പോൾ നിലവിലുള്ള കേരള സഹകരണ നിയമം പാസാക്കിയത്. പി.ആർ. കുറുപ്പ് ആയിരുന്നു അന്നത്തെ സഹകരണ മന്ത്രി. കാൽനൂറ്റാണ്ട് പിന്നിട്ട ഈ നിയമത്തിൽ ചില ഭേദഗതികൾ വന്നതല്ലാതെ കാതലായ ഒരു മാറ്റവും ഉണ്ടായിട്ടില്ല. സഹകരണനിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് സഹകരണമേഖലയിലെ എല്ലാ രംഗത്തുനിന്നും ആവശ്യമുയർന്നതിൻെറ വെളിച്ചത്തിൽ പ്ലാനിംഗ് കമ്മീഷൻ രൂപകല്പന ചെയ്ത മാതൃകാസഹകരണ നിയമം ഇന്ന് പരക്കെ ചർച്ചയ്ക്ക് വിഷയീഭവിച്ചിരിക്കുകയാണ്. ഇത് ഫലപ്രാപ്തിയിൽ വന്നാൽ സഹകരണമേഖലയിൽ ആശാവഹമായ പുരോഗതി കൈവരിക്കുന്നതിന് കാരണമാകും.

വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിന് ഉതകുന്ന പ്രധാന ഏജൻസികളായി നിലവിലുള്ള സഹകരണസ്ഥാപനങ്ങളെ കർമ്മനിരതമാക്കുകയും അതാത് ഇടങ്ങളിലെ വിഭവ സേവനസാധ്യതകൾക്ക് അനുസൃതമായി പുതിയ സംരഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യേണ്ടത് അവശ്യമാവശ്യമായിത്തീർന്നിരിക്കുന്ന കാലഘട്ടമാണിത്. ജനകീയാസൂത്രണ പരിപാടികളിലൂടെ ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കുവാൻ നമുക്ക് കഴിയണം.

1919 ജൂൺ 29ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം

ആരംഭിച്ച 86-ാം നമ്പർ നാട്ടകം സഹകരണബാങ്കാണ് സഹകരണമേഖലയിൽ ഈ പ്രദേശത്തെ ആദ്യ സ്ഥാപനം. 1100-ൽ (M.E.) ഡിപ്പാർട്ടുമെന്റിൽ നിന്നും ഉണ്ടായ നിർദ്ദേശം അനുസരിച്ച് ക്ലിപ്തരഹിത ബാധ്യതയോടുകൂടിയാണ് നാട്ടകം സഹകരണബാങ്ക് (86) പ്രവർത്തിച്ചു വന്നത്. ഈ നിബന്ധന ഇപ്പോഴും തുടരുന്നു. ഈ സംഘത്തിന്റെ അംഗസംഖ്യ 2529 ആണ്. പ്രവർത്തന രംഗത്ത് ഇടയ്ക്ക് സംഭവിച്ച മാന്ദ്യത്തിൽ നിന്നും സ്ഥാപനം പുരോഗതി പ്രാപിച്ചിട്ടുണ്ട്. വായ്പാപ്രവർത്തനങ്ങൾ കൂടാതെ കാലാകാലങ്ങളിൽ നടത്തുന്ന ഓണച്ചന്ത തുടങ്ങിയ കാര്യങ്ങളിലും ബാങ്കിന്റെ സേവനം അംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

1955ൽ പ്രവർത്തനം ആരംഭിച്ച നാട്ടകം സർവ്വീസ് സഹകരണ ബാങ്ക് (3839) സേവനത്തിന്റെ നാല്പത് വർഷങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനരംഗത്ത് സജീവമായി മുന്നേറുന്നു. 13897 അംഗങ്ങളുള്ള ഈ സ്ഥാനമാണ് പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളിൽ അംഗസംഖ്യയിൽ പ്രഥമസ്ഥാനത്ത്. കാർഷിക, കാർഷികാനുബന്ധ വായ്പാ പ്രവർത്തനങ്ങളോടൊപ്പം ഭവനവായ്പ, വാഹനവായ്പ, I.R.D.P. വായ്പ തുടങ്ങിയ രംഗങ്ങളിലും ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ നെൽകർഷകരുടെയും, മറ്റ് ചെറുകിട നാമമാത്ര കർഷകരുടെയും വിശ്വാസമാർജ്ജിക്കുന്നതിന്ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലുമായി പ്രവർത്തന മേഖല വ്യാപിച്ചു കിടക്കുന്ന ഈ സ്ഥാപനത്തിന്റെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിന് വിവിധപ്രദേശങ്ങളിൽ ശാഖകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് അഭികാമ്യമായിരിക്കും. ഈ ബാങ്കിന്റെ നിയന്ത്രണത്തിൽ പഞ്ചായത്ത്പരിധിയിൽ മൂന്ന് മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു. ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതിലും ബാങ്കിന്റെ സേവനം ലഭ്യമാണ്. കൂടാതെ കർഷകർക്ക് ആവശ്യമായ വളത്തിന്റെ വ്യാപാരവും ബാങ്ക് നടത്തുന്നുണ്ട്. സമീപകാലത്തായി സിമന്റ് വ്യാപാരരംഗത്തേക്കും ബാങ്ക് പ്രവേശിച്ചു കഴിഞ്ഞു.




കാർഷിക കാർഷികാനുബന്ധമേഖലകളിലും മറ്റു സേവനത്തുറകളിലും ഈ ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി വ്യാപിപ്പിക്കേണ്ടതുണ്ട്.

മൂലവട്ടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹരിജൻ സഹകരണസംഘം, പള്ളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അവശോദ്ധാരണ സഹകരണസംഘം, ട്രാവൻകൂർ സിമിന്റ്സ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കെ.എസ്.ഇ.ബി. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, നാട്ടകം ഗവൺമെന്റ് പോളിടെക്നിക്ക്, ഗവൺമെന്റ് കോളജ്, നാട്ടകം മോഡൽ എച്ച്.എസ്., പള്ളം സി.എം.എസ്. എച്ച്.എസ്., മൂലവട്ടം ചിന്മയാ എച്ച്.എസ്., സെന്റ് തോമസ് എച്ച്.എസ്., ബുക്കാനാൻ ഗേൾസ് ഹൈസ്ക്കൂൾ തുടങ്ങിയ സ്ക്കൂൾ സംഘങ്ങൾ K.774-ാം നമ്പർ വനിതാവ്യവസായ സഹകരണസംഘം എന്നിവയാണ് ഈ പഞ്ചായത്ത് പരിധിയിൽ ഉള്ള മറ്റു സംഘങ്ങൾ. കൂടാതെ കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ പാക്കിൽ കവലയിലും 421-ാം നമ്പർ കോട്ടയം അർബ്ബൻ സഹകരണ ബാങ്കിന്റെ ശാഖ ചിങ്ങവനത്തും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ അച്ചടിശാലയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നാട്ടകം പഞ്ചായത്തിലെ വാണിജ്യബാങ്കുകളിലെയും സഹകരണബാങ്കുകളിലെയും പൊതുജന നിക്ഷേപം പരിഗണിച്ചാൽ വാണിജ്യബാങ്കുകൾ വളരെ മുമ്പിൽ നിൽക്കുന്നു. നിലവിലുള്ള ഹരിജൻ സർവ്വീസ് സഹകരണസംഘവും അവശോദ്ധാരണ സഹകരണ സംഘവും വനിതാസംഘവും വേണ്ടത്ര സജീവമായി പ്രവർത്തിക്കുന്നില്ല. വാണിജ്യബാങ്കുകളിൽ ലഭിക്കുന്ന നിക്ഷേപം കാർഷികവ്യാവസായികമേഖലകളിൽ ചിലവഴിക്കുന്നത് ആനുപാതികമായി വളരെ കുറവാണ്.

ക്ഷീരകർഷകരുടെ എണ്ണം വളരെ കൂടുതലുള്ള ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ക്ഷീരവ്യവസായ സഹകരണസംഘം പ്രവർത്തനരഹിതമായി മാറി. ഇത് പുനർജ്ജീവിപ്പിക്കുകയോ *APCOS* സംഘങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയോ ചെയ്യണം. നാട്ടകം പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ നല്ലൊ

രുഭാഗം പാടശേഖങ്ങളാണ്. ഒരുപ്പൂകൃഷിയും ഇരുപ്പൂ കൃഷിയും നടത്തി ഉത്പാദിപ്പിക്കപ്പെടുന്ന നെല്ല് വിപണനം നടത്തുന്നതിന് കൃഷിക്കാർ വളരെ ബുദ്ധിമുട്ടുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടി സഹകരണസംഘങ്ങൾ ഈ രംഗത്തേക്ക് കടന്നു വന്ന് നെൽകൃഷി, പച്ചക്കറികൃഷി എന്നിവ വിപുലപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പക്കുന്നതിനും ശ്രമിക്കേണ്ടതാണ്. വായ്പയുടെ ലക്ഷ്യസാക്ഷാത്ക്കാരണത്തിന് വായ്പ നൽകുന്ന സ്ഥാപനങ്ങൾ ശ്രദ്ധിക്കുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്. നെൽ കർഷകരെ സഹായിക്കുന്നതിന് കൊയ്ത്തുമെതിയന്ത്രങ്ങൾ കർഷകന് ലഭിക്കുന്നതിന് വേണ്ട സഹായം സഹകരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

റബ്ബർ വ്യവസായരംഗത്ത് നിരവധി യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ ഈ രംഗത്ത് പുതിയ യൂണിറ്റുകൾ സഹകരണമേഖലയിൽ ആരംഭിക്കാവുന്നതും വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതവികാസത്തിന് വേണ്ടി തൊഴിലാളി സഹകരണസംഘങ്ങളും രൂപീകരിക്കാവുന്നതാണ്. തയ്യൽ പരിശീലനം ലഭിച്ചിട്ടുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു തയ്യൽ തൊഴിലാളി സഹകരണ സംഘം സ്ഥാപിച്ചാൽ അത് അവരുടെ തൊഴിലിന് വേണ്ട സഹായവും പ്രോത്സാഹനവും ആകും. ഈ സംഘത്തിൻെറ നേതൃത്വത്തിൽ ഓരോ വർഷവും സ്ക്കൂളുകൾക്ക് വേണ്ടിവരുന്ന യൂണിഫോം നിർമ്മിച്ചു നൽകുന്നതിനും സാധിക്കും. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ നിർമ്മാണം, വിപണനം എന്നീ പ്രവർത്തനങ്ങളും ഈ സംഘത്തിന് സംഘടിപ്പിക്കാവുന്നതാണ്. മത്സ്യകൃഷിക്ക് വളരെ സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന പാടങ്ങളും കുളങ്ങളും മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കാൻ സഹകരണമേഖല ശ്രദ്ധിച്ചാൽ സാധിക്കുന്നതാണ്. വ്യവസായമേഖലയുടെ സഹായത്തോടുകൂടി സഹകരണ മേഖല പ്രവർത്തിച്ചാൽ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറച്ചുകൊണ്ടുവരുന്നതിന് സഹായകമാകും. സഹകരണമേഖലയിൽ കോഴിവളർത്തലിനും ഇവിടെ സാധ്യതകളുണ്ട്. ചെലവുകുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ഗൃഹനിർമ്മാണ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനും സഹകരണാടിസ്ഥാനത്തിൽ സാധിക്കും. സഹകരണമേഖലയുടെ വമ്പിച്ച സാധ്യതകളെക്കുറിച്ച് ജനങ്ങൾ കാര്യമായി ബോധവാന്മാരല്ലാത്തതിനാലാണ് സഹകരണമേഖല ഇവിടെ കാര്യമായി വികാസം പ്രാപിക്കാത്തത്. സംഘങ്ങളുടെ ജനറൽ ബോഡികൾ പരമാവധിഅംഗങ്ങളുടെ പ്രാതിനിധ്യത്തോടുകൂടി സംഘടിപ്പിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനും സാധിച്ചാൽ അത് ഈമേഖലയ്ക്ക് ഗുണകരമായിരിക്കും. അംഗങ്ങളുടെ ബോധവൽക്കരണത്തിന് സംഘത്തിൻെറ പ്രവർത്തന പരിധിയെ അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുകയും വായ്പാസംഘങ്ങൾ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കുകയും ചെയ്യണം. പഞ്ചായത്തിൻെറ പൊതുവായ വികസനത്തിന് പഞ്ചായത്തു ഭരണസമിതിയുമായി ഒത്തുചേർന്നുകൊണ്ട് സംഘങ്ങളുടെ മാനേജ്മെന്റുകൾ പ്രവർത്തിച്ചാൽ ഈലക്ഷ്യത്തിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കുവാൻ കഴിയും.

**സഹകരണമേഖല: പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഒരവലോകനം**

| No. | പേര് | സ്ഥാപിച്ച വർഷം | അംഗ സംഖ്യ | ഓഹരി മൂലധനം(രൂപ) | നിക്ഷേപം Rs. | വായ്പ Rs. |
|---|---|---|---|---|---|---|
| 1. | നാട്ടകം സഹകരണബാങ്ക് 86 | 1919 | 2529 | 17,50,000.00 | 1,06,82,774 | 56,89,868.00 |
| 2. | നാട്ടകം സർവ്വീസ് സഹകരണബാങ്ക് 3839 | 1955 | 13,897 | 28,84,710.00 | 2,05,40,932 | 2,44,44,724.00 |
| 3. | ഹരിജൻ സംഘം K.53 | 1959 | 391 | 26,314.75 | Nil | 3,40,286.00 |
| 4. | അവശോദ്ധാരണ സഹകരണ സംഘം K. 730 | 1099 (M.E.) | 540 | 10,000.00 | Nil | 1,87,570.00 |
| 5. | ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എംപ്ലോയീസ് സഹകരണ സംഘം K 713 | 1982 | 840 | 14,00,000.00 | 40,00,000 | 80,00,000.00 |
| 6. | ട്രാവൻകൂർ സിമന്റ്സ് എംപ്ലോയീസ് സഹകരണ സംഘംK 234 | 1964 | 640 | 10,00,000.00 | 35,00,000 | 85,00,000.00 |
| 7. | കെ.എസ്.ഇ.ബി. എംപ്ലോയീസ് സഹകരണ സംഘംK 705 | 1982 | 2550 | 25,00,680.00 | 72,93,119 | 84,45,000.00 |

**4** **11**

# പട്ടികജാതി പട്ടികവർഗ ക്ഷേമം

കേരളത്തിലെ കാർഷിക കാർഷികേതര മേഖലകളിലെ തൊഴിലാളികളുടെ 45 ശതമാനവും പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്. പട്ടികജാതിക്കാരായ തൊഴിലാളികളിൽ 31.73 ശതമാനം സ്ത്രീകളാണ്. ഇത്രയധികം സ്ത്രീകൾ തൊഴിലെടുക്കുന്ന മറ്റൊരു വിഭാഗവും ഇല്ല. കേരളത്തിലെ 68 ജാതികളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ ജനസംഖ്യ 1991ലെ സെൻസസ് അനുസരിച്ച് 28,86,522 ആണ്. ഇതിൽ 1422614 പുരുഷന്മാരും 1463908 സ്ത്രീകളുമാണ് ഉള്ളത്. പുരുഷന്മാരിൽ 85 ശതമാനവും സ്ത്രീകളിൽ 73 ശതമാനവും സാക്ഷരരാണ്. കേരളത്തിൻെറ ഭക്ഷ്യോത്പാദന രംഗത്ത് തലമുറകളായി അദ്ധ്വാനത്തിൻെറ അമൂല്യമായ മുതലിറക്കുന്ന ഈ ജനവിഭാഗത്തിന് അനുഭവിക്കേണ്ടി വന്ന സാമൂഹ്യ പീഡനങ്ങൾ ഏറിയും കുറഞ്ഞും നിലനിൽക്കുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭകാലത്ത് രൂപം കൊണ്ട നവോത്ഥാന പ്രസ്ഥാനത്തിൻെറ ഫലമായി കേരളത്തിൽ നിരവധി സാമൂഹ്യ വിഭാഗങ്ങൾ ശക്തിയാർജ്ജിച്ചു. ജാതി ജന്മി നാടുവാഴിത്ത വ്യവസ്ഥയുടെ ദണ്ഡനീതികളും ചൂഷണത്തിൻെറ പ്രത്യക്ഷരൂപങ്ങളും കൊണ്ട് സ്വാതന്ത്ര്യംസ്വപ്നം കാണാൻ പോലും കഴിയാതിരുന്ന ഈ ജനവിഭാഗങ്ങൾ പുലയ ലഹള എന്നും ചാത്തർലഹള എന്നും ഒക്കെ ചരിത്രത്തിൽ കാണുന്ന രൂപത്തിൽ ഉയർത്തെഴുന്നേല്പിനുള്ള കലാപക്കൊടി ഉയർത്തി. നവോത്ഥാനനായകരായ അയ്യങ്കാളിയും, ശ്രീനാരായണ ഗുരുവും, കെ.എ. കറുപ്പനും, സഹോദരൻ അയ്യപ്പനും, വി.ടി. ഭട്ടതിരിപ്പാടും എല്ലാം ഈ നവോത്ഥാന കാലഘട്ടത്തിൻെറ ശക്തി സ്രോതസ്സുകളായിരുന്നു. ഇതിനെ തുടർന്ന് സംഘടനകൊണ്ട് ശക്തരാകുകയും വിദ്യ കൊണ്ട് പ്രബുദ്ധരാകുകയും ചെയ്യുക എന്ന ശ്രീനാരായണ ഗുരുവിൻെറ ആദർശ സിദ്ധാന്തങ്ങൾ മൂലവും കുമാരനാശാൻ, കെ.പി. കറുപ്പൻ എന്നിവരുടെ അത്മാർത്ഥ പ്രവർത്തനങ്ങൾ മൂലം അയിത്താചാരത്തിന് എതിരായും വഴിനടക്കുന്നതിനും, ആരാധനാസ്വാതന്ത്ര്യത്തിനും ഉള്ള പ്രക്ഷോഭണങ്ങൾ ഉയർന്നുവന്നു. "തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളവർ" എന്ന് മഹാകവി പാടിയ ജാതിശ്രേണികൾ നിലനിന്നിരുന്ന സമൂഹത്തെ ആധുനിക കേരളത്തിൻെറ സൃഷ്ടിക്കു വേണ്ടിയുള്ള എണ്ണമറ്റ സമരത്തിൻെറ ഫലമായി സാക്ഷരതയിലും, സാമൂഹ്യബോധത്തിലും വമ്പിച്ച മാറ്റങ്ങൾ വന്നു. ദേശീയസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളും ക്ഷേത്രപ്രവേശനത്തിന് വേണ്ടിയുള്ള സമരങ്ങളും അധഃസ്ഥിത ജനവിഭാഗങ്ങളിൽ സ്വാതന്ത്ര്യ ബോധം വളർത്തുവാൻ സാധിച്ചു.



ഭൂരിപക്ഷവും കിടപ്പാടമില്ലാത്തവരും ജന്മിമാരുടെയും ഭൂഉടമകളുടെയും കുടികിടപ്പുകാരുമായിരുന്നു. കൂരകളും കുടിലുകളും ആയിരുന്നു പാർപ്പിടങ്ങൾ. അന്ധവിശ്വാസവും ഇവരുടെ ഇടയിൽ വ്യാപകമായി നിലനിന്നിരുന്നു. അക്ഷരാർത്ഥത്തിൽ മൃഗതുല്യമായിരുന്നു ഈ സമൂഹത്തിൻെറ പൊതു ജീവിതം. ഇതിനൊക്കെ മാറ്റം വന്നത് ഈ നൂറ്റാണ്ടിൻെറ മദ്ധ്യത്തോടു കൂടി വളർന്നു വന്ന തൊഴിലാളി പ്രസ്ഥാ

നങ്ങളുടെയും, സോഷ്യലിസ്റ്റ് ശക്തികളുടെയും കടന്നു വരവോടെയാണ്.

ഈ പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ ജന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം മേൽ സൂചിപ്പിച്ച പൊതുസാമൂഹിക പരിതസ്ഥിതി തന്നെയായിരുന്നു നിലി നിന്നിരുന്നത്. പഞ്ചായത്തിൽ പട്ടികജാതിക്കാർ ജന സംഖ്യയിൽ 2297 ആണ്. ഇതിൽ 1144 പേർ പുരുഷ ന്മാരും 1123 പേർ സ്ത്രീകളുമാണ്. പട്ടികവർഗ്ഗം 29 പേർ മാത്രമാണുള്ളത്. ഇതിൽ 13 പുരുഷന്മാരും 16 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി ഈ വഭാഗത്തിലെ 90% പേർ സാക്ഷരരായിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന്റെ പൊതു സാമൂഹിക സ്ഥിതി പരിശോധിച്ചാൽ ദാരിദ്ര്യവും തജ്ജന്യവുമായ നിരവധി ജീവിതക്ലേശവും ഈ വിഭാഗത്തെ ചൂഴ്ന്നു നില്ക്കുന്നു. പഞ്ചവത്സരപദ്ധതിയിൽ വിഭാവനം ചെ യ്യുന്ന വികസനപ്രവർത്തനത്തിന്റെ ഗുണഭോക്താക്ക ളായ SC/ST വിഭാഗത്തിന് ഇന്നു കിട്ടുന്ന പല ആനു കൂല്യങ്ങളും അവർക്ക് പൂർണ്ണമായ അളവിൽ ലഭിക്കു ന്നില്ല. പട്ടികജാതി സങ്കേതങ്ങളായി ഈ പഞ്ചായി ത്തിൽ രണ്ട് കോളിനികളാണ് ഉള്ളത്. 14ാം വാർഡ് SC റിസർവേഷൻ വാർഡാണ്. പട്ടികജാതിക്കാർ തിങ്ങി പ്പാർക്കുന്നതും ഈ വാർഡിലാണ്. ഈ പ്രദേശ് വെള്ള ക്കെട്ട് പ്രദേശമാണ്. മുപ്പായിക്കാട് പാടത്തിന്റെ പുറം വരമ്പുകളി ലും കൊടൂരാറിന്റെ പടിഞ്ഞാറും കാഞ്ഞിരം മാലരിക്കൽ പ്രദേശ ത്തിന്റെ കിഴക്കും ജഡ്ജിയാറാ യിരം പാടശേഖരത്തിന്റെ പുറം ബണ്ടുകളിലുമാണ് ഈ ജനവി ഭാഗം അധികം താമസിക്കുന്നത്. മഴക്കാലങ്ങളിൽ ഇവരുടെ ജീവിതം ദുരിത പൂർണ്ണമാണ്. കാഞ്ഞിരം ഭാഗത്തെ കോട്ടയം പട്ടണവുമായി ബന്ധി പ്പിക്കുന്ന ഒരു റോഡ് അനിവാര്യമാണ്. കാഞ്ഞിരം മുതൽ മലരിക്കൽ വരെയുള്ള ആറ്റുപുറം ബണ്ടിലൂടെ തെക്കേഅറ്റത്തുള്ള കായൽത്തീരം വരെയുള്ള യാത്ര തികച്ചും ദുഷ്ക്കരമാണ്. ഇവർക്ക് കുടിവെള്ളവും, വഴി യും വൈദ്യുതിയുമാണ് മുഖ്യമായും ലഭിക്കേണ്ടത്.

നാല് ലക്ഷം വീട് കോളനികളാണ് ഈ പഞ്ചായ ത്തിലുള്ളത്. ബഹുഭൂരിപക്ഷവും SC/ST വിഭാഗമാണ് ഇതിൽ താമസിക്കുന്നത്.

11ാം വാർഡിലാണ് ഈ വിഭാഗത്തിനായി ഒരു ശ്മ ശാനം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ ശ്മശാനം ഒരു പ്രത്യേക വിഭാഗം കൈയ്യടക്കി വച്ചിരിക്കുന്നതായി പരാതിയുണ്ട്. ഈ വിഭാഗത്തിൽ ഉൾപ്പെട്ട പെൺകുട്ടി കൾക്കായി ഉള്ള ഒരു ഹോസ്റ്റൽ പള്ളത്ത് പ്രവർത്തി ക്കുന്നുണ്ട്. പുറംപോക്കു നിവാസികളിൽബഹുഭൂരിപ ക്ഷവും പട്ടകജാതിയിൽ പെടുന്നു. ഇവരെ താമസ യോഗ്യമായ സ്ഥലത്ത് പുനരധിവസിപ്പിക്കാൻ നടപടി കൾ സ്വീകരിക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതി പഞ്ചായത്തിൽ കേന്ദ്രീകൃതമായ നിലയിൽ പ്രവർത്തിപ്പിക്കുന്നില്ല. എന്നുതന്നെയല്ല ട്രെയിനിംഗ് സംബന്ധിച്ച തെരഞ്ഞെടുപ്പിലും ട്രെയിനിംഗ് ലഭിച്ച വർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും പദ്ധതി ഉണ്ടാകണം. നാട്ടകത്തുള്ള കമ്മ്യൂണിറ്റി പോളിടെക്നി ക്കിന്റെ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കാവുന്നതാ ണ്. വീടില്ലാത്തവരും കക്കൂസില്ലാത്തവരുമായ പട്ടിക ജാതി വിഭാഗത്തെ സഹായിക്കുന്നതിന് ഇന്ന് നിലവി ലുള്ള പദ്ധതി സംവിധാനത്തിൽ സമൂലമായ മാറ്റം ഉണ്ടാ വണം. ശരിയായ മോനിട്ടറിംഗ് ഈ ഭാഗത്ത് നടക്കുന്നി ല്ല. ഈ വിഭാഗത്തിന്റെ തനതായ സാമ്പത്തിക സാമൂ ഹിക സർവ്വേ നടത്തി പുരോഗമ നകാംക്ഷികളായ ഇതര ജനവിഭാ ഗത്തോടൊപ്പം എത്തിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാകണം. കോളനികളായി താമസിക്കുന്നതു കൊണ്ട് ഈ വിഭാഗത്തിന് കാര്യ മായ സാമൂഹ്യബോധം ആർജ്ജി ക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. സ്ക്കൂൾവിദ്യാഭ്യാ സത്തിന്റെ അവസാനഘട്ടം വരെ എത്തുന്ന കുട്ടികൾ വിരളമാണ്. എന്നാൽ നാമമാത്രമായി ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരും ഉദ്യോഗസ്ഥരും ഈ വിഭാഗങ്ങളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുകയും തുടർ വിദ്യാഭ്യാസത്തി ന് പ്രേരിപ്പിക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യണം.





ഈ പഞ്ചായത്തിലെ 13-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി സ്ഥലമുള്ള സംഘത്തിന് കെട്ടിടം പണിയുന്നതിനും അതുവഴി ക്ഷേമപ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പഞ്ചായത്ത് മുൻകൈയ്യെടുക്കേണ്ടതാണ്. പട്ടിക ജാതി വികസന വകുപ്പിൽ നിന്നും വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴിയും S.C.P. പദ്ധതിയിൽ പെടുത്തി നല്കി വരുന്ന ആനുകൂല്യങ്ങൾ പൂൾ ചെയ്ത് ഒരൊറ്റ ഏജൻസി വഴി വിതരണം ചെയ്യേണ്ടതാണ്. ഏതെല്ലാം പദ്ധതികളാണ് ഈ വിഭാഗത്തിന് ലഭിക്കുന്നതെന്ന വിവരം യഥാവസരം ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാകണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ട വനിതകൾക്ക് പ്രത്യേക തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ നടപ്പിലാക്കുന്നതിനുള്ള SC/ST വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. മത്സ്യം വളർത്തലിനും, സംസ്ക്കരണത്തിനും ഉള്ള യൂണിറ്റുകൾ വട്ടി, കുട്ട, തഴപ്പായ, പുൽപ്പായ, ചൂരൽ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് പ്രോത്സാഹനം നൽകണം. ഇതിനായി ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ പദ്ധതികളും ഉപദേശ നിർദ്ദേശങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തണം. നിലവിലുള്ള സംവരണതത്വം അനുസരിച്ച് അർഹരായവർക്ക് എല്ലാസ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് വ്യവസ്ഥയുണ്ടാകണം. ഈ വിഭാഗങ്ങളിലെ അർഹരായവർക്ക് തൊഴിൽ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ സഹകരണ സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം.

സ്വയം തൊഴിൽ നടത്തുന്നതിന് വ്യക്തികളെന്ന നിലയിൽ ഇന്ന് ലഭ്യമാക്കാൻ കഴിയുന്ന വായ്പകൾ ഈ വിഭാഗത്തിന് ലഭിക്കുന്നില്ല. ബാങ്കുവായ്പകളുടെ കാര്യത്തിലും സ്ഥിതി തൃപ്തികരമല്ല. തിരിച്ചടവു മാനദണ്ഡത്തിലെ വ്യവസ്ഥകളാണ് ഇതിന് പ്രധാനമായിട്ടും കാരണമാകുന്നത്. ആയതിനാൽ സ്വയംതൊഴിൽ വായ്പകൾ ഈ വിഭാഗത്തിൽ പെട്ടവർക്ക് ലഭിക്കുന്നതിന് പഞ്ചായത്ത് ഗ്യാരണ്ടി നല്കേണ്ടതാണ്. അധികമാളുകൾക്കും സ്വന്തമായി ഭൂമി ഇല്ലാത്തതു കൊണ്ട് പാർപ്പിടത്തിനുള്ള വായ്പയും ഇവർക്ക് കാര്യമായി ലഭിക്കുന്നില്ല. ഈ വിഭാഗത്തിൽപെട്ടവർക്ക് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ലഭിക്കുന്നതിന് ഉതകുന്ന ഒരു പദ്ധതി ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ടതാണ്. കർഷകത്തൊഴിലാളി പെൻഷനായി ഇന്നു ലഭിക്കുന്ന തുക വളരെ തുച്ഛമാണ്. പഞ്ചായത്തിലെ കൃഷിക്കാരിൽ നിന്നും ഏക്കറിന് ഒരു നിശ്ചിത തുക സെസ്സായി ചുമത്തി പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്.

4 12

# വിഭവസമാഹരണം

വികസന പ്രക്രിയയിലെ സുപ്രധാനമായ ഒരു ഘടകമാണ് വിഭവസമാഹരണം, ഒൻപതാം പഞ്ചവത്സരപദ്ധതി വിഹിതമായി നാട്ടകം പഞ്ചായത്തിനു ലഭിക്കാവുന്ന പരമാവധി തുക അഞ്ചുകോടി രൂപാ ആയിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. അതും ഒരു കോടി വീതം അഞ്ചുവർഷം കൊണ്ടാണ് ലഭിക്കുക. അതായതു ഒരു വാർഡിനു ഒരു വർഷം ലഭിക്കാവുന്ന തുക ഏഴു ലക്ഷത്തിൽപരം മാത്രമാണ്. ഗ്രാമസഭയടക്കമുള്ള ജനകീയ വേദികളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങൾ പരിഗണിച്ചാൽ അവയെല്ലാം നിറവേറ്റാൻ ഇതിലെത്രയോ മടങ്ങ് തുക ആവശ്യമാണ്. അതിനാൽ എല്ലാ ജനകീയ ആവശ്യങ്ങളും ഒരുമിച്ചും ഒരേ സമയം നടത്തി എടുക്കാമെന്ന് കരുതുന്നതു ശരിയാവില്ല. ഇതിനായ് ഒരു സമയബന്ധിത ആസൂത്രണ പരിപാടി മുൻഗണാക്രമത്തിൽ ആവിഷ്ക്കരിച്ചാൽ മാത്രമേ നമ്മുടെ ലക്ഷ്യം നേടുവാൻ സാധിക്കുകയുള്ളു. അതിന് കേന്ദ്രസംസ്ഥാന വിഹിതങ്ങൾക്ക് പുറമേ സാദ്ധ്യമായ എല്ലാം മാർഗ്ഗങ്ങളിലൂടെയുമുള്ള വിഭവസമാഹരണത്തെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരുടെ കൂടി പങ്കാളിത്തത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുമെങ്കിൽ വിഭവസമാഹരണത്തിലും ജനകീയ പങ്കാളിത്തം നമുക്ക് സാദ്ധ്യമാക്കാവുന്നതാണ്.



കെട്ടിടനികുതി, തൊഴിൽ നികുതി ഇവയിൽ വമ്പിച്ച കുടിശിക നിലവിലുണ്ട്. കെട്ടിട നികുതി ഡിമാൻഡ് ശരാശരി ഒരു വർഷം 10 ലക്ഷം രൂപയോളം വരും. എന്നാൽ യഥാർത്ഥത്തിൽ ലഭിക്കുന്നതു 6 ലക്ഷം മുതൽ 7 ലക്ഷം രൂപവരെ മാത്രമാണ്. ഈ വിധത്തിലുള്ള കുടിശിക തൊഴിൽ നികുതിയിനത്തിലുമുണ്ട്. ഈ കുടിശികകൾ പിരിക്കുന്നതിന് ഒരു സമയബന്ധിത പരിപാടി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

വിനോദനികുതി ഇനത്തിൽ പഞ്ചായത്തിലുള്ള 2 സിനിമാ തീയേറ്ററിലുമായി ഒരു ദിവസത്തെ ശരാശരി വരവ് 57.92 രൂപയാണ് 1995-'96 ൽ ഇതു 45.76 രൂപാ മാത്രമായിരുന്നു. വിനോദനികുതി ഇനത്തിൽ വരവു കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നാണ് ഇതു കാണിക്കുന്നത്. പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിൽ 31.67% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഭരണ ചെലവുകളിൽ 4 വർഷം കൊണ്ട് 55.25% വർദ്ധവനുണ്ടായിട്ടുണ്ട്. 1992-'93 ലെ ഭരണചെലവ് മൊത്തം വരുമാനത്തിൻെറ 32.77% ആയിരുന്നു. 1995'96 ൽ ഇതു 38.64% ആയി വർദ്ധിച്ചു. ഭരണച്ചെലവ് വർദ്ധിക്കുന്നത് പ്രധാനമായും കാലാകാലങ്ങളിലുള്ള ശമ്പളവർദ്ധനവും, യാത്രപ്പടി, പുതിയ നിയമനങ്ങൾ ഇവ മൂലം ആണ്. ഭരണച്ചെലവും, കുടിവെള്ള വിതരണവുമാണ്, പൊതുവിളക്കുകൾ കത്തിക്കുന്നതിൻെറ ചെലവുകൾ തുടങ്ങിയ ഇനത്തിൽ പഞ്ചായത്തു വരുമാനത്തിൻെര സിംഹഭാഗവും ചെലവാകുന്നു. തന്മൂലം മറ്റു വികസനപ്രവർത്തനങ്ങൾ ഭാഗികമായി മാത്രമേ ഏറ്റെടുക്കുന്നതിനു സാധിക്കുന്നുള്ളു. ഇതിൻെറ

പ്രധാനകാരണം ഫണ്ടിൻെറ അപര്യാപ്തതയാണ്. ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ വേണ്ടത്ര പണം പഞ്ചായത്തിൽ നിന്നും തന്നെ ലഭിക്കുവാൻ സാദ്ധ്യത വളരെ പരിമിതമാണെന്ന് മുൻ കണക്കുകളിൽ നിന്നും വ്യക്തമാണല്ലോ. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സർക്കാർ സഹായം കൂടുതൽ ലഭ്യമാക്കുകകയും മറ്റു സാമ്പത്തിക ഏജൻസികളിൽ നിന്നും കൂടുതൽ സഹായം സ്വീകരിക്കുകയും ഇന്നുള്ള വിഭവസമാഹരണമാർഗ്ഗങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് 1995-'96 ലും 1996-'97 ലും. താഴെ കാണുന്ന തുകകൾ കൈമാറിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് ലഭിച്ച തുകകൾ ചെലവാക്കുന്നതു സംബന്ധിച്ച് സ്വതന്ത്രതീരുമാനം എടുക്കുവാൻ പഞ്ചായത്തിന് അവകാശമില്ല. അവ സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഇനങ്ങളുടെ പൂർത്തീകരണത്തിന് ചെലവാക്കാനുള്ള ബാക്കി തുകയാണ്.

| വകുപ്പ് | 95-96<br>Rs. Ps. | 96-97<br>Rs.Ps. | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | | 1400.00 | 1400.00 |
| ആരോഗ്യം | 67719.00 | 55777.00 | 55777.00 |
| കൃഷി | 4,731,83.00 | 54,600.00 | 5,27,783.00 |
| P.W.D. | 7300.00 | | 7300.00 |
| ഹരിജനക്ഷേമം | 5515.00 | | 5515.00 |
| പെൻഷനുകൾ മുതലായവ | 68445.00 | | 68445.00 |
| **ആകെ** | **550717.00** | **180222.00** | **730935.00** |

ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യമായ വരുമാനം കൃഷിയിൽ നിന്നും തൊഴിലിൽ നിന്നും ലഭിക്കുന്ന പണമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ധാരാളം ഉണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് വിദേശങ്ങളിൽ പോകുന്നതിന് പ്രേരകമായിട്ടുള്ള വസ്തുത. വിദേശമലയാളികളിൽ കൂടുതലും അവരുടെ വരുമാനത്തിൻെറ ഒരു നല്ല പങ്ക് രമ്യഹർമ്മ്യങ്ങൾ നിർമ്മിക്കുന്നതിനും വസ്തുതകൾ സമ്പാദിക്കുന്നതിനും വിനിയോഗിക്കുന്നു. ഈ പ്രവണത നാട്ടിലെ ഭൂമിയുടെ വിലയിൽ വലിയ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. വ്യവസായ കാർഷിക മേഖലകളിൽ ഇവരുടെ മുതൽ മുടക്ക് വളരെ പരിമിതമാണ്. നീക്കിയിരിപ്പുകൂടുതലും ബാങ്കു നിക്ഷേപത്തിലാണ്. നാട്ടിലെ സാമൂഹ്യപ്രവർത്തനവുമായി ബന്ധപ്പെടുന്നവർ വളരെ ചുരുക്കമാണ്.

ഈ പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

**A. വാണിജ്യബാങ്കുകൾ**

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (സിമൻറ് ബ്രാഞ്ച്,) നാട്ടകം
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പള്ളം ബ്രാഞ്ച്, പാക്കിൽ
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ചിങ്ങവനം ബ്രാഞ്ച്, ചിങ്ങവനം
4. ഫെഡറൽ ബാങ്ക് ചിങ്ങവനം ബ്രാഞ്ച്
5. സിൻഡിക്കേറ്റ് ബാങ്ക് ചിങ്ങവനം ബ്രാഞ്ച്

**B. സഹകരണ ബാങ്കുകൾ**

1. നാട്ടകം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No.3839, നാട്ടകം
2. നാട്ടകം സഹകരണ ബാങ്ക് No. 86, നാട്ടകം
3. കോട്ടയം ജില്ലാ സഹകരണബാങ്ക് പാക്കിൽ ബ്രാഞ്ച്
4. കോട്ടയം അർബൻ ബാങ്ക് ചിങ്ങവനം ബ്രാഞ്ച്.

**C. സഹകരണ സംഘങ്ങൾ**

1. കെ. എസ്. ഇ. ബി. എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാക്കിൽ
2. ട്രാവൻകൂർ ഇലക്ട്രോമെക്കിൽ എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സോസൈറ്റി, ചിങ്ങവനം
3. ട്രാവൻകൂർ സിമൻറ്സ് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാട്ടകം

**D ഇതര ധനകാര്യസ്ഥാപനങ്ങൾ**

ഈ വിഭാഗത്തിൽ വിവിധ പ്രൈവറ്റ് പണിടപാടു സ്ഥാപനങ്ങൾ, ചിട്ടിസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപ വായ്പ അനുപാതം വളരെ കുറവാണ്. അതേ സമയം സഹകരണ ബാങ്കുകളിലെ നിക്ഷേപവായ്പാ അനുപാതം താരതമ്യേന വർദ്ധിച്ചതാണ്. വിദേശ മലയാളികളുടെ നിക്ഷേപം മുഴുവൻ ദേസസാൽകൃത ബാങ്കുകളിലാണ്. ഈ ബാങ്കുകൾ ഇവിടെ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ ഒരു ചെറിയ അംശംമാത്രമാണ് ഇവിടെ വായ്പയായി നൽകുന്നത്. സ്വകാര്യ

പണം ഇടപാടു സ്ഥാപനങ്ങളിലെ പലിശ നിരക്ക് വളരെ കൂടുതലാണ്.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ കെട്ടിടനികുതി തൊഴിൽ നികുതിഇവയിൽ ഭീമമായ കുടിശികയുണ്ട്.
2. വിനോദനികുകിയിൽ വർദ്ധവനു ഉണ്ടാകേണ്ടതിനു പകരം കുറവു സംഭവിച്ചിരിക്കുന്നു.
3. പഞ്ചായത്ത് രാജ് പുതിയ നികുതി നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്.
5. ഭരണചെലവുവർദ്ധിപ്പിച്ചിരിക്കുന്നു.
6. സന്നദ്ധസംഘടനകൾ വളരെയുണ്ടെങ്കിലും സന്നദ്ധ പ്രവർത്തനത്തിനുള്ള താല്പര്യകുറവ് പ്രകടമാണ്.
7. പ്രാദേശിക ആവശ്യങ്ങൾ അനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കാത്തതു കൊണ്ടും ഉള്ള പ്രശ്നങ്ങൾ നിരവധിയാണ്.
8. കെട്ടിടനികുതി അസസ്സ് ചെയ്യുന്നതിലുള്ള അപാകതകൾ നിലനിൽക്കുന്നു.
9. ഉപാധിരഹിതഫണ്ടിൻെറ ലഭ്യത ആവശ്യത്തിന് ഉതകും വിധം വർദ്ധിപ്പിച്ചിട്ടില്ല.
10. പദ്ധതി നടത്തിപ്പിൻ ഉള്ള അപാകതകൾ
11. പദ്ധതി മോനിട്ടറിംഗ് ഫലപ്രദമല്ല. സുതാര്യത കുറവ്
12. പഞ്ചവത്സരപദ്ധതികളിൽ ഗ്രാമപഞ്ചായത്തിൻെറ വിഹിതം കുറവാണ്.



പ്രശ്നപരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

1. കുടിശികയുള്ള കെട്ടിട, നികുതി, തൊഴിൽ നികുതി എന്നീ പ്രവർത്തനങ്ങൾക്ക് ഒരു സമയബന്ധിത പരിപാടിയായി ആവിഷ്ക്കരിച്ച് ഫലപ്രമാക്കുക.
2. വിനോദനികുതിയിൽ കുറവുവരുന്നതിൻെറ കാരണം കണ്ടു പിടിക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്യുക.
3. കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള മുഴുവൻ നികുതികളും ഇവിടെ പിരിക്കുന്നില്ല. ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും കാര്യമായ മോനിട്ടറിങ്ങിലൂടെയും നികുതിപിരിവ് ഊർജിതമാക്കണം.
4. പഞ്ചായത്തുകൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.
5. ഭരണച്ചെലവു കുറയ്ക്കുക.
6. സന്നദ്ധപ്രവർത്തനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുക. ഗ്രാമപഞ്ചായത്തിൽ ഒരു കർമ്മസേന തന്നെ രൂപീകരിക്കുക.
7. പ്രാദേശിക ആവശ്യങ്ങൾക്കും അനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കി പ്രാദേശികാടിസ്ഥാനത്തിൽ കൂടുതൽ സന്നദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വിഭവസമാഹരണം പരമാവധി ഉറപ്പുവരുത്തുകുയം ചെയ്യുക.
8. കെട്ടിട നികുതി അസസ്സ് ചെയ്യുന്നതിലും പിരിക്കുന്നതിലുമുള്ള അപാകതകൾ പരിഹരിക്കുകയും ഇതിനായ് വിജിലൻസ് നിരീക്ഷണത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
9. ഉപാധിരഹിതഫണ്ട്, കൂടുതൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
10. സർക്കാർ ഗ്രാൻറുകൾ വർദ്ധിപ്പിക്കുക.
11. തൊഴിൽ കരം എല്ലാ മേഖലകളിൽ നിന്നും കൃത്യമായി പിരിക്കുക.
12. ധനകാര്യസ്ഥാപനങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ സഹകരണം നൽകണം.
13. വികസന രംഗത്ത് കൂടുതൽ സ്വകാര്യനിക്ഷേപത്തിനുള്ള സാദ്ധ്യതകൾ കണ്ടെത്തുക.
14. പഞ്ചായത്തിൻെറ വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുക.
15. വികസനരംഗത്തു സംഭാവനകൾ പണമായും ഉല്പന്നമായും സേവനമായും സാധനസാമിഗ്രികളായും ആഹാരമായും ലഭ്യമാക്കുക.
16. റോഡുകളുടെ വികസനത്തിനും മറ്റും ആവശ്യമായ ഭൂമി സൗജന്യമായി വിട്ടുകിട്ടുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുക.
17. പദ്ധതിപ്രവർത്തനത്തിന് വിദേശമലയാളികളിൽ നിന്നും നിക്ഷേപം സമാഹരിക്കുക.

**നാട്ടകം ഗ്രാമപഞ്ചായത്തിൻെറ 1992-'93, 1993-'94, 1994-'95, 1996-'96 സാമ്പത്തിക വർഷങ്ങളിലെ ധനസ്ഥിതി വ്യക്തമാക്കുന്ന കണക്കുകൾ ചുവടെ ചേർക്കുന്നു.**

| വരവ് ഇനങ്ങൾ | 1992-'93<br>Rs. Ps. | 1993-'94<br>Rs. Ps. | 1994-'95<br>Rs. Ps. | 1995-'96<br>Rs. Ps. |
|---|---|---|---|---|
| കെട്ടിടനികുതി കുടിശിക | 2,23,248.25 | 50,798.75 | 5,28,390.00 | 2,023,70.00 |
| കെട്ടിട കറൻറ് | 4,29,789.80 | 1,50,563.35 | 5,21,053.75 | 5,08,268.68 |
| തൊഴിൽ നികുതി കുടിശിക | 4,37,678.00 | 1,99,675.00 | 2,49,590.00 | 2,76,768.00 |
| തൊഴിൽ കറൻറ് | 1,45,553.00 | 2,69,098.00 | 3,25,795.00 | 2,06,55.00 |
| വിനോദനികുതി | 21,139.00 | 20,713.90 | 27,383.00 | 16,706.00 |
| ഗ്രാൻറുകൾ | 1,04,360.00 | 5,794.00 | 83,909.00 | 50,429.00 |
| അൺടൈഡ്ഫണ്ട് | 1,68,000.00 | 1,74,992.00 | 2,49,050.00 | 2,59,030.00 |
| നികുതിയേതരം | 2,67,999.50 | 10,48,197.25 | 4,67,788,05 | 8,46,827.15 |
| **ആകെ** | **17,97,768.05** | **19,19,912.25** | **24,52,959.60** | **23,67,154.79** |

**ചെലവ്**

| ഇനം | 92'-93'<br>Rs. Ps. | 93'-94'<br>Rs. Ps. | 94'-95'<br>Rs. Ps. | 95'-96'<br>Rs.Ps. |
|---|---|---|---|---|
| ഭരണം | 5,89,205.00 | 8,15,190.00 | 7,10,081.00 | 9,14,790.00 |
| പൊതുമരാമത്ത് | 6,71,015.00 | 3,60,281.00 | 5,94,725.00 | 7,20,011.00 |
| മറുവികസനം | 4,46,521.00 | 7,25,443.00 | 7,11,669.00 | 6,00,881.00 |
| കടം തിരികെ അടച്ചത് | | | | |
| **ആകെ** | **17,06,741.00** | **19,00,914.00** | **20,16,481.00** | **22,35,682.00** |

18. വിദ്യാഭ്യാസ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു നിധി സ്വരൂപിക്കുക.
19. പുതിയ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ്ജ് ഈടാക്കുക.
20. വ്യവസായ വ്യാപരമേഖലകൾ കൂടുതൽ പുഷ്ടിപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുക.
21. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കോടിമത, വിളക്കുമരം ഭാഗങ്ങളിൽ കൊടുരാർ തീരപ്രദേശത്തു ടൂറിസ്റ്റു കേന്ദ്രങ്ങൾ ഉണ്ടാക്കുക.
22. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കി വാടക ഈടാക്കുക.
23. പഞ്ചായത്തിൽ നിന്നും നേരിട്ട് വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുക.
24. മേജർ ഇലക്ട്രോണിക് സംവിധാനങ്ങൾക്കു കേബിൾ, ടി.വി. കണക്ഷനും നികുതി നിശ്ചയിക്കുക.
25. കെട്ടിടങ്ങളുടെ നിർമ്മാണ ചെലവിൻെറ അടിസ്ഥാനത്തിൽ ഗ്രേഡ് നിർണ്ണയിച്ച് ഏറ്റവും ഉയർന്ന ഗ്രേഡിന് സൂപ്പർടാക്സ് ഈടാക്കുക.
26. വസ്തുക്കൾ കൈമാറുമ്പോൾ വിലകുറച്ചുവച്ചു മുദ്രപത്രങ്ങളുടെ നികുതിവെട്ടിക്കുന്നത് കണ്ടുപിടിച്ചും നടപടികൾ സ്വീകരിക്കുക.
27. പഞ്ചായത്തു പുറംപോക്കുകളിലും വഴിയോരത്തും വൃക്ഷങ്ങൾ നട്ടുവളർത്തി വരുമാനം വർദ്ധിപ്പിക്കുക.



4 13

# ടൂറിസം

ആധുനികലോകത്തിലെ ഒരു സുപ്രധാന മേഖലയാണ് ടൂറിസം. യാത്രാ സൗകര്യങ്ങൾ പലമടങ്ങ് വർദ്ധിച്ച മൂലവും, യാത്രാസമയം ഒട്ടേറെ ചുരുങ്ങിയതുമൂലവും ടൂറിസം അത്യധികം വികസിച്ചു കഴിഞ്ഞു. കേരളത്തേക്കാൾ തുലോം ചെറുതായ സ്വിറ്റ്സർലാൻഡ്, ഹാവായി ദ്വീപുകൾ എന്നിവടങ്ങളിൽ ടൂറിസം തങ്ങളുടെ മുഖ്യജീവിതമാർഗമായി ക്രമപ്പെടുത്തി അതിൽനിന്നും അവർ സമ്പന്ന ജീവിതം നയിക്കുന്നു.

കേരളത്തിൽ ടൂറിസത്തിന്റെ സാധ്യതകൾ അനന്തമാണ്. എന്നാൽ ഈ സാഹചര്യത്തെ അർഹമായ രീതിയിൽ ചൂഷണം ചെയ്യുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ടൂറിസത്തിന്റെ മാപ്പിൽ നാട്ടകത്തിന് അവകാശപ്പെട്ട സ്ഥാനം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്.



## ഇന്നത്തെ സ്ഥിതി

നാട്ടകം ഗ്രാമപഞ്ചായത്തിലെ 5,7,8,9,11,14 വാർഡുകൾ പ്രകൃതിഭംഗിയാൽ അനുഗ്രഹീതമാണ്. ഹരിതാഭമായ പുഞ്ചപ്പാടങ്ങളുടെ സൗന്ദര്യം ഈ അനുഭവത്തിന് മാറ്റുകൂട്ടുന്നു. ഒന്നുമുതൽ എട്ടാം വാർഡുവരെ ഒഴുകിയെത്തുന്ന പള്ളം ചങ്ങനാശ്ശേരി കനാൽ തീരഭംഗിയും ജനജീവിതവും മനസ്സിലാക്കാൻ തല്പരനായ ഒരു ടൂറിസ്റ്റിന് അനല്പമായ ആസ്വാദന സായൂജ്യം നല്കും.

ഇവിടുത്തെ ജലാശയങ്ങൾ വൈവിധ്യങ്ങളായ മത്സ്യസമ്പത്ത്കൊണ്ട് സമ്പന്നമാണ്. കരിമീൻ, കണമ്പ്, വാള തുടങ്ങിയ ഒന്നാംതരം മത്സ്യങ്ങൾ ഇവിടെ കിട്ടാനുണ്ട്. കൂടാതെ അന്താരാഷ്ട്ര പ്രശസ്തി നേടിയ ആറ്റുകൊഞ്ചും, ചെമ്മീനും ഇവിടെ സുലഭമാണ്.

നാട്ടകം പഞ്ചായത്തിൽ വൈവിധ്യമേറിയ അമൂല്യമായ ഒരു പക്ഷിസമ്പത്തുണ്ട്. വേനൽക്കാലങ്ങളിൽ സന്ദർശകരായെത്തുന്ന ദേശാടനപക്ഷികളെയും ഇവിടെ കാണാം. ദേശാടനപക്ഷിയായ എരണ്ടയുടെ മാംസം അത്യധികം രുചികരവും പോഷകഗുണമുള്ളതുമാണ്. സ്വദേശപക്ഷികളായ നീർക്കോഴി, കുളക്കോഴി ഇവയുടെ ഇറച്ചിയും സ്വാദിഷ്ടമാണ്.

തിരുവിതാംകൂർ റസിഡന്റും പിന്നീട് ദിവാനുമായിരുന്ന കേണൽ മൺട്രോ 1813ൽ വേമ്പനാട്ടുകായൽ തീരത്ത് സ്ഥാപിച്ച ദീപസ്തംഭം (മൺട്രോ ലൈറ്റ്) ഇന്നും വാസ്തുവിദ്യാകലയിലെ ഒരു അത്ഭുതമായി പരിലസിക്കുന്നു. ബ്രിട്ടീഷുകാരുടെ മറ്റൊരു സംരംഭമായ പള്ളം ബുക്കാനാൻ സ്ക്കൂളും കാലത്തിന്റെ കടന്നുകയറ്റങ്ങളെ അതിജീവിച്ച് വെള്ളക്കാരന്റെ നിത്യ സ്മാരകങ്ങളായി നില കൊള്ളുന്നു.

പരശുരാമനാൽ സ്ഥാപിക്കപ്പെട്ട എട്ടു മഹാക്ഷേത്രങ്ങളിൽ ഒന്നാണെന്ന് വിശ്വസിക്കപ്പെടുന്ന പാക്കിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രം, പഴമയുടെ കാര്യത്തിൽ നൂറ്റാണ്ടുകൾ തന്നെ പിന്നിട്ടതാണ്. ശബരിമല ക്ഷേത്രം കഴിഞ്ഞാൽ പഴയതിരുവിതാംകൂർ ഭാഗത്തുള്ള സുപ്രധാന ശാസ്താക്ഷേത്രം ഇതാണ്.

കോടിമതയിൽ നാട്ടകം പഞ്ചായത്ത് പ്രദേശത്ത് കോട്ടയം ബോട്ട്റേസ് അസോസിയേഷന്റെ സ്ഥലത്തുനിന്നും രണ്ടേക്കർ സ്ഥലം കൊടൂരാറിനോട് ചേർന്ന് കോട്ടയം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് 25

വർഷക്കാലത്തെ കരാറിൽ വിട്ടുകൊടുത്തിട്ടുണ്ട്. പാർക്കുകൾ, വ്യൂ ടവർ, കോട്ടേജുകൾ, റെസ്റ്റോറന്റ്, സ്വിമ്മിംഗ്പൂൾ, ഇവയെല്ലാം ഉൾപ്പെടുത്തി ഒരു സമഗ്രടൂറിസം വികസന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**പ്രശ്നങ്ങൾ**

ടൂറിസം സംബന്ധമായി കാര്യമായി ഒരു പ്രവർത്തനവും ഇവിടെ നടത്തുന്നില്ല. വശ്യമോഹനമായ ഇവിടുത്തെ ജലാശയങ്ങളിലേക്ക് എത്തിച്ചേരുവാൻ ആവശ്യമായ പക്കാറോഡുകൾ ഇന്ന് എങ്ങും ഇല്ല. പടിഞ്ഞാറൻ മേഖലയിലെ കുടിവെള്ളക്ഷാമവും ജലമലിനീകരണവും ടൂറിസം വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്.



കൂടാതെ ഈ മേഖലയിൽ എല്ലാ ഭാഗത്തും വിദ്യുത്ച്ഛക്തി എത്തിയിട്ടില്ല. മുൻകാലങ്ങളിൽ സീസണിൽ മാത്രം അനുഭവപ്പെട്ടിരുന്ന കൊതുകുശല്യം ഇപ്പോൾ വർഷം മുഴുവൻ നീണ്ടുനിൽക്കുന്നു.

കാലാകാലങ്ങളിൽ ജലാശയങ്ങളിൽ തിങ്ങിനിറയുന്ന ആഫ്രിക്കൻ പായൽ, ജർമ്മൻ പോള തുടങ്ങിയവയുടെ ശല്യവും തീരപ്രദേശങ്ങളിലെ സുഖവാസത്തിന് ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**സാധ്യതകൾ**

ഏതിനം ടൂറിസവും വികസിപ്പിക്കുവാൻ ഇവിടെ സാധ്യമാണ്. യാത്രാസൗകര്യം ജലാശയതീരങ്ങൾ വരെ എത്തിയാൽ സ്വകാര്യ സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും. നിലവിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ എല്ലാസൗകര്യങ്ങളോടുകൂടിയ ഹോട്ടൽ സമുച്ചയങ്ങൾ തന്നെ ആരംഭിക്കുവാൻ സാധ്യമാകും.

അതിനോടൊപ്പം കായലിലും പാടശേഖരങ്ങളിലും ബോട്ടിംഗിനും വള്ളം തുഴച്ചിലിനും സൗകര്യം ഉണ്ടാകണം. കയാക്കിംഗ്, കാനോയിംഗ് തുടങ്ങിയ സ്റ്റാൻഡേർഡ് തുഴച്ചിലുകൾക്കും സൗകര്യം ഉണ്ടാകണം. ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച മച്ചുപാകളിൽ സമീപസ്ഥമായ ടൂറിസ്റ്റ്കേന്ദ്രങ്ങളിലേയ്ക്ക് ഉല്ലാസയാത്ര പോയി വൈകുന്നേരം മടങ്ങിഎത്തുവാൻ സൗകര്യം ഉണ്ടാക്കണം.

മൺട്രോലൈറ്റ് പുരയിടത്തിൽ പഞ്ചായത്ത് തന്നെ മുൻകൈയെടുത്ത് ഒരു മിനിപാർക്കും വേമ്പനാട്ടുകായലിൽ ഒരു വ്യൂ ടവറും ഉണ്ടാക്കണം. ഡി.ടി.പി.സി. കോട്ടയത്ത് ഏറ്റെടുത്തിട്ടുള്ള നിശ്ചിത സ്ഥലം അടിയന്തിരമായി വികസനപദ്ധതികൾ പ്രാവർത്തികമാക്കി പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുതസ്ഥലത്തിന് തെക്കുവശത്തായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സംയുക്തസംരംഭമായി ഒരു ആറ്റുതീര വിശ്രമകേന്ദ്രം ഒരുക്കണം. ആകർഷകമായ ഒരു ഉദ്യാനം ഇതിന് അനുബന്ധമായി നിർമ്മിക്കുന്നതും അഭികാമ്യമായിരിക്കും. നാട്ടകം പഞ്ചായത്തിൻെറയും പനച്ചിക്കാട് പഞ്ചായത്തിൻെറയും പ്രദേശത്ത് ഉൾപ്പെട്ടിരിക്കുന്ന എട്ടര ഏക്കർ വരുന്ന നാട്ടകം ഗസ്റ്റ്ഹൗസ് പുരയിടത്തിൽ ഒരു ബോട്ടാണിക്കൽ ഗാർഡനോ, ഒരു മെമ്മറി പാർക്കോ രൂപപ്പെടുത്തുന്ന പക്ഷം അത് ടൂറിസവികസനത്തിൽ നാട്ടകം, പനച്ചിക്കാട് പഞ്ചായത്തുകൾക്ക് കൂടുതൽ ഗുണപ്രദമാകും.

പഞ്ചായത്ത് പ്രദേശത്ത് പിക്നിക് സ്പോട്ടുകൾ കണ്ടെത്തി ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

കോട്ടയം, ചങ്ങനാശേരി, ആലപ്പുഴ തുടങ്ങിയ പട്ടണങ്ങളോടും കുമരകം ടൂറിസ്റ്റ് കേന്ദ്രത്തോടും ഉള്ള സാമീപ്യവും ഇവയ്ക്ക് മദ്ധ്യേയുള്ള സ്ഥാനവും ടൂറിസം വികസനത്തിൽ നാട്ടകത്തിന് കാര്യമായി പ്രയോജനങ്ങളുണ്ടാകും. സമ്മേളനസംബന്ധമായ ടൂറിസത്തിന് (കോൺഫ്രൻസ് ടൂറിസം) ഇവിടെ വളരെ സാധ്യതകളുണ്ട്.

വേമ്പനാട്ടുകായലിൽ പഴുക്കാനില കേന്ദ്രീകരിച്ച് സർക്കാർ ചെലവിൽ ജലസസ്യങ്ങൾ മാത്രമുള്ള ഒരു ബോട്ടാണിക്കൽ ഗാർഡൻ തുടങ്ങാനുള്ള സാധ്യത ഇവിടെയുണ്ട്. അതോടൊപ്പം ജലജീവികൾക്കുമാത്രമായുള്ള ഒരു മൃഗശാല തുടങ്ങാൻ സാധിക്കും. പഠനടൂറിസത്തിന് ഒരു സുപ്രധാന ഘടകമെന്ന രീതിയിൽ ഇത് മാറ്റുവാൻ കഴിയും. വേമ്പനാട്ടകായലിൽ പള്ളം ഭാഗത്ത് ഇരുനൂറ് ഹെക്ടർ വെള്ളക്കെട്ട് പ്രദേശം തരിശ് എന്ന

വിഭാഗത്തിൽ പെടുത്തി വേർതിരിച്ചിട്ടുള്ളത് ഇതിനായി ഉപയോഗിക്കാം.

തീർത്ഥാടന ടൂറിസത്തിന് ഇവിടെ സാധ്യത ഏറുന്നു. ശബരിമലയുടെ പ്രാധാന്യം വർഷം തോറും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പാക്കിൽ ശ്രീ ധർമ്മ ശാസ്താക്ഷേത്രവും തീർത്ഥാടനടൂറിസത്തിൻെറ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുവാൻ കഴിയും. ദേവസ്വം ബോർഡിൻെറയും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ കാര്യത്തിൽ ആവശ്യമായ നീക്കങ്ങൾ നടത്തുവാൻ സാധിക്കും.

പാക്കിൽ സംക്രമം ഒരു സ്ഥിരം വ്യാപാര മേളയായി വികസിപ്പിച്ചെടുക്കണം. ആറുമാസത്തേക്കെങ്കിലും ഈ മേള തുടരണം. സംക്രമ വാണിഭം നടക്കുന്ന മൈതാനത്ത് സ്ഥിരം ഷെഡ്ഡുകൾ ഉണ്ടാകുന്നത് ഇതിന് ഗുണകരമായിരിക്കും.



മൺട്രോ വിളക്ക്

കോടിമതയിൽ മുപ്പായിക്കാട് പാടശേഖരത്തിൽ ദേശീയനിലവാരമുള്ള ഒരു വാട്ടർ സ്റ്റേഡിയം ഉണ്ടാക്കാവുന്നതാണ്. ഏതാണ്ട് ഒന്നരകിലോമീറ്റർ നീളവും നൂറുമീറ്ററിലധികം വീതിയുമുള്ള മനുഷ്യനിർമ്മിതമായ ജലാശയത്തെ കേന്ദ്രീകരിച്ച് ജലവിനോദത്തിനുള്ള എല്ലാ ഉപാധികളും സൃഷ്ടിക്കാം. ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൻെറ ഭാഗത്തുനിന്ന് ഇതിനായി ഉണ്ടാകണം.

പുതിയറോഡുകൾ നിർമ്മിക്കുക, ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുക, വഴിവിളക്കുകൾ സ്ഥാപിക്കുക, കുടിവെള്ളം ലഭ്യമാക്കുക, കൊതുകുനിയന്ത്രണം കാര്യക്ഷമമാക്കുക ഇവയെല്ലാം സാധ്യമാക്കേണ്ടതാണ്. എല്ലാ കാര്യങ്ങളും നടത്തി എടുക്കുവാൻ ഒരു കോ-ഓർഡിനേറ്ററുടെ നിലയിലും പഞ്ചായത്ത് പ്രവർത്തിക്കേണ്ടതാണ്.

രണ്ടുവാഹനങ്ങൾ സുഗമമായി പോകുന്നതിനുള്ള വീതിയിൽ കൊടൂർറോഡ് വികസിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. റൂഡിംഗർ റോഡ് ഒരു സ്വകാര്യറോഡാണെങ്കിലും അതിൽ എത്തിച്ചേരത്തക്കവണ്ണം ഒരു അപ്രോച്ച് റോഡ് കൊടൂർതീരത്തു നിന്ന് ആരംഭിക്കണം. കണ്ണാടിക്കടവിൽ നിന്ന് കൊടൂരാറിൻെറ തീരത്തേക്ക് റോഡ് നിർമ്മിക്കണം. സെൻ്റ് പോൾസ് കടവിൽനിന്നും ആറ്റുതീരത്തേക്ക്, സി.ബി.സി. സ്റ്റോർ വഴി കൊടൂർ തീരത്തേക്ക് റോഡ് ഉണ്ടാകണം. നൂറുമീറ്റർ നീളത്തിലും പത്തുമീറ്റർ വീതിയിലും സ്രാമ്പിക്കടവിൽ നിന്നും വേമ്പനാട്ടു കായലിലെത്തുന്ന റോഡ് ടൂറിസം മേഖലയ്ക്ക് ഗണ്യമായ നേട്ടം കൈവരുത്തും.

അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കി ടൂറിസത്തിൻെറ അനന്തസാധ്യതകളിലേക്ക് നാട്ടകത്തിൻെറ വിവിധ പ്രദേശങ്ങളെ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി ആരംഭിക്കണം.



# ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രവാക്യം പ്രായോഗികതലത്തിൽ
വിജയത്തിലേക്ക് കുതിക്കുന്ന അവിസ്മരണീയമുഹൂർത്തങ്ങൾക്ക്
ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ നാം സാക്ഷികളാകുകയാണ്.
സംസ്ഥാന സർക്കാരും പ്ലാനിംഗ്ബോർഡും ചേർന്ന്
രൂപകല്പന ചെയ്ത ഈ പരിപാടിയുടെ സദ്ഫലങ്ങൾ
നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനജീവിതത്തിൻെറ
സമസ്തമേഖലകൾക്കും അനുഭവവേദ്യമാകുവാൻ പര്യാപ്തമായ
പ്രവർത്തനങ്ങളാണ് ഇതിനോടകം പൂർത്തിയായിട്ടുള്ളത്.
ലഭ്യമായ വിവരങ്ങൾക്കൊപ്പം പഴമക്കാരിൽ നിന്നും ജ്ഞാനവൃദ്ധരിൽ
നിന്നും സ്വീകരിച്ച അറിവുകളും വിവിധ മേഖലകളുമായി
ബന്ധപ്പെട്ട യഥാതഥവിവരങ്ങളുടെ ഏകദേശരൂപവും
ചേർത്ത് ആവും വിധം ഈ വികസനരേഖ
കുറ്റമറ്റതാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.
മുൻഗണനാക്രമം നിശ്ചയിച്ച്
ഒമ്പതാം പദ്ധതിക്കാലത്ത് നമ്മുടെ
പഞ്ചായത്തിൽ നടപ്പിലാക്കുവാൻ പോകുന്ന വിവിധങ്ങളായ
വികസനപദ്ധതികൾ ഈ വികസനരേഖയുടെ അടിസ്ഥാനത്തിലാണ്
രൂപംകൊള്ളുന്നത്. പോരായ്മകൾ ഏറെയുണ്ടെങ്കിലും പഞ്ചായത്തിൻെറ
സമഗ്രവികസനം സുസാദ്ധ്യമാക്കുവാൻ ഈ രേഖ ഉപകരിക്കുമെന്ന
വിശ്വാസമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ
പഞ്ചായത്ത് മാർഗ്ഗനിർദ്ദേശകസമിതിക്കും പഞ്ചായത്തിനും ഉള്ളത്.
ഈ പ്രവർത്തനങ്ങളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ച
സന്നദ്ധപ്രവർത്തകർ ഉദ്യോഗസ്ഥർ ബഹുജനങ്ങൾ
എന്നിവരുടെ അർപ്പണമനഃസ്ഥിതി ഈ പരിപാടിയുടെ
തുടർന്നുള്ളഘട്ടങ്ങളിലും വർദ്ധിച്ചതോതിൽ
ഉണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ

**അമ്മിണിതോമസ്**
പ്രസിഡൻറ്, നാട്ടകം ഗ്രാമപഞ്ചായത്ത്

വികസന രേഖ തയ്യാറാക്കുന്നതിന്
ആധാരമായി സ്വീകരിച്ചിട്ടുള്ള വിവരങ്ങൾ
1991-ലെ സെൻസസ്, 1987-ലെ
ലൈവ്സ്റ്റോക്ക് സെൻസസ്, ജില്ലാ ഗസറ്റിയർ,
പഞ്ചായത്ത് മിനിട്ട്സ്, വിവിധ സർക്കാർ ഓഫീസുകളിലെയും,
ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളിലെയും രജിസ്റ്ററുകൾ,
ഇൻഫോർമാറ്റിക് സെന്റർ രേഖ എന്നിവയിൽ നിന്ന്
ശേഖരിച്ചിട്ടുള്ളതാണ്.



ഡോ. ബി. ആർ. അംബേദ്കർ
ഭരണഘടനാ ശില്പി

പ്രവാചകന്മാർ ദൈവവും മനുഷ്യനും
തമ്മിലുള്ള ബന്ധമല്ലാതെ മനുഷ്യനും മനുഷ്യനും
തമ്മിലുള്ള ബന്ധം പ്രതിപാദിച്ചിട്ടില്ല. അവരിൽ
അധികം പേരും വർണ്ണങ്ങളേയോ ജാതിവ്യവസ്ഥയേയോ
ചോദ്യം ചെയ്തിട്ടുമില്ല.

- അംബേദ്കർ



കാലത്തിനും ചരിത്രത്തിനും സാക്ഷിയായ്

മൺട്രോ വിളക്ക്